നമ്മുടെ കർത്താവ്

# ഈശോ മ്ശിഹായുടെ ജീവചരിത്രം.

(നാലു് സുവിശേഷങ്ങളിൽനിന്നും സമാഹരിച്ചതു്.)

## പീഡാനുഭവം.

ഗ്രന്ഥകർത്താ:
ക. നി. മൂ. സ. വ്യാ. മാ. യസ്സീന്തച്ചൻ.



ഞാൻ ഭൂമിയിൽനിന്നു് ഉയൎത്തപ്പെടുമ്പോൾ
സകല മനുഷ്യരേയും എന്റെ അടുക്കലേയ്ക്കു് ഞാൻ ആകൎഷിക്കും.
(യോഹ. ൧൨. ൩൨.)

നമ്മുടെ കൎത്താവ്

# ഈശോ മ്ശിഹായുടെ ജീവചരിത്രം.

(നാല് സുവിശേഷങ്ങളിൽനിന്നും സമാഹരിച്ചത്.)

## പീഡാനുഭവം.

ഗ്രന്ഥകൎത്താ:

സ. വ്യാ. മാ. യസ്സീന്തച്ചൻ.


വി. യൌസേപ്പ് പി. മുദ്രാലയം,

മാന്നാനം.

൧൮൯൩.



D. M. SEMINARY ECCLESIASTICATE SHANDASACHERRY THETHIPUZHA

KO

K04 H99

DHARMARAM COLLEGE LIBRARY, BANGALORE. 7349

**Nihil obstat.**

Fr. Placid of St. Joseph, T. O. C. D.

Fr. Francis Sales of the S. Heart, T. O. C. D.

*Censores deputati.*

**Imprimi potest.**

FR. SYLVESTER

of the Bl. Sacrament, T. O. C. D.,

*Prior General.*

*S. H. Monastery, Thevara,*
*10th. August, 1936.*

**Imprimatur.**

† J. KALACHERRY,

Ep. Changanacherry.

*Bishop's House, Changanacherry,*
*17th Aug. 1936.*
*(St. Hyacinth's Day.)*

# പ്രസ്താവന.

നമ്മുടെ കത്താവ് ഈശോമ്ശിഹായുടെ ജിവചരിത്രവും, ഉപദേശങ്ങളും അടങ്ങിയിരിക്കുന്ന സുവിശേഷഗ്രന്ഥങ്ങളുടെ, ലത്തിൻ വുൾഗാത്തായിൽനിന്നും, സുറിയാനി പ്ശീത്തായിൽനിന്നുമുള്ള, മലയാള വിവത്തനങ്ങൾ, കേരളത്തിലെങ്ങും പ്രചരിച്ചുവരുന്നു. സുവിശേഷകന്മാർ, ഓരോ പ്രത്യേക ഉദ്ദേശങ്ങൾ മുൻനിത്തി, അവരുടെ സുവിശേഷങ്ങൾ എഴുതി വിശ്വാസികൾക്കു പ്രദാനം ചെയ്യുതല്ലാതെ, നമ്മുടെ കത്താവിന്റെ ഒരു പരിപൂണ്ണ ജീവചരിത്രം എഴുതണമെന്ന് അവക്കു ഉദ്ദേശമോ, അതിന് അന്ന് ആവശ്യമോ, ഉണ്ടായിരുന്നില്ല. ആകയാൽ, നാല് സുവിശേഷങ്ങളിൽ, ഒന്നുപോലും, ദിവ്യരക്ഷകന്റെ ഒരു പരിപൂണ്ണജീവചരിത്രമല്ലതന്നെ. വി. മക്കോസ്, രക്ഷകന്റെ ജിവിതത്തിലെ ആരംഭഘട്ടം അശേഷം വിട്ടുകളഞ്ഞു. വി. ലൂക്കായിൽ, നമ്മുടെ കത്താവ് ചമ്മട്ടികളാൽ അടിക്കപ്പെട്ടതോ, മുൾമുടി ധരിപ്പിക്കപ്പെട്ടതോ കാണുകയില്ല. വി. കുബ്ബാനയുടെ വാഗ്ദാനത്തെക്കുറിച്ച്, തന്റെ സുവിശേഷത്തിൽ സവിസ്തരം പ്രതിപാദിക്കുകയും, ഒടുവിലത്തെ അത്താഴത്തെക്കുറിച്ച്തന്നെ, നാലിൽപരം അദ്ധ്യായങ്ങൾ എഴുതുകയും ചെയ്യു സ്നേഹശിഷ്യനായ വി. യോഹന്നാനാകട്ടെ, ഒടുവിലത്തെ അത്താഴത്തിൽ നടന്ന സ്നേഹത്തിന്റെ ക്രൂദാശയായ വി. കുബ്ബാനയുടെ സ്ഥാപനത്തെക്കുറിച്ചു, ഒരു വാക്ക്പോലും രേഖപ്പെടുത്തിട്ടില്ല. ഇതിൽനിന്ന്, സുവിശേഷങ്ങൾ ഓരോന്നും തനിച്ചു തനിച്ചു വായിച്ചാൽ, സംഭവങ്ങളുടെ പരസ്പരബന്ധം പലപ്പോഴും നഷ്ടീഭവിച്ചു പോകുവാൻ ഇടയുണ്ടെന്ന് സ്പഷ്ടമാകുന്നു. എന്നാൽ, അവ നാലുംകൂടി ക്രമമായി യോജിപ്പിച്ച് വായിക്കുന്ന പക്ഷം, ബേത്ലഹം മുതൽ ഗാഗുൽത്താവരെയുള്ള, ദൈവസുതന്റെ ഒരു സമഗ്രമായ ജീവചരിത്രം നമുക്ക് ലഭിക്കുന്നതുമാണ്. സുവിശേഷങ്ങളിൽനിന്നും ഇപ്രകാരം ശേഖരിക്കാവുന്ന മ്ശിഹായുടെ ജീവചരിത്രം, സവ്വപ്രകാരേണയും അഭിലഷണീയംതന്നെ. ക്രിസ്ത്വബ്ദം ൧൨൦-ൽ ജനിച്ച Tatian എന്ന ഒരു പൌരസ്ത്യ സുറിയാനിക്കാരൻ, നാല്

സുവിശേഷങ്ങളും ഇപ്രകാരം കൂട്ടിച്ചേൎത്ത്, Diatessaron (യോജിപ്പ്) എന്ന അഭിധാനത്തിൽ ഒരു ഗ്രന്ഥം പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അതിനെ തുടൎന്ന്, ഇന്നാൾ വരെ, പാശ്ചാത്യപൌരസ്ത്യഭാഷകളിൽ അനേക ഗ്രന്ഥകാരന്മാർ ഈവിധ Diatessaron രചിച്ചിട്ടുമുണ്ട്.

ഏതാനും നവസന്യാസിനികൾക്ക് ആദ്ധ്യാത്മിക ശിക്ഷണം നൽകുന്നതിനിടയ്ക്ക്, നമ്മുടെ ദിവ്യരക്ഷകന്റെ ജീവചരിത്രംകൂടേയും, ക്രമമായ രീതിയിൽ അവരെ ഗ്രഹിപ്പിക്കേണ്ട ആവശ്യം നേരിട്ടപ്പോഴാണ്, മാതൃഭാഷയിൽ ഈദൃശ കൃതികൾ ഒന്നുമില്ലല്ലോ എന്നു വ്യസനസമേതം ഓൎമ്മിക്കുവാനിടയായത്.* അവരുടെ താല്ക്കാലികമായ ആവശ്യം സാധിക്കുവാൻ, ചില ഗ്രന്ഥകാരന്മാരെ ആസ്പദമാക്കി, നാലു സുവിശേഷങ്ങളിൽനിന്നും കൂട്ടിച്ചേൎത്തു, നമ്മുടെ കൎത്താവിന്റെ ഒരു ജീവചരിത്രം— രഹസ്യജീവിതം; പരസ്യജീവിതം ൧ാം വൎഷം; പരസ്യജീവിതം ൨ാം വൎഷം; പരസ്യജീവിതം ൩ാം വൎഷം; പീഡാനുഭവം; എന്നിങ്ങനെ— അഞ്ചു ഭാഗമായി ക്രമപ്പെടുത്തി എഴുതി അവൎക്കു കൊടുത്തു. അതു പലതുകൊണ്ടും അപൂൎണ്ണമായിരുന്നെങ്കിലും, അവൎക്കു വളരെ ഉപകാരപ്രദമായി എന്നറിവാനിടയായി. ഈ അനുഭവമാണ്, ഈ പ്രസിദ്ധീകരണത്തിൽ എന്റെ പ്രധാന പ്രേരകശക്തി. മാതൃഭാഷാജ്ഞാനം മാത്രമുള്ള നമ്മുടെ ജനസാമാന്യത്തിനും, ഈ പ്രസിദ്ധീകരണം അത്യന്തം ആകൎഷണീയവും, ഉപകാരപ്രദവുമാകുമെന്നാണ് എന്റെ ദൃഢവിശ്വാസം.

എന്റെ ഈ ഉദ്യമത്തിൽ, Rev. A. E. Breen Ph. D; D. D. യുടെ A Harmonised Exposition of the Four Gospels എന്ന ഗ്രന്ഥവും, Rev. L. C. Fillion S. S. ന്റെ The Life of Christ, a historical, critical, and apologetic exposition എന്ന കൃതിയും, Cardinal Lepicier O. S. M. ന്റെ Diatessaron seu Concordia Quatuor Evangeliorum എന്ന അതിവിശിഷ്ട കൃതിയും, എനിക്കു അത്യന്തം വിജ്ഞാനപ്രദായക

* ഈ ചെറുപുസ്തകം അച്ചിൽ പതിച്ചുകൊണ്ടിരിക്കുയിൽ, റവ ഫാദർ സെറാഫിൻ ബെനഡിക്റ്റ്, അവർകൾ ഭാഷാന്തരം ചെയ്ത "ശ്രീയേശുക്രിസ്തുവിന്റെ സുവിശേഷം" എന്ന കൃതി, പ്രസിദ്ധീകൃതമായി എന്നറിഞ്ഞ് ഞാൻ അത്യന്തം സന്തോഷിക്കുകയും, പരിഭാഷകനെ ഹാൎദ്ദമായി അഭിനന്ദിക്കുകയും ചെയ്യുന്നു.

മായി തീൎന്നിട്ടുണ്ടു്. എന്നാൽ, ഈദൃശകൃതികളിൽ, ന. കൎത്താവിൻെറ ജീവിത സംഭവങ്ങളുടെ ക്രമീകരണത്തിലും, ശാസ്ത്രീയമായ ഓരോ വിഷയങ്ങളെ സംബന്ധിച്ച വാദപ്രതിവാദങ്ങളിലും, വിഭിന്നാഭിപ്രായം പ്രത്യക്ഷപ്പെടുക, സൎവ്വസാധാരണയാണെന്നുള്ള സംഗതി ഇവിടെ വിസ്മരിച്ചുകൂടാത്തതാകുന്നു. ഉദാഹരണമായി, ഒരുവൻ, ശ്ലീഹന്മാരുടെ കാലുകൾ മ്ശിഹാ കഴുകിയതു, ദിവ്യകാരുണ്യസ്ഥാപനത്തിനു മുമ്പാണ് എന്നു ന്യായസഹിതം സമൎത്ഥിക്കുമ്പോൾ, അപരൻ, അതല്ല, പെസ്ഹാ കുഞ്ഞാടിൻെറ ഭോജനത്തിനു മുമ്പാണ് അതു് നടന്നതെന്നു് സ്ഥാപിക്കുവാൻ പരിശ്രമിക്കുന്നു. നമ്മുടെ ദിവ്യരക്ഷകൻെറ ഒരു പരിപൂൎണ്ണജീവചരിത്രം, ദൈവനിവേശിതമായി എഴുതപ്പെട്ടിട്ടില്ലാത്ത സ്ഥിതിക്കു്, നാലു് സുവിശേഷങ്ങളിൽനിന്നും ആയതു് സമാഹരിച്ചു എഴുതുമ്പോൾ, ശാസ്ത്രീയമായ ഓരോ അഭിപ്രായവൈപരീത്യങ്ങൾ, ഇങ്ങനെയുള്ള സംഗതികളിൽ, ഉണ്ടാകുന്നതിൽ അത്ഭുതപ്പെടുവാനൊന്നുമില്ല. അവകൾ വിശ്വാസത്തെയോ സന്മാൎഗ്ഗത്തെയോ സ്പൎശിക്കാത്ത കാലത്തോളം, മാതാവായ തിരുസ്സഭ അവകളെ സംബന്ധിച്ചു ഒന്നും നിൎണ്ണയിക്കാതെ, ഉപൎയ്യുപരിയായ ശാസ്ത്രീയപൎയ്യന്വേഷണത്തിനു വിട്ടുകൊടുക്കുകയത്രെ ചെയ്യുന്നതു്. ആകയാൽ ഏതാദൃശ സംഗതികളിൽ, യുക്തിയുക്തമായി തോന്നുന്ന ഏതെങ്കിലും ഒരു അഭിപ്രായം സ്വീകരിക്കുന്നതിനു് ഓരോരുത്തൎക്കും സ്വാതന്ത്ര്യമുണ്ടു്. എന്നാൽ, അഭിപ്രായങ്ങളിൽ ഐകരൂപ്യം പാലിക്കുവാൻവേണ്ടി, ഈ കൃതിയുടെ മൂലാധാരമായി, ഞാൻ സൎവ്വത്ര സ്വീകരിച്ചിട്ടുള്ളതു്, വിശ്വവിശ്രുതനായ Cardinal Lepicier O. S. M. ൻെറ മേൽ ഉദ്ധരിച്ച അമൂല്യഗ്രന്ഥമാണ്. ഗൌരവവും, പരിപാവനവുമായ വിഷയങ്ങളെ, ന്യായപൂൎവ്വമായും, അതേ സമയം തന്നെ ഭക്തിസംവൎദ്ധകമായും, പ്രതിപാദിക്കുന്നതിനു്, ലോകമഹാപണ്ഡിതനായ ലെപ്പിസിയേക്കുള്ള പാടവം ജഗൽപ്രസിദ്ധമാണല്ലോ.

ചുരുങ്ങിയ വിവരണങ്ങളും, അത്യാവശ്യ വ്യാഖ്യാനങ്ങളും മാത്രം ചേൎത്തു, സുറിയാനി പ്ശീത്താ വിവൎത്തനത്തെ അടിസ്ഥാനപ്പെടുത്തി എഴുതിയിരിക്കുന്ന ഈ പുസ്തകത്തിൻെറ ജോലികൾ, എല്ലാംതന്നെ, തീൎന്നിരിക്കുകയാണെങ്കിലും, തല്ക്കാലം മുഴുവനും ഒന്നായി പ്രസിദ്ധം ചെയ്യാതെ, എല്ലാംകൊണ്ടും ഭക്തിജനകവും, ഹൃദയസ്പൎശകവുമായ നമ്മുടെ കൎത്താവിൻെറ പീഡാ

നുഭവഭാഗം മാത്രം, അദ്യമായി പൊതുജനസമക്ഷം സമർപ്പിക്കാമെന്നു കരുതുന്നു.

വിനീതമായ എൻെറ ഈ പ്രയത്നത്തിൽ, ഓരോ തരത്തിൽ എന്നെ സഹായിച്ചിട്ടുള്ള ഏവരോടും എനിക്കുള്ള ഹാർദ്ദമായ കൃതജ്ഞതയെ സസന്തോഷം ഞാൻ ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

"ഞാൻ ഭൂമിയിൽനിന്നു് ഉയർത്തപ്പെടുമ്പോൾ സകല മനുഷ്യരേയും എൻെറ അടുക്കലേക്കു ഞാൻ ആകർഷിക്കും" (യോഹ. ൧൨. ൩൨.) എന്നു് അരുളിച്ചെയ്ത ദൈവസുതനായ ഈശോയുടെ പ്രവചനം, അങ്ങേ പീഡാനുഭവത്തേയും, മരണത്തേയും, കുറിച്ചു പ്രതിപാദിക്കുന്ന ഈ ചെറുഗ്രന്ഥം വായിക്കുവാൻ ഇടവരുന്ന ഏവരിലും നിവൃത്തിയാകുന്നതിനു്, "കുരിശിന്നടുത്തു നിന്നിരുന്ന" (യോഹ. ൧൯. ൨൫.) അങ്ങേ വ്യാകുലയായ മാതാവു കടാക്ഷിക്കട്ടെ എന്നത്രെ എൻെറ വിനീതമായ പ്രാർത്ഥന.

എന്നു്,

ക. നി. മൂ. സ. വ്യാ. മാ. യസ്സീന്തച്ചൻ.

ചെത്തിപ്പുഴ ആശ്രമം.
൧൯൩൩ സെപ്റ്റംബർ ൨൦.
(വ്യാ. മാ. തിരുനാൾ.)

# വിഷയവിവരം.


| | | പക്ഷം. |
|---|---|---|
| 1 | ഈശോ അങ്ങേ കുരിശുമരണത്തെക്കുറിച്ചു മുന്നറിയിക്കുന്നു. യഹൂദന്മാർ അങ്ങേയ്ക്കു വിരോധമായി ദുരാലോചന ചെയ്യുന്നു. | 1 |
| 2 | പന്ത്രണ്ടുപേരിൽ ഒരുവനായ യൂദാസ്കറിയോത്തായുടെ ഗുരുദ്രോഹം. | 2 |
| 3 | ഈശോ കേപ്പായേയും യോഹന്നാനേയും പെസഹാ ഒരുക്കുവാനായി അയക്കുന്നു. | 3 |
| 4 | പെസഹാ അഥവാ ഒടുവിലത്തെ അത്താഴം. ശ്ലീഹന്മാരിൽ ഒരുത്തൻ അങ്ങേ ഒററിക്കൊടുക്കുമെന്ന് ഈശോ ആദ്യമായി വെളിപ്പെടുത്തുന്നു. | 5 |
| 5 | ഈശോ അങ്ങേ ശിഷ്യന്മാരുടെ കാലുകൾ കഴുകുന്നു. അങ്ങേ ഒററിക്കൊടുക്കുവാനിരിക്കുന്നവനെക്കുറിച്ചു ഈശോ വീണ്ടും അരുളിച്ചെയ്യുന്നു. എളിമയെ സംബന്ധിച്ചുള്ള ഉപദേശം. | 8 |
| 6 | വിശുദ്ധ കുർബാനയുടെ സ്ഥാപനം. | 11 |
| 7 | അങ്ങേ ഒററിക്കൊടുക്കുവാനിരിക്കുന്നവനെക്കുറിച്ചു ഈശോ മൂന്നാം പ്രാവശ്യം അരുളിച്ചെയ്യുന്നു. | 12 |
| 8 | സ്നേഹത്തിന്റെ പുതിയ പ്രമാണം. | 14 |
| 9 | ശെമ്ഓൻകേപ്പാ അങ്ങേ മൂന്നു പ്രാവശ്യം നിഷേധിച്ച് പറയുമെന്ന് ഈശോ ആദ്യമായി പ്രവചിക്കുന്നു. | 16 |
| 10 | തങ്ങളിൽ വലിയവൻ ആരാകുന്നു എന്നു ശ്ലീഹാന്മാരുടെ ഇടയിൽ ഉണ്ടായ തർക്കം. | 17 |
| 11 | ശെമ്ഓൻകേപ്പാ അങ്ങേ നിഷേധിച്ചു പറയുമെന്നു ഈശോ വീണ്ടും പ്രവചിക്കുന്നു. | 18 |
| 12 | ഒടുവിലത്തെ അത്താഴശേഷം മ്ശിഹാ അങ്ങേ ശിഷ്യന്മാരോടു ചെയ്ത സംഭാഷണം. | 20 |
| 13 | മ്ശിഹാ അങ്ങേ ശിഷ്യന്മാരോടു ചെയ്ത സംഭാഷണത്തിന്റെ തുടർച്ച. | 25 |

പക്ഷം.

14 മ്ശിഹാ അങ്ങേ ശിഷ്യന്മാരോട്ട ചെയ്ത സംഭാഷ ണത്തിൻെറ അവസാന ഭാഗം. 29

15 മ്ശിഹാ അങ്ങേ ശിഷ്യന്മാൎക്കവേണ്ടി പിതാവി നോട്ട ചെയ്ത പ്രാൎത്ഥന. 33

16 ശെമ്ഓൻകേപ്പാ അങ്ങേ മൂന്നു പ്രാവശ്യം നിഷേ ധിച്ചു പറയുമെന്ന് ഈശോ മൂന്നാംപ്രാവശ്യം പ്രവ ചിയ്ക്കുന്നു. 37

17 ഈശോ സ്വശിഷ്യന്മാരോടൊരുമിച്ചു ഗെദ്സേ മാൻ തോട്ടത്തിൽ പ്രവേശിച്ചു, ദുഃഖിയ്ക്കുവാനും വ്യസ നിയ്ക്കുവാനും തുടങ്ങുന്നു. 38

18 ഈശോ അങ്ങേ പിതാവിനെ പ്രാൎത്ഥിയ്ക്കുന്നു. പരീ ക്ഷയിൽ ഉൾപ്പെടാതിരിയ്ക്കുവാൻ സ്വ ശിഷ്യന്മാർ ഉണൎന്നിരുന്നു പ്രാൎത്ഥിയ്ക്കുവാൻ അങ്ങു അവരെ ഉപ ദേശിയ്ക്കുന്നു. 39

19 സ്വൎഗ്ഗത്തിൽനിന്ന് ഒരു ദൂതൻ ഈശോയ്ക്കു പ്രത്യ ക്ഷനായി അങ്ങേ ശക്തിപ്പെടുത്തുന്നു. അങ്ങ് വ്യസനാ ധിക്യത്താൽ രക്തം വിയൎക്കുന്നു. 42

20 യൂദാസ്കറിയോത്താ ഈശോയെ ചുംബിച്ചുകൊണ്ടു ഒററിക്കൊടുക്കുന്നു 44

21 'നസ്രായനായ ഈശോ ഞാൻ ആകുന്നു' എന്നു ഈ ശോ അരുളിച്ചെയ്യുമ്പോൾ, അങ്ങേ ശത്രുക്കൾ പി ന്നോക്കം പോയി നിലത്തു വിഴുന്നു. 45

22 ശെമ്ഓൻ കേപ്പാ പ്രധാനാചാൎയ്യൻെറ ഭൃത്യനാ യ മാലേക്കിൻെറ ചെവി ഛേദിയ്ക്കുന്നു. ഈശോ അ വനെ സുഖമാക്കുന്നു. 47

23 ശത്രുക്കളായ യൂദന്മാരോടുള്ള ഈശോയുടെ പ്രശാ ന്തവും സഗൌരവവുമായ സംഭാഷണം. ശ്ലീഹന്മാർ ഈശോയെ വിട്ടു ഓടിപ്പോകുന്നു. 48

24 ശത്രുക്കളായ യൂദന്മാർ ഈശോയെ പിടിച്ചുകെ ട്ടി, ആദ്യം ഹന്നാൻെറ പക്കലും പിന്നീടു പ്രധാനാ ചാൎയ്യനായ കയ്യാപ്പായുടെ പക്കലും കൊണ്ടുപോകുന്നു. 49

25 ശെമ്ഓൻ കേപ്പാ സ്വഗുരുവിനെ ഒന്നാംപ്രാവ ശ്യം നിഷേധിച്ചു പറയുന്നു. 52

| | | പക്ഷം |
|---|---|---|
| 26 | പ്രധാനാചാൎയ്യനായ കയ്യാപ്പായുടെ കച്ചേരിയിൽ വെച്ചു നടന്ന ഈശോയുടെ വിസ്താരം. | 54 |
| 27 | കയ്യാപ്പായുടെ കച്ചേരിയിൽ വെച്ചു ഈശോ മരണത്തിന്നു അൎഹനാകുന്നു എന്നു വിധിക്കപ്പെടുന്നു. അങ്ങ് അവിടെ വെച്ചു അനുഭവിച്ച നിന്ദാപമാനങ്ങൾ. | 57 |
| 28 | ശെമ്ഓൻകേപ്പാ സ്വ ഗുരുനാഥനെ രണ്ടാം പ്രാവശ്യം ആണയിട്ടു നിഷേധിക്കുന്നു. | 58 |
| 29 | ശെമ്ഓൻ കേപ്പാ സ്വയം ശപിച്ചുകൊണ്ടും ആണയിട്ടുകൊണ്ടും സത്യം ചെയ്തുകൊണ്ടും തന്റെ ദിവ്യഗുരുവിനെ മൂന്നാം പ്രാവശ്യം നിഷേധിക്കുന്നു. ഈശോ ശെമ്ഓനെ കടാക്ഷിക്കുകയും അയാൾ അനുതപിക്കുകയും ചെയ്യുന്നു. | 60 |
| 30 | കയ്യാപ്പായുടെ കച്ചേരിയിൽവെച്ചു ഉഷസ്സായശേഷം വീണ്ടും സമ്മേളിച്ച ന്യായാധിപ സംഘത്തിൽ, ഈശോ മരണത്തിന്ന് അൎഹനാകുന്നു എന്ന് രണ്ടാമതും വിധിക്കപ്പെടുന്നു. | 62 |
| 31 | യൂദന്മാർ ന. ദി. രക്ഷകനെ കയ്യാപ്പായുടെ അടുക്കൽ നിന്ന് കൊണ്ടുപോയി, നാടുവാഴിയായ പീലാത്തോസിനെ ഏല്പിക്കുന്നു. | 63 |
| 32 | ഒററിക്കൊടുത്തവനായ യൂദാ ആ മുപ്പതു് വെള്ളി നാണയങ്ങൾ ദേവാലയത്തിൽ എറിഞ്ഞുംവെച്ച് പോയി കെട്ടിഞാണ്ട് ചാകുന്നു. | 65 |
| 33 | പീലാത്തോസ് പ്രത്തോറിനിൽ നിന്നു വെളിയിൽ ഇറങ്ങി, ഈശോയ്ക്കു വിരോധമായി എന്തു ദോഷാരോപണമാണ് അവൎക്കുള്ളതെന്ന്, യൂദന്മാരോടു ചോദിക്കുന്നു. | 66 |
| 34 | പീലാത്തോസ് പ്രത്തോറിനിൽ പ്രവേശിച്ച് ഈശോയെ വിളിച്ചു അവന്റെ മുമ്പാകെ വരുത്തി, നീ യൂദന്മാരുടെ രാജാവാകുന്നുവോ? എന്നു ചോദിക്കുന്നു. | 68 |
| 35 | പീലാത്തോസ് വീണ്ടും വെളിയിൽ ഇറങ്ങി, ഈശോയിൽ ഒരു കുററംപോലും കാണുന്നില്ല. എന്നു പ്രധാനാചാൎയ്യന്മാരോടും മൂപ്പന്മാരോടും പറയുന്നു. അവൻ ഈശോയെ ഹേറോദേസിന്റെ പക്കലേക്കു അയയ്ക്കുന്നു. | 70 |

പക്ഷം.

36 ഹേറോദേസ് ഈശോയെ ചുവപ്പു വസ്ത്രം ധരിപ്പിച്ച് ആക്ഷേപിക്കുകയും പീലാത്തോസിൻെറ പക്കലേക്കു തിരികെ അയക്കയും ചെയ്യുന്നു. 72

37 ഈശോയിൽ യാതൊരു കുററവും കാണുന്നില്ല എന്നു പ്രധാനാചാര്യന്മാരോടും ജനപ്രമാണികളോടും പീലാത്തോസ് രണ്ടാംപ്രാവശ്യം പറയുന്നു. അങ്ങേ ശിക്ഷിച്ചു വിട്ടയക്കാമെന്നു അവൻ പ്രസ്താവിക്കുന്നു. 73

38 കലഹക്കാരനും കൊലപാതകനുമായ ബർ അബ്ബായേയോ, അതോ, ഈശോയേയോ, ആരെയാണ് വിമോചിക്കേണ്ടതെന്ന് പീലാത്തോസ് യൂദജനത്തോടു ചോദിക്കുന്നു. പീലാത്തോസിൻെറ ഭാര്യ ഈശോയെ ആദരിച്ചുകൊണ്ടു പീലാത്തോസിനോടു സംസാരിക്കുന്നു. 74

39 ബർ അബ്ബായേയോ ഈശോയേയോ ആരെയാണ് വിമോചിക്കേണ്ടതെന്ന് പീലാത്തോസ് രണ്ടാമത്തും മൂന്നാമത്തും യൂദജനത്തോടു ചോദിക്കുന്നു. ഈശോയിൽ യാതൊരു കുററവും കാണുന്നില്ല എന്നു പീലാത്തോസ് മൂന്നാംപ്രാവശ്യവും പരസ്യമായി പ്രഖ്യാപനം ചെയ്യുന്നു. 76

40 ഈശോയെ ചമ്മട്ടികൾകൊണ്ടു അടിക്കുന്നു. അങ്ങേ മുൾമുടി ധരിപ്പിച്ചു അപമാനിക്കുന്നു. 78

41 ധൂമ്രവസ്ത്രവും മുൾമുടിയും ധരിച്ചവനായി, ഈശോയെ ജനങ്ങൾക്കു കാണിച്ചുകൊണ്ട്, "ഇതാ! മനുഷ്യൻ" എന്നു പീലാത്തോസ് പറയുന്നു. ഈശോയിൽ കുററം ഒന്നും കാണുന്നില്ല എന്നു നാലാമത്തും അഞ്ചാമത്തും അയാൾ പ്രസ്താവിക്കുന്നു. 81

42 ഈശോ ദൈവസുതൻ ആകുന്നുവെന്നു കേട്ടപ്പോൾ അത്യന്തം ഭയപ്പെട്ടു പീലാത്തോസ് അങ്ങേ വിട്ടയക്കുവാൻ ഇച്ഛിക്കുന്നു. 83

43 ഈശോയെ യൂദന്മാർക്കു കാണിച്ചുകൊണ്ട് "ഇതാ! നിങ്ങളുടെ രാജാവ്" എന്നു പീലാത്തോസ് പറയുന്നു. കേസറല്ലാതെ ഞങ്ങൾക്കു രാജാവില്ല എന്നു യൂദന്മാർ നിലവിളിക്കുന്നു. 85

പക്ഷം.

44 പിലാത്തോസ് അവൻെറ കൈകൾ കഴുകിക്കൊണ്ട്, 'ഈ നീതിമാൻെറ രക്തത്തിൽ ഞാൻ കുററമററവനാകുന്നു' എന്നു പറയുന്നു. ജനത്തെ പ്രസാദിപ്പിപ്പാൻവേണ്ടി ബർ അബ്ബായെ വിട്ടുകൊടുക്കുകയും ഈശോയെ കുരിശിൽ തറയ്ക്കുവാൻ ഏല്പിക്കുകയും ചെയ്യുന്നു. 86

45 ഈശോ കുരിശും വഹിച്ചുകൊണ്ട് ഗാഗുൽത്താമലയിലേയ്ക്കു പോകുന്നു. അങ്ങേ കുരിശ് ചുമക്കുവാൻ ശെമ്ഓൻ നിർബന്ധനാകുന്നു. 88

46 സഹതാപപൂർവ്വം അങ്ങേ അനുധാവനം ചെയ്തിരുന്ന സ്ത്രീകളെ നോക്കി ഈശോ സ്നേഹപൂർവ്വം സംസാരിക്കുന്നു. 90

47 രണ്ടു കള്ളന്മാരുടെ നടുവിൽ ഈശോ കുരിശിൽ തറയ്ക്കപ്പെടുന്നു. അങ്ങേ ഘാതകന്മാർക്കുവേണ്ടി ഈശോ സ്വപിതാവിനെ പ്രാർത്ഥിക്കുന്നു. 91

48 "യൂദന്മാരുടെ രാജാവായ നസ്രായൻ ഈശോ" എന്നു മരണകാരണമായി പീലാത്തോസു എഴുതിയ പലക ഈശോയുടെ തലയ്ക്കുമീതെ അവർവെയ്ക്കുന്നു. 94

49 പടയാളികൾ ഈശോയുടെ വസ്ത്രങ്ങളിന്മേൽ ചിട്ടിയിടുന്നു. 95

50 ക്രൂശിതനായ ഈശോയെ ജനങ്ങളും പാന്ഥന്മാരും പ്രധാനാചാര്യന്മാരും സേവകരും, എന്നുവേണ്ട, കൂടെ തൂക്കിയ കള്ളന്മാർ കൂടേയും അപഹസിക്കുന്നു. 97

51 ഈശോയോടുകൂടെ കുരിശിൽ തറയ്ക്കപ്പെട്ടിരുന്ന രണ്ടു കള്ളന്മാരിൽ ഒരുത്തൻ ഈശോയെ ദുഷിക്കുകയും മററവൻ അങ്ങേ ആദരിക്കുകയും ചെയ്യുന്നു. നല്ല കള്ളന് ഈശോ പർദീസാ വാഗ്ദാനം ചെയ്യുന്നു. 99

52 ഈശോ, യോഹന്നാനെ അങ്ങേ മാതാവിന് മകനായിട്ടും അങ്ങേ മാതാവിനെ, യോഹന്നാന് അമ്മയായിട്ടും ഭരമേൽപ്പിക്കുന്നു. 100

53 ഭൂമിയിൽ അന്ധകാരം ഉണ്ടാകുന്നു, സൂര്യൻ ഇരുളുന്നു; എൻെറ ദൈവമേ, എൻെറ ദൈവമെ, നീ എന്നെ കൈവിട്ടതു് എന്തു? എന്നു ഈശോ നിലവിളിച്ചു പറയുന്നു. 102

പക്ഷം.

54 എനിക്കു ദാഹിക്കുന്നു എന്നും, ഇതാ! നിവൃത്തിയാക്കപ്പെട്ടിരിക്കുന്നു എന്നും, അരുളിച്ചെയ്തശേഷം, ഈശോ അങ്ങേ ആത്മാവിനെ സ്വപിതാവിന്റെ കരങ്ങളിൽ സമർപ്പിക്കുന്നു. 104

55 ഈശോ കുരിശിൽ തൂങ്ങിമരിക്കുകയിൽ സംഭവിച്ച അത്ഭുതങ്ങളെക്കണ്ട് ശതാധിപൻ അങ്ങ് ദൈവപുത്രനാകുന്നുവെന്ന് ഏററു പറയുന്നു; ജനക്കൂട്ടമൊ തങ്ങളുടെ മാറത്ത് അടിച്ചുകൊണ്ടു മടങ്ങിപ്പോകുന്നു. 106

56 ഈശോയുടെ പരിചയക്കാരും മററു ഭക്തസ്ത്രീകളും കുരിശിൽ തൂങ്ങിക്കിടക്കുന്ന അങ്ങേ നോക്കിക്കൊണ്ട് നില്ക്കുന്നു. 108

57 സേവകരിൽ ഒരാൾ കുന്തംകൊണ്ട് ഈശോയുടെ തിരുവിലാവിൽ കുത്തുന്നു. 110

58 റാംസയൌസേപ്പ് ഈശോയുടെ മൃതശരീരത്തെ പീലാത്തോസിനോടു ചോദിക്കുന്നു. 112

59 ഈശോയുടെ ദിവ്യശരീരം കുരിശിൽനിന്നിറക്കി, നവമായ ഒരു കല്ലറയിൽ പൂജ്യമായി സംസ്കരിക്കുന്നു. 113

60 പ്രധാനാചാര്യന്മാരും ഫ്രീശരും പ്രേതാലയത്തിനു മുദ്രവെക്കുകയും അതു ഭദ്രമായി സൂക്ഷിക്കുകയും ചെയ്യുന്നു. 116

61 മഗ്ദലയിത്താ മറിയവും കലിയോപ്പാ മറിയവും ശാലോമും സുഗന്ധദ്രവ്യങ്ങൾ വാങ്ങി, പ്രേതാലയസന്ദർശനത്തിനായി പുറപ്പെടുന്നു. 117

62 ദിവ്യരക്ഷകനായ ഈശോ മരിച്ചവരിൽ നിന്ന് ഉത്ഥാനം ചെയ്യുന്നു. 119

63 പ്രേതാലയ വാതിൽ മൂടിയിരുന്ന കല്ല് ഉരുട്ടി മാററിയിരിക്കുന്നത് കണ്ടയുടനെ, മഗ്ദലയിത്താ മറിയം തനിയേ കേപ്പായുടേയും യോഹന്നാന്റേയും പക്കലേക്കു ഓടുന്നു. 120

64 കലിയോപ്പാ മറിയവും ശാലോമും പ്രേതാലയത്തിൽ പ്രവേശിക്കുന്നു. ദൈവദൂതന്റെ സന്ദേശം ശിഷ്യന്മാരെ അറിയിപ്പാനായി, പ്രേതാലയം വിട്ട്, അവർ ദ്രുതഗതിയിൽ പോകുന്നു. 122

പക്ഷം.

65 ഗ്ലീലായിൽ നിന്നു ഈശോയോടുകൂടി വന്നിരുന്ന മററു സ്ത്രീകൾ, സുഗന്ധദ്രവ്യങ്ങളുംകൊണ്ട് പ്രേതാലയത്തിൽ വരുന്നു. അവരും ദിവ്യസന്ദേശം ശ്രവിച്ച് പിന്തിരിയുന്നു. 125

66 മഗ്ദലയിത്താ മറിയത്തിന്റെ പ്രസ്താവന കേട്ട്, കേപ്പായും യോഹന്നാനും കല്ലറയിലേക്കു ഓടി വരുന്നു. കല്ലറ സന്ദർശിച്ചു അവർ മടങ്ങുന്നു. 127

67 ശെമ്ഓൻ കേപ്പായേയും യോഹന്നാനേയും വിവരം അറിയിച്ച ശേഷം, കല്ലറയിലേയ്ക്കു മടങ്ങി വന്ന മഗ്ദലയിത്താ മറിയം, കരഞ്ഞുകൊണ്ട് നില്ക്കയിൽ ഉയിർത്തെഴുന്നേററ ഈശോ അവൾക്കു പ്രത്യക്ഷനാകുന്നു. 128

68 ദൈവദൂതന്റെ സന്ദേശം ശിഷ്യന്മാരെ അറിയിപ്പാനായി ദ്രുതഗതിയിൽ പോയിരുന്ന കലിയോപ്പാ മറിയത്തിനും ശാലോമിനും ഈശോ പ്രത്യക്ഷനാകുന്നു. 131

69 മഗ്ദലയിത്താ മറിയവും മററുസ്ത്രീകളും മ്ശിഹായുടെ ഉത്ഥാനത്തെപ്പററി ശിഷ്യന്മാരോടു പറയുന്നു. ശെമ്ഓൻകേപ്പാ കല്ലറ സന്ദർശിക്കുന്നതിനായി രണ്ടാമതും പോകുന്നു. 132

70 ഈശോയുടെ ഉത്ഥാനത്തിന്റെ ദൃക്സാക്ഷികളായ കാവൽ ഭടന്മാർക്ക് യഹൂദപ്രമാണികൾ കൈക്കൂലികൊടുത്ത് അവരെക്കൊണ്ടു കള്ളസാക്ഷ്യം പറയിക്കുന്നു. 134

71 അമ്മാവോസ് എന്ന ഗ്രാമത്തിലേയ്ക്കു യാത്രചെയ്തിരുന്ന രണ്ടു ശിഷ്യന്മാർക്ക് ഈശോ പ്രത്യക്ഷനാകുന്നു. 136

72 വി. തോമാ ഒഴിച്ചു മററു ശ്ലീഹന്മാർ ഭക്ഷണശാലയിൽ ഭക്ഷണത്തിനിരിക്കയിൽ ഈശോ അവൎക്കു പ്രത്യക്ഷനായി അങ്ങേ തിരുമുറിവുകളെ അവൎക്കു കാണിക്കുന്നു. 140

73 ഉത്ഥിതനായ മ്ശിഹാ അങ്ങേ ശ്ലീഹന്മാർക്ക് പാപം വിമോചിപ്പാനുള്ളഅധികാരം പ്രദാനംചെയ്യുന്നു. 14

74 എട്ടു ദിവസങ്ങളുടെശേഷം വി. തോമാ ഉൾപ്പടെ ശ്ലീഹന്മാർ എല്ലാവരും ഭക്ഷണശാലയിൽ ഇരിയിരിക്കുകയിൽ ഈശോ അവൎക്ക് വീണ്ടും പ്രത്യക്ഷനാകുന്നു. 144

പക്ഷം.

75 ഈശോ തേബെറിയോസ് കടൽത്തിരത്തു വെച്ചു അങ്ങേ ശിഷ്യന്മാൎക്ക് പ്രത്യക്ഷനാകുന്നു. 145

76 ശെമ്ഓൻകേപ്പായുടെ സ്നേഹപ്രഖ്യാപനം സ്വീകരിച്ചശേഷം ഈശോ അങ്ങേ കുഞ്ഞാടുകളേയും ആടുകളേയും പെണ്ണാടുകളേയും മേയിക്കുന്നതിനു അയാളെ ഭരമേൽപ്പിക്കുന്നു. ശെമ്ഓന്റെ കുരിശുമരണത്തെക്കുറിച്ചു മ്ശിഹാ പ്രവചിക്കുന്നു. 148

77 സ്നേഹശിഷ്യനായ വി. യോഹന്നാന് ഭാവിയിൽ സംഭവിക്കാനിരിക്കുന്നത് എന്തെന്ന് ശെമ്ഓൻ ഈശോയോടു ചോദിക്കുന്നു. 151

78 ഈശോ പതിനൊന്നു ശ്ലീഹന്മാൎക്കും ഗ്ലീലായിൽ വെച്ചു പ്രത്യക്ഷനാകുന്നു. ലോകം എങ്ങും പോയി അങ്ങേ സുവിശേഷം അറിയിക്കുന്നതിന് ഔദ്യോഗികമായി അവരെ നിയോഗിക്കുന്നു. 153

79 ശ്ലീഹന്മാർ എല്ലാവരും ഒന്നിച്ചു കൂടിയിരിക്കുമ്പിൽ ഓറെശ്ലേമിൽ വെച്ചു ഈശോ കടശിയായി അവൎക്കു പ്രത്യക്ഷനാകുന്നു. പരിശുദ്ധ റൂഹായെ അവൎക്കു വാഗ്ദാനം ചെയ്യുന്നു. 155

80 ദിവ്യരക്ഷകൻ അങ്ങേ ദൎശിച്ചുകൊണ്ടു നിന്നിരുന്ന ശിഷ്യഗണത്തിൻ മുമ്പാകെ സ്വൎഗ്ഗത്തിലേക്കു ആരോഹണം ചെയ്യുന്നു. 158

SCHOLAST… CHANGANACHERRY CHETHIPUZHA

നമ്മുടെ കർത്താവ്

# ഈശോ മ്ശിഹായുടെ ജീവചരിത്രം.

(നാലു സുവിശേഷങ്ങളിൽനിന്നും സമാഹരിച്ചതു്.)

## പീഡാനുഭവം.

1. ഈശോ അങ്ങേ കുരിശുമരണത്തെക്കുറിച്ചു മുന്നറിയിക്കുന്നു. യഹൂദന്മാർ അങ്ങേയ്ക്കു വിരോധമായി ദുരാലോചന ചെയ്യുന്നു.

മത്താ. ൨൬. ൧-൫; മർക്കോ. ൧൪. ൧-൨; ലൂക്കാ. ൨൨. ൧-൨.

വിവരണം. ഈശോ മ്ശിഹായുടെ പീഡാനുഭവങ്ങൾ ഗെദ്സേമാൻ തോട്ടത്തിൽവച്ചു ചോരവിയർത്തുകൊണ്ട് അങ്ങേ നിത്യപിതാവിനോടു അവിടുന്നു ചെയ്യുന്ന പ്രാർത്ഥനയോടുകൂടിയാണ് ആരംഭിക്കുന്നതെങ്കിലും, അതിനുമുൻപു നടന്ന ചില സംഗതികൾ അതിനോടു വളരെ സംബന്ധമുള്ളവയാകയാൽ അങ്ങേ കുരിശുമരണത്തെക്കുറിച്ചുള്ള മ്ശീഹായുടെ പ്രവചനവും യഹൂദന്മാർ അങ്ങേ ചതിയാൽ പിടിച്ചു കൊല്ലുന്നതിനു നടത്തിയ ദുരാലോചനയും മുതൽ, അങ്ങേ പീഡാനുഭവഭാഗം ആരംഭിക്കാമെന്നു കരുതുന്നു.

മത്താ. ൨൬. ൧. പിന്നെ സംഭവിച്ചതെന്തെന്നാൽ: ഈശോ ഈ വചനങ്ങൾ എല്ലാം അവസാനിപ്പിച്ചപ്പോൾ തന്റെ ശിഷ്യന്മാരോടു അരുളിച്ചെയ്തു:

൨. രണ്ടുദിവസങ്ങളുടെ ശേഷം[1] « പെസ്ഹാ എന്നു പറയപ്പെടുന്ന പുളിപ്പില്ലാത്ത അപ്പങ്ങളുടെ തിരുനാൾ» ആകുന്നു എന്നു നിങ്ങൾ അറിയുന്നുവല്ലൊ. അപ്പോൾ മനുഷ്യപുത്രൻ കുരിശിൽ തറയ്ക്കപ്പെടുവാനായി ഏല്പിക്കപ്പെടും.

൩. അപ്പോൾ പ്രധാനാചാര്യന്മാരും, നിയമജ്ഞന്മാരും, ജനത്തിലെ മൂപ്പന്മാരും കയ്യാപ്പാ എന്നു വിളിക്കപ്പെടുന്ന[2] പ്രധാനാചാര്യന്റെ മുററത്തു ഒരുമിച്ചുകൂടി,[3]

൪. ഈശോയെ ചതിയാൽ പിടിക്കയും അവനെ കൊല്ലുകയും ചെയ്യേണ്ടതിനു അവനു വിരോധമായി ആലോചന നടത്തി.

൫. എന്നാൽ ജനത്തിൽ കലഹമുണ്ടാകാതിരിപ്പാൻ തിരുനാളിൽ വേണ്ട എന്നു അവർ പറഞ്ഞിരുന്നു.

* ലൂക്കാ. ൨൨. ൧.

## വ്യാഖ്യാനം.

1. "രണ്ടു ദിവസങ്ങളുടെശേഷം". നമ്മുടെ ദിവ്യരക്ഷകൻ അങ്ങേ പീഡാനുഭവത്തേയും മരണത്തേയും കുറിച്ചു പല പ്രാവശ്യം മുന്നറിയിച്ചിട്ടുണ്ടായിരുന്നു; പക്ഷെ, കൃത്യസമയം ഒരിക്കലും വെളിപ്പെടുത്തിയിരുന്നില്ല. ഇപ്പോഴാകട്ടെ, രണ്ടുദിവസത്തിൻശേഷം കുരിശിൽ തറക്കപ്പെടുവാനായി അവിടന്നു ഏല്പിക്കപ്പെടുമെന്നു ശ്ലീഹന്മാരോടു ക്ലിപ്തമായി അരുളിച്ചെയ്യുന്നു.

2. "കയ്യാപ്പാ എന്നു വിളിക്കപ്പെടുന്ന". ആ വത്സരത്തിലെ പ്രധാനാചാര്യനും ഹന്നാൻെറ മരുമകനും ആയിരുന്ന ഇയാളുടെ സാക്ഷാൽ പേർ യൌസേപ്പ് എന്നായിരുന്നു.

3. "പ്രധാനാചാര്യൻെറ മുററത്തു ഒരുമിച്ചുകൂടി". പുരോഹിതകുടുംബങ്ങളിലെ പ്രധാനികളും നിയമജ്ഞന്മാരും ജനത്തിലെ മൂപ്പന്മാരും ഉൾപ്പെട്ടിരുന്ന യഹൂദന്മാരുടെ മഹൽസംഘത്തിൻെറ അദ്ധ്യക്ഷൻ പ്രധാനാചാര്യനായിരുന്നതിനാലത്രെ ആലോചനക്കായി കയ്യാപ്പായുടെ മുററത്തു അവർ ഏവരും ഒരുമിച്ചു കൂടിയതു്.

## 2. പന്ത്രണ്ടുപേരിൽ ഒരുവനായ യൂദാസ്കറിയോത്തായുടെ ഗുരുദ്രോഹം.

മത്താ. ൨൬. ൧൪-൧൬; മർക്കോ. ൧൪. ൧൦-൧൧; ലൂക്കാ. ൨൨. ൩-൬.

വിവരണം. യഹൂദന്മാരുടെ ദുരാലോചനയേയും യൂദായുടെ സ്വാമിദ്രോഹത്തേയും സംബന്ധിക്കുന്ന വിവരങ്ങളുടെ മദ്ധ്യേയായി വി. മത്തായിയും വി. മർക്കോസും രേഖപ്പെടുത്തീട്ടുള്ള ബേസ്അനിയായിലെ അത്താഴം, വി. യോഹന്നാൻ ൧൨. ൧-൮ വരെയുള്ള വാക്യങ്ങളിൽ വിവരിക്കുന്ന അത്താഴം തന്നെയാണെന്നുള്ളതിനു് വ്യാഖ്യാതാക്കളുടെയിടയിൽ കാര്യമായ അഭിപ്രായവ്യത്യാസമില്ല. യൂദായുടെ ഗുരുദ്രോഹത്തിൽ പ്രത്യക്ഷപ്പെട്ട ദ്രവ്യാശ ആ അത്താഴത്തിൻെറ അവസരത്തിലും അവനിൽ ദ്രുഢമൂലമായിരുന്നുവെന്നു് പ്രസ്പഷ്ടമാകുവാനായിരിക്കണം ആ സംഭവം വി. മത്തായിയും വി. മർക്കോസും ഈ അവസരത്തിൽ രേഖപ്പെടുത്തുവാനുണ്ടായ കാരണം.

ലൂക്കാ. ൨൨. ൩. എന്നാൽ പന്ത്രണ്ടുപേരുടെ എണ്ണത്തിൽ ഉൾപ്പെട്ടിരുന്ന സ്കറിയോത്താ എന്നു വിളിക്കപ്പെട്ട യൂദായിൽ സാത്താൻ പ്രവേശിച്ചിരുന്നു. 1

൪. അവൻ പോയി പ്രധാനാചാൎയ്യന്മാരോടും, നിയമജ്ഞന്മാരോടും ദേവാലയസേനകളുടെ നായകന്മാരോടും[2] അവനെ ഏല്പിച്ചുകൊടുക്കേണ്ടതിനായി അവരോടു സംസാരിച്ചു. * എനിക്ക് എന്തു തരുവാൻ നിങ്ങൾക്ക് മനസ്സുണ്ട്? ഞാൻ അവനെ നിങ്ങൾക്കു ഒററിത്തരാം എന്നു പറഞ്ഞു».

൫. അവരോ സന്തോഷിച്ചു അവന് * മുപ്പതു വെള്ളി നാണയങ്ങൾ» കൊടുക്കാമെന്ന് ഉടമ്പടി ചെയ്തു.

൬. അവൻ അവരോടു വാഗ്ദാനവും ചെയ്തു. പിന്നെ ജനക്കൂട്ടംവിട്ടു അവനെ അവൎക്കു ഒററിക്കൊടുക്കുവാൻ അവൻ അവസരം അന്വേഷിച്ചുകൊണ്ടിരുന്നു.

* മത്താ. ൨൬. ൧൫.

## വ്യാഖ്യാനം.

1. "യൂദായിൽ സാത്താൻ പ്രവേശിച്ചിരുന്നു." ദ്രവ്യാശയാൽ അകൃഷ്ടനായ യൂദായുടെ മനസ്സിൽ, അവൻെറ ദിവ്യഗുരുവിനെ നീചമായി യൂദന്മാൎക്കു ഒററിക്കൊടുക്കുന്നതിന് പിശാച് തോന്നിക്കുകയും, ശക്തിമത്തായി അവനെ ഘാതൽകൃത്യനിൎവ്വഹണത്തിലേക്കു പ്രേരിപ്പിക്കുകയും ചെയ്തു എന്നൎത്ഥം. ശ്ലീഹന്മാരുടെ ഗണത്തിലേക്കു യൂദാ വിളിക്കപ്പെട്ടപ്പോൾ അവൻ നല്ലവനായിരുന്നെന്നും എന്നാൽ ക്രമേണയാണ് ദുഷ്ടനായിതീൎന്നതെന്നും വി. യോ. ക്രിസോസ്തോമോസും, അവൻ വിളിക്കപ്പെട്ടതിനു മുൻപും പിൻപും ദുഷ്ടൻ തന്നെയായിരുന്നു എന്നു വി. അഗുസ്റ്റിനോസും ന്യായസഹിതം സ്ഥാപിക്കുന്നു. അവൻ വിളിക്കപ്പെട്ടതിൻെറശേഷം ഒരു വിധത്തിലും നന്നായിട്ടില്ലെന്നു സുവിശേഷത്തിൽ അവനെപ്പററി തിന്മയായിട്ടല്ലാതെ നന്മയായി യാതൊന്നും പ്രസ്താവിച്ചിട്ടില്ലാത്തതിൽ നിന്നും, പ്രത്യേകമായി "നിങ്ങളിൽ ഒരുത്തൻ സാത്താനാകുന്നു" എന്നു ദിവ്യരക്ഷകൻ (യോഹ. ൬. ൭൦) അരുളിച്ചെയ്തിരിക്കുന്ന വാക്യത്തിൻെറ സാഹചൎയ്യത്തിൽ നിന്നും തെളിവാകുന്നുണ്ട്.

2. "ദേവാലയസേനകളുടെ നായകന്മാരോടും". ഓറെശ്ലേം ദേവാലയസംരക്ഷണത്തിനായി സേനകളും അതിനു നായകന്മാരും ഉണ്ടായിരുന്നു (നടപടി. ൪. ൧; ൫. ൨൪, ൨൬). വി. മത്തായി (൨൬. ൩.) "ജനത്തിലെ മൂപ്പന്മാർ" എന്നു പറഞ്ഞിരിക്കുന്നവരെ കുറിച്ചുതന്നെയാണു വി. ലൂക്കാ ഇവിടെ "ദേവാലയസേനകളുടെ നായകന്മാർ" എന്നു പറയുന്നതു്.

## 3. ഈശോ കേപ്പായേയും യോഹന്നാനേയും പെസ്ഹാ ഒരുക്കുവാനായി അയക്കുന്നു.

മത്താ. ൨൬. ൧൭-൧൯; മൎക്കോ. ൧൪. ൧൨-൧൬; ലൂക്കാ. ൨൨. ൭-൧൩.

വിവരണം. മ്ശിഹായുടെ കരിശുമരണത്തിൻേറയും ദിവ്യ കാരുണ്യസ്ഥാപനത്തിൻേറയും മുന്നടയാളമായിരുന്ന പഴയനിയമത്തി ലെ പെസ്ഹാ, അവസാനമായി അങ്ങേ ശിഷ്യരോടുകൂടെ ഭക്ഷിക്കു ന്നതിന് ഈശോ അത്യന്തം ആഗ്രഹിച്ചിരുന്നു. ആകയാൽ ആ പെസ് ഹാ ഒരുക്കുന്നതിനായി ശ്ലൈഹിക പ്രമുഖനായ വി. പത്രോസിനേയും പ്രിയശിഷ്യനായ വി. യോഹന്നാനേയും താൻ തന്നെ പറഞ്ഞയക്കുന്നു.

ലൂക്കാ. ൨൨. ൧. അനന്തരം * യൂദന്മാർ» പെസ്ഹാ ബലി ചെയ്യുക പതിവായിരുന്ന[1] പുളിപ്പില്ലാത്ത അപ്പങ്ങളുടെ ¶ ഒന്നാം» ദിവസം[2] അടുത്തു.

൮. അപ്പോൾ ഈശോ കേപ്പായേയും, യോഹന്നാനേയും അയച്ചു അവരോടു: നിങ്ങൾ പോയി നാം പെസ്ഹാ ഭക്ഷി ക്കേണ്ടതിനു ഒരുക്കുവിൻ എന്നു അരുളിച്ചെയ്തു.

൯. അവരോ അവനോടു: ഞങ്ങൾ എവിടെ ഒരുക്കുവാ നാണു നീ ഇച്ഛിക്കുന്നതു്? എന്നു ചോദിച്ചു.

൧൦. അവൻ അവരോടു അരുളിച്ചെയ്യുന്നു: ഇതാ! നിങ്ങൾ പട്ടണത്തിലേയ്ക്കു പ്രവേശിക്കുമ്പോൾ ഒരു ജലപാത്രം ചുമന്നു കൊണ്ടു ഒരു മനുഷ്യൻ നിങ്ങൾക്കു എതിരേ വരും. നിങ്ങൾ അവൻെറ പിന്നാലേ പോകുവിൻ. അവൻ പ്രവേശിക്കുന്ന ഇടത്തു,

൧൧. വീട്ടധികാരിയോടു: എൻെറ ശിഷ്യന്മാരോടുകൂടെ ഞാൻ പെസ്ഹാ ഭക്ഷിക്കേണ്ടതിനുള്ള വാസസ്ഥലം ഏതാകുന്നു എന്നു ഞങ്ങളുടെ റബ്ബി ചോദിക്കുന്നു എന്നു പറയുവിൻ.

൧൨. അപ്പോൾ ഇതാ! † സൗകര്യപ്പെടുത്തിട്ടുള്ളതും ഒരു ക്കിയിരിക്കുന്നതുമായ» ഒരു വലിയ മാളിക അവൻ നിങ്ങൾക്കു കാണിച്ചു തരും. അവിടെ ഒരുക്കുവിൻ.[3]

൧൩. ഇങ്ങനെ അവർപോയി, അവൻ തങ്ങളോടു കല്പി ച്ചതുപോലെ കാണുകയും പെസ്ഹാ ഒരുക്കുകയും ചെയ്തു.

* മർക്കോ. ൧൪. ൧൨. ¶ മത്താ. ൨൬. ൧൭. † മർക്കോ. ൧൪. ൧൫.

## വ്യാഖ്യാനം.

1. "യൂദന്മാർ പെസ്ഹാബലി ചെയ്യുക പതിവായിരുന്നു." യഹൂദ ന്മാരെല്ലാവരും ആണ്ടുതോറും നീസാൻമാസം (മാർച്ച്, ഏപ്രിൽ മാസ ങ്ങളുടെ അംശങ്ങൾ) പതിന്നാലാം തീയതി സൂര്യാസ്തമനത്തിൽ പെ സ്ഹാ ആട്ടിൻകുട്ടിയെ കൊന്നു, തീയിൽ ചുട്ടു, കൈപ്പുള്ള സസ്യങ്ങ ളോടും പുളിപ്പില്ലാത്ത അപ്പത്തോടുംകൂടെ ഭക്ഷിക്കണമെന്നു നിയമ മുണ്ടായിരുന്നു. (പുറ. ൧൨. ൩, ൮.)

2. "പുളിപ്പില്ലാത്ത അപ്പങ്ങളുടെ ഒന്നാം ദിവസം."നീസാൻമാസം പതിന്നാലാം തീയതി സന്ധ്യമുതൽ ഇരുപത്തി ഒന്നാം തീയതി സന്ധ്യ വരെ യഹൂദന്മാർ പുളിപ്പില്ലാത്ത അപ്പം മാത്രം ഭക്ഷിക്കാവൂ എന്നു ദൈവം (പുറ. ൧൨. ൧൮.) കല്പിച്ചിരുന്നു; അതിൽ ഒന്നാം ദിവസം, അതായതു, പതിന്നാലാം തീയതി സന്ധ്യയ്ക്കാണു് ഈശോ അങ്ങേ ശിഷ്യരൊരുമിച്ചു പെസ്ഹാ ഭക്ഷിച്ചതു്.

3. "അവിടെ ഒരുക്കുവിൻ." പെസ്ഹാ ഒരുക്കുവാൻ സ്ഥലം തിട്ടപ്പെടുത്തി കൊടുക്കുവാനല്ലാതെ, എന്തെല്ലാം ഒരുക്കണമെന്നും മററും ഈശോ ശ്ലീഹന്മാരോടു പറഞ്ഞു ധരിപ്പിയ്ക്കേണ്ട ആവശ്യം ഒന്നുമുണ്ടായിരുന്നില്ല. അതു് അവർക്കു് നിയമത്താലും പാരമ്പര്യത്താലും മുന്നാണ്ടുകളിലെ ഈശോയുടെ നടപടികളിൽ നിന്നും സുപരിചിതമായിരുന്നു. ആകയാൽ തീയിൽചുട്ട ഒരു ആട്ടിൻകുട്ടി, പുളിപ്പില്ലാത്ത അപ്പം, കൈപ്പുള്ള സസ്യങ്ങൾ, അവകൾ മുക്കി തിന്നാൻ ഒരു ചാറു്, കുടിയ്ക്കാൻ വീഞ്ഞു്, എന്നിവകളായിരുന്നു പെസ്ഹായ്ക്കു അവർ ഒരുക്കിയ പ്രധാന വിഭവങ്ങൾ.

## 4. പെസ്ഹാ അഥവാ ഒടുവിലത്തെ അത്താഴം. ശ്ലീഹന്മാരിൽ ഒരുത്തൻ അങ്ങേ ഒററിക്കൊടുക്കുമെന്നു് ഈശോ ആദ്യമായി വെളിപ്പെടുത്തുന്നു.

മത്താ. ൨൬. ൨൦– ൨൫; മർക്കോ. ൧൪. ൧൭– ൨൧; ലൂക്കാ. ൨൨. ൧൪–൧൮.

വിവരണം. വി. പത്രോസും വി. യോഹന്നാനും ഒരുക്കിയ നിയമപ്രകാരമുള്ള പെസ്ഹാ ഭക്ഷിക്കുന്നതിനായി നമ്മുടെ കർത്താവു് ശിഷ്യരൊരുമിച്ചു് സന്ധ്യയായപ്പോൾ വരികയും നിർദ്ദിഷ്ടസമയത്തു് ഭക്ഷണത്തിനിരിക്കയും ചെയ്തതായി ആദ്യത്തെ മൂന്നു സുവിശേഷകന്മാർ വിവരിക്കുന്നുണ്ടു്. അന്നത്തെ അത്താഴത്തിൽ വച്ചുതന്നെ, പഴയനിയമത്തിലെ പെസ്ഹായുടെ പൂർത്തീകരണമായ ദിവ്യബലിയുടേയും കുർബാനയുടേയും സ്ഥാപനവും അതോടു സംബന്ധിച്ച സംപൂജ്യമായ ചടങ്ങുകളും വിശേഷവിധിയായി നടന്നു. ഇവയിൽ ആദ്യമായി നടന്നതു നിയമാനുസൃതമായ പെസ്ഹാ ഭോജനം തന്നെയായിരുന്നു. ആ ഭക്ഷണസമയത്താണു് യൂദാ അങ്ങേ ഒററിക്കൊടുക്കുമെന്നു ഈശോ ശിഷ്യഗണത്തോടു ആദ്യമായി പ്രവചിച്ചതു്. വി. കുർബാനയുടെ സ്ഥാപനത്തെപ്പററി ദിവ്യരക്ഷകൻ വാഗ്ദാനം ചെയ്ത അവസരത്തിൽ (യോഹ. ൬. ൭൦), യൂദാ അങ്ങേ ഒററിക്കൊടുക്കുവാനിരിയ്ക്കുന്നുവെന്നു സൂചിപ്പിച്ചിട്ടുണ്ടു്. ഇപ്പോഴാകട്ടെ, അതു നിറവേറുവാനുള്ള സമയം സമാഗമിച്ചിരിയ്ക്കുന്നുവെന്നു തെളിവായി പ്രസ്താവിക്കുന്നു.

മർക്കോ. ൧൪. ൧൭. സന്ധ്യയായപ്പോൾ അവൻ തന്റെ പന്ത്രണ്ടുപേരോടുകൂടി വന്നു.

ലൂക്കാ. ൨൨. ൧൪. പിന്നെസമയമായപ്പോൾ ഈശോ വന്നു ഭക്ഷണത്തിനിരുന്നു. പന്ത്രണ്ടു ശ്ലീഹന്മാരും അവനോടുകൂടെ[1] (ഉണ്ടായിരുന്നു).

൧൫. അപ്പോൾ അവൻ അവരോടു അരുളിച്ചെയ്തു: ഞാൻ പീഡ സഹിക്കുന്നതിനു മുൻപു ഈ പെസ്ഹാ നിങ്ങളോടുകൂടെ ഭക്ഷിയ്ക്കുവാൻ ഞാൻ വാഞ്ഛയോടെ ആഗ്രഹിച്ചു.

൧൬. എന്തുകൊണ്ടെന്നാൽ ദൈവരാജ്യത്തിൽ ഇതു് പൂത്തിയാകുന്നതുവരെ[2] ഇതു് മുതൽ നിങ്ങളോടുകൂടി ഞാൻ ഇതു് ഭക്ഷിക്കയില്ലെന്നു നിങ്ങളോടു ഞാൻ പറയുന്നു.

൧൭. പിന്നെ അവൻ പാനപാത്രം എടുത്തു[3] സ്തോത്രംചെയ്തു് അരുളിച്ചെയ്തു: ഇതു് വാങ്ങി നിങ്ങൾ തമ്മിൽ ഭാഗിക്കുവിൻ.

൧൮. എന്തുകൊണ്ടെന്നാൽ നിങ്ങളോടു ഞാൻ പറയുന്നു: ദൈവരാജ്യം വരുന്നതുവരെ മുന്തിരിയുടെ ഫലത്തിൽ നിന്നു് ഞാൻ കുടിക്കുകയില്ല.

മത്താ. ൨൬. ൨൧. അവർ ഭക്ഷിച്ചുകൊണ്ടിരിയ്ക്കുമ്പോൾ അവൻ: ✻ എന്നോടുകൂടി ഭക്ഷിയ്ക്കുന്ന» നിങ്ങളിൽ ഒരുത്തൻ എന്നെ ഒററിക്കൊടുക്കുമെന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു അരുളിച്ചെയ്തു.

൨൨. അപ്പോൾ അവർ വളരെ ദുഃഖിച്ചു. അവരിൽ ഓരോരുത്തനും അവനോടു: എന്റെ കത്താവെ, ഞാനോ? എന്നു ചോദിയ്ക്കുവാൻ തുടങ്ങി.

മക്കോ. ൧൪. ൨൦. അതിനു അവൻ അവരോടുഅരുളിച്ചെയ്തു: എന്നോടുകൂടി താലത്തിൽ മുക്കുന്നവനായ പന്ത്രണ്ടിലൊരുത്തൻ.

൨൧. മനുഷ്യപുത്രനോ തന്നെക്കുറിച്ചു എഴുതപ്പെട്ടിരിയ്ക്കുന്നതുപോലെ പോകുന്നു. എന്നാൽ മനുഷ്യപുത്രൻ ആരാൽ ഒററിക്കൊടുക്കപ്പെടുന്നുവോ ആ മനുഷ്യനു ഹാ! കഷ്ടം! ആ മനുഷ്യൻ ജനിക്കാതിരുന്നെങ്കിൽ അവനു് നന്നായിരുന്നു.

മത്താ. ൨൬. ൨൫. ഒററിക്കൊടുക്കുന്നവനായ യൂദാ ഉത്തരമായി: റബ്ബി, ഞാനാകുന്നുവോ? എന്നു ചോദിച്ചു. ഈശോ അവനോടു: നീ പറഞ്ഞുവല്ലോ[4] എന്നു അരുളിച്ചെയ്യുന്നു.

✻ മക്കോ. ൧൪. ൧൮.

## വ്യാഖ്യാനം.

1. "പന്ത്രണ്ടു ശ്ലീഹന്മാരും അവനോടുകൂടെ ഉണ്ടായിരുന്നു." നിയമാനുസൃതമായ പെസ്ഹാ ഭക്ഷണത്തിലും വി. കുർബാനയുടെ സ്ഥാപ

നാവസരത്തിലും അതിനു മുൻപു നടന്ന പാദക്ഷാളനത്തിലും യൂദാസ്കറിയോത്താ ഭാഗഭാക്കായിരുന്നോ എന്നുള്ളതു് ശാസ്ത്രജ്ഞന്മാരുടെ ഇടയിൽ ഇനിയും വാദവിഷയമാണ്. വേദശാസ്ത്രകോവിദനായ വി. തോമ്മാ അക്വീനാസുൾപ്പെടെയുള്ള മഹാശയന്മാരും വിഖ്യാതരായ വേദപുസ്തക വ്യാഖ്യാതാക്കളും സർവ്വസാധാരണമായി അഭിപ്രായപ്പെടുന്നതു് യൂദായും പ്രസ്തുത ചടങ്ങുകളിലെല്ലാം സന്നിഹിതനായിരുന്നുവെന്നാണ്. വേദവാക്യങ്ങൾ തന്നെയാണ് അവരുടെ ആശയവിശദീകരണത്തിനുള്ള പിൻബലം. മേലുദ്ധരിച്ച വി. ലൂക്കായുടെ വാക്യത്തിൽ നിന്നും വി. മത്തായിയും വി. മർക്കോസും പ്രകൃതത്തെക്കുറിച്ചു പ്രസ്താവിച്ചിട്ടുള്ള ഭാഗങ്ങളിൽ നിന്നും പെസ്ഹാ കുഞ്ഞാടിന്റെ ഭോജനത്തിൽ യൂദായും ഹാജരുണ്ടായിരുന്നു എന്നു പ്രസ്പഷ്ടമാകുന്നുണ്ടു്. പെസ്ഹാ നേരത്തു്, "എന്നോടുകൂടെ ഭക്ഷിക്കുന്ന നിങ്ങളിൽ ഒരുത്തൻ" എന്നും "എന്നോടുകൂടെ താലത്തിൽ മുക്കുന്നവനായ പന്ത്രണ്ടിൽ ഒരുത്തൻ" എന്നും ഈശോ അരുളിച്ചെയ്തിട്ടുള്ള വാക്യങ്ങൾ, അയാളും അത്താഴത്തിൽ സംബന്ധിച്ചിരുന്നുവെന്നല്ലയോ തെളിയിക്കുന്നതു്? മാത്രമല്ല "യൂദാ ഉത്തരമായി റബ്ബി ഞാനാകുന്നുവോ എന്നു ചോദിച്ചു" എന്നു വി. മത്തായി സാക്ഷിക്കുന്നു. അയാൾ ആ അത്താഴത്തിൽ സന്നിഹിതനല്ലായിരുന്നെങ്കിൽ അയാൾക്കു ചോദിക്കുവാൻ എങ്ങനെ സാധിക്കുമായിരുന്നു?

2. "ദൈവരാജ്യത്തിൽ ഇതു പൂർത്തിയാകുന്നതുവരെ." മ്ശീഹാ സ്ഥാപിക്കുവാനിരുന്ന ദൃശ്യമായ അങ്ങേ സഭയെ "ദൈവരാജ്യം" എന്നാണ് സുവിശേഷത്തിൽ പലപ്പോഴും അങ്ങു് സംബോധനചെയ്തിരുന്നതു്. കുരിശിലെ ബലിയുടേയും വി. കുർബാനയുടേയും ഒരു മുന്നടയാളം മാത്രമായിരുന്നു പെസ്ഹാബലി. ആകയാൽ മ്ശീഹായുടെ ദിവ്യബലി അങ്ങേ മരണംമൂലം പൂർത്തിയാകുകയും അതുമൂലം അങ്ങേ സഭ സ്ഥാപിതമാകുകയും ചെയ്യുന്നതോടുകൂടി പെസ്ഹാബലി അവസാനിക്കേണ്ടതായിരുന്നു. ഇതിനാലത്രെ, നിയമാനുസരണമുള്ള പെസ്ഹാബലി, അങ്ങേ മരണത്താൽ തിരുസഭയിൽ പൂർത്തിയാകുന്നതല്ലാതെ, ഇനിമേലിൽ അങ്ങു്, പഴയപടി, അതിൽ ഭാഗഭാക്കാകുകയില്ല, എന്നു് അരുളിച്ചെയ്തതു്.

3. "പാനപാത്രം എടുത്തു." പെസ്ഹാ ഭക്ഷണാവസരത്തിൽ അദ്ധ്യക്ഷൻ ദ്രാക്ഷാരസത്തിന്റെ പാനപാത്രം എടുത്തു വിരുന്നിനിരിക്കുന്നവർക്കു കൊടുക്കുകയും അവർ ഓരോരുത്തരും ആ പാത്രത്തിൽനിന്നുതന്നെ ക്രമാനുസരണം പാനം ചെയ്കയും യഹൂദന്മാരുടെ ഇടയിൽ പതിവായിരുന്നു. ഈ ആചാരക്രമമാണ ഇവിടെ ഇപ്പോൾ നിർവ്വഹിക്കപ്പെട്ടതു്.

4. "നീ പറഞ്ഞുവല്ലോ." യൂദായുടെ ചോദ്യത്തിനു ഈശോ പറഞ്ഞ മറുപടിക്കു്, എബ്രായ സംസാര രീതി അനുസരിച്ചു 'അതെ നീ തന്നെയാകുന്നു' എന്നാണ് അർത്ഥം. അങ്ങനെയെങ്കിൽ വി. കുർബാനയുടെ സ്ഥാപനത്തിനുശേഷം, തന്നെ ഒററിക്കൊടുക്കുവാനിരിക്കുന്ന യൂദായെക്കുറിച്ചു ഈശോ വീണ്ടും അരുളിച്ചെയ്തപ്പോൾ അതു് ആരെക്കുറിച്ചാണ് പറഞ്ഞതു എന്നറിവാൻ ശെമ്ഓൻകേപ്പാ, യോഹന്നാനെ

കണ്ണു കാണിച്ചു എന്നു പറഞ്ഞിരിക്കുന്നതിന്റെ അൎത്ഥം എന്തായിരിക്കാം എന്നു ഒരു ചോദ്യത്തിന് പ്രതീതി ഉത്ഭവിക്കുന്നു. അത്താഴസമയം യൂദാ ഇരുന്നിരുന്നതു ഈശോയോടു അടുത്തായിരുന്നതിനാൽ പ്രസ്തുത ചോദ്യത്തിനു ഈശോ അയാൾക്കു കൊടുത്ത മറുപടി അയാൾ മാത്രം കേൾക്കാൻ തക്കവിധം അത്ര താഴ്ന്ന സ്വരത്തിൽ ആയിരുന്നുവെന്നും, അതും അയാളുടെ ബഹുമാനം ബാഹ്യദൃഷ്ടിയിൽ അഭംഗമായിരിപ്പാൻവേണ്ടി ഈശോ അങ്ങേ കാരുണ്യാതിരേകത്താൽ ചെയ്തതാണെന്നുമത്രെ പ്രകൃതത്തെപ്പററിയുള്ള വ്യാഖ്യാതാക്കളുടെ സമാധാനം.

5. ഈശോ അങ്ങേ ശിഷ്യന്മാരുടെ കാലുകൾ കഴുകുന്നു. അങ്ങേ ഒററിക്കൊടുക്കുവാനിരിയ്ക്കുന്നവനെക്കുറിച്ചു ഈശോ വീണ്ടും അരുളിച്ചെയ്യുന്നു. എളിമയെ സംബന്ധിച്ചുള്ള ഉപദേശം.

യോഹ. ൧൩. ൧-൨൦.

വിവരണം. ഈശോ അങ്ങേ ശ്ലീഹന്മാരുടെ പാദക്ഷാളനം നടത്തിയ സംഭവം വി. യോഹന്നാൻ മാത്രമേ വിവരിക്കുന്നുള്ളൂ. അവിടന്നു സ്ഥാപിപ്പാനിരുന്ന ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനു ശിഷ്യന്മാർ എത്രമാത്രം വിശുദ്ധിയുള്ളവരായിരിക്കണമെന്നു സൂചിപ്പിക്കുന്നതിനായി നടത്തിയ ഈ ദിവ്യകൎമ്മം പെസ്ഹാ കുഞ്ഞാടിന്റെ ഭക്ഷണത്തിനുശേഷം വി. കുർബാനയുടെ സ്ഥാപനത്തിനു മുമ്പായിട്ടാണു നടന്നത്. യൂദായുടെ സ്വാമിദ്രോഹത്തെപ്പററി ഈശോ മൂന്നു പ്രാവശ്യം പ്രവചിച്ചിട്ടുണ്ട് എന്നുള്ളതാണ് പ്രബലമായതും വേദവാക്യങ്ങൾക്കു കൂടുതൽ അനുയോജ്യമായതുമായ അഭിപ്രായം. അതിൽ രണ്ടാമത്തെ പ്രവചനം ശ്ലീഹന്മാരുടെ പാദപ്രക്ഷാളനം നടത്തിയ ഈ അവസരത്തിലാണു നടന്നിട്ടുള്ളത്.

യോഹ. ൧൩. ൧. എന്നാൽ താൻ ഈ ലോകം വിട്ടു തന്റെ പിതാവിന്റെ അടുക്കലേക്കു പോകുവാനുള്ള നാഴിക അടുത്തു എന്നു പെസ്ഹാ തിരുനാളിനു മുമ്പെ ഈശോ അറിഞ്ഞിരുന്നു. അവൻ ഈ ലോകത്തിലുള്ള തന്റെ അളുകളെ സ്നേഹിച്ചു; അവസാനംവരെ[1] അവരെ സ്നേഹിച്ചു.

൨. അത്താഴം ആയപ്പോൾ സാത്താൻ, ശെമഓൻ സ്കാറിയോത്തായുടെ മകനായ യൂദായുടെ ഹൃദയത്തിൽ അവനെ ഒററിക്കൊടുക്കുവാൻ തോന്നിച്ചിരുന്നു.

൩. ഈശോയൊ പിതാവ് സകലവും തന്റെ കൈകളിൽ ഏല്പിച്ചിരിയ്ക്കുന്നു എന്നും, താൻ ദൈവത്തിൽ നിന്നു പുറപ്പെട്ടു വന്നു എന്നും, ദൈവത്തിന്റെ അടുക്കലേക്കു പോകുന്നു എന്നും അറിഞ്ഞിരുന്നതുകൊണ്ട്,

൪. അത്താഴത്തിൽ നിന്നു എഴുന്നേററു, തൻെറ വസ്ത്ര ങ്ങൾ മാററിവച്ചു ഒരു കച്ച തൻെറ അരയിൽ ചുററി,

൫. ഒരു തട്ടത്തിൽ വെള്ളം ഒഴിച്ചു തൻെറ ശിഷ്യന്മാരു ടെ കാലുകൾ കഴുകുവാൻ തുടങ്ങി. തൻെറ അരയിൽ ചുററിയി രുന്ന കച്ചകൊണ്ടു അവൻ തുടച്ചുമിരുന്നു.

൬. എന്നാൽ അവൻ ശെമ്ഓൻ കേപ്പായുടെ അടുക്കൽ വന്നപ്പോൾ ശെമ്ഓൻ അവനോടു: എൻെറ കൎത്താവെ, നീ എ ൻെറ കാലുകൾ കഴുകുന്നുവോ? എന്നു ചോദിക്കുന്നു.

൭. ഈശോ ഉത്തരമായി അവനോടു: ഞാൻ ചെയ്യുന്നതു നീ ഇപ്പോൾ അറിയുന്നില്ല; എന്നാൽ പിന്നീടു അറിയും എന്നു അരു ളിച്ചെയ്തു.

൮. ശെമ്ഓൻകേപ്പാ അവനോടു: നീ ഒരുനാളും എൻെറ കാലുകൾ കഴുകേണ്ട എന്നു പറയുന്നു. ഈശോ അവനോടു: ഞാൻ നിന്നെ കഴുകാതിരുന്നാൽ നിനക്കു എന്നോടുകൂടി പങ്കില്ല എന്നു അരുളിച്ചെയ്യുന്നു.

൯. ശെമ്ഓൻ കേപ്പാ അവനോടു: എൻെറ കൎത്താവെ, അങ്ങനെയെങ്കിൽ എൻെറ കാലുകൾ മാത്രമല്ല, എൻെറ കൈക ളും, എൻെറ തലയും കൂടി കഴുകണമെ എന്നു പറയുന്നു.

൧൦. ഈശോ അവനോടു: കുളിച്ചിരിക്കുന്നവനു അവ ൻെറ കാലുകൾ മാത്രമല്ലാതെ കഴുകുവാൻ ആവശ്യമില്ല; എന്തു കൊണ്ടെന്നാൽ അവൻ മുഴുവൻ ശുദ്ധിയുള്ളവനാകുന്നു. നിങ്ങളും ശുദ്ധിയുള്ളവരാകുന്നു; എങ്കിലും നിങ്ങൾ എല്ലാവരുമല്ല[2] എന്നു അരുളിച്ചെയ്തു.

൧൧. എന്തുകൊണ്ടെന്നാൽ തന്നെ ഒററിക്കൊടുക്കുവാനിരി ക്കുന്നവനെ ഈശോ അറിഞ്ഞിരുന്നു. ഇതിനാലാകുന്നു: നിങ്ങളെ ല്ലാവരും ശുദ്ധിയുള്ളവരല്ല എന്നു അവൻ അരുളിച്ചെയ്തതു്.

൧൨. അവരുടെ കാലുകൾ കഴുകിയശേഷമൊ അവൻ തൻെറ വസ്ത്രങ്ങൾ ധരിച്ചു വീണ്ടും ഇരുന്നു അവരോടു അരുളി ച്ചെയ്തു: ഞാൻ നിങ്ങളോടു ചെയ്തതു എന്നതെന്നു നിങ്ങൾ അറി യുന്നുവോ?

൧൩. നിങ്ങൾ എന്നെ: ഞങ്ങളുടെ റബ്ബി, ഞങ്ങളുടെ കൎത്താവേ, എന്നു വിളിക്കുന്നു. നിങ്ങൾ പറയുന്നതു ശരി. എന്തെ ന്നാൽ ഞാൻ (അങ്ങനെ) ആകുന്നു.

൧൪. ആകയാൽ നിങ്ങളുടെ കൎത്താവും നിങ്ങളുടെ റബ്ബിയും ആയിരിക്കുന്ന ഞാൻ നിങ്ങളുടെ കാലുകൾ കഴുകിയെങ്കിൽ നിങ്ങളും ഒരുത്തൻ മററൊരുത്തൻെറ കാലുകൾ കഴുകുവാൻ എത്രയോ കടപ്പെട്ടിരിക്കുന്നു!

൧൫. എന്തുകൊണ്ടെന്നാൽ ഞാൻ നിങ്ങളോടു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിനു ഈ ദൃഷ്ടാന്തം നിങ്ങൾക്കു ഞാൻ തന്നിരിക്കുന്നു.

൧൬. സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: തൻെറ യജമാനനെക്കാൾ വലിയ ഭൃത്യനില്ല; തന്നെ അയച്ചവനെക്കാൾ വലിയ പ്രേഷിതനുമില്ല.

൧൭. ഇവ നിങ്ങൾ അറിയുന്നുവെങ്കിൽ ഇവ ചെയ്താൽ നിങ്ങൾ ഭാഗ്യവാന്മാർ.

൧൮. നിങ്ങളെയെല്ലാവരേയും കുറിച്ചല്ല ഞാൻ പറയുന്നതു. എന്തുകൊണ്ടെന്നാൽ ഞാൻ തിരഞ്ഞെടുത്തിരിക്കുന്നവരെ ഞാൻ അറിയുന്നു. എന്നാൽ എന്നോടുകൂടി അപ്പം ഭക്ഷിക്കുന്നവൻ അവൻെറ കുതികാൽ എനിക്കു വിരോധമായി ഉയൎത്തി എന്ന തിരുവെഴുത്തു നിവൃത്തിയാകുവാൻ (തന്നെ).

൧൯. ഇതു് സംഭവിക്കുമ്പോൾ, (വരുവാനിരുന്നവൻ) ഞാൻ ആകുന്നു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിനായി സംഭവിക്കുന്നതിനു മുൻപു, ഇപ്പോൾ തന്നെ, നിങ്ങളോടു ഞാൻ പറയുന്നു.

൨൦. സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: ഞാൻ അയക്കുന്നവനെ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു; എന്നെ സ്വീകരിക്കുന്നവനോ എന്നെ അയച്ചവനെ സ്വീകരിക്കുന്നു.

## വ്യാഖ്യാനം.

1. "അവസാനംവരെ." അങ്ങേ മൎത്ത്യജീവിതത്തിൻെറ അവസാന നാഴികവരെ എന്നു് വി. അഗുസ്തീനോസും, തൻെറ സ്നേഹത്തിൻെറ അവസാനം വരെ, അതായതു, അതിൽ കൂടുതലായി ദൈവമായ തനിക്കു തന്നെയും സ്നേഹിപ്പാൻ വഹിയാത്ത വിധം, എന്നു് വി. യോഹ. ക്രിസോസ്തോമോസും വ്യാഖ്യാനിക്കുന്നു.

2. "നിങ്ങൾ എല്ലാവരുമല്ല." ഇതു് യൂദായെ ഉദ്ദേശിച്ചാണു ഈശോ അരുളിച്ചെയ്തതെന്നു വി. യോഹന്നാൻ തെളിവായി പ്രസ്താവിക്കുന്നുണ്ടു്. ആകയാൽ യൂദാ പാദക്ഷാളനത്തിനും സന്നിഹിതനായിരുന്നു എന്നു അനുമാനിക്കാം.

6. വിശുദ്ധ കുർബാനയുടെ സ്ഥാപനം.

മത്താ. ൨൬. ൨൬–൨൯; മർക്കോ. ൧൪. ൨൨–൨൫; ലൂക്കാ. ൨൨. ൧൯–൨൦.

വിവരണം. പരിശുദ്ധ പരമ ദിവ്യകാരുണ്യത്തിൻെറ സ്ഥാപനത്തെക്കുറിച്ച് ആദ്യത്തെ മൂന്നു സുവിശേഷകന്മാരും സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. എന്നാൽ ഈ മഹൽസ്ഥാപനത്തിൻെറ വാഗ്ദാനത്തെക്കുറിച്ചു സാമാന്യം വിസ്താരമായി പ്രസംഗിച്ച യോഹന്നാൻ അതിൻെറ സ്ഥാപനഘട്ടത്തെപ്പററി മൌനം ദീക്ഷിക്കുകയാണു ചെയ്യുന്നത്. വി. പൌലോസിനു ലഭിച്ച പ്രത്യേക നിവേദനമനുസരിച്ച് (1. Cor. xi. 23–26.) ഒരു സുവിശേഷകനെപ്പോലെ ഈ സംഗതി അദ്ദേഹം പ്രസ്താവിച്ചു കാണുന്നതു സ്മരണീയമത്രെ.

മത്താ. ൨൬. ൨൬. എന്നാൽ അവർ ഭക്ഷിച്ചുകൊണ്ടിരിക്കയിൽ[1] ഈശോ അപ്പം എടുത്ത്, * സ്തോത്രം ചെയ്തു» ആശിർവ്വദിച്ചു മുറിച്ചു, തൻെറ ശിഷ്യന്മാക്കു കൊടുത്തുകൊണ്ടു അരുളിച്ചെയ്തു: നിങ്ങൾ വാങ്ങി ഭക്ഷിക്കുവിൻ: ഇതു് എൻെറ ശരീരമാകുന്നു.* ഇതു് എൻെറ ഓർമ്മക്കായി നിങ്ങൾ ചെയ്യുവിൻ[2] ».

൨൭. പിന്നെ അവൻ പാനപാത്രം എടുത്തു സ്തോത്രം ചെയ്തു, † ആശിർവ്വദിച്ചു» അവക്കു കൊടുത്തുകൊണ്ടു് അരുളിച്ചെയ്തു: വാങ്ങി നിങ്ങൾ എല്ലാവരും ഇതിൽ നിന്നു കുടിക്കുവിൻ.

൨൮. ഇതു് പാപങ്ങളുടെ മോചനത്തിനായി പലക്കുവേണ്ടി ചിന്തപ്പെടുന്ന പുതിയ നിയമത്തിലെ എൻെറ രക്തമാകുന്നു. † അവർ എല്ലാവരും അതിൽ നിന്നു കുടിച്ചു[3] ».

൨൯. എന്നാൽ നിങ്ങളോടു ഞാൻ പറയുന്നു: മുന്തിരിയുടെ ഈ ഫലത്തിൽ നിന്ന്, ഇപ്പോൾ മുതൽ എൻെറ പിതാവിൻെറ രാജ്യത്തിൽ നിങ്ങളോടുകൂടി ഞാൻ പുതുതായി അതു് കുടിക്കുന്ന ദിവസം വരെ, ഞാൻ കുടിക്കുകയില്ല.

* ലൂക്കാ. ൨൨. ൧൯. † മർക്കോ. ൧൪. ൨൩.

## വ്യാഖ്യാനം.

1. "അവർ ഭക്ഷിച്ചുകൊണ്ടിരിക്കയിൽ." വി. മത്തായിയും വി. മർക്കോസും ഈ വാക്യത്താൽ ഉദ്ദേശിക്കുന്നതും, വി. ലൂക്കായും വി. പൌലോസും "അവർ അത്താഴം കഴിച്ചശേഷം" എന്നു പറഞ്ഞിരിക്കുന്നതും, ആശയത്തിൽ ഒന്നു തന്നെയാണ്. പെസ്ഹാ കുഞ്ഞാടിൻെറ ഭക്ഷണംകൊണ്ടു വിശപ്പു തീൎന്നു തൃപ്തിയാകാത്തവർ ആ ഭക്ഷണത്തെ തുടൎന്നു സാമാന്യ ഭക്ഷണവും കഴിക്കുക യൂദന്മാരുടെയിടയിൽ പതി

വായിരുന്നു. ആകയാൽ വി. മത്തായിയും വി. മർക്കോസും പറയുന്നതു, അന്നത്തെ ഭക്ഷണംകൊണ്ടു തൃപ്തിപ്പെട്ടശേഷം അല്ല സ്വല്പമായി വല്ലതും അനുഭവിച്ചുകൊണ്ടിരിക്കയിൽ എന്നും, വി. ലൂക്കായും വി. പൗലോസും പറയുന്നതു, അത്താഴത്തിന്റെ പ്രധാനഭാഗം കഴിഞ്ഞ ശേഷം എന്നും, ഗ്രഹിക്കേണ്ടതാണ്.

2. "ഇതു് എന്റെ ഓൎമ്മയ്ക്കായി നിങ്ങൾ ചെയ്യുവിൻ." ഈ വാക്യങ്ങളാലത്രെ ഈശോ തിരു അത്താഴത്തിൽ സന്നിഹിതരായിരുന്ന ശ്ലീഹന്മാരെ മെത്രാന്മാരും വൈദികരും ആയി സ്ഥാപിക്കുകയും അവൎക്കു അങ്ങേ ദിവ്യശരീരത്തേയും രക്തത്തേയും ബലി ആയി അൎപ്പിക്കുന്നതിനുള്ള അധികാരവും അനുമതിയും നൽകുകയും ചെയ്തതു്. "അവന്റെ മെത്രാൻസ്ഥാനം മറെറാരുവൻ എടുക്കട്ടെ" എന്നു ദാവീദ് ൧൦൮-ാം സങ്കീൎത്തനത്തിൽ പ്രവചിച്ചിരിക്കുന്നതു യൂദായിൽ നിറവേറി എന്നു, വി. പത്രോസ് (നടപടി. ൧. ൨൦.) പറയുന്നു. യൂദാ മെത്രാനായി എങ്കിൽ വി. കുർബാന സ്വീകരിച്ചിട്ടുമുണ്ടു്. എന്തുകൊണ്ടെന്നാൽ ശ്ലീഹന്മാരെ മെത്രാൻ സ്ഥാനത്തിലേക്കു ഈശോ ഉയൎത്തിയതു അങ്ങേ ദിവ്യശരീരം അവൎക്കു കൊടുത്തശേഷം അരുളിച്ചെയ്ത ഈ വാക്കുകളാൽ അത്രെ.

3. "അവർ എല്ലാവരും അതിൽനിന്നുകുടിച്ചു." വി. മർക്കോസിന്റെ ഈ വാക്യത്തിൽ നിന്നും യൂദാ ഉൾപ്പടെ ശ്ലീഹന്മാരെല്ലാവരും പുതിയ നിയമത്തിലെ മ്ശിഹായുടെ തിരു രക്തത്തിന്റെ പാനപാത്രത്തിൽനിന്നു പാനംചെയ്തു എന്നു തെളിയുന്നു.

## 7. അങ്ങേ ഒററിക്കൊടുക്കുവാനിരിക്കുന്നവനെക്കുറിച്ചു ഈശോ മൂന്നാം പ്രാവശ്യം അരുളിച്ചെയ്യുന്നു.

ലൂക്കാ. ൨൨. ൨൧-൨൩; യോഹ. ൧൩. ൨൧-൩൦.

വിവരണം. യൂദാ അങ്ങേ ഒററിക്കൊടുക്കുവാനിരിക്കുന്നു എന്നു ഈശോ മൂന്നാം പ്രാവശ്യം അറിയിച്ചതു് വി. കുർബാനയുടെ സ്ഥാപനാനന്തരമായിരുന്നു. വി. ലൂക്കായുടെ വിവരണം ഈ അഭിപ്രായത്തെയാണ് ആദരിക്കുന്നതു്. വി. യോഹന്നാൻ, ഒററിക്കൊടുക്കുവാനിരിക്കുന്ന യൂദായെപ്പററി തന്റെ സുവിശേഷത്തിൽ വിവരിച്ചിരിക്കുന്നതിന്റെ സ്ഥാനവും, ഈ അഭിപ്രായത്തെ അത്രെ ബലപ്പെടുത്തുന്നതു്.

യോഹ. ൧൩. ൨൧. ഇവ അരുളിച്ചെയ്തശേഷം ഈശോ തന്റെ ആത്മാവിൽ നൊടുവിച്ചു വിട്ടു[1] സാക്ഷിപ്പെടുത്തി അരുളിച്ചെയ്തതായതു്: ❊ എങ്കിലും ഇതാ! എന്നെ ഒററിക്കൊടുക്കുന്നവന്റെ കൈ മേശമേൽ[2] »; സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങളിൽ ഒരുത്തൻ എന്നെ ഒററിക്കൊടുക്കും.

ലൂക്കാ. ൨൨. ൨൨. മനുഷ്യപുത്രനോ നിശ്ചയിക്കപ്പെട്ടി

രിക്കുന്നതുപോലെ പോകുന്നു. എന്നാൽ അവൻ ആരാൽ ഒററിക്കൊ ടുക്കപ്പെടുന്നുവോ ആ മനുഷ്യനു ഹാ! കഷ്ടം!

യോഹ. ൧൩. ൨൨. എന്നാൽ അവൻ ആരെക്കുറിച്ചു അ രുളിച്ചെയ്തു എന്നു അറിയാതിരുന്നതുകൊണ്ടു ശിഷ്യന്മാർ തമ്മിൽ തമ്മിൽ നോക്കി.

ലൂക്കാ. ൨൨. ൨൩. അപ്പോൾ ഇത് ചെയ്യുവാനിരിക്കു ന്നവൻ തങ്ങളിൽ ആർ ആയിരിക്കും എന്നു അവർ തമ്മിൽ അ ന്വേഷിച്ചു തുടങ്ങി.

യോഹ. ൧൩. ൨൩. ഈശോയുടെ ശിഷ്യന്മാരിലൊ ഈ ശോ സ്നേഹിക്കുന്നവനായി[3] അവൻെറ മടിയിൽ ചാരിക്കിടന്നിരു ന്ന ഒരുത്തൻ ഉണ്ടായിരുന്നു.

൨൪. അവൻ അരുളിച്ചെയ്തതു ആരെക്കുറിച്ചാകുന്നു എന്നു അവനോടു ചോദിക്കുവാൻ ശെമ്ഓൻ കേപ്പാ ഇവനെ കണ്ണുകാ ണിച്ചു.

൨൫. അപ്പോൾ ആ ശിഷ്യൻ ഈശോയുടെ നെഞ്ചോടു ചാഞ്ഞു അവനോടു: എൻെറ കർത്താവെ, ഇവൻ ആരാകുന്നു? എ ന്നു ചോദിച്ചു.

൨൬. ഈശാ ഉത്തരമായി: ഞാൻ അപ്പം മുക്കി ആൎക്കു കൊടുക്കുന്നുവോ അവൻ തന്നെ[4] എന്നു അരുളിച്ചെയ്തു. പിന്നെ ഈശോ അപ്പം മുക്കി[5] ശെമ്ഓൻ സ്കറിയോത്തായുടെ മകനായ യൂദായിക്കു കൊടുത്തു.

൨൭. അപ്പത്തിൻെറ പിറകെ അപ്പോൾ സാത്താൻ അ വനിൽ പ്രവേശിച്ചു.[6] ഈശോ അവനോടു: നീ ചെയ്യുന്നതു വേ ഗം ചെയ്യുക എന്നു അരുളിച്ചെയ്തു.

൨൮. എന്നാൽ അവൻ എന്തിനെക്കുറിച്ചു ഇത് അവ നോടു അരുളിച്ചെയ്തു എന്നു ഇരുന്നിരുന്നവരിൽ ആരും അറിഞ്ഞില്ല.

൨൯. എന്തുകൊണ്ടെന്നാൽ, പണസ്സഞ്ചി[7] യൂദായുടെ പ ക്കൽ ആയിരുന്നതുകൊണ്ടു തിരുനാളിനു ആവശ്യമുള്ളത് വാങ്ങു വാനൊ, ദരിദ്രൎക്കു വല്ലതും കൊടുക്കുവാനൊ അവൻ അവനോടു കല്പിക്കുകതന്നെ ചെയ്തു എന്നു ചിലർ വിചാരിച്ചു.

൩൦. എന്നാൽ യൂദാ ഉടനെ അപ്പം വാങ്ങിട്ടു പുറത്തേ ക്കുപോയി. അവൻ പുറത്തു പോയപ്പോഴോ രാത്രിയായിരുന്നു.

❋ ലൂക്കാ. ൨൨. ൨൧.

## വ്യാഖ്യാനം.

1. "നെടുവീർപ്പു വിട്ടു". യൂദായുടെ പ്രവൃത്തിയുടെ ദുഷ്ടതയും നീചത്വവും, അതേപ്പററി പല പ്രാവശ്യം അവനെ ഓർപ്പിച്ചിട്ടും ഫലം ഉണ്ടാകാത്ത അവൻെറ ഹൃദയകാഠിന്യവും, കണ്ടിട്ടത്രെ ഈശോ നെടുവീർപ്പു വിട്ടു അരുളിച്ചെയ്യുവാനിടയായതു്.

2. "ഒററിക്കൊടുക്കുന്നവൻെറ കൈ മേശമേൽ". ഈ വാക്കുകൾ ഈശോ അരുളിച്ചെയ്തതു വി. കുർബാനയുടെ സ്ഥാപനാനന്തരമാകയാൽ, അതിൽ യൂദായും സംബന്ധിച്ചിട്ടുണ്ടായിരിക്കണം.

3. "ഈശോ സ്നേഹിക്കുന്നവനായി." ഈ വാക്കുകളാൽ സുവിശേഷത്തിൽ അറിയപ്പെടുന്നയാൾ, വി. യോഹന്നാനത്രെ. സ്നേഹത്തിൻെറ പ്രത്യേക അടയാളങ്ങൾ പലതും ഈശോ ഈ ശ്ലീഹായോടു കാണിച്ചിട്ടുമുണ്ടു്.

4. "ഞാൻ അപ്പം മുക്കി ആർക്കു കൊടുക്കുന്നുവോ അവൻ തന്നെ." വി. യോഹന്നാൻെറ ചോദ്യത്തിനു ഈശോ നൽകിയ ഈ മറുപടി യോഹന്നാൻ മാത്രം കേൾക്കാൻ തക്കവിധം രഹസ്യത്തിൽ ആയിരുന്നു. അല്ലാത്തപക്ഷം, ഈശോ യൂദായോടു: "നീ ചെയ്യുന്നതു വേഗം ചെയ്യുക" എന്നു അരുളിച്ചെയ്തതു് ആർക്കും മനസ്സിലായില്ല എന്നു സുവിശേഷകൻ തുടൎന്നു പറയുന്നതിൽ അൎത്ഥമില്ല.

5. "ഈശോ അപ്പം മുക്കി". ഇവിടെ പറയുന്ന ഈ അപ്പം സാമാന്യ അപ്പമത്രെ. അതു ചാറിൽ മുക്കി വിരുന്നിലിരിക്കുന്നവൎക്കു കൊടുക്കുന്നതു വലിയ സ്നേഹത്തിൻെറ അടയാളമാണു്.

6. "അപ്പത്തിൻെറ പിറകെ അപ്പോൾ സാത്താൻ അവനിൽ പ്രവേശിച്ചു." ഒടുവിലത്തെ അത്താഴത്തിൻെറ അവസരത്തിൽ ഒററിക്കൊടുക്കുവാനിരിക്കുന്നവനെക്കുറിച്ചു ഈശോ അരുളിച്ചെയ്തതെല്ലാം അവനെ സംബന്ധിച്ചാണു് അരുളിച്ചെയ്തതെന്നു യൂദാക്കു് നിഷ്പ്രയാസം ഗ്രഹിക്കാമായിരുന്നു. ഗ്രഹിക്കാത്ത ഭാവം അവൻ നടിച്ചുവെങ്കിലും അതു് അവനു നല്ലപോലെ ബോദ്ധ്യമായിരുന്നു. ആകയാൽ ഈശോയുടെ സ്നേഹസൂചകമായ ഈ പ്രവൃത്തി അവനെ കൂടുതൽ പരിഭ്രാന്തചിത്തനും, കഠിനഹൃദയനും ആക്കിത്തീൎക്കുകയാണു ചെയ്തതു്. തൻമൂലം അവൻ ആ അപ്പക്കഷണം വാങ്ങിയശേഷം സ്വാമിദ്രോഹത്തിനുള്ള പൈശാചിക പ്രേരണക്കു തന്നെത്തന്നെ നിൎബാധം പരിപൂൎണ്ണമായി കയ്യാളിച്ചു.

7. "പണസ്സഞ്ചി." മ്ശിഹാക്കും ശ്ലീഹന്മാൎക്കും ആവശ്യമുള്ളവ വാങ്ങുന്നതിനും, ദരിദ്രൎക്കു വല്ലതും കൊടുക്കുന്നതിനുമായി സഹൃദയന്മാർ കൊടുത്തിരുന്ന പണം സൂക്ഷിച്ചിരുന്നതു, യൂദാ ആയിരുന്നു.

## 8. സ്നേഹത്തിൻെറ പുതിയ പ്രമാണം.

യോഹ. ൧൩. ൩൪–൩൫.

വിവരണം. സ്നേഹത്തിൻെറ ഒരു പ്രമാണം പഴയ നിയമത്തിൽ ദൈവം പ്രഖ്യാപനം ചെയ്തിട്ടുണ്ടായിരുന്നു. "നിൻെറ സമസൃഷ്ടിയെ നി

ന്നെപ്പോലെ നീ സ്നേഹിക്കുക" എന്നായിരുന്നു അത് (ആചാ. ൧൯. ൧൮). ഏതൽ പ്രമാണത്തെ പുതിയ നിയമത്തിൽ ഈശോ സ്ഥിരീകരിക്കുകയും ചെയ്തിട്ടുണ്ട് (മത്താ. ൨൨. ൩൯). ഇപ്പോഴാകട്ടെ, ഈശോ നമ്മെ സ്നേഹിച്ചതുപോലെ, നാമും നമ്മുടെ സഹോദരങ്ങളെ സ്നേഹിക്കണം എന്നുള്ളതാണ് പരസ്നേഹത്തിന്റെ പരിമാണം. ഇതുകൊണ്ടാണ് അവിടന്നു പ്രഖ്യാപനം ചെയ്ത പ്രസ്തുത പ്രമാണത്തെ സ്നേഹത്തിന്റെ പുതിയ പ്രമാണം എന്നു വിളിച്ചത്.

യോഹ. ൧൩. ൩൧. അപ്പോൾ ഈശോ അരുളിച്ചെയ്തു: ഇപ്പോൾ മനുഷ്യപുത്രൻ മഹത്വപ്പെട്ടിരിക്കുന്നു;[1] അവനിൽ ദൈവവും മഹത്വപ്പെട്ടിരിക്കുന്നു.

൩൨. ദൈവം അവനിൽ മഹത്വപ്പെട്ടിരിക്കുന്നു എങ്കിൽ ദൈവവും തന്നിൽതന്നെ അവനെ മഹത്വപ്പെടുത്തും; ഉടനെ തന്നെ അവനെ മഹത്വപ്പെടുത്തും.

൩൩. എന്റെ മക്കളെ, ഞാൻ ഇനി അല്പ (കാലംമാത്ര)ം നിങ്ങളോടുകൂടി ഇരിക്കും. പിന്നെ നിങ്ങൾ എന്നെ അന്വേഷിക്കും. എന്നാൽ, ഞാൻ പോകുന്ന ഇടത്തേക്കു വരുവാൻ നിങ്ങൾക്കു കഴികയില്ല എന്നു ഞാൻ യൂദന്മാരോടു പറഞ്ഞതുപോലെ[2] ഇപ്പോൾ നിങ്ങളോടും ഞാൻ പറയുന്നു.

൩൪. നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്ന ഒരു പുതിയ കല്പന നിങ്ങൾക്കു ഞാൻ തരുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കുവിൻ.

൩൫. നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹമുണ്ടെങ്കിൽ ഇതുകൊണ്ടു, നിങ്ങൾ എന്റെ ശിഷ്യന്മാരാകുന്നു എന്നു എല്ലാവരും അറിയും.[3]

## വ്യാഖ്യാനം.

1. "മനുഷ്യപുത്രൻ മഹത്വപ്പെട്ടിരിക്കുന്നു." മനുഷ്യപുത്രനായ ഈശോമ്ശിഹാ ലോകത്തിൽ ജാതനായതു, അങ്ങേ പീഡാനുഭവവും മരണവും ഉയിർപ്പുംമൂലം, മനുഷ്യകുലത്തെ ദൈവത്തോടു സമാധാനപ്പെടുത്തി രക്ഷിക്കുന്നതിനും, തൻമൂലം അവരുടെ രക്ഷകനെന്ന മഹൽസ്ഥാനം കൈവരിക്കുന്നതിനുമായിരുന്നു. യൂദായുടെ സ്വാമിദ്രോഹവും ദുഷ്ടതയും മൂലം ആ ദിവ്യ ഉദ്ദേശം സാധിതമാകാറായിരിക്കുന്നതിനാൽ, താൻ മഹത്വപ്പെട്ടിരിക്കുന്നു.

2. "ഞാൻ യൂദന്മാരോടു പറഞ്ഞതുപോലെ." യൂദന്മാരോടു ഈശോ രണ്ടു അവസരത്തിൽ ഇപ്രകാരം അരുളിച്ചെയ്തിട്ടുണ്ട് (യോഹ. ൭. ൩൪; ൮. ൨൧). അവർ അതിന്റെ അർത്ഥം ഗ്രഹിച്ചില്ല. അതേ വാക്കുകൾ തന്നെ വ്യത്യാസപ്പെട്ട അർത്ഥത്തിൽ ഈശോ ഇപ്പോൾ ശ്ലീഹ

ന്മാരോടും അരുളിച്ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, ശ്ലീഹന്മാരെല്ലാവരും വളരെ പീഡകൾ സഹിച്ചശേഷം, പിന്നീട്ട, മരണം വഴിയായി ഈശോയെ അനുഗമിയ്ക്കാനുള്ള വരായിരുന്നു.

3. "ഇതുകൊണ്ട നിങ്ങൾ എൻെറ ശിഷ്യന്മാരാകുന്നു എന്നു എല്ലാവരും അറിയും". നാം മ്ശീഹായുടെ ശിഷ്യന്മാരെന്നു അറിയപ്പെട്ടുന്നതിനു മ്ശീഹാ തന്നെ നിർദ്ദേശിക്കുന്ന ലക്ഷണം സഹോദരസ്നേഹമാണ്. ആദ്യ ക്രിസ്ത്യാനികൾ അവരുടെ സഹോദരസ്നേഹംമൂലം, മററുള്ളവരിൽനിന്നു വേർതിരിച്ച് അറിയപ്പെട്ടിരുന്നു (നടപടി. ൪. ൩൨).

## 9. ശെമ്ഓൻ കേപ്പാ അങ്ങേ മൂന്നു പ്രാവശ്യം നിഷേധിച്ചു പറയുമെന്നു ഈശോ ആദ്യമായി പ്രവചിയ്ക്കുന്നു.

യോഹ. ൧൩. ൩൬—൩൮.

വിവരണം. ശെമ്ഓൻ കേപ്പാ മൂന്നു പ്രാവശ്യം അങ്ങേ നിഷേധിച്ചു പറയുമെന്നു ഈശോ മൂന്നു പ്രാവശ്യം പ്രവചിച്ചിട്ടുണ്ട്, എന്നുള്ളതാണ് കൂടുതൽ സ്വീകാര്യമായ അഭിപ്രായം. വി. അഗുസ്തീനോസിൻെറ അഭിമതം ഇതു തന്നെ. അതിൽ ഒന്നാമത്തേതത്രെ ഇവിടെ വിവരിക്കുന്നതു്.

യോഹ. ൧൩. ൩൬. ശെമ്ഓൻ കേപ്പാ അവനോട്ട: ഞങ്ങളുടെ കർത്താവെ, നീ എവിടേയ്ക്കു പോകുന്നു? എന്നു ചോദിക്കുന്നു. ഈശോ ഉത്തരമായി അവനോട്ട: ഞാൻ പോകുന്ന ഇടത്തേയ്ക്കു ഇപ്പോൾ എൻെറ പിന്നാലെ വരുവാൻ നിനക്കു കഴികയില്ല; എന്നാൽ ഒടുവിൽ നീ വരും എന്നു അരുളിച്ചെയ്തു.

൩൭. ശെമ്ഓൻ കേപ്പാ അവനോട്ട: എൻെറ കർത്താവെ, ഇപ്പോൾ നിൻെറ പിന്നാലെ വരുവാൻ എനിയ്ക്കു കഴിയാത്തതു എന്തുകൊണ്ട്? ഞാൻ നിനക്കുവേണ്ടി എൻെറ ജീവൻ ഉപേക്ഷിക്കും എന്നു പറയുന്നു.

൩൮. ഈശോ അവനോട്ട: നീ എനിയ്ക്കുവേണ്ടി നിൻെറ ജീവൻ ഉപേക്ഷിയ്ക്കുമോ? സത്യം സത്യമായി ഞാൻ നിന്നോട്ട പറയുന്നു: നീ മൂന്നു പ്രാവശ്യം എന്നെ നിഷേധിച്ചു പറയുന്നതുവരെ പൂവൻകോഴി കൂകുകയില്ല[1] എന്നു അരുളിച്ചെയ്യുന്നു.

### വ്യാഖ്യാനം.

1. "പൂവൻകോഴി കൂകുകയില്ല." പൂവൻകോഴി പതിവായി കൂകുന്നതു് അർദ്ധരാത്രിയിലും ഉഷസ്സുട്ടത്തും ഇങ്ങനെ രണ്ടു അവസരങ്ങളിലാണെന്നും, അതിൽ ഉഷസ്സുട്ടത്തുള്ളതിനെ കുറിച്ചാണ് സാധാരണയായി 'കോഴികൂകൽ' എന്നു് പറയുന്നതെന്നും ധരിയ്ക്കുമ്പോൾ, വി.

മർക്കോസു, (൧൪. ൩൦-ൽ) "പൂവൻകോഴി രണ്ടു പ്രാവശ്യം കൂകുന്നതിനു മുൻപു" എന്നു പറഞ്ഞിരിക്കുന്നതു്, കൂടുതൽ വ്യക്തമായിരിക്കുന്നു എന്നല്ലാതെ, വി. യോഹന്നാൻെറ ഈ വാക്യത്തിൽ നിന്നു് വ്യത്യസ്തമല്ല എന്നു ഗ്രഹിക്കാവുന്നതാണു്.

## 10. തങ്ങളിൽ വലിയവൻ ആരാകുന്നു എന്നു ശ്ലീഹന്മാരുടെ ഇടയിൽ ഉണ്ടായ തക്കം.

ലൂക്കാ. ൨൨. ൨൪-൩൦.

വിവരണം. തങ്ങളിൽ വലിയവൻ ആരെന്നു ഇതിനു മുൻപും, പലപ്പോഴും, (മത്താ. ൧൮. ൧; മർക്കോ. ൯. ൩൩; ലൂക്കാ. ൯. ൪൬.) ശ്ലീഹന്മാരുടെയിടയിൽ തക്കം നടന്നിട്ടുണ്ടു്. എന്നാൽ ഇങ്ങനെ ഒരു വാദം ഉത്ഭവിക്കാൻ പറ്റിയ യാതൊരവസരമല്ലായിരുന്നു ഒടുവിലത്തെ അത്താഴം. പക്ഷേ, വി. മർക്കോസു (൧൦. ൩൫-൪൫.) പ്രസ്താവിക്കുന്നതുപോലെ, മ്ശിഹാ ഓറെശ്ലെമിൽവച്ചു അനുഭവിക്കേണ്ടിയിരുന്ന പീഡകളെ, സ്വശിഷ്യരോടു വണ്ണിച്ചു പറഞ്ഞുകൊണ്ടിരിക്കുയിൽ, സബ്ദൈയുടെ പുത്രന്മാരായ യാക്കോബും യോഹന്നാനും, അങ്ങേ വലത്തും ഇടത്തും ഇരിക്കുവാനുള്ള അവകാശം അഭ്യർത്ഥിച്ചതു ഓക്കുമ്പോൾ, പെസ്ഹാ അവസരത്തിലും, ശ്ലീഹന്മാരുടെയിടയിൽ ഇപ്പോലെയുള്ള ഒരു തക്കം ഉണ്ടായതിനെക്കുറിച്ചു അത്ഭുതത്തിനു അവകാശമില്ല. മാത്രമല്ല, അത്താഴ അവസരത്തിൽ, ഇരിപ്പിലുള്ള മുൻസ്ഥാനം, പത്രോസിനു ശേഷം, യോഹന്നാൻ പ്രാപിച്ചിരുന്നതിനാൽ, ഈ തക്കത്തിനു ഒരു അവസരവും അവക്കു ലഭിച്ചിരിക്കണം.

ലൂക്കാ. ൨൨. ൨൪. എന്നാൽ തങ്ങളിൽ ആരാകുന്നു വലിയവൻ എന്നു ഒരു തക്കവും അവരുടെയിടയിൽ ഉണ്ടായിരുന്നു.

൨൫. ഈശോയോ അവരോടു അരുളിച്ചെയ്തു: പുറജാതികളുടെ രാജാക്കന്മാർ അവരുടെമേൽ കർത്തൃത്വം നടത്തുന്നവരാകുന്നു; അവരുടെമേൽ സ്വാതന്ത്ര്യഭരണം നടത്തുന്നവർ നന്മകൾ ചെയ്യുന്നവരെന്നു[1] വിളിക്കപ്പെടുകയും ചെയ്യുന്നു.

൨൬. എന്നാൽ നിങ്ങൾ ഇങ്ങനെയല്ല; മറിച്ചു, നിങ്ങളിൽ വലിയവൻ ചെറിയവനെപ്പോലെയും, തലവനായിരിക്കുന്നവൻ ശുശ്രൂഷകനെപ്പോലെയും ആയിരിക്കണം.

൨൭. എന്തെന്നാൽ ആരാണു വലിയവൻ? ഭക്ഷണത്തിനിരിക്കുന്നവനോ? അതോ, ശുശ്രൂഷിക്കുന്നവനോ? ഭക്ഷണത്തിനിരിക്കുന്നവനല്ലയോ? ഞാനോ നിങ്ങളുടെയിടയിൽ ശുശ്രൂഷിക്കുന്നവനെപ്പോലെയാകുന്നു.[2]

൨൭. നിങ്ങളാകുന്ന എൻെറ പരീക്ഷകളിൽ എന്നോടു കൂടി നില നിന്നവർ.

൨൯. എൻെറ പിതാവു എനിക്കു രാജ്യം പറഞ്ഞൊത്തി രിക്കുന്നതുപോലെ ഞാൻ നിങ്ങൾക്കും പറഞ്ഞൊക്കുന്നു.

൩൦. നിങ്ങൾ എൻെറ രാജ്യത്തിലെ മേശയിങ്കൽ ഭക്ഷി ക്കയും പാനം ചെയ്കയും, സിംഹാസനങ്ങളിൽ ഇരുന്നു ഇസ്രായേ ലിലെ പന്ത്രണ്ടു ഗോത്രങ്ങളെ വിധിക്കയും ചെയ്യും.3

## വ്യാഖ്യാനം.

1. "നന്മകൾ ചെയ്യുന്നവരെന്നു." പുറജാതികളുടെ രാജാക്കന്മാർ നന്മയേക്കാൾ തിന്മയായിരുന്നു കൂടുതൽ ചെയ്തിരുന്നതെങ്കിലും അവരു ടെ ആശ്രിതന്മാർ മുഖപ്രീതിയേയും സ്വാർത്ഥലാഭത്തേയും കുറിച്ചു അ വരെ നന്മചെയ്യുന്നവരെന്നു വിളിച്ചു വന്നിരുന്നു.

2. "ശുശ്രൂഷിക്കുന്നവനെപ്പോലെയാകുന്നു." മ്ശീഹാ സർവ്വത്തിൻെറ യും രാജാവും ശ്ലീഹന്മാരുടെ ഗുരുഭൂതനും ആയിരുന്നിട്ടും, അങ്ങ് അവ രുടെ കാലുകൾ കഴുകുകയും അവക്ക് അങ്ങേ ദിവ്യശരീരവും രക്ത വും പകുത്തു കൊടുക്കുകയും ചെയ്തുകൊണ്ടു, അവരെ സാക്ഷാൽ ശുശ്രൂ ഷിക്കുക തന്നെ ചെയ്തു.

3. "പന്ത്രണ്ടു ഗോത്രങ്ങളെ വിധിക്കുകയും ചെയ്യും." ഒററിക്കൊടു ക്കുന്നവനായ യൂദാസ്സു പകരം, താമസിയാതെ തന്നെ, വി. മത്തിയാ, ശ്ലീഹായായി തിരഞ്ഞെടുക്കപ്പെടുമെന്നു മ്ശീഹാ അറിഞ്ഞിരുന്നതിനാൽ, പന്ത്രണ്ടു ഇസ്രായേൽ ഗോത്രങ്ങളെ വിധിക്കുന്നവരായി അങ്ങേ ശ്ലീഹ ന്മാർ ഇരിക്കുമെന്നു അങ്ങ് അരുളിച്ചെയ്യുന്നു.

## 11. ശെമ്ഓൻ കേപ്പാ അങ്ങേ നിഷേധിച്ചു പറയുമെന്ന് ഈശോ വീണ്ടും പ്രവചിക്കുന്നു.

ലൂക്കാ. ൨൨. ൩൧-൩൪.

വിവരണം. വി. ലൂക്കാ ഇവിടെ വിവരിക്കുന്ന സംഭവവും വി. യോഹന്നാൻെറ ൧൩. ൩൬-൩൮. വരെയുള്ള വിവരണവും, ഒരേ ഒരു സംഗതിതന്നെയാണെന്ന് വിചാരിക്കുന്ന വ്യാഖ്യാതാക്കളും ഇല്ലാ തില്ല. എന്നാൽ, ഇവ രണ്ടും വ്യത്യസ്ത സംഭവങ്ങളാണ് എന്നുള്ള അ ഭിപ്രായത്തിനാണ് കൂടുതൽ പ്രാമാണ്യം സിദ്ധിച്ചിരിക്കുന്നത്. വി. ലൂ ക്കായുടെ വിവരണ രീതിയിൽ നിന്നും ഗ്രഹിക്കാവുന്നതുപോലെ, തങ്ങ ളിൽ വലിയവൻ ആരെന്നു ശ്ലീഹന്മാരുടെയിടയിലുണ്ടായ തർക്കം ഗ്രഹി ച്ച ഈശോ, എളിമയെക്കുറിച്ചുള്ള ഉപദേശത്താൽ അത് ശാന്തമാക്കി യശേഷം, അങ്ങേ പ്രതിപുരുഷൻ ആരാണെന്നു അവിടുന്നു തന്നെ പ്ര ഖ്യാപനം ചെയ്യുകയും ആ അവസരത്തിൽ ആ ശ്ലൈഹിക പ്രവരൻെറ

അധഃപതനത്തെക്കുറിച്ചു കൂടെയും, വീണ്ടും പ്രസ്താവിപ്പുകയും ആണു് ഉണ്ടായതു്.

ലൂക്കാ. ൨൨. ൩൧. പിന്നെ ഈശോ ശെമ്ഓനോടു അരുളിച്ചെയ്തു: ശെമ്ഓനെ, ഇതാ! സാത്താൻ നിങ്ങളെ കോതമ്പുകൾ എന്നപോലെ കൊഴിപ്പുവാൻ അന്വേഷിക്കുന്നു.

൩൨. ഞാനൊ, നിൻെറ വിശ്വാസം ക്ഷയിച്ചുപോകാതിരിക്കുവാൻ നിന്നെക്കുറിച്ചു പ്രാർത്ഥിച്ചു.[1] നീയും ഒരിക്കൽ നിൻെറ സഹോദരന്മാരെ വീണ്ടും ഉറപ്പിക്കുക.

൩൩. അതിനു ശെമ്ഓൻ അവനോടു: എൻെറ കർത്താവെ, നിന്നോടുകൂടി കാരാഗ്രഹത്തിലേക്കും മരണത്തിലേക്കും പോരുവാൻ ഞാൻ ഒരുങ്ങിയിരിപ്പുന്നു എന്നു പറഞ്ഞു.

൩൪. ഈശോ അവനോടു അരുളിച്ചെയ്യുന്നു: ശെമ്ഓനെ ഞാൻ സത്യമായിട്ടു നിന്നോടു പറയുന്നു: നീ എന്നെ അറിയുന്നില്ല എന്നു മൂന്നു പ്രാവശ്യം നിഷേധിച്ചു പറയുന്നതുവരെ ഇന്നു പൂവൻകോഴി കൂകുകയില്ല.

൩൫. പിന്നെ അവൻ അവരോടു: ഞാൻ നിങ്ങളെ മടിശ്ശീലകളില്ലാതേയും, ഭാണ്ഡങ്ങളും ചെരിപ്പുകളുമില്ലാതേയും അയച്ചപ്പോൾ നിങ്ങൾക്കു എന്തെങ്കിലും കുറവുണ്ടായൊ? എന്നു ചോദിച്ചു. ഒന്നുമില്ല എന്നു അവർ അവനോടു പറയുന്നു.

൩൬. അവൻ അവരോടു അരുളിച്ചെയ്യുന്നു: ഇപ്പോൾ മുതൽ മടിശ്ശീലയുള്ളവൻ (അതു) എടുക്കട്ടെ;[2] ഇങ്ങനെതന്നെ ഭാണ്ഡവും. വാളില്ലാത്തവൻ തൻെറ കുപ്പായം വിററു തനിക്കായി വാൾ വാങ്ങിക്കട്ടെ.

൩൭. എന്തുകൊണ്ടെന്നാൽ: ദുഷ്ടന്മാരുടെകൂടെ ഞാൻ എണ്ണപ്പെട്ടു എന്നു എഴുതപ്പെട്ടിരിപ്പുന്ന ഇതുകൂടേയും എന്നിൽ നിവൃത്തിയാകേണ്ടിയിരിപ്പുന്നു എന്നു ഞാൻ നിങ്ങളോടു പറയുന്നു. എന്തുകൊണ്ടെന്നാൽ എന്നെ സംബന്ധിച്ചുള്ളവയെല്ലാം നിവൃത്തിയായിരിപ്പുന്നു.

൩൮. അവരോ അവനോടു: ഞങ്ങളുടെ കർത്താവെ, ഇതാ! ഇവിടെ രണ്ടുവാളുകൾ ഉണ്ടു എന്നു പറയുന്നു. അവൻ അവരോടു: മതി, എന്നു അരുളിച്ചെയ്യുന്നു.[3]

## വ്യാഖ്യാനം.

1. "ഞാനൊ, നിൻെറ വിശ്വാസം ക്ഷയിച്ചുപോകാതിരിപ്പുവാൻ നിന്നെക്കുറിച്ചു പ്രാർത്ഥിച്ചു." പിശാചു്, ശ്ലീഹന്മാരെ എല്ലാവരെയും കോ

തമ്പുപോലെ കൊഴിക്കുവാനത്രെ അന്വേഷിച്ചിരുന്നത്. ആകയാൽ, അങ്ങേ ശ്ലീഹന്മാരെല്ലാവരെക്കുറിച്ചും, തീർച്ചയായും മ്ശിഹാ പ്രാത്ഥിച്ചിട്ടുണ്ട്. എന്നാൽ, ശെമ്ഓൻ കേപ്പായുടെ വിശ്വാസം ക്ഷയിച്ചുപോകാതിരിക്കുവാൻ ഈശോ പ്രത്യേകമായും പ്രാത്ഥിച്ചു. എന്തുകൊണ്ടെന്നാൽ, അയാളുടെ സഹോദരന്മാരായ മററു ശ്ലീഹന്മാരെ ഉറപ്പിക്കുവാനുള്ളവനും, തിരുസ്സഭ മുഴുവൻേറയും വിശ്വാസം സംരക്ഷിക്കുവാനുള്ളവനും, ശെമ്ഓൻ കേപ്പാ മാത്രമായിരുന്നു.

2. "ഇപ്പോൾ മുതൽ മടിശ്ശീലയുള്ളവൻ അതു എടുക്കട്ടെ." മുൻപു ഒരിക്കൽ, ഈ ശ്ലീഹന്മാരെ തന്നെ ദൈവരാജ്യം പ്രസംഗിക്കുന്നതിനായി ഈശോ അയച്ചപ്പോൾ, ലൌകികമായ യാതൊന്നിലും അവർ ആശ്രയിക്കരുതെന്നും ദൈവപരിപാലനയിൽ ശരണം വച്ചുകൊണ്ടു പ്രേഷകജോലിക്കു പുറപ്പെടണമെന്നും നിർദ്ദേശിച്ചിരുന്നു (ലൂക്കാ. ൯. ൩). അവർ തദനുസരണം പ്രവത്തിക്കയും ചെയ്തു. മ്ശിഹായുടെ ദൃശ്യസാന്നിദ്ധ്യവും ദൈവത്തിൻെറ സ്നേഹപരിപാലനയുംകൊണ്ടു, അവക്കു എല്ലാം ശുഭപയ്യവസായിയായി. അതു് അവർ ഏററു പറയുകയും ചെയ്യുന്നു. എന്നാൽ, മ്ശിഹാ അവരിൽ നിന്നു അപ്രത്യക്ഷനാകാറായിരിക്കുന്ന ഈ അവസരം മുതൽ, അവർ നിരവധി പീഡകൾക്കു അധീനപ്പെട്ടുമെന്നും, ആകയാൽ ആദ്ധ്യാത്മികമായവിധം മുൻകരുതലുള്ളവരായിരിക്കണമെന്നും ഉൽബോധിപ്പിച്ചുകൊണ്ടത്രെ, ഒരു അലങ്കാരപ്രയോഗമായി, മടിശ്ശീലയും മററും ശേഖരിച്ചുകൊള്ളണം എന്നു പറയുന്നതു്.

3. "മതി, എന്നു അരുളിച്ചെയ്യുന്നു." വ്യംഗ്യാത്ഥത്തിൽ മ്ശിഹാ അവരോടു അരുളിച്ചെയ്തതു, വാച്യാത്ഥത്തിൽ മാത്രം അവർ ഗ്രഹിച്ചു. ഇതിനാൽ, പെസ്ഹാ ചെമ്മരിയാടിനെ മുറിക്കുവാൻ ഉപയോഗിച്ച കത്തികളെ ഉദ്ദേശിച്ചായിരിക്കണം, ഇതാ, രണ്ടു വാളുകൾ ഇവിടെയുണ്ടു്, എന്നു അവർ പറഞ്ഞതു്. മ്ശിഹാ അവരോടു പറഞ്ഞതും അവർ ഗ്രഹിച്ചതും തമ്മിൽ വളരെ അന്തരമുണ്ടു് എന്നു അവരെ ധരിപ്പിക്കമാറു, മതി, എന്നു മാത്രം നിഷേധരൂപത്തിൽ അരുളിച്ചെയ്തുകൊണ്ടു, ആ സംസാരം അവസാനിപ്പിക്കുന്നു.

## 12. ഒടുവിലത്തെ അത്താഴശേഷം മ്ശിഹാ അങ്ങേ ശിഷ്യന്മാരോടു ചെയ്ത സംഭാഷണം.

യോഹ. ൧൪. ൧-൩൧.

വിവരണം. ദിവ്യകാരുണ്യസ്ഥാപനത്തെപ്പററി മൌനം ദീക്ഷിച്ച വി. യോഹന്നാൻ, ഒടുവിലത്തെ അത്താഴത്തിനുശേഷം, മ്ശിഹാ അങ്ങേ ശ്ലീഹന്മാരോടു ചെയ്ത സുദീഘമായ സ്വഗ്ഗീയ പ്രഭാഷണവും, അനന്തരം അവക്കുവേണ്ടി അങ്ങേ പിതാവിനോടു ചെയ്ത പ്രാത്ഥനയും, നാലു് അദ്ധ്യായങ്ങളിലായി, സവിസ്തരം രേഖപ്പെടുത്തിയിരിക്കുന്നു. മററു മൂന്നു സുവിശേഷകന്മാരാകട്ടെ, പ്രകൃതത്തെപ്പററി മൌനം

അവലംബിയ്ക്കുകയത്രെ ചെയ്യുന്നത്. വി. യോഹന്നാൻ ൧൪-ാം അദ്ധ്യായത്തിൻെറ അവസാനഘട്ടത്തിൽ, "എഴുന്നേൽക്കുവിൻ നമുക്ക ഇവിടെ.നിന്ന പോകാം" എന്ന ഈശോ അരുളിച്ചെയ്തിരിക്കുന്ന വാക്യത്തിൽനിന്നു, ന്യായമായി അനുമാനിക്കാവുന്നത്, മ്ശീഹായുടെ അത്തുവരെയുള്ള സംഭാഷണം ഊട്ടുശാലയിൽവച്ചു തന്നെ നടന്നതായിരിക്കണം എന്നാണ്.

യോഹ. ൧൪. ൧. നിങ്ങളുടെ ഹൃദയം കലങ്ങേണ്ട. [1] നിങ്ങൾ ദൈവത്തിൽ വിശ്വസിയ്ക്കുവിൻ, എന്നിലും വിശ്വസിയ്ക്കുവിൻ.

൨. എൻെറ പിതാവിൻെറ ഭവനത്തിൽ വളരെ വാസസ്ഥലങ്ങൾ ഉണ്ട്. [2] ഇല്ലാതിരുന്നുവെങ്കിലോ നിങ്ങളോടു ഞാൻ പറയുമായിരുന്നു. നിങ്ങൾക്ക സ്ഥലം ഒരുക്കുവാനാണല്ലൊ ഞാൻ പോകുന്നത്.

൩. ഞാൻ പോയി നിങ്ങൾക്ക സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിയ്ക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിനായി, ഞാൻ വീണ്ടും വന്നു നിങ്ങളെ എൻെറ അടുക്കലേയ്ക്കു കൂട്ടിക്കൊണ്ടുപോകും.

൪. ഞാൻ പോകുന്ന ഇടം നിങ്ങൾ അറിയുന്നു, വഴിയും നിങ്ങൾ അറിയുന്നു.

൫. തോമാ അവനോടു: ഞങ്ങളുടെ കർത്താവെ, നീ പോകുന്ന ഇടം ഞങ്ങൾ അറിയുന്നില്ല, പിന്നെ വഴിയറിയുവാൻ ഞങ്ങൾക്ക കഴിയുന്നതു എങ്ങനെ? എന്നു ചോദിയ്ക്കുന്നു.

൬. ഈശോ അവനോടു അരുളിച്ചെയ്യുന്നു: വഴിയും, സത്യവും, ജീവനും ഞാനാകുന്നു. ഞാൻ വഴിയായിട്ടല്ലാതെ ഒരുത്തനും എൻെറ പിതാവിൻെറ അടുക്കലേയ്ക്കു വരുന്നില്ല.

൭. നിങ്ങൾ എന്നെ അറിഞ്ഞിരുന്നുവെങ്കിൽ എൻെറ പിതാവിനേയും അറിയുമായിരുന്നു. ഇപ്പോൾ മുതൽ അവനെ നിങ്ങൾ അറിയുന്നു; അവനെ കാണുകയും ചെയ്തിരിക്കുന്നു.[3]

൮. പീലിപ്പോസു അവനോടു: ഞങ്ങളുടെ കർത്താവെ, പിതാവിനെ ഞങ്ങൾക്ക കാണിച്ചു തരണമെ, എന്നാൽ ഞങ്ങൾക്ക മതി എന്നു പറയുന്നു.

൯. ഈശോ അവനോടു അരുളിച്ചെയ്യുന്നു: ഈ കാലമെല്ലാം ഞാൻ നിങ്ങളോടുകൂടി ഇരിയ്ക്കുന്നു. എങ്കിലും, പീലിപ്പാ, നീ എന്നെ അറിഞ്ഞില്ലയോ? എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു. പിന്നെ, പിതാവിനെ ഞങ്ങൾക്ക കാണിച്ചുതരിക എന്നു നീ പറയുന്നതു എങ്ങനെ?

൧൦. ഞാൻ എന്റെ പിതാവിലും എന്റെ പിതാവു എന്നിലും (അകുന്നു) എന്നും, ഞാൻ പറയുന്ന വാക്കുകൾ ഞാൻ സ്വയമായിട്ടല്ല പറയുന്നതു എന്നും, എന്നിൽ വസിക്കുന്ന എന്റെ പിതാവു തന്നെ ഈ പ്രവൃത്തികൾ ചെയ്യുന്നു എന്നും നീ വിശ്വസിക്കുന്നില്ലയോ?

൧൧. ഞാൻ എന്റെ പിതാവിലും എന്റെ പിതാവു എന്നിലും (അകുന്നു) എന്നു നിങ്ങൾ വിശ്വസിക്കുവിൻ; അല്ലെങ്കിൽ പ്രവൃത്തികൾ നിമിത്തമെങ്കിലും വിശ്വസിക്കുവിൻ.

൧൨. സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: എന്നിൽ വിശ്വസിക്കുന്നവൻ ഏവനോ അവനും ഞാൻ ചെയ്യുന്ന പ്രവൃത്തികൾ ചെയ്യും; ഞാൻ പിതാവിന്റെ അടുക്കലേക്കു പോകുന്നതുകൊണ്ടു ഇവയേക്കാൾ വലിയവയും ചെയ്യും.[4]

൧൩. നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കുന്നതു, പിതാവു തന്റെ പുത്രനിൽ മഹത്വപ്പെടേണ്ടതിനായി, നിങ്ങൾക്കു ഞാൻ ചെയ്തു തരും.

൧൪. നിങ്ങൾ എന്റെ നാമത്തിൽ എന്നോടു അപേക്ഷിച്ചാൽ ഞാൻ നിങ്ങൾക്കു ചെയ്തു തരും.

൧൫. നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകൾ കാക്കുവിൻ.

൧൬. ഞാൻ എന്റെ പിതാവിനോടു ചോദിക്കും. അവൻ, നിങ്ങളോടുകൂടി എന്നും ഇരിക്കേണ്ടതിനായി, വേറൊരു പാരഖ്ലേത്തായെ[5] നിങ്ങൾക്കു തരും.

൧൭. ലോകത്തിനു സ്വീകരിക്കുവാൻ കഴിയാത്ത ആ സത്യാത്മാവിനെ തന്നെ. എന്തുകൊണ്ടെന്നാൽ അതു അവനെ കണ്ടിട്ടുമില്ല, അവനെ അറിഞ്ഞിട്ടുമില്ല. നിങ്ങളോ, അവൻ നിങ്ങളോടുകൂടി വസിക്കുകയും നിങ്ങളിൽ ഇരിക്കുകയും ചെയ്യുന്നതുകൊണ്ടു, അവനെ അറിയുന്നു.

൧൮. ഞാൻ നിങ്ങളെ അനാഥരായി വിട്ടു കളയുന്നില്ല; എന്തുകൊണ്ടെന്നാൽ ഞാൻ നിങ്ങളുടെ അടുക്കലേക്കു വരും.

൧൯. ഇനി അല്പം(കഴിഞ്ഞാൽ), പിന്നെ ലോകം എന്നെ കാണുകയില്ല. നിങ്ങളോ എന്നെ കാണും. എന്തുകൊണ്ടെന്നാൽ ഞാൻ ജീവനോടിരിക്കുന്നു, നിങ്ങളും ജീവിച്ചിരിക്കും.

൨൦. ഞാൻ എന്റെ പിതാവിൽ (അകുന്നു) എന്നും, നി

ങ്ങൾ എന്നിൽ ആകുന്നു എന്നും, ഞാൻ നിങ്ങളിലാകുന്നു എന്നും ആ ദിവസത്തിൽ നിങ്ങളറിയും.

൨൧. എന്റെ കല്പനകൾ തന്നോടുകൂടിയുണ്ടായിരിക്കയും, അവ കാക്കയും ചെയ്യുന്നവൻ ആരോ അവനാകുന്നു എന്നെ സ്നേഹിക്കുന്നവൻ. എന്നെ സ്നേഹിക്കുന്നവനോ എന്റെ പിതാവിനാൽ സ്നേഹിക്കപ്പെടും. ഞാനും അവനെ സ്നേഹിക്കയും എന്നെത്തന്നെ അവനു കാണിച്ചു കൊടുക്കുകയും ചെയ്യും.

൨൨. സ്കറിയോത്താ അല്ലാത്ത യൂദാ അവനോടു: എന്റെ കർത്താവെ, നീ നിന്നെത്തന്നെ ഞങ്ങൾക്കു കാണിച്ചുതരുവാനിരിക്കുന്നു, ലോകത്തിനല്ല, എന്നതു എന്താകുന്നു? എന്നു ചോദിക്കുന്നു.

൨൩. ഈശോ ഉത്തരമായി അവനോടു അരുളിച്ചെയ്തു: എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം കാക്കുന്നു; അപ്പോൾ എന്റെ പിതാവു അവനെ സ്നേഹിക്കയും, ഞങ്ങൾ അവന്റെ അടുക്കൽ വന്നു ഞങ്ങളുടെ വാസസ്ഥലം അവന്റെ അടുക്കൽ ആക്കുകയും ചെയ്യും.

൨൪. എന്നാൽ എന്നെ സ്നേഹിക്കാത്തവൻ എന്റെ വചനം കാക്കുന്നില്ല. നിങ്ങൾ കേൾക്കുന്ന ഈ വചനമൊ എന്നെ അയച്ച പിതാവിന്റേതു അല്ലാതെ എന്റേതു അല്ല.

൨൫. ഞാൻ നിങ്ങളുടെ അടുക്കൽ ആയിരിക്കുകയിൽ ഇവ നിങ്ങളോടു പറഞ്ഞിരിക്കുന്നു.

൨൬. എങ്കിലും എന്റെ പിതാവു എന്റെ നാമത്തിൽ അയക്കുന്ന പരിശുദ്ധാത്മാവായ പാരക്ലേത്താ തന്നെ നിങ്ങളെ സകലവും പഠിപ്പിക്കുകയും, ഞാൻ നിങ്ങളോടു പറയുന്നവയെല്ലാം നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും.

൨൭. സമാധാനം നിങ്ങൾക്കായി ഞാൻ വിട്ടിരിക്കുന്നു; എന്റെ സമാധാനം നിങ്ങൾക്കു ഞാൻ തരുന്നു. [6] ലോകം തരുന്നതുപോലെയല്ല ഞാൻ നിങ്ങൾക്കു തരുന്നതു. നിങ്ങളുടെ ഹൃദയം കലങ്ങേണ്ട; ഭയപ്പെടുകയും വേണ്ട.

൨൮. ഞാൻ പോകുന്നു എന്നും പിന്നെ നിങ്ങളുടെ അടുക്കലേക്കു വരുന്നു എന്നും ഞാൻ പറഞ്ഞതു നിങ്ങൾ കേട്ടുവല്ലൊ. നിങ്ങൾ എന്നെ സ്നേഹിച്ചിരുന്നു എങ്കിൽ ഞാൻ എന്റെ പിതാവിന്റെ അടുക്കലേക്കു പോകുന്നതുകൊണ്ടു നിങ്ങൾ സന്തോഷിക്കുമായിരുന്നു. എന്തുകൊണ്ടെന്നാൽ എന്റെ പിതാവു എന്നെക്കാൾ വലിയവനാകുന്നു. [7]

വൻ. അതു സംഭവിക്കുമ്പോൾ നിങ്ങൾ വിശ്വസിക്കേണ്ടതിനായി ഇതാ! ഇപ്പോൾ, സംഭവിക്കുന്നതിനു മുമ്പേ, നിങ്ങളോടു ഞാൻ പറഞ്ഞിരിക്കുന്നു.

൩൦. ഞാൻ ഇനി നിങ്ങളോടു വളരെ സംസാരിക്കയില്ല; എന്തുകൊണ്ടെന്നാൽ ലോകത്തിന്റെ പ്രമാണി വരുന്നു. എങ്കിലും അവനു എന്നിൽ ഒന്നുമില്ല.

൩൧. എങ്കിലും ഞാൻ എന്റെ പിതാവിനെ സ്നേഹിക്കുന്നു എന്നും, എന്റെ പിതാവു എന്നോടു കല്പിച്ചതുപോലെ തന്നെ ഞാൻ ചെയ്യുന്നു എന്നും ലോകം അറിയേണ്ടതിനു, എഴുന്നേൽക്കുവിൻ, നമുക്കു ഇവിടെനിന്നു പോകാം.

## വ്യാഖ്യാനം.

1. "നിങ്ങളുടെ ഹൃദയം കലങ്ങേണ്ട." ആസന്നമായിരിക്കുന്ന മ്ശിഹായുടെ പീഡകളുടെയും മരണത്തിന്റെയും ഓൎമ്മയാൽ തന്നെ ദുഃഖിതരായിരുന്ന ശ്ലീഹന്മാർ, യൂദായുടെ ഗുരുദ്രോഹത്തേയും പത്രോസിന്റെ ഉപേക്ഷയേയും സംബന്ധിച്ചു, മ്ശിഹായുടെ പ്രവചനങ്ങൾകൂടെ ശ്രവിച്ചപ്പോൾ, അത്യന്തം വ്യസനിച്ചു വശായി. ഈ മനഃക്ഷോഭം അടുത്തിരിക്കുന്ന അവരുടെ പരീക്ഷകളിൽ അവരെ അധഃപതിപ്പിക്കുന്നതിനു ഇടയാകാതിരിപ്പാൻവേണ്ടിയത്രെ, സ്നേഹമാധുൎയ്യത്തോടെ അവരുടെ ഹൃദയം കലങ്ങേണ്ട എന്നു ഈശോ അവരോടു അരുളിച്ചെയ്തു ആശ്വസിപ്പിച്ചതു്.

2. "വളരെ വാസസ്ഥലങ്ങൾ ഉണ്ടു്." സ്വൎഗ്ഗത്തിൽ ഒരുവൻ പ്രാപിക്കുന്ന സ്ഥാനം ഇഹത്തിൽ അവൻ പ്രാപിക്കുന്ന സ്നേഹത്തിന്റെ അളവനുസരിച്ചായിരിക്കും. ഓരോരുത്തൎക്കും യോഗ്യതാനുസരണം പ്രദാനം ചെയ്യത്തക്ക അനേക വാസസ്ഥലങ്ങൾ അഥവാ സിംഹാസനങ്ങൾ പിതാവിന്റെ ഭവനത്തിൽ ഉണ്ടു്.

3. "അവനെ കാണുകയും ചെയ്തിരിക്കുന്നു." പിതാവിന്റേയും സുതന്റേയും സ്വഭാവം ഒന്നായിരിക്കയാൽ, സുതനെ കാണുകയും അറിയുകയും ചെയ്യുന്നവൻ, പിതാവിനെ തന്നേയും കാണുകയും അറിയുകയും അത്രെ ചെയ്യുന്നതു്.

4. "ഇവയെക്കാൾ വലിയവയും ചെയ്യും." മ്ശിഹാ അങ്ങേ ആശ്രിതന്മാരിൽ കൂടുതൽ മഹത്വപ്പെടുവാൻവേണ്ടി, അങ്ങു പ്രവൎത്തിച്ച അത്ഭുതങ്ങളെക്കാൾ, കാണികൾക്കു കൂടുതൽ വിസ്മയജനകമായവ അവർ പ്രവൎത്തിക്കുന്നതിനു ആജ്ഞ ചിത്തമായി. മലകളെ യഥാസ്ഥാനത്തു നിന്നു മാറ്റുക, തങ്ങളുടെ നിഴലുകൊണ്ടുമാത്രം ദീനക്കാരെ സുഖമാക്കുക, മുതലായവ മ്ശിഹാ പ്രവൎത്തിച്ചില്ല; പ്രത്യുത, അങ്ങേ സ്നേഹിതന്മാരെക്കൊണ്ടു അവ അങ്ങു പ്രവൎത്തിപ്പിച്ചു.

5. "വേറൊരു പാരഖ്ലേത്തായെ." നിത്യപിതാവു അങ്ങേ സുതനായ മ്ശിഹായെ മനുഷ്യകുലത്തിനു ഒരു പാരഖ്ലേത്തായായി,

അതായതു, ആശ്വാസപ്രദനം, ഉപദേഷ്ടാവും വക്കീലുമായിട്ടാണ പ്രദാനം ചെയ്തിരിക്കുന്നത്. വേറൊരു പാരക്ലേത്തായെ തരും എന്നു അരുളിച്ചെയ്തിരിക്കുന്നതിൽ നിന്നും, ത്രിത്വത്തിലെ മൂന്നാളുകളേയും മ്ശീഹാ തെളിവായി പ്രഖ്യാപനം ചെയ്യുകയത്രെ ചെയ്യുന്നത്.

6. "എൻെറ സമാധാനം നിങ്ങൾക്കു ഞാൻ തരുന്നു." മ്ശീഹായെ അനുകരിക്കുന്നവർക്കു അങ്ങു നൽകുന്ന അവകാശം അങ്ങേ സമാധാനമത്രെ. ഇതുമൂലം, ജഡം ആത്മാവിന്നും, മാംസേച്ഛ ബുദ്ധിക്കും, ബുദ്ധി ദൈവത്തിനും അധീനപ്പെട്ടിരിക്കും. ഇതിനാൽ മനുഷ്യൻ ദൈവത്തോടും, തന്നോടു തന്നേയും, അയൽക്കാരനോടും, സമാധാനത്തിൽ വർത്തിക്കയും ചെയ്യും.

7. "എന്നെക്കാൾ വലിയവനാകുന്നു." ദൈവസ്വഭാവത്തിൽ സുതനായ മ്ശീഹാ പിതാവിനോടു തുല്യനാണെങ്കിലും അങ്ങേ മനുഷ്യസ്വഭാവത്തിൽ അവിടുന്നു പിതാവിനേക്കാൾ ചെറിയവനാകുന്നു.

## 13. മ്ശിഹാ അങ്ങേ ശിഷ്യന്മാരോടുചെയ്ത സംഭാഷണത്തിൻെറ തുടർച്ച.

മത്താ. ൨൬. ൩൦; മർക്കോ. ൧൪. ൨൬; ലൂക്കാ. ൨൨. ൩൯; യോഹ. ൧൫. ൧—൨൭.

വിവരണം. "എഴുന്നേൽക്കുവിൻ നമുക്കു ഇവിടെ നിന്നു പോകാം." എന്നു അരുളിച്ചെയ്തുകൊണ്ടു ഈശോയും ശിഷ്യരും മേശയിൽ നിന്നു എഴുന്നേററു, വി. മത്തായിയും വി. മർക്കോസും പ്രസ്താവിക്കുന്നതുപോലെ, ദൈവത്തിനു സ്തോത്രം ചെയ്തു എന്നത്രെ വ്യാഖ്യാതാക്കളിൽ പലരുടേയും അഭിമതം. എന്നാൽ, യോഹന്നാൻ ൧൫-ം ൧൬-ം അദ്ധ്യായങ്ങളിൽവിവരിക്കുന്ന അങ്ങേ സംഭാഷണത്തിൻെറതുടർച്ചയും, ൧൭-ാം അദ്ധ്യായത്തിൽ പറയുന്ന പ്രാർത്ഥനയും, നടന്നതു്, ഊട്ടുശാലയിൽവച്ചു തന്നെയാണോ, അതോ സൈത്തു മലക്കുള്ള യാത്രാമദ്ധ്യേയാണോ, എന്നു വേദവാക്യങ്ങളിൽ നിന്നു തന്നെ പ്രസ്പഷ്ടമാകുന്നില്ല; വ്യാഖ്യാതാക്കൾ യോജിക്കുന്നുമില്ല. ആകയാൽ ആ സംഭവങ്ങൾ, സ്വശിഷ്യരുമായി ഈശോ സൈത്തു മലയിലേക്കു പോകുന്ന വഴിമദ്ധ്യേ നടന്നതായിട്ടാണു ഇവിടെ സങ്കല്പിച്ചിരിക്കുന്നതു്.

ലൂക്കാ. ൨൨. ൩൯. * അനന്തരം സ്തോത്രം ചെയ്തിട്ടു» അവൻ പുറപ്പെട്ടു, പതിവായിരുന്നതുപോലെ സൈത്തുകളുടെ സ്ഥലമായ മലയിലേക്കു പോയി. അവൻെറ ശിഷ്യന്മാരും അവൻെറ പിന്നാലെ പോയി.

യോഹ. ൧൫. ൧. ഞാൻ സാക്ഷാത്തായ മുന്തിരിവള്ളിയും എൻെറ പിതാവു കൃഷിക്കാരനും ആകുന്നു.

൨. എന്നിൽ ഫലങ്ങൾ തരാത്ത കൊമ്പു ഒക്കെയും അവൻ നീക്കിക്കളയുന്നു; ഫലങ്ങൾ തരുന്നതിനേയോ, അധികം ഫ

ലങ്ങൾ ഉളവാകേണ്ടതിന്, അവൻ (വെട്ടി) ശുദ്ധിവരുത്തുകയും ചെയ്യുന്നു.[1]

൩. ഞാൻ നിങ്ങളോടു പറഞ്ഞ വചനം നിമിത്തം നിങ്ങൾ പണ്ടേ തന്നെ ശുദ്ധിയുള്ളവരാകുന്നു.

൪. നിങ്ങൾ എന്നിൽ വസിപ്പിൻ; ഞാനും നിങ്ങളിൽ (വസിയ്ക്കും). കൊമ്പു മുന്തിരിവള്ളിയിൽ ഇരിക്കുന്നില്ലെങ്കിൽ ഫലങ്ങൾ തരുവാൻ അതിനു തനിയേ കഴിയാത്തതുപോലെ എന്നിൽ വസിയ്ക്കുന്നില്ലെങ്കിൽ നിങ്ങൾക്കും (കഴിയുക) ഇല്ല.

൫. ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു. ആർ എന്നിലും, ഞാൻ അവനിലും വസിയ്ക്കുന്നുവോ അവൻ വളരെ ഫലങ്ങൾ പുറപ്പെടുത്തും. എന്തുകൊണ്ടെന്നാൽ എന്നെ കൂടാതെ നിങ്ങൾക്കു ഒന്നും ചെയ്യുവാൻ കഴിയുകയില്ല.

൬. എന്നാൽ ആരെങ്കിലും എന്നിൽ വസിക്കുന്നില്ലെങ്കിൽ അവൻ ഉണങ്ങിയ കൊമ്പുപോലെ പുറത്തു ഇടപ്പെടുകയും എരിയേണ്ടതിനായി ജനങ്ങൾ അതു എടുത്തു തീയിൽ ഇടുകയും ചെയ്യുന്നു.

൭. നിങ്ങൾ എന്നിൽ വസിക്കയും എന്റെ വചനങ്ങൾ നിങ്ങളിൽ വസിക്കയും ചെയ്യുമെങ്കിലോ നിങ്ങൾ അപേക്ഷിയ്ക്കുവാൻ ഇച്ഛിയ്ക്കുന്നതെല്ലാം നിങ്ങൾക്കുണ്ടാകും.

൮. നിങ്ങൾ വളരെ ഫലങ്ങൾ പുറപ്പെടുത്തുകയും എന്റെ ശിഷ്യന്മാരായിരിയ്ക്കയും ചെയ്യുക എന്ന ഇതിൽ പിതാവു മഹത്വപ്പെടുന്നു.

൯. എന്റെ പിതാവു എന്നെ സ്നേഹിച്ചതുപോലെതന്നെ ഞാനും നിങ്ങളെ സ്നേഹിച്ചു. നിങ്ങൾ എന്റെ സ്നേഹത്തിൽ വസിപ്പിൻ.

൧൰. ഞാൻ എന്റെ പിതാവിന്റെ കല്പനകൾ കാത്തു അവന്റെ സ്നേഹത്തിൽ വസിയ്ക്കുന്നതുപോലെ നിങ്ങൾ എന്റെ കല്പനകൾ കാത്താൽ എന്റെ സ്നേഹത്തിൽ വസിയ്ക്കും.

൧൧. എന്റെ സന്തോഷം നിങ്ങളിൽ ആയിരിയ്ക്കുവാനും നിങ്ങളുടെ സന്തോഷം പൂർത്തിയാകുവാനുമാകുന്നു ഞാൻ ഇവ നിങ്ങളോടു പറഞ്ഞതു.

൧൨. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം[2] എന്നിതാകുന്നു എന്റെ കല്പന.

൧൩. ഒരു മനുഷ്യൻ തൻെറ സ്നേഹിതന്മാക്ക വേണ്ടി തൻെറ ജീവൻ ഉപേക്ഷിക്കുക എന്നതിൽ വലുതായ സ്നേഹം ഇല്ല.

൧൪. ഞാൻ നിങ്ങളോടു കല്പിക്കുന്നവയെല്ലാം നിങ്ങൾ ചെയ്യുമെങ്കിൽ നിങ്ങൾ എൻെറ സ്നേഹിതന്മാരാകുന്നു.

൧൫. ഞാൻ ഇനി നിങ്ങളെ ദാസന്മാർ എന്നു വിളിക്കുകയില്ല; തൻെറ എജമാനൻ ചെയ്യുന്നതു എന്തെന്നു ദാസൻ അറിയുന്നില്ലല്ലോ. എന്നാൽ എൻെറ പിതാവിൽ നിന്നു കേട്ടതെല്ലാം നിങ്ങളെ ഞാൻ അറിയിച്ചതുകൊണ്ടു എൻെറ സ്നേഹിതന്മാർ എന്നു നിങ്ങളെ ഞാൻ വിളിച്ചിരിക്കുന്നു.

൧൬. നിങ്ങൾ എന്നെ തിരഞ്ഞെടുത്തതല്ല; പിന്നയൊ ഞാൻ തന്നെ നിങ്ങളെ തിരഞ്ഞെടുത്തു. നിങ്ങളും പോയി ഫലങ്ങൾ ഉളവാക്കുവാനും നിങ്ങളുടേ ഫലങ്ങൾ നിലനില്ക്കുവാനുമായി നിങ്ങളെ ഞാൻ നിയമിക്കുകയും ചെയ്തിരിക്കുന്നു. നിങ്ങൾ എൻെറ നാമത്തിൽ എൻെറ പിതാവിനോടു അപേക്ഷിക്കുന്നതെല്ലാം അവൻ നിങ്ങൾക്കു തരുവാനായിട്ടു തന്നെ.

൧൭. നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണ്ടതിനാകുന്നു ഞാൻ ഇവ നിങ്ങളോടു കല്പിക്കുന്നതു്.

൧൮. ലോകം നിങ്ങളെ ദ്വേഷിക്കുന്നു എങ്കിൽ അതു നിങ്ങൾക്കു മുമ്പേ എന്നെ ദ്വേഷിച്ചു എന്നു അറിയുവിൻ.

൧൯. നിങ്ങൾ ലോകത്തിൽ നിന്നുള്ളവർ ആയിരുന്നു എങ്കിൽ ലോകം അതിൻെറ സ്വന്തത്തെ സ്നേഹിക്കുമായിരുന്നു. എന്നാൽ, ഞാൻ നിങ്ങളെ ലോകത്തിൽനിന്നു തിരഞ്ഞെടുത്തതുകൊണ്ടു നിങ്ങൾ ലോകത്തിൽ നിന്നുള്ളവരല്ല.[3] ഇതിനാൽ ആകുന്നു ലോകം നിങ്ങളെ ദ്വേഷിക്കുന്നതു്.

൨൦. തൻെറ എജമാനനെക്കാൾ വലിയ ഭൃത്യനില്ല എന്നു ഞാൻ നിങ്ങളോടു പറഞ്ഞ വചനം ഓൎക്കുവിൻ. അവർ എന്നെ പീഡിപ്പിച്ചു എങ്കിൽ നിങ്ങളേയും പീഡിപ്പിക്കും; എൻെറ വചനം കാത്തു എങ്കിൽ നിങ്ങളുടേതും കാക്കും.

൨൧. എന്നാൽ എന്നെ അയച്ചവനെ അറിയായ്കകൊണ്ടു എൻെറ നാമം നിമിത്തം ഇവ എല്ലാം നിങ്ങളോടു അവർ ചെയ്യും.

൨൨. ഞാൻ വന്നു അവരോടു പറയാതിരുന്നുവെങ്കിൽ അവൎക്കു പാപം ഉണ്ടാകയില്ലായിരുന്നു. ഇപ്പോഴൊ തങ്ങളുടെ പാപങ്ങളെക്കുറിച്ചു അവൎക്കു ഒഴികഴിവില്ല.

൨൩. എന്നെ ദ്വേഷിസ്സുന്നവൻ എൻെറ പിതാവിനേയും ദ്വേഷിസ്സുന്നു.

൨൪. മററാരും ചെയ്യിട്ടില്ലാത്ത പ്രവൃത്തികൾ അവരുടെ കൺമുമ്പാകെ ഞാൻ ചെയ്യിരുന്നില്ല എങ്കിൽ അവൎക്കു പാപം ഉണ്ടാകയില്ലായിരുന്നു. ഇപ്പോഴൊ അവർ കാണുകയും എന്നെയും എൻെറ പിതാവിനേയും ദ്വേഷിക്കുകയും ചെയ്യിരിസ്സുന്നു.

൨൫. അവർ വൃഥാ എന്നെ ദ്വേഷിച്ചു എന്നു അവരുടെ നിയമത്തിൽ എഴുതപ്പെട്ടിരിസ്സുന്ന വചനം നിവൃത്തിയാകുവാൻ തന്നെ.

൨൬. എൻെറ പിതാവിൻെറ അടുക്കൽ നിന്നു നിങ്ങൾക്കു ഞാൻ അയസ്സുന്ന പാരഖ്ലേത്താ ⁴ – എൻെറ പിതാവിൻെറ അടുക്കൽ നിന്നു പുറപ്പെടുന്ന ആ സത്യാത്മാവു – വരുമ്പോഴോ അവൻ എന്നെക്കുറിച്ചു സാക്ഷിപ്പെടുത്തും.

൨൭. നിങ്ങൾ ആദിമുതൽ എന്നോടുകൂടി ഇരിസ്സുകൊണ്ടു നിങ്ങളും സാക്ഷിപ്പെടുത്തും.

⁎ മത്താ. ൨൬. ൩൦.

## വ്യാഖ്യാനം.

1. "അവൻ വെട്ടി ശുദ്ധിവരുത്തുകയും ചെയ്യുന്നു." ഫലം നൽകുന്ന മുന്തിരിത്തണ്ട്, അധികം ഫലം പുറപ്പെടുവിക്കുന്നതിനുവേണ്ടി, തോട്ടക്കാരൻ യഥാകാലം അതിനെ വെട്ടി ശുദ്ധമാക്കുന്നു. ഇപ്രകാരംതന്നെ, ദൈവവും നീതിമാന്മാരെ പീഡകളാലും ഞെരുക്കങ്ങളാലും പരിശോധിക്കുന്നതു, അവർ സ്വൎഗ്ഗരാജ്യത്തിനുവേണ്ടി കൂടുതൽ ഫലം പുറപ്പെടുവിസ്സുന്നതിനാണ്.

2. "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കണം." നാം തമ്മിൽ തമ്മിൽ സ്നേഹിക്കേണ്ടതു മ്ശിഹാ നമ്മെ സ്നേഹിച്ചതുപോലെ ആയിരിസ്സണമെന്നു അവിടന്നു നിർദ്ദേശിസ്സുന്നു. എന്നാൽ മ്ശിഹാ നമ്മെ സ്നേഹിച്ചതു, അങ്ങേ പിതാവു അങ്ങേ സ്നേഹിച്ചതുപോലെ ആകുന്നു. ഇതിനാൽ, നാം തമ്മിൽ തമ്മിൽ സ്നേഹിസ്സുന്നതു, പിതാവും സുതനും തമ്മിലുള്ള പരിശുദ്ധമായ സ്നേഹത്തിനു തുല്യമായിരിസ്സണം എന്നു സിദ്ധിസ്സുന്നു.

3. "നിങ്ങൾ ലോകത്തിൽനിന്നുള്ളവരല്ല." മ്ശിഹാ സ്വശിഷ്യരെ ലോകത്തിൽ നിന്നു തിരഞ്ഞെടുത്തതു മുതൽ, അവർ ലോകത്തിൽ ആയിരുന്നെങ്കിലും ലോകത്തിൽനിന്നുള്ളവരായിരുന്നില്ല; പ്രത്യുത, അവർ ദൈവത്തിൽ നിന്നുള്ളവരായിരുന്നു. ഇതിനാൽ, ലോകം അവരെ ദ്വേഷിക്കുന്നുവെങ്കിൽ അതിലല്ല, ദ്വേഷിക്കാതിരുന്നുവെങ്കിൽ, അതിലത്രെ, അത്ഭുതപ്പെടുവാനുള്ളത്.

4. "ഞാൻ അയക്കുന്ന 'പാരഖ്‌ലേത്താ.'" ആശ്വാസപ്രദനായ റൂഹാദ്ക്കുദ്ശാ, പിതാവിൽനിന്നു മാത്രമല്ല സുതനിൽ നിന്നുകൂടേയും പുറപ്പെടുന്നു, എന്നല്ലയോ ഈ വാക്യം സ്പഷ്ടമായി തെളിയിക്കുന്നതു്?

## 14. മ്ശീഹാ അങ്ങേ ശിഷ്യന്മാരോടുചെയ്ത സംഭാഷണത്തിൻെറ അവസാനഭാഗം.

യോഹ. ൧൬. ൧–൩൩.

വിവരണം. മ്ശീഹായുടെ പ്രഭാഷണത്തിൻെറ ഈ അവസാനഘട്ടത്തിൽ, ശ്ലീഹന്മാക്കു് ഭാവിയിൽ സംഭവിപ്പാനിരിപ്പുന്ന കഷ്ടാരിഷ്ടതകളും, തങ്ങളുടെ സ്വൎഗ്ഗീയ നാഥൻെറ വിയോഗം ഹേതുവാൽ അവക്കു് ഉളവാകാവുന്ന വിരഹതാപവും, റൂഹാദ്ക്കുദ്ശായുടെ ആഗമനത്താൽ അവക്കു കൈവരുവാനിരിക്കുന്ന അമൂല്യ നന്മകളും, അവരെ അനുസ്മരിപ്പിച്ചു, പൈതൃക സ്നേഹത്തോടുകൂടെ അവിടന്നു് അവരെ സമാശ്വസിപ്പിക്കുന്നു.

യോഹ. ൧൬. ൧. നിങ്ങൾ ഇടറൽപ്പെടാതിരിക്കേണ്ടതിനായി ഇവ നിങ്ങളോടു ഞാൻ പറഞ്ഞിരിക്കുന്നു.

൨. എന്തുകൊണ്ടെന്നാൽ അവർ തങ്ങളുടെ സംഘങ്ങളിൽ നിന്നു നിങ്ങളെ പുറത്താക്കും. നിങ്ങളെ കൊല്ലുന്ന ഏവനും താൻ ദൈവത്തിനു ബലിസമൎപ്പിക്കുന്നു എന്നു വിചാരിക്കുന്ന നാഴിക വരികയും ചെയ്യും.

൩. എന്നാൽ അവർ എൻെറ പിതാവിനെയാകട്ടെ എന്നെയാകട്ടെ അറിയായ്കകൊണ്ടു ഇങ്ങനെ ചെയ്യും.

൪. അവയുടെ നാഴിക വരുമ്പോൾ ഞാൻ അവ നിങ്ങളോടു പറഞ്ഞിട്ടുണ്ടെന്നു നിങ്ങൾ ഓക്കേണ്ടതിനു ഇവ നിങ്ങളോടു പറഞ്ഞിരിക്കുന്നു. എന്നാൽ ഞാൻ നിങ്ങളോടുകൂടിയുണ്ടായിരുന്നതുകൊണ്ടു നിങ്ങളോടു ഇവ മുമ്പേ ഞാൻ പറഞ്ഞില്ല.

൫. ഇപ്പോഴോ, ഞാൻ എന്നെ അയച്ചവൻെറ അടുക്കലേയ്ക്കു പോകുന്നു. നീ എവിടേയ്ക്കു പോകുന്നു എന്നു നിങ്ങളിൽ ഒരുത്തനും എന്നോടു ചോദിക്കുന്നില്ല.

൬. ഞാൻ നിങ്ങളോടു ഇവ പറഞ്ഞതുകൊണ്ടു ദുഃഖം വന്നു നിങ്ങളുടെ ഹൃദയങ്ങൾ നിറച്ചിരിക്കുന്നു.

൭. എന്നാൽ സത്യം ഞാൻ നിങ്ങളോടു പറയുന്നു: ഞാൻ പോകുന്നതു നിങ്ങൾക്കു നന്നു്. ഞാൻ പോകുന്നില്ലെങ്കിലോ പാരഖ്‌ലേത്താ നിങ്ങളുടെ അടുക്കലേയ്ക്കു വരികയില്ല. എന്നാൽ

ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കലേയ്ക്കു ഞാൻ അയക്കും.

൮. അവൻ വന്നുകഴിയുമ്പോൾ പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചും അവൻ ലോകത്തെ കുററപ്പെടുത്തും. [1]

൯. അവർ എന്നിൽ വിശ്വസിക്കാതിരിക്കുന്നതുകൊണ്ടു പാപത്തെക്കുറിച്ചു.

൧൦. ഞാൻ എൻെറ പിതാവിൻെറ അടുക്കലേയ്ക്കു പോകയും നിങ്ങൾ ഇനി എന്നെ കാണാതിരിക്കയും ചെയ്യുന്നതുകൊണ്ടു നീതിയെക്കുറിച്ചു.

൧൧. ഈ ലോകത്തിൻെറ അധികാരി വിധിക്കപ്പെട്ടിരിക്കുകൊണ്ടു ന്യായവിധിയെക്കുറിച്ചു.

൧൨. എനിയ്ക്കു നിങ്ങളോടു ഇനിയും വളരെപ്പറയുവാനുണ്ട്. എന്നാൽ (അവ) ഗ്രഹിയ്ക്കുവാൻ ഇപ്പോൾ നിങ്ങൾക്കുകഴികയില്ല.

൧൩. എന്നാൽ സത്യാത്മാവു വന്നുകഴിയുമ്പോൾ അവൻ സകല സത്യത്തിലും നിങ്ങളെ നടത്തും [2]. എന്തുകൊണ്ടെന്നാൽ അവൻ സ്വന്തമായി പറയുകയില്ല; പിന്നയൊ അവൻ കേൾക്കുന്നതെല്ലാം പറയുകയും വരുവാനിരിയ്ക്കുന്നവ നിങ്ങളെ അറിയിക്കുകയും ചെയ്യും.

൧൪. മാത്രമല്ല, അവൻ എൻേറതിൽ നിന്നെടുത്തു നിങ്ങൾക്കു കാണിച്ചുതരുന്നതുകൊണ്ടു എന്നേയും മഹത്വപ്പെടുത്തും.

൧൫. എൻെറ പിതാവിനുള്ളതെല്ലാം എൻേറതാകുന്നു. ഇതുകൊണ്ടാകുന്നു അവൻ എൻേറതിൽ നിന്നെടുത്തു നിങ്ങൾക്കു കാണിച്ചുതരും എന്നു ഞാൻ നിങ്ങളോടു പറഞ്ഞത്.

൧൬. അല്പം (കഴിഞ്ഞാൽ), പിന്നെ നിങ്ങൾ എന്നെ കാണുകയില്ല; വീണ്ടും അല്പം (കഴിഞ്ഞാൽ), പിന്നെ നിങ്ങൾ എന്നെ കാണും. [3] എന്തെന്നാൽ ഞാൻ എൻെറ പിതാവിൻെറ അടുക്കലേയ്ക്കു പോകുന്നു.

൧൭. അപ്പോൾ അവൻെറ ശിഷ്യന്മാർ: അല്പം (കഴിഞ്ഞാൽ), പിന്നെ നിങ്ങൾ എന്നെ കാണുകയില്ല; വീണ്ടും അല്പം (കഴിഞ്ഞാൽ), പിന്നെ നിങ്ങൾ എന്നെ കാണും എന്നും, ഞാൻ എൻെറ പിതാവിൻെറ അടുക്കലേയ്ക്കു പോകുന്നു എന്നും നമ്മോടു അരുളിച്ചെയ്തു ഇത് എന്താകുന്നു? എന്നു തമ്മിൽ തമ്മിൽ ചോദിച്ചിരുന്നു.

൧൮. അവൻ അരുളിച്ചെയ്ത ഈ അല്പം എന്താകുന്നു? അവൻ എന്തു അരുളിച്ചെയ്യുന്നു എന്നു നാം അറിയുന്നില്ല എന്നും അവർ പറഞ്ഞിരുന്നു.

൧൯. എന്നാൽ, തന്നോടു ചോദിപ്പാൻ അവർ ആഗ്രഹിക്കുന്നു എന്നു അറിഞ്ഞു ഈശോ അവരോടു അരുളിച്ചെയ്തു: അല്പം (കഴിഞ്ഞാൽ), പിന്നെ നിങ്ങൾ എന്നെ കാണുകയില്ല; വീണ്ടും അല്പം (കഴിഞ്ഞാൽ), പിന്നെ നിങ്ങൾ എന്നെ കാണും എന്നു ഞാൻ നിങ്ങളോടു പറഞ്ഞതുകൊണ്ടു ഇതിനെക്കുറിച്ചു നിങ്ങൾ തമ്മിൽ തമ്മിൽ ചോദിക്കുന്നുവൊ?

൨൦. സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ കരഞ്ഞു വിലപിക്കും; ലോകമോ സന്തോഷിക്കും: നിങ്ങൾക്കു ദുഃഖം നേരിടും, എന്നാൽ നിങ്ങളുടെ ദുഃഖം സന്തോഷത്തിന്നായി ഭവിക്കും.

൨൧. ഒരു സ്ത്രീ പ്രസവിക്കുമ്പോൾ അവളുടെ പ്രസവത്തിൻെറ ദിവസം അടുത്തതുകൊണ്ടു അവൾ ദുഃഖമുള്ളവൾ ആയിരിക്കുന്നു. കുട്ടിയെ പ്രസവിച്ച ശേഷമൊ ഒരു മനുഷ്യൻ ലോകത്തിൽ ജനിച്ചു എന്ന സന്തോഷം നിമിത്തം അവൾ തൻെറ ഞെരുക്കം ഓൎക്കുന്നില്ല.

൨൨. ഇപ്പോൾ നിങ്ങളും ദുഃഖമുള്ളവർ ആയിരിക്കുന്നു. എന്നാൽ ഞാൻ വീണ്ടും നിങ്ങളെ കാണും. അപ്പോൾ നിങ്ങളുടെ ഹൃദയം സന്തോഷിക്കും; നിങ്ങളുടെ സന്തോഷം നിങ്ങളിൽ നിന്നു ആരും എടുത്തുകളകയുമില്ല.

൨൩. ആ ദിവസത്തിൽ നിങ്ങൾ എന്നോടു ഒന്നും ചോദിക്കയില്ല. സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ എൻെറ നാമത്തിൽ എൻെറ പിതാവിനോടു ചോദിക്കുന്നതൊക്കെയും അവൻ നിങ്ങൾക്കു തരും.

൨൪. ഇതുവരെ നിങ്ങൾ എൻെറ നാമത്തിൽ ഒന്നും ചോദിച്ചിട്ടില്ല. ചോദിപ്പിൻ, എന്നാൽ നിങ്ങളുടെ സന്തോഷം പൂൎണ്ണമാകുമാറു നിങ്ങൾക്കു ലഭിക്കും.

൨൫. ഞാൻ ഉപമകളായി ഇവ നിങ്ങളോടു പറഞ്ഞു. എന്നാൽ ഞാൻ നിങ്ങളോടു ഉപമകളായിപ്പറയാതെ, പിതാവിനെ സംബന്ധിച്ചു നിങ്ങളോടു വെളിവായി അറിയിക്കുന്ന നാഴിക വരുന്നു.

൨൬. (അതു)എൻെറ നാമത്തിൽ നിങ്ങൾ ചോദിക്കുന്ന

ദിവസത്തിൽ തന്നെ: അല്ലാതെ, നിങ്ങൾക്കവേണ്ടി പിതാവിനോട്ട ഞാൻ ചോദിക്കും എന്ന നിങ്ങളോട്ട ഞാൻ പറയുന്നില്ല.

൨൭. എന്തുകൊണ്ടെന്നാൽ നിങ്ങൾ എന്നെ സ്നേഹിക്കയും ഞാൻ പിതാവിൻെറ അടുക്കൽ നിന്ന പുറപ്പെട്ട വന്ന എന്ന വിശ്വസിക്കയും ചെയ്യുതുകൊണ്ട പിതാവു തന്നെയും നിങ്ങളെ സ്നേഹിക്കുന്നു.

൨൮. ഞാൻ പിതാവിൻെറ അടുക്കൽ നിന്ന പുറപ്പെട്ട ലോകത്തിലേക്കു വന്നു; ഞാൻ വീണ്ടും ലോകത്തെ വിട്ട പിതാവിൻെറ അടുക്കലേക്കു പോകുന്നു.

൨൯. അവൻെറ ശിഷ്യന്മാർ അവനോട്ട പറയുന്നു: ഇതാ! ഇപ്പോൾ നീ വെളിവായി സംസാരിക്കുന്നു; ഉപമ ഒന്നുപോലും നീ അരുളിച്ചെയ്യുന്നില്ല.

൩൦. നീ സകലവും അറിയുന്ന എന്നും, ആരും നിന്നോട്ട ചോദിക്കുവാൻ നിനക്ക ആവശ്യമില്ല എന്നും ഇപ്പോൾ ഞങ്ങൾ അറിയുന്നു. നീ ദൈവത്തിൽ നിന്ന പുറപ്പെട്ട വന്നിരിക്കുന്ന എന്ന ഇതിനാൽ ഞങ്ങൾ വിശ്വസിക്കുന്നു.

൩൧. ഈശോ അവരോട്ട അരുളിച്ചെയ്യുന്നു: നിങ്ങൾ വിശ്വസിക്കുവിൻ.

൩൨. എന്തുകൊണ്ടെന്നാൽ നിങ്ങൾ ഓരോരുത്തനും തൻെറ സ്ഥലത്തേക്ക ചിതറിക്കപ്പെടുകയും, എന്നെ ഏകനായി നിങ്ങൾ വിട്ടുകളയുകയും ചെയ്യുന്ന നാഴിക ഇതാ! വരുന്നു; ഇപ്പോൾ വന്നുമിരിക്കുന്നു. എങ്കിലും പിതാവു എന്നോട്ടക്കൂടിയുള്ളതിനാൽ ഞാൻ ഏകനല്ല.

൩൩. നിങ്ങൾക്ക എന്നിൽ സമാധാനമുണ്ടാകേണ്ടതിനായി ഞാൻ നിങ്ങളോട്ട ഇവ പറഞ്ഞിരിക്കുന്നു. ലോകത്തിൽ നിങ്ങൾക്ക ഞെരുക്കമുണ്ടാകും. എങ്കിലും ധൈര്യപ്പെടുവിൻ, ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു.

## വ്യാഖ്യാനം.

1. "പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും അവൻ ലോകത്തെ കുററപ്പെടുത്തും." അത്ഭുതപ്രവൃത്തികൾകൊണ്ടുകൂടേയും അങ്ങേ ദൈവത്വത്തെ വെളിപ്പെടുത്തിയ മ്ശിഹായിൽ വിശ്വസിക്കാഞ്ഞതിനാൽ, പാപത്തെക്കുറിച്ചും, അങ്ങേ രക്ഷണീയ വേലയാൽ മനുഷ്യകുലം പിതാവിനു വീട്ടേണ്ടതായ കടബാദ്ധ്യത പരിപൂർണ്ണമായി തീർത്തു മ്ശിഹാ മഹത്വത്തിലേക്കു പ്രവേശിച്ചിരിക്കയാൽ,

അവിടത്തെ നീതിയെക്കുറിച്ചും, പിശാചും അവൻെറ ആശ്രിതന്മാരും തോൽവി അടഞ്ഞതിനാൽ ന്യായവിധിയെക്കുറിച്ചും, ലോകത്തെ, അതായതു മ്ശിഹായിൽ വിശ്വസിക്കാത്ത ഏവരേയും, റൂഹാദ്ക്കദ്ശാ ബോദ്ധ്യപ്പെടുത്തും.

2. "സകല സത്യത്തിലും നിങ്ങളെ നടത്തും." പന്തക്കുസ്താ തിരുനാളിൽ ശ്ലീഹന്മാർ പരിശുദ്ധാത്മാവിയെ സ്വീകരിച്ച ക്ഷണത്തിൽ, സുവിശേഷങ്ങളിൽ അടങ്ങിയിരിക്കുന്ന എല്ലാ സത്യങ്ങളും തിരുസ്സഭയിലെ എല്ലാ വിശ്വാസരഹസ്യങ്ങളും പരിപൂർണ്ണമായി അവർ ഗ്രഹിച്ചു.

3. "അല്പം കഴിഞ്ഞാൽ പിന്നെ നിങ്ങൾ എന്നെ കാണുകയില്ല; വീണ്ടും അല്പം കഴിഞ്ഞാൽ പിന്നെ നിങ്ങൾ എന്നെ കാണും." ആസന്നമായിരിക്കുന്ന അങ്ങേ മരണവും സംസ്കാരവും മൂലം, അങ്ങ് ഉടനെ തന്നെ അവരിൽനിന്നു അപ്രത്യക്ഷനാകുമെന്നും, എന്നാൽ മൂന്നാം ദിവസം അവിടന്ന് പ്രതാപശ്രീയോടുകൂടെ ഉത്ഥിതനാകുമ്പോൾ അവർ അങ്ങേ വീണ്ടും കാണുമെന്നും, അങ്ങേ മരണത്തിൽ സന്തോഷിക്കുന്ന ലോകം, അങ്ങേ ഉയിപ്പിൽ ലജ്ജിക്കുമെന്നും, അങ്ങേ വിരഹത്തിൽ വിലപിക്കുന്നവർ സന്തോഷാബ്ധിയിൽ നിമഗ്നരാകുമെന്നുമത്രെ മ്ശിഹാ ഇവിടെ നിർദ്ദേശിക്കുന്നതു്.

## 15. മ്ശിഹാ അങ്ങേ ശിഷ്യന്മാർക്കുവേണ്ടി പിതാവിനോടു ചെയ്ത പ്രാർത്ഥന.

യോഹ. ൧൭. ൧-൨൬.

വിവരണം. പിതാവായ ദൈവം അങ്ങേ സുതനെ മഹത്വപ്പെടുത്തണമെന്നും ശ്ലീഹന്മാരെ തിന്മയിൽ നിന്നു കാത്തു, സത്യത്തിലും ഐക്യത്തിലും സംരക്ഷിക്കണമെന്നും അവരുടെ പ്രേഷകവൃത്തിയാൽ മാനസാന്തരപ്പെടുവാനിരിക്കുന്നവരെ ദൈവത്തിൻെറ ഐക്യത്തിലും സമാധാനത്തിലും കാക്കണമെന്നും ഈ വിശിഷ്ട പ്രാർത്ഥനരൂപേണ, മ്ശിഹാ അങ്ങേ പിതാവിനോടു അഭ്യർത്ഥിക്കുന്നു.

യോഹ. ൧൭. ൧. ഇവ പ്രസ്താവിച്ചിട്ടു ഈശോ സ്വർഗ്ഗത്തിലേക്കു തൻെറ കണ്ണുകൾ ഉയർത്തി അരുളിച്ചെയ്തു: എൻെറ പിതാവെ, നാഴിക വന്നിരിക്കുന്നു. നിൻെറ പുത്രൻ നിന്നെ മഹത്വപ്പെടുത്തേണ്ടതിനായി നിൻെറ പുത്രനെ നീ മഹത്വപ്പെടുത്തണമെ.

൨. നീ അവനു കൊടുത്തിട്ടുള്ളതിനെല്ലാം അവൻ നിത്യജീവൻ നൽകേണ്ടതിനു നീ സകല ജഡത്തിന്മേലും അവനു അധികാരം കൊടുത്തിരിക്കുന്നുവല്ലൊ.

൩. നീ മാത്രമാകുന്നു സത്യദൈവം[1] എന്നും, നീ അയച്ച ഈശോമ്ശിഹാ ആർ (ആകുന്നു) എന്നും അറിയുന്നതാകുന്നു നിത്യജീവൻ.

൪. ഞാൻ ഭൂമിയിൽ നിന്നെ മഹത്വപ്പെടുത്തി; ഞാൻ ചെയ്യുവാനായി നീ എനിക്കു തന്ന വേല ഞാൻ പൂൎത്തിയാക്കി.[2]

൫. ആകയാൽ എന്റെ പിതാവെ, ലോകം ഉണ്ടാകുന്നതിനു മുമ്പേ[3] എനിക്കു നിന്റെ അടുക്കൽ ഉണ്ടായിരുന്ന മഹത്വം കൊണ്ടു ഇപ്പോൾ നിന്റെ അടുക്കൽ എന്നെ നീ മഹത്വപ്പെടുത്തണമെ.

൬. നീ ലോകത്തിൽ നിന്നു എനിക്കു തന്ന മനുഷ്യരെ നിന്റെ നാമം ഞാൻ അറിയിച്ചു. അവർ നിന്റേതായിരുന്നു; അവരെ നീ എനിക്കു തന്നു;[4] അവർ നിന്റെ വചനം കാക്കുകയും ചെയ്തു.

൭. നീ എനിക്കു തന്നതെല്ലാം നിന്റെ പക്കൽ നിന്നാകുന്നു എന്നു ഇപ്പോൾ ഞാൻ അറിഞ്ഞു.

൮. നീ എനിക്കു തന്ന വചനങ്ങൾ ഞാൻ അവൎക്കു കൊടുക്കുകയും അവർ സ്വീകരിക്കുകയും ചെയ്തുകൊണ്ടു, ഞാൻ നിന്റെ അടുക്കൽ നിന്നു പുറപ്പെട്ടു വന്നിരിക്കുന്നു എന്നു അവർ സത്യമായിട്ടു അറിയുകയും, നീ എന്നെ അയച്ചു എന്നു വിശ്വസിക്കുകയും ചെയ്തിരിക്കുന്നു.

൯. ഞാൻ അവൎക്കുവേണ്ടി പ്രാൎത്ഥിക്കുന്നു; ലോകത്തിനു വേണ്ടിയല്ല ഞാൻ പ്രാൎത്ഥിക്കുന്നതു്. പിന്നെയൊ, നീ എനിക്കു തന്നിട്ടുള്ളവർ നിന്റേതാകകൊണ്ടു് അവൎക്കുവേണ്ടി ഞാൻ പ്രാൎത്ഥിക്കുന്നു.

൧൦. എനിക്കുള്ളതെല്ലാം നിനക്കുള്ളതാകുന്നു; നിനക്കുള്ളതെല്ലാം എനിക്കുള്ളതുമാകുന്നു. അവയിൽ ഞാൻ മഹത്വപ്പെടുകയും ചെയ്യുന്നു.

൧൧. ഇനിമേൽ ഞാൻ ലോകത്തിൽ അല്ല. ഇവരോ ലോകത്തിൽ ഇരിക്കുന്നു. ഞാൻ നിന്റെ അടുക്കലേക്കു വരുന്നു. പരിശുദ്ധനായ പിതാവെ, അവർ നമ്മെപ്പോലെ ഒന്നായിരിക്കേണ്ടതിനു (അവരെ) എനിക്കു തന്ന നീ നിന്റെ നാമത്തിൽ അവരെ കാത്തു കൊള്ളേണമെ.

൧൨. അവരോടുകൂടി ലോകത്തിൽ ഇരുന്നപ്പോൾ ഞാൻ അവരെ നിന്റെ നാമത്തിൽ കാത്തുകൊണ്ടിരുന്നു; നീ എനിക്കു തന്നവരെ ഞാൻ സൂക്ഷിച്ചു; തിരുവെഴുത്തു നിവൃത്തിയാകേണ്ടതിനു ആ നാശപുത്രൻ അല്ലാതെ അവരിൽ ആരും നശിച്ചുപോയിട്ടില്ല.

൧൩. ഇപ്പോഴോ ഞാൻ നിന്റെ അടുക്കലേക്കു വരുന്നു. എന്റെ സന്തോഷം അവരിൽ പൂൎണ്ണമായിരിക്കേണ്ടതിന്നു ലോകത്തിൽവെച്ചു ഇവ ഞാൻ പറയുന്നു.

൧൪. നിന്റെ വചനം ഞാൻ അവൎക്കു കൊടുത്തിരിക്കുന്നു. ഞാൻ ലോകത്തിൽനിന്നു അല്ലാത്തതുപോലെ അവരും ലോകത്തിൽനിന്നു അല്ലാത്തതുകൊണ്ടു ലോകം അവരെ ദ്വേഷിച്ചു.

൧൫. അവരെ ദുഷ്ടനിൽ നിന്നു കാത്തുകൊള്ളണം എന്നല്ലാതെ ലോകത്തിൽനിന്നു അവരെ നീ എടുക്കണം എന്നല്ല ഞാൻ പ്രാൎത്ഥിക്കുന്നതു്.

൧൬. ഞാൻ ലോകത്തിൽനിന്നു അല്ലാതിരിക്കുന്നതുപോലെ അവരും ലോകത്തിൽ നിന്നല്ലല്ലോ.

൧൭. പിതാവെ, നിന്റെ വചനം സത്യമായിരിക്കകൊണ്ടു നിന്റെ സത്യത്തിൽ അവരെ വിശുദ്ധീകരിക്കണമെ.

൧൮. നീ എന്നെ ലോകത്തിലേക്കു അയച്ചതുപോലെ ഞാൻ അവരേയും ലോകത്തിലേക്കു അയച്ചിരിക്കുന്നു.[5]

൧൯. അവരും സത്യത്തിൽ വിശുദ്ധീകരിക്കപ്പെട്ടവർ ആകേണ്ടതിന്നു അവൎക്കുവേണ്ടി ഞാൻ എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു.

൨൦. ഇവൎക്കുവേണ്ടി മാത്രമല്ല, പിന്നെയോ, ഇവരുടെ വചനം മൂലം എന്നിൽ വിശ്വസിക്കുന്നവൎക്കുവേണ്ടി കൂടിയുമാകുന്നു ഞാൻ പ്രാൎത്ഥിക്കുന്നതു.

൨൧. നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിക്കുവാൻ അവർ എല്ലാവരും ഒന്നാകേണ്ടതിന്നു, എന്റെ പിതാവെ, നീ എന്നിലും ഞാൻ നിന്നിലും എന്നപോലെ, അവരും നമ്മിൽ ഒന്നാകേണ്ടതിന്നു തന്നെ.

൨൨. നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിന്നു, നീ എനിക്കു തന്ന മഹത്വം ഞാൻ അവൎക്കു കൊടുത്തിരിക്കുന്നു.

൨൩. അവർ ഐക്യത്തിൽ പരിപൂൎണ്ണരാകേണ്ടതിന്നും, നീ എന്നെ അയച്ചിരിക്കുന്നുവെന്നും, നീ എന്നെ സ്നേഹിച്ചതുപോലെ ഞാൻ അവരേയും സ്നേഹിച്ചു എന്നും ലോകം അറിയേണ്ടതിന്നും, ഞാൻ അവരിലും നീ എന്നിലും (ഇരിക്കുന്നു).

൨൪. പിതാവെ, ലോകസ്ഥാപനത്തിന്നു മുമ്പേ നീ എന്നെ സ്നേഹിച്ചതുകൊണ്ടു നീ എനിക്കു തന്നിട്ടുള്ള എന്റെ മഹ

ത്വം നീ എനിക്കു തന്നിരിക്കുന്നവർ കാണേണ്ടതിനു ഞാൻ ഇരിക്കുന്ന ഇടത്തു് അവരും എന്നോടുകൂടിയിരിക്കണം എന്നു ഞാൻ ഇച്ഛിക്കുന്നു.

൨൫. നീതിമാനായ എൻെറ പിതാവെ, ലോകം നിന്നെ അറിഞ്ഞിട്ടില്ല; ഞാനോ നിന്നെ അറിഞ്ഞിരിക്കുന്നു; നീ എന്നെ അയച്ചിരിക്കുന്നു എന്നു ഇവരും അറിഞ്ഞിരിക്കുന്നു.

൨൬. നീ എന്നെ സ്നേഹിച്ച സ്നേഹം അവരിൽ ഉണ്ടാകുവാനും, ഞാൻ അവരിൽ ഇരിക്കുവാനും വേണ്ടി നിൻെറ നാമം ഞാൻ അവരെ അറിയിച്ചിരിക്കുന്നു, അറിയിക്കയും ചെയ്യും.

## വ്യാഖ്യാനം.

1. "നീ മാത്രമാകുന്ന സത്യദൈവം." ഈ വാക്യം ദുർവ്യാഖ്യാനം ചെയ്തു, അയ്യൻപാഷണ്ഡികൾ പിതാവു് മാത്രമല്ലാതെ പുത്രൻ ദൈവം അല്ലെന്നു പഠിപ്പിച്ചു. എന്നാൽ, മൂലത്തിൽ ഈ വാക്യത്തിനു "ഏക സത്യദൈവം നീയാകുന്നു" എന്നും അൎത്ഥം വരാം. മാത്രമല്ല, സുവിശേഷത്തിൻെറ മറ്റു ഭാഗങ്ങളിൽ നിന്നു പുത്രനും പരിശുദ്ധാത്മാവും ഏക സത്യദൈവമെന്നു പ്രസ്പഷ്ടമായി തെളിയുന്ന സ്ഥിതിക്കു്, ഈ വാക്യത്തിനു, സംശയരഹിതമായ അങ്ങനെയുള്ള വാക്യങ്ങളോടു അനുയോജിപ്പിച്ചാണല്ലൊ അൎത്ഥം സങ്കല്പിക്കേണ്ടതു്.

2. "ഞാൻ ചെയ്യുവാനായി നീ എനിക്കു തന്ന വേല ഞാൻ പൂൎത്തിയാക്കി." പ്രാൎത്ഥന, പഠനം, സഹനം അവസാനമായി ആത്മബലി ഇവ വഴിയായി, അങ്ങു എന്നെ ഭരമേല്പിച്ച മനുഷ്യകുല പരിത്രാണനം ഞാൻ ഇതാ പരിപൂൎത്തിയാക്കിയിരിക്കുന്നു.

3. "ലോകം ഉണ്ടാകുന്നതിനു മുമ്പേ." ദൈവസുതൻ എന്ന നിലയിൽ അനാദിതൊട്ടു പിതാവിൻെറ പക്കൽ അങ്ങേക്കുണ്ടായിരുന്ന ദൈവപ്രതാപം, മനുഷ്യദൈവം എന്ന നിലയിൽ ഇപ്പോൾ തനിക്കു പ്രദാനം ചെയ്യുമാറാകണമെ എന്നത്രെ മ്ശിഹാ സ്വപിതാവിനെ ഇവിടെ പ്രാൎത്ഥിക്കുന്നതു്.

4. "അവരെ നീ എനിക്കു തന്നു." സ്രഷ്ടാവെന്ന നിലയിൽ പിതാവിൻെറതായിരുന്ന മനുഷ്യഗണം, രക്ഷണീയ വേലയാൽ സുതൻെറതാകുന്നതിനുവേണ്ടി, പിതാവു സുതനു അവരെ പ്രദാനം ചെയ്തു.

5. "നീ എന്നെ ലോകത്തിലേക്കു അയച്ചതുപോലെ ഞാൻ അവരേയും ലോകത്തിലേക്കു അയച്ചിരിക്കുന്നു." അന്ധകാരത്തിലും മരണത്തിൻെറ നിഴലിലും സ്ഥിതി ചെയ്യുന്ന ലോകത്തെ രക്ഷിപ്പാനായി, കാരുണ്യമൂൎത്തിയായ അവിടുന്നു് അങ്ങേ സ്നേഹാതിരേകത്താൽ, എന്നെ എപ്രകാരം ഇവിടേക്കു അയച്ചുവോ, അപ്രകാരം തന്നെ, എൻെറ വേലയെ പൂൎത്തിയാക്കുന്നതിനു ശിഷ്യവത്സലനായ ഞാനും, എൻെറ ശ്ലീഹന്മാരെ എൻെറ അധികാരത്തോടുകൂടെ ലോകത്തിലേക്കു അയക്കുന്നു.

16. ശെമ്ഓൻ കേപ്പാ അങ്ങേ മൂന്നു പ്രാവശ്യം നിഷേധിച്ചു പറയുമെന്നു ഈശോ മൂന്നാം പ്രാവശ്യം പ്രവചിയ്ക്കുന്നു.

മത്താ. ൨൬. ൩൧-൩൫; മർക്കോ. ൧൪. ൨൭-൩൧; യോഹ. ൧൮. ൧.

വിവരണം. വി. മാക്ക്സിമസ് അഭിപ്രായപ്പെട്ടന്നതുപോലെ, ശെമ്ഓൻ കേപ്പാ, മ്ശീഹായെ നിഷേധിക്കാതിരിപ്പാൻ എത്ര പ്രാവശ്യം ഓർമ്മപ്പെടുത്തപ്പെട്ടുവോ, അത്രയും പ്രാവശ്യം, മ്ശീഹായെ അയാൾ നിഷേധിയ്ക്കുകതന്നെ ചെയ്തു. മൂന്നു പ്രാവശ്യം നിഷേധിച്ചു; മൂന്നു പ്രാവശ്യം ഓർമ്മപ്പെടുത്തുകയുമുണ്ടായി.

യോഹ. ൧൮. ൧. ഇവ അരുളിച്ചെയ്തിട്ടു ഈശോ തന്റെ ശിഷ്യന്മാരുമൊന്നിച്ചു ഖെദ്രോൻ തോട്ടിന്നക്കരയ്ക്കു പുറപ്പെട്ടു.[1]

മത്താ. ൨൬. ൩൧. അപ്പോൾ ഈശോ അവരോടു അരുളിച്ചെയ്തു: നിങ്ങൾ എല്ലാവരും ഈ രാത്രി എന്നിൽ ഇടറൽപ്പെട്ടും.[2] എന്തുകൊണ്ടെന്നാൽ: ഇടയനെ ഞാൻ അടിയ്ക്കും, അപ്പോൾ അവന്റെ ആട്ടിൻക്കൂട്ടത്തിലെ ആടുകൾ ചിതറിപ്പോകും എന്നു എഴുതപ്പെട്ടിരിയ്ക്കുന്നു.

൩൨. എന്നാൽ ഞാൻ ഉയത്തെഴുന്നേററശേഷം നിങ്ങൾക്കു മുമ്പായി ഞാൻ ഗ്ലീലായിലേയ്ക്കു പോകും.

൩൩. കേപ്പാ മറുപടിയായി അവനോടു: എല്ലാവരും നിന്നിൽ ഇടറൽപ്പെട്ടാലും ഞാൻ നിന്നിൽ ഒരിക്കലും ഇടറൽപ്പെടുകയില്ല എന്നു പറഞ്ഞു.

മർക്കോ. ൧൪. ൩൦. ഈശോ അവനോടു അരുളിച്ചെയ്തു: ഞാൻ സത്യമായിട്ടു നിന്നോടു പറയുന്നു: നീ ഇന്നു, ഈ രാത്രി, പൂവൻകോഴി രണ്ടു പ്രാവശ്യം കൂകുന്നതിനു മുൻപു, മൂന്നു പ്രാവശ്യം എന്നെ നിഷേധിച്ചു പറയും.

൩൧. അവനോ: ഞാൻ നിന്നോടുകൂടി മരിക്കേണ്ടി വന്നാലും, എന്റെ കർത്താവെ, ഞാൻ നിന്നെ നിഷേധിച്ചു പറയുകയില്ല എന്നു അധികമായി പറഞ്ഞിരുന്നു. അവനെപ്പോലെ തന്നെ ശിഷ്യന്മാരെല്ലാവരും പറഞ്ഞു.

## വ്യാഖ്യാനം.

1. "ഖെദ്രോൻ തോട്ടിന്നക്കരയ്ക്കു പുറപ്പെട്ടു." സുവിശേഷകന്മാരിൽ വി. യോഹന്നാൻ മാത്രം വിവരിയ്ക്കുന്ന ഈ തോട് ഓറെശ്ലെം പട്ടണ

ത്തിനും സൈത്തുകളുടെ മലക്കും മദ്ധ്യേയായിട്ടാണ് സ്ഥിതിചെയ്യുന്നത്.

2. "നിങ്ങൾ എല്ലാവരും ഈ രാത്രി എന്നിൽ ഇടറൽപ്പെടും." ഇതാ! എൻെറ ശത്രുക്കൾ എന്നെ പീഡിപ്പിയ്ക്കുവാനിരിയ്ക്കുന്ന സമയം ആസന്നമായിരിയ്ക്കുന്നു. അപ്പോൾ, എന്നിലുള്ള നിങ്ങളുടെ വിശ്വാസം പ്രത്യക്ഷപ്പെടുത്തുന്നതിനു നിങ്ങൾ ഭീരുക്കളും അശക്തരുമായി ഭവിയ്ക്കും, എന്നാകുന്നു മ്ശീഹാ ഈ വാക്യത്താൽ പ്രബോധിപ്പിയ്ക്കുന്നത്.

**17.** ഈശോ സ്വശിഷ്യന്മാരോടൊരുമിച്ചു ഗെദ്സേമാൻ തോട്ടത്തിൽ പ്രവേശിച്ചു, ദുഃഖിയ്ക്കുവാനും വ്യസനിയ്ക്കുവാനും തുടങ്ങുന്നു.

മത്താ. ൨൬. ൩൬-൩൮; മർക്കോ. ൧൪. ൩൨-൩൪;
ലൂക്കാ. ൨൨. ൪൦; യോഹ. ൧൮. ൧-൨.

വിവരണം. അങ്ങേ ശിഷ്യന്മാർ ഏവരും ആ രാത്രിയിൽ അങ്ങിൽ ഇടറൽപ്പെടുമെന്നു പ്രവചിക്കയും ശെമ്ഓൻ കേപ്പാ, മൂന്നു പ്രാവശ്യം അങ്ങേ നിഷേധിച്ചു പറയുമെന്നു, മൂന്നാം പ്രാവശ്യം അരുളിച്ചെയ്കയും ചെയ്തശേഷം, ഈശോ പതിനൊന്നു ശ്ലീഹന്മാരോടുകൂടി ഗെദ്സേമാൻ തോട്ടത്തിൽ പ്രവേശിച്ചു. ഇവിടെയാണ് ഭയങ്കരമായ അങ്ങേ പീഡാനുഭവ രംഗം ആരംഭിയ്ക്കുന്നത്.

മത്താ. ൨൬. ൩൬. അനന്തരം ഈശോ അവരോടുകൂടി ഗെദ്സേമാൻ[1] എന്നു പറയപ്പെടുന്ന സ്ഥലത്തു വന്നു.

യോഹ. ൧൮. ൧. അവിടെ ഒരു തോട്ടം ഉണ്ടായിരുന്നു; അതിൽ അവനും അവൻെറ ശിഷ്യന്മാരും പ്രവേശിച്ചു.

൨. എന്നാൽ ഈശോ തൻെറ ശിഷ്യന്മാരുമായി പല പ്രാവശ്യം അവിടെ ഒരുമിച്ചുകൂടിയിരുന്നതുകൊണ്ട്[2] ഒററിക്കൊടുക്കുന്ന യൂദായും ആ സ്ഥലം അറിഞ്ഞിരുന്നു.

ലൂക്കാ. ൨൨. ൪൦. അവൻ (ആ) സ്ഥലത്തു എത്തിയപ്പോൾ* തൻെറ ശിഷ്യന്മാരോടു: ഞാൻ പോയി പ്രാർത്ഥിക്കുവോളം നിങ്ങൾ ഇവിടെ ഇരുന്ന് » പരീക്ഷയിൽ ഉൾപ്പെടാതിരിയ്ക്കുവാൻ പ്രാർത്ഥിക്കുവിൻ എന്നു അരുളിച്ചെയ്തു.

മർക്കോ. ൧൪. ൩൩. പിന്നെ കേപ്പായേയും, യാക്കോബിനേയും, യോഹന്നാനേയും തന്നോടുകൂടി കൂട്ടിക്കൊണ്ടുപോയി[3] അവൻ ദുഃഖിയ്ക്കുവാനും വ്യസനിയ്ക്കുവാനും തുടങ്ങി.

മത്താ. ൨൬. ൩൮. അവൻ അവരോടു: എൻെറ ആത്മാവു മരണംവരെ[4] ദുഃഖിതയായിരിയ്ക്കുന്നു. നിങ്ങൾ എന്നെപ്പാർത്തു

ഇവിടെ ഇരിസ്സുവിൻ; എന്നോടുക്രുടി ഉണൎന്നിരിക്കയും ചെയ്യുവിൻ എന്ന അരുളിച്ചെയ്തു.

❊ മത്താ. ൨൬. ൩൬.

### വ്യാഖ്യാനം.

1. "ഗെദ്സേമാൻ." സൈത്തു മലയുടെ താഴ്വരയിലത്രെ ഈ തോട്ടം സ്ഥിതിചെയ്യുന്നതു്. ഇവിടെ ധാരാളം സൈത്തു വൃക്ഷങ്ങൾ തഴച്ചു വളൎന്നിരുന്നതിനാൽ ഈ തോട്ടം, "സൈത്തുവൃക്ഷങ്ങളുടെ താഴ്വര" എന്നുക്രുടേയും അൎത്ഥമുള്ള ഗെദ്സേമാൻ എന്നു വിളിക്കപ്പെട്ടിരുന്നു. ഈ തോട്ടത്തിൽ, അത്യധികം പഴക്കം ചെന്ന വൃ സൈത്തു വൃക്ഷങ്ങൾ ഇന്നും നില്ക്കുന്നതു കാണാം. പ്രസ്തുത വൃക്ഷച്ചുവടുകളിലാണു്, ലോകരക്ഷകൻ അങ്ങേ പീഡാനുഭവം ആരംഭിച്ചതെന്നത്രെ ഐതിഹ്യം.

2. "പലപ്രാവശ്യം അവിടെ ഒരുമിച്ചുക്രുടിയിരുന്നു." മനോഹരമായ ഈ ആരാമം, പട്ടണത്തിൻെറ ആരവങ്ങളിൽ നിന്നു വിദൂരമായ ഒരു വിജനപ്രദേശത്തായിരുന്നതിനാൽ ഏകാന്തതയ്ക്കും പ്രാൎത്ഥനാഭ്യാസത്തിനും പററിയ ഒരു സ്ഥലമായിരുന്നു. ഇതിനാൽ, ഈശോ ആ സ്ഥലം തിരഞ്ഞെടുക്കയും അങ്ങേ ശിഷ്യന്മാരുമായി പലപ്പോഴും അവിടെ പോകുകയും പതിവായിരുന്നു.

3. "പിന്നെ കേപ്പായേയും യാക്കോബിനേയും യോഹന്നാനേയും തന്നോടുക്രുടി ക്രുട്ടിക്കൊണ്ടുപോയി." തോട്ടത്തിലെ അങ്ങേ അത്യുഗ്രമായ പീഡകൾക്കു് ദൃക്സാക്ഷികളാകുവാൻ ഈശോ തിരുവുള്ളമായതു, അങ്ങേ സ്വൎഗ്ഗീയപ്രതാപം താബോർമലപ്പുറത്തും യോഹൃറാശിൻെറ ഭവനത്തിലും വച്ചു ദൎശിച്ചവരായ കേപ്പായും യാക്കോബും യോഹന്നാനും മാത്രമായിരുന്നു.

4. "മരണംവരെ." മരിക്കാൻ തക്കവിധത്തിൽ അത്ര ക്ലേശകരമായ ദുഃഖാബ്ധിയിൽ ഈശോ ഇതാ നിമഗ്നനാകുന്നു. അങ്ങേ ദുഃഖത്തിൻെറ പ്രധാന കാരണങ്ങൾ, അങ്ങു അനുഭവിപ്പാനിരുന്ന പീഡകളുടെ കാഠിന്യവും അവകൾ അനേകം പേൎക്കു ഇനിയും ഫലശൂന്യമായി തീരുമല്ലോ എന്നുള്ള ചിന്തയും ആയിരുന്നു.

## 18. ഈശോ അങ്ങേ പിതാവിനെ പ്രാൎത്ഥിയ്ക്കുന്നു. പരിക്ഷയിൽ ഉൾപ്പെടാതിരിയ്ക്കുവാൻ സ്വശിഷ്യന്മാർ ഉണൎന്നിരുന്നു പ്രാൎത്ഥിക്കുവാൻ അങ്ങു അവരെ ഉപദേശിയ്ക്കുന്നു.

മത്താ. ൨൬. ൩൯-൪൪; മൎക്കോ. ൧൪. ൩൫-൪൦;
ലൂക്കാ. ൨൨. ൪൧-൪൭; ൪൫-൪൬.

വിവരണം. വി. മത്തായിയും വി. മൎക്കോസും സവിസ്തരം പ്രതിപാദിക്കുന്ന ഈശോയുടെ ഈ പ്രാൎത്ഥനയെപ്പററി, വി. ലൂക്കാ, വളരെ സംഗ്രഹമായി മാത്രമെ രേഖപ്പെടുത്തിയിട്ടുള്ളു. വി. യോഹന്നാനാകട്ടെ, ആ ഭാഗം വിവരിക്കുന്നതേയില്ല. ഒരേ വചനം തന്നെ ആവൎത്തിച്ചു സ്വപിതാവിനെ മൂന്നു പ്രാവശ്യം ഈശോ പ്രാൎത്ഥിച്ചുവെന്നും അതിനിടക്കു രണ്ടുപ്രാവശ്യം പ്രാൎത്ഥന നിൎത്തി ശിഷ്യന്മാരെ വന്നു സന്ദൎശിച്ചു, ഉണൎന്നിരുന്നു പ്രാൎത്ഥിക്കുവാൻ അവൎക്കു ഉപദേശം നൽകി എന്നും, ആദ്യത്തെ രണ്ടു സുവിശേഷകന്മാരിൽ നിന്നു തെളിവാകുന്നുണ്ടു്.

മൎക്കോ. ൧൪. ൩൫. പിന്നെ അവൻ * അവരിൽ നിന്നു ഒരു കല്ലേറു അകലെ മാറി[1] മുട്ടുകുത്തി» നിലത്തു ¶ കവിഴ്ന്നു» വീണ്, കഴിവുണ്ടെങ്കിൽ (ആ) നാഴിക തന്നെക്കടന്നു പോകട്ടെ എന്നു പ്രാൎത്ഥിച്ചിരുന്നു.

൩൬. പിതാവെ, എൻെറ പിതാവെ, നിനക്കു എല്ലാം കഴിയും;¶ കഴിവുണ്ടെങ്കിൽ[2] » ഈ പാനപാത്രം എന്നിൽ നിന്നു കടത്തി വിടണമെ; എങ്കിലും എൻെറ ഇഷ്ടമല്ല, മറിച്ചു നിൻേറതു് (നിവൃത്തിയാകട്ടെ) എന്നു അവൻ പറഞ്ഞു.

മത്താ. ൨൬. ൪൦. അനന്തരം അവൻ തൻെറ ശിഷ്യന്മാരുടെ അടുക്കൽവന്നു് അവർ ‡ ദുഃഖം നിമിത്തം» ഉറങ്ങുന്നതുകണ്ടു കേപ്പായോടു അരുളിച്ചെയ്തു: ** ശെമ്ഓനെ, നീ ഉറങ്ങിയോ?[3] » ഒരുമണിനേരം എന്നോടുകൂടി ഉണൎന്നിരിക്കുവാൻ നിങ്ങൾക്കു കഴിഞ്ഞില്ലയോ?

ലൂക്കാ. ൨൨. ൪൬. നിങ്ങൾ ഉറങ്ങുന്നതെന്തു്? പരീക്ഷയിൽ ഉൾപ്പെടാതിരിക്കുവാൻ എഴുന്നേററു § ഉണൎന്നിരുന്നു» പ്രാൎത്ഥിക്കുവിൻ[4] എന്നു അരുളിച്ചെയ്തു. § ആത്മാവു മനസ്സുള്ളതും ഒരുക്കമുള്ളതുമായിരിക്കുന്നു, ശരീരമൊ ബലഹീനം.»

മത്താ. ൨൬. ൪൨. വീണ്ടും അവൻ രണ്ടാം പ്രാവശ്യവും പോയി: എൻെറ പിതാവെ, ഞാൻ ഈ പാനപാത്രം കുടിക്കുകയല്ലാതെ അതു കടന്നു പോകുവാൻ കഴിവില്ലെങ്കിൽ നിൻെറ ഇഷ്ടം സാധിക്കട്ടെ എന്നു പറഞ്ഞു പ്രാൎത്ഥിച്ചു.

൪൩. അവൻ വീണ്ടും വന്നപ്പോൾ അവർ ഉറങ്ങുന്നതു കണ്ടു. എന്തുകൊണ്ടെന്നാൽ അവരുടെ കണ്ണുകൾ ഭാരപ്പെട്ടിരുന്നു. †† അവനോടു എന്തു പറയണമെന്നു അവർ അറിഞ്ഞിരുന്നില്ല.»

൪൪. അവൻ അവരെ വിട്ടുപോയി വീണ്ടും മൂന്നാംപ്രാവശ്യവും അതേ വചനം പറഞ്ഞു പ്രാർത്ഥിച്ചു.[5]

* ലൂക്കാ. ൨൨. ൪൧ ¶ മത്താ. ൨൬. ൩൯. ‡ ലൂക്കാ. ൨൨. ൪൬. ‡‡ മക്കോ. ൧൪. ൩൭. § മക്കോ. ൧൪. ൩൮. †† മക്കോ. ൧൪. ൪൦.

## വ്യാഖ്യാനം.

1. "അവരിൽ നിന്നു ഒരു കല്ലേറു അകലെ മാറി." ഈശോ, ഗെദ്സേമാൻ തോട്ടത്തിൽ പ്രവേശിച്ചയുടനെ, പ്രാർത്ഥനാ നിരതരായിരിപ്പാൻ ശ്ലീഹന്മാരോടു ആജ്ഞാപിച്ച ശേഷം, കേപ്പാ, യാക്കോബു, യോഹന്നാൻ എന്നിവരെ കൂട്ടിക്കൊണ്ടു മുന്നോട്ടു പോകുന്നു. ശേഷം ശ്ലീഹന്മാരെ അവിടെ നിർത്തുന്നു. കുറെ അകലെയായി ഇവരേയും ഒരു സ്ഥലത്തു നിർത്തിയശേഷം, അങ്ങ് ഏകാകിയായി മുന്നോട്ടു പോകുന്നു. ഒരു കല്ലേറു അകലെ മാറി, പാറക്കെട്ടുകളുടെയിടയിൽ സ്ഥിതിചെയ്തിരുന്ന ഒരു ഗുഹയിൽ പ്രവേശിച്ചു, മുട്ടുകുത്തി നിലത്തു കവിഴ്ന്നു വീണു, സ്വപിതാവിനെ പ്രാർത്ഥിപ്പാൻ ആരംഭിക്കുന്നു. ഈ ഗുഹ, ഒരു പ്രാർത്ഥനാലയമായി കാലാന്തരത്തിൽ രൂപാന്തരപ്പെട്ടു, തീർത്ഥയാത്രക്കാരുടെ ഒരു സംപൂജ്യ ആസ്ഥാനമായി ഇന്നു പരിലസിക്കുന്നു. മ്ശിഹാ മുട്ടുകുത്തി പ്രാർത്ഥിച്ചപ്പോൾ, അങ്ങേ ദിവ്യ ശരീരസ്പർശനത്താൽ പരിപാവനമാക്കപ്പെട്ട ആ കല്ല്, ഇന്നും ആ ദേവാലയത്തിൽ സംപൂജ്യമായി സൂക്ഷിക്കപ്പെട്ടു വരുന്നുവെന്ന് വാഴ്ത്തപ്പെട്ട ബേദാ എന്ന ദേഹം സാക്ഷിക്കുന്നു.

2. "കഴിവുണ്ടെങ്കിൽ." മനുഷ്യകുലത്തെ നിത്യനാശത്തിൽ നിന്നു രക്ഷിക്കുന്നതിനു മനുഷ്യാവതാരം ചെയ്ത ദൈവസുതൻ, പീഡകളുടെ ആ പാനപാത്രം കുടിക്കേണ്ടതു, ദൈവനിശ്ചയമാണെന്നുള്ളതു് അങ്ങേക്കു നല്ലപോലെ അറിയാമായിരുന്നു. മാത്രമല്ല, മനുഷ്യൻ എന്ന നിലയിലും അതുകൾ അനുഭവിക്കുന്നതിനു അങ്ങു അത്യന്തം ആഗ്രഹിച്ചുമിരുന്നു (ലൂക്കാ. ൨൨. ൧൫). എന്നാൽ, പാപമൊഴിച്ചു മനുഷ്യസ്വഭാവത്തിന്റെ എല്ലാ ക്ഷീണതകളും ഈശോയിലും ഉണ്ടായിരുന്നതു കൊണ്ടു, ഉത്തമാംശം സസന്തോഷം കൈവരിക്കുന്നവകൾ തന്നേയും, പാടുണ്ടെങ്കിൽ വിട്ടൊഴിയുവാൻ, അധമാംശം ആഗ്രഹിക്കാറുള്ള മനുഷ്യ ബലഹീനതയത്രെ ഈശോ ഈ വാക്കുകളാൽ ഇവിടെ പ്രത്യക്ഷപ്പെടുത്തുവാൻ തിരുമനസ്സായതു്.

3. "ശെമ്ഓനെ നീ ഉറങ്ങിയൊ?" ശിഷ്യന്മാർ ഏവരും, ഈശോയെ മരണത്തോളം അനുഗമിപ്പാൻ വാഗ്ദാനം ചെയ്തവരാണെങ്കിലും, അവരിൽ അഗ്രഗണ്യൻ ശെമ്ഓനായിരുന്നു. സ്വഗുരുവിന്റെ നേരെയുള്ള സ്നേഹവിശ്വസ്തത അയാൾ മൂന്നു പ്രാവശ്യം പരസ്യമായി പ്രഖ്യാപനം ചെയ്കയും ചെയ്തു. മാത്രമല്ല, ദൈവനിശ്ചയത്താൽ അയാൾ ശ്ലീഹന്മാരുടെ തലവനുമായിരുന്നു. എന്നിരുന്നിട്ടും, ശെമ്ഓൻ ഈശോയുടെ പീഡകളുടെ നേരത്തു് ഉറങ്ങുകയത്രെ ചെയ്തതു്. ആകയാൽ, ഇതു

കൾ എല്ലാം ശെമ്ഓനെ അനുസ്മരിപ്പിയ്ക്കുമാറ്, 'ശെമ്ഓനെ നീ ഉറങ്ങിയൊ?' എന്നു സ്നേഹപൂർവ്വം ശാസനാത്രപത്തിൽ ചോദിയ്ക്കുന്നു.

4. "പരീക്ഷയിൽ ഉൾപ്പെടാതിരിയ്ക്കുവാൻ എഴുന്നേററു ഉണർന്നിരുന്നു പ്രാർത്ഥിയ്ക്കുവിൻ." നാം പരീക്ഷിയ്ക്കപ്പെടുമ്പോൾ, ശക്തി ക്ഷയിച്ചു, ബുദ്ധി മയങ്ങി, പാപത്തിൽ അധഃപതിച്ചു പോകാതെയിരിയ്ക്കണമെങ്കിൽ, ഉണർന്നിരിയ്ക്കുകയും പ്രാർത്ഥിയ്ക്കുകയും വേണം. അതായതു, ശത്രുവിന്റെ ആക്രമണത്തിനു മുൻകരുതലുള്ളവരായിരിയ്ക്കുകയും, അതേസമയംതന്നെ, വിനയസമന്വിതം ദൈവസഹായം അഭ്യർത്ഥിക്കയും വേണം. ഇപ്രകാരം നാം ചെയ്യുന്നുവെങ്കിൽ, പരീക്ഷകൾ എത്ര ശക്തിമത്തായിരിക്കട്ടെ, നാം ഒരുനാളും അധഃപതിക്കയില്ല, നിശ്ചയം. എന്നാൽ, നാം പലപ്പോഴും വീഴുന്നതു്, ശ്ലീഹന്മാരെപ്പോലെ, മ്ശിഹായുടെ ഉപദേശം കാത്തനുസരിക്കായ്കയാലത്രെ.

5 "അതേവചനം പറഞ്ഞു പ്രാർത്ഥിച്ചു." നമ്മുടെ പ്രാർത്ഥനയുടെ ഫലസിദ്ധി, അതിന്റെ ദൈർഘ്യത്തിലോ, പദവൈശിഷ്ട്യത്തിലോ, അവയുടെ നാനാത്വത്തിലോ അല്ല സ്ഥിതിചെയ്യുന്നതെന്നും, പ്രത്യുത, ഹൃദയതീക്ഷ്ണതയിൽ നിന്നുത്ഭവിച്ചാൽ മാത്രമെ അവ ഫലപ്രാപ്യമാകുകയുള്ളു എന്നും, ഈശോ ഇവിടെ സ്വദൃഷ്ടാന്തത്താൽ നമ്മെ ഉൽബോധിപ്പിയ്ക്കുന്നു.

## 19. സ്വർഗ്ഗത്തിൽ നിന്നു് ഒരു ദൂതൻ ഈശോയ്ക്കു് പ്രത്യക്ഷനായി അങ്ങേ ശക്തിപെടുത്തുന്നു. അങ്ങ് വ്യസനാധിക്യത്താൽ രക്തം വിയർക്കുന്നു.

മത്താ. ൨൬. ൩൭-൩൯; മർക്കോ. ൧൪. ൩൪-൩൬;
ലൂക്കാ. ൨൨. ൪൩-൪൪.

വിവരണം. ദിവ്യരക്ഷകനു് മാലാകാ പ്രത്യക്ഷനായി, അങ്ങേ ശക്തിപെടുത്തിയതും, വ്യസനാധിക്യത്താൽ അങ്ങു് രക്തം വിയർത്തതും വി. ലൂക്കാ മാത്രമെ വിവരിയ്ക്കുന്നുള്ളു. പ്രസ്തുത സംഭവങ്ങൾ നടന്നതു്, ഒന്നാംപ്രാവശ്യം പ്രാർത്ഥിച്ച ശേഷമാണെന്നു് അഭിപ്രായപ്പെടുന്ന വ്യാഖ്യാതാക്കൾ ഇല്ലാതില്ല. അവർ ഇപ്രകാരം അഭിപ്രായപ്പെടുന്നതിനുള്ള പ്രധാന കാരണം, വി. ലൂക്കായുടെ സംഗ്രഹമായ വിവരണം ഒന്നുമാത്രമാണു്. പക്ഷെ, കാര്യത്തിനും, വേദവാക്യങ്ങൾക്കും കൂടുതൽ അനുയോജ്യമായ അഭിപ്രായം, ഇവ, മൂന്നാംപ്രാവശ്യം പ്രാർത്ഥിച്ചശേഷം നടന്ന സംഭവങ്ങൾ ആണെന്നുള്ളതാണു്.

ലൂക്കാ. ൨൨. ൪൩. അപ്പോൾ അവനെ ശക്തിപെടുത്തുവാൻ[1] സ്വർഗ്ഗത്തിൽ നിന്നു ഒരു ദൂതൻ അവനു പ്രത്യക്ഷനായി. അവനോ ഭയത്തോടുകൂടിയിരുന്നതുകൊണ്ടു നിർബ്ബന്ധപൂർവ്വം പ്രാർത്ഥിച്ചിരുന്നു.

൪൪. അപ്പോൾ അവൻെറ വിയൎപ്പ് രക്തത്തുള്ളികൾ പോലെയായി[2] നിലത്തു വീണു.

൪൫. പിന്നെ അവൻ തൻെറ പ്രാൎത്ഥന വിട്ടു എഴുന്നേററു * മൂന്നാംപ്രാവശ്യം» തൻെറ ശിഷ്യന്മാരുടെ അടുക്കൽവന്നു * അവരോടു അരുളിച്ചെയ്തു: ഇനി നിങ്ങൾ ഉറങ്ങി ആശ്വസിച്ചു കൊള്ളുവിൻ.[3] അവസാനം അടുത്തു, നാഴിക വന്നു. ഇതാ! മനുഷ്യപുത്രൻ പാപികളുടെ കൈകളിൽ ഏല്പിയ്ക്കപ്പെടുന്നു».

മൎക്കോ. ൧൪. ൪൨. എഴുന്നേൽക്കുവിൻ; നമുക്കുപോകാം. ഇതാ! എന്നെ ഒററിക്കൊടുക്കുന്നവൻ അടുത്തിരിയ്ക്കുന്നു.

* മൎക്കോ. ൧൪. ൪൧.

## വ്യാഖ്യാനം.

1. "അവനെ ശക്തിപ്പെടുത്തുവാൻ." മനുഷ്യരക്ഷണാൎത്ഥം അങ്ങ് അനുഭവിക്കേണ്ടിയിരുന്ന അത്യുഗ്രമായ പീഡകളുടെ ദൎശനത്താൽ, ഈശോ അങ്ങേ മനുഷ്യസ്വഭാവത്തിൽ ഭയവിഹ്വലനായിതീൎന്നു. എന്നാൽ, ആ പീഡകൾ സസന്തോഷം കൈവരിയ്ക്കുന്നതിനായി, അതുകൾമൂലം ദൈവത്തിനുണ്ടാകാവുന്ന സ്തുതിയും മനുഷ്യകുലത്തിനു വന്നുകൂടാവുന്ന രക്ഷയും, മാലാഖാ, ഈശോയുടെ ദൃഷ്ടിപഥത്തിൽ വരുത്തി, അങ്ങേ ധൈൎയ്യപ്പെടുത്തുകയും ശക്തിപ്പെടുത്തുകയും ചെയ്തു.

2. "വിയൎപ്പ്, രക്തത്തുള്ളികൾ പോലെയായി." വ്യാകുലാധിക്യത്താൽ ഈശോ ആ സമയം വിയൎത്തതു രക്തമായിരുന്നു. തീരെ അസാധാരണമായ ഈ രക്തവിയൎപ്പ്, അങ്ങ് അനുഭവിപ്പാറായിരുന്ന കഠോരപീഡകളുടെ സ്മരണയാൽ ഉണ്ടായ അതിഭയങ്കരമായ മനഃക്ലേശത്തിൻേറയും, പീഡകൾ വിട്ടൊഴിയണമെന്ന് അധമാംശവും, അതുകൾ സഹിച്ചേ തീരുവെന്ന് ഉത്തമാംശവും, അതി തീവ്രമായി പരസ്പരം ഉൽബോധിപ്പിച്ചതിൻെറ ഫലമായുണ്ടായ അത്യുഗ്രമായ ആന്തരിക സമരത്തിൻേറയും, ഫലമായിരുന്നുവെന്നാണ്, ശാസ്ത്രജ്ഞന്മാർ ഇതു് സംബന്ധിച്ചു അഭിപ്രായപ്പെടുന്നതു്.

3. "ഇനി നിങ്ങൾ ഉറങ്ങി ആശ്വസിച്ചു കൊള്ളുവിൻ." ഒററിക്കൊടുക്കുവാനിരുന്ന യൂദായുടെ ആഗമനം ആസന്നമായിരുന്നതിനാൽ, അവൻ വരുന്നതുവരെ, സ്വല്പനേരം, അവർ ഉറങ്ങി ആശ്വസിച്ചുകൊള്ളുവാൻ സ്വശിഷ്യൎക്കു അനുമതി നൽകുന്നതായി, ഈ വാക്യത്തെ വ്യാഖ്യാനിയ്ക്കുന്നവരുണ്ടു്. അങ്ങേ അതിഭയങ്കര പീഡാനുഭവത്തിൽ കൂടേയും, അവർ ഉറങ്ങുന്നതിനെപ്പററി, സ്നേഹപൂൎവ്വം ആവലാതിപ്പെടുന്നതായി, ഇതു്, വ്യാഖ്യാനിയ്ക്കുന്നവരും ഇല്ലാതില്ല. എന്നാൽ ന. ദി. രക്ഷകൻ, ആക്ഷേപസൂചകമായി സ്വശിഷ്യരോടു ഏതെങ്കിലും പറയുന്നതിനു, ഈ വാക്യംകൊണ്ടു ഉദ്ദേശിച്ചു എന്നു വിചാരിപ്പാൻ, സാഹചൎയ്യം അനുവദിയ്ക്കുന്നില്ല.

## 20. യൂദാ സ്കറിയോത്താ ഈശോയെ ചുംബിച്ചുകൊണ്ട് ഒററിക്കൊടുക്കുന്നു.

മത്താ. ൨൬. ൪൭-൫൦; മർക്കോ. ൧൪. ൪൩-൪൬; ലൂക്കാ. ൨൨. ൪൭-൪൮; യോഹ. ൧൮. ൩.

വിവരണം. യൂദായുടെ ഗുരുദ്രോഹത്തെക്കുറിച്ചു, നാല് സുവിശേഷകന്മാരും പ്രതിപാദിക്കുന്നുണ്ട്. ഓരോരുത്തരും, അവരവരുടെ ഉദ്ദേശം മുൻനിർത്തി വിവരിക്കുന്ന ഓരോ സംഭവങ്ങളിൽനിന്ന്, യൂദായുടെ നീചമായ ഈ സ്വാമിദ്രോഹത്തെക്കുറിച്ചുള്ള സമഗ്രമായ ഒരു വിവരണം നമുക്കു ലഭിക്കുന്നുണ്ട്.

മത്താ. ൨൬. ൪൭. അവൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ ഇതാ! പന്ത്രണ്ടുപേരിൽ ഒരുത്തനായ ഒററിക്കൊടുക്കുന്ന * യൂദാസ്കറിയോത്താ» ¶ പട്ടാളത്തെ കൂട്ടിക്കൊണ്ടും[1] പ്രധാനാചാര്യന്മാരുടേയും പ്രീശരുടേയും അടുക്കൽ നിന്നു സേവകരെ കൂട്ടിക്കൊണ്ടും, വിളക്കുകളും പന്തങ്ങളും ആയുധവുമായി അവിടേക്കുവന്നു». അവനോടുകൂടെ പ്രധാനാചാര്യന്മാരുടേയും * നിയമജ്ഞന്മാരുടേയും» ജനത്തിലെ മൂപ്പന്മാരുടേയും അടുക്കൽ നിന്നു വാളുകളും വടികളുമായി വളരെ ജനക്കൂട്ടവും വന്നെത്തി.

മർക്കോ. ൧൪. ൪൪. ഒററിക്കൊടുത്തിരുന്നവൻ: ഞാൻ ആരെ ചുംബിക്കുന്നുവോ അവൻ തന്നെയാകുന്നു; അവനെ നിങ്ങൾ സൂക്ഷത്തോടെ പിടിച്ചു[2] അവനെ കൊണ്ടുപൊയ്ക്കൊള്ളുവിൻ എന്നു അവർക്കു അടയാളം പറഞ്ഞുകൊടുത്തിരുന്നു.

മത്താ. ൨൬. ൪൯. ആകയാൽ അവൻ ഉടനെ ഈശോയുടെ അടുക്കൽ വന്നു: റബ്ബി! സ്വസ്തി! എന്നു പറഞ്ഞു അവനെ ചുംബിച്ചു.

൫൦. ഈശോയോ അവനോടു: എന്റെ കൂട്ടുകാരാ, ഇതിനായിട്ടോ നീ വന്നതു?.[3] ‡ യൂദാ, നീ മനുഷ്യപുത്രനെ ചുംബനം കൊണ്ടു ഒററിക്കൊടുക്കുന്നുവോ? എന്നു ചോദിക്കുന്നു».

* മർക്കോ. ൧൪. ൪൩. ¶ യോഹ. ൧൮. ൩. ‡ ലൂക്കാ. ൨൨. ൪൮.

### വ്യാഖ്യാനം.

1. "പട്ടാളത്തെ കൂട്ടിക്കൊണ്ടും." അറുനൂറോളം വരുന്ന റോമൻ ഭടന്മാർ അടങ്ങിയ ഒരു ചെറു സൈന്യവും, അതായതു, ഒരു സേനയുടെ (ലീജ്യൻ) പത്തിൽ ഒരംശവും, അതിനു സഹസ്രാധിപൻ എന്ന നാ

SHASSANA ... SHETHIOLI...

മത്തിൽ ഒരു സേനാനായകനും, ഓറെല്ലം പട്ടണത്തിൻേറയും ദേവാലയത്തിൻേറയും സംരക്ഷണാൎത്ഥം, റോമാ ഭരണാധികാരിയുടെ അധീനത്തിൽ കാക്കപ്പെട്ടിരുന്നു. ഈ സൈന്യവ്യൂഹത്തിൻെറ ഒരു വിഭാഗമത്രെ, യൂദജനത്തിൻെറ അപേക്ഷാനുസരണം, യൂദാസ്സ് കൊടുക്കപ്പെട്ടതു്.

2. "നിങ്ങൾ സൂക്ഷത്തോടെ പിടിച്ചു." ഈശോയുടെ ദൈവീകശക്തിയും, മുൻപ് പല അവസരങ്ങളിൽ അങ്ങേ കൊല്ലുന്നതിനു യഹൂദന്മാർ ചെയ്ത പരിശ്രമങ്ങൾ വിഫലീഭവിച്ച വസ്തുതയും, അറിഞ്ഞിരുന്ന യൂദാ, ഈ അവസരത്തിലും, അങ്ങനെ ഒരു അനിഷ്ട സംഭവം നേരിടാതിരിപ്പാൻ വേണ്ടി, അതി സൂക്ഷമുള്ളവരായിരിപ്പാൻ അവൎക്കു മുന്നറിവു കൊടുക്കുന്നു.

3. "എൻെറ കൂട്ടുകാരാ, ഇതിനായിട്ടോ നീ വന്നതു്?" സ്നേഹത്തിൻെറ ഭാവത്തിൽ യൂദാ ചെയ്ത ആ പ്രവൃത്തിയുടെ ഉദ്ദേശം, ഈശോയിക്കു മനസ്സിലായി എന്നു അവനെ ഗ്രഹിപ്പിക്കുവാനും, അതേ സമയം തന്നെ, പാടുണ്ടെങ്കിൽ, അവനെ മാനസ്സാന്തരപ്പെടുത്തുന്നതിനും ആയിട്ടു, സ്നേഹിതാ എന്നു വിളിച്ചുകൊണ്ടു, അവൻെറ ഉദ്ദേശം തന്നിൽ നിന്നു ഗോപ്യമല്ല എന്നു ഈശോ തെളിവായി അവനെ ധരിപ്പിക്കുന്നു.

## 21. 'നസ്രായനായ ഈശോ ഞാൻ ആകുന്നു' എന്നു് ഈശോ അരുളിച്ചെയ്തപ്പോൾ, അങ്ങേ ശത്രുക്കൾ പിന്നോക്കം പോയി നിലത്തു വീഴുന്നു.

മത്താ. ൨൬. ൫൦; മൎക്കോ. ൧൪. ൪൬; യോഹ. ൧൮. ൪-൯.

വിവരണം. തോട്ടത്തിൽവച്ചു, ശത്രുക്കൾ ഈശോയെ പിടിച്ച സംഗതി, ആദ്യത്തെ രണ്ടു സുവിശേഷകന്മാർ വളരെ സംഗ്രഹമായി മാത്രമെ വിവരിക്കുന്നുള്ളു. വി. യോഹന്നാനാകട്ടെ, ഈശോയെ പിടിക്കുന്നതിനായി വന്ന പടയാളികളും, പ്രധാനാചാൎയ്യന്മാരുടെ സേവകന്മാരും, ചുംബനാനന്തരം, ശത്രുസംഘത്തിൽ കലൎന്നു നിന്ന യൂദാ തന്നേയും, "നിങ്ങൾ അന്വേഷിക്കുന്ന നസ്രായനായ ഈശോ ഞാൻ ആകുന്നു" എന്നു ഈശോ മറുപടി പറഞ്ഞ മാത്രയിൽ, പിന്നോക്കം പോയി നിലത്തു വീണു എന്നുള്ള വസ്തുത, ഒരു ചരിത്രകാരനെപ്പോലെ വിശദമായി വിവരിച്ചു കാണുന്നു.

യോഹ. ൧൮ ൪. തൻെറമേൽ വന്നു കൂടുവാനിരുന്നതെല്ലാം അറിഞ്ഞിരുന്ന ഈശോയോ പുറപ്പെട്ടുചെന്നു[1] അവരോടു: നിങ്ങൾ ആരെ അന്വേഷിക്കുന്നു? എന്നു ചോദിച്ചു.

൫. നസ്രായനായ ഈശോയെ എന്നു അവർ അവനോടു പറയുന്നു. ഈശോ അവരോടു: ഞാൻ ആകുന്നു എന്നു അരുളിച്ചെയ്യുന്നു. ഒററിക്കൊടുക്കുന്ന യൂദായും അവരോടുകൂടി നിന്നിരുന്നു.[2]

൬. ഞാൻ ആകുന്നു എന്നു ഈശോ അവരോടു അരുളിച്ചെയ്യപ്പോൾ അവർ പിന്നോക്കംപോയി നിലത്തു വീണു.[3]

൭. നിങ്ങൾ ആരെ അന്വേഷിയ്ക്കുന്നു? എന്നു ഈശോ വീണ്ടും അവരോടു ചോദിച്ചു. നസ്രായനായ ഈശോയെ എന്നു അവർ പറഞ്ഞു.

൮. ഈശോ അവരോടു: ഞാൻ ആകുന്നു എന്നു നിങ്ങളോടു പറഞ്ഞുവല്ലൊ. എന്നെയാകുന്നു നിങ്ങൾ അന്വേഷിയ്ക്കുന്നതെങ്കിൽ ഇവർ പൊയ്ക്കൊള്ളുവാൻ സമ്മതിയ്ക്കുവിൻ എന്നു അരുളിച്ചെയ്യുന്നു.

൯. നീ എനിയ്ക്കു തന്നവരിൽ ഒരുത്തനെപ്പോലും ഞാൻ നശിപ്പിച്ചില്ല എന്നു അവൻ അരുളിച്ചെയ്ത വചനം നിവൃത്തിയാകുവാൻതന്നെ.

മത്താ. ൨൬. ൫൦. അപ്പോൾ അവർ അടുത്തു ഈശോയുടെമേൽ തങ്ങളുടെ കൈകൾ വെച്ചു അവനെ പിടിച്ചു.

## വ്യാഖ്യാനം.

1. "പുറപ്പെട്ടു ചെന്നു്." യൂദായുടെ ഉപായവും കൌശലവുംകൊണ്ടല്ല, ഈശോ, യൂദന്മാരുടെ ക്രൂരതയ്ക്കും അപമാനകരമായ മരണത്തിനും അധീനപ്പെട്ടതെന്നും, പ്രത്യുത, അങ്ങു് മനസ്സായതിനാലും സ്വയം അവക്കു കല്പിച്ചതിനാലും മാത്രമാണു്, അവക്കു അങ്ങേ പിടിയ്ക്കുന്നതിനും പീഡകൾ അനുഭവിപ്പിക്കുന്നതിനും സാധിച്ചതെന്നും, ഈ വാക്യം സവ്യക്തം തെളിയിയ്ക്കുന്നു.

2. "ഒററിക്കൊടുക്കുന്ന യൂദായും അവരോടുക്രുടി നിന്നിരുന്നു." എത്ര പരിതാപകരമായ ഒരു ചിത്രം! ഒരു ഭാഗത്തു, ഈശോയും അങ്ങേ പതിനൊന്നു ശിഷ്യരും; മറുഭാഗത്തു, ഈശോയുടെ ശത്രുക്കളും അവരുടെ നായകസ്ഥാനം വഹിച്ചുകൊണ്ടു്, ഈശോയുടെ ശിഷ്യരിൽ ഒരുവനായ യൂദായും! തങ്ങളിൽ നിന്നു നന്മകൾ കൈക്കൊണ്ടവരിൽനിന്നുതന്നേയും, വിശുദ്ധന്മാർ സങ്കടങ്ങൾ അനുഭവിക്കേണ്ടിവന്ന അവസരങ്ങളിൽ, ഈ സ്മരണ, അവക്കു എത്രആശ്വാസപ്രദമായിരുന്നിരിയ്ക്കണം.

3. "അവർ പിന്നോക്കം പോയി നിലത്തു വീണു." വാളുകളും വടികളും ആയുധങ്ങളും വിളക്കുകളും പന്തങ്ങളുമായി വന്ന, ആ പടയാളികളേയും സേവകന്മാരേയും വലിയ ഒരു ജനക്കൂട്ടത്തേയും യൂദായെത്തന്നേയും, ഇത്ര പരിഭ്രമിപ്പിച്ചു നിലംപതിപ്പിയ്ക്കത്തക്ക ആ ശക്തി, ഈശോയിൽ എന്തായിരുന്നിരിയ്ക്കണം? അതു, നസ്രായനായ ഈശോ ഞാനാകുന്നു എന്നു അങ്ങു് അരുളിച്ചെയ്കയിൽ, അവർ അങ്ങിൽ ദശിച്ച, ദൈവീക പ്രഭയും ശക്തിയും ഒന്നുമാത്രമായിരുന്നു. അങ്ങു്, സ്വയം ഏല്പിയ്ക്കാതെ, അവക്കു അങ്ങിൽ യാതോരു ശക്തിയുമില്ലായിരുന്നു എന്നല്ലയോ, ഈ സംഭവം വിളിച്ചറിയിക്കുന്നതു്?

22. ശെമ്ഓൻ കേപ്പാ, പ്രധാനാചാൎയ്യൻെറ ഭൃത്യനായ മാലേക്കിൻെറ ചെവി ഛേദിയ്ക്കുന്നു. ഈശോ അവനെ സുഖമാക്കുന്നു.

മത്താ. ൨൬. ൫൧-൫൪; മൎക്കോ. ൧൪. ൪൭; ലൂക്കാ. ൨൨. ൪൯-൫൧; യോഹ. ൧൮. ൧൦-൧൧.

വിവരണം. ഈ സംഭവം നാലു സുവിശേഷകന്മാരും വിവരിക്കുന്നുണ്ട്. വി. മത്തായിയും, വി. ലൂക്കായും, വി. യോഹന്നാനും, ചില പ്രത്യേക സംഗതികൾ, കൂടുതൽ വിശദമായും, പ്രസ്താവിച്ചു കാണുന്നു.

ലൂക്കാ. ൨൨. ൪൯. അവനോടുകൂടിയുള്ളവരോ സംഭവിച്ച കാൎയ്യം കണ്ടിട്ട്: ഞങ്ങളുടെ കൎത്താവെ, ഞങ്ങൾ വാളുകൾ കൊണ്ട് അവരെ വെട്ടട്ടെയോ? എന്നു അവനോടു ചോദിയ്ക്കുന്നു.

യോഹ. ൧൮. ൧൦. * ഈശോയോടുകൂടി» ¶ നിന്നിരുന്നവരിൽ ഒരുത്തനായ» ശെമ്ഓൻ കേപ്പാമ്ക്കു തൻെറ പക്കൽ ഒരു വാൾ ഉണ്ടായിരുന്നു. അവൻ * കൈനീട്ടി» അതു് ഊരി പ്രധാനാചാൎയ്യൻെറ ഭൃത്യനെ വെട്ടി, അവൻെറ വലത്തു കാതു് ഛേദിച്ചുകളഞ്ഞു. (ആ) ഭൃത്യൻെറ പേരോ മാലേക് (എന്നായിരുന്നു).

ലൂക്കാ. ൨൨. ൫൧. എന്നാൽ ഈശോ ഉത്തരമായി: ഇതു് വരെ (പോയതു) മതി[1] എന്നു അരുളിച്ചെയ്തു. പിന്നെ അവൻ വെട്ടേററവൻെറ ചെവി തൊട്ടു അതു സുഖപ്പെടുത്തി.

യോഹ. ൧൮. ൧൧. അപ്പോൾ ഈശോ കേപ്പായോടു: വാൾ അതിൻെറ ഉറയിൽ ഇടുക. ‖ എന്തുകൊണ്ടെന്നാൽ വാളുകൾ എടുക്കുന്നവരെല്ലാം വാളുകളാൽ മരിയ്ക്കും». എൻെറ പിതാവ് എനിയ്ക്കു തന്ന പാനപാത്രം ഞാൻ കുടിയ്ക്കേണ്ടയോ?

മത്താ. ൨൬. ൫൩. (ദൈവ) ദൂതന്മാരുടെ പന്ത്രണ്ടിലധികം സേനകളെ[2] ഇപ്പോൾ എനിക്കുവേണ്ടി നിൎമ്മിയ്ക്കുവാൻ എൻെറ പിതാവിനോടു പ്രാൎത്ഥിയ്ക്കുന്നതിനു എനിയ്ക്കു കഴികയില്ലെന്നു നീ വിചാരിയ്ക്കുന്നുവോ?

൫൪. അങ്ങനെയായാൽ ഇപ്രകാരം സംഭവിക്കേണ്ടതാകുന്നു എന്നുള്ള തിരുവെഴുത്തുകൾ എങ്ങനെ നിവൃത്തിയാകും? ** എന്നു അരുളിച്ചെയ്തു».

* മത്താ. ൨൬. ൫൧. ¶ മൎക്കോ. ൧൪. ൪൭. ‖ മത്താ. ൨൬. ൫൨. ** യോഹ. ൧൮. ൧൧.

## വ്യാഖ്യാനം.

1. "ഇതുവരെ (പോയതു) മതി." ഈശോയെ പിടിക്കുന്നതിനായി വന്ന ശത്രുക്കളെ, വാളുകൾ കൊണ്ടു വെട്ടട്ടെ എന്നു ശ്ലീഹന്മാർ കർത്താവിനോടു ചോദിച്ചു. അതിനുശേഷം, അവർ കർത്താവിൻെറ മറുപടി പാർത്തിരിക്കേണ്ടതായിരുന്നു. പക്ഷെ, ഈശോ ഏതെങ്കിലും അരുളിച്ചെയ്യുന്നതിനു മുമ്പായി, ശെമ്ഓൻ കേപ്പാ വാൾ ഊരി മാലേക്കിൻെറ ചെവി വെട്ടിക്കഴിഞ്ഞു. ഈശോയുടെ ക്ഷമാശീലത്തിനും ശാന്തതയ്ക്കും, പീഡകൾ സ്വയം സ്വീകരിക്കുന്നതിൽ അങ്ങേയ്ക്കുണ്ടായിരുന്ന വിശുദ്ധമായ ഉദ്ദേശ്യങ്ങൾക്കും, അശേഷം യോജിച്ചതല്ലായിരുന്നു, ശിഷ്യഗണത്തിൻെറ ഈ പ്രവർത്തനാരീതി. ആകയാൽ ചെയ്തിടത്തോളം മതി, ഇനി ഒന്നും ചെയ്യരുതു്, എന്നു മുടക്കിക്കൊണ്ടു, മുറിവേററവനെ അങ്ങു സുഖമാക്കുന്നു.

2. "(ദൈവ) ദൂതന്മാരുടെ പന്ത്രണ്ടിലധികം സേനകളെ." റോമാക്കാരുടെ സൈനികവിധികളനുസരിച്ചു്, ഒരു സൈന്യ വ്യൂഹം ൬൦൦൦ പടയാളികൾ അടങ്ങിയതായിരുന്നു. അങ്ങനെയുള്ള പന്ത്രണ്ടോ അതിലധികമോ സേനകളെ, അതും, ദൈവദൂതന്മാരുടെ സേനകളെ, സംഭരിക്കുവാൻ ദൈവമായ അങ്ങേയ്ക്കു്, മനസ്സാകേണ്ട താമസമേയുണ്ടായിരുന്നുള്ളു. ഒരേ ഒരു മാലാകാ, അസ്സീറിയാക്കാരുടെ പാളയത്തിൽ ഒരു രാത്രിസമയംകൊണ്ടു, ഒരു ലക്ഷത്തി എൺപത്തി അയ്യായിരം ജനത്തെ (IV. രാജാ. 19. 35.) സംഹരിച്ചതോർക്കുമ്പോൾ, ദൈവദൂതന്മാരുടെ ൧൨ സേനകളുടെ ശക്തി എന്തായിരിക്കണം! അതിനെതിരായി, ശത്രുഭാഗത്തുള്ള ഏതാനും പടയാളികൾക്കും കുറെ സേവകന്മാർക്കും ഒരു ജനക്കൂട്ടത്തിനും, ഈശോയോടു എന്തുചെയ്യാൻ സാധിക്കുമായിരുന്നു?

23. ശത്രുക്കളായ യൂദന്മാരോടുള്ള ഈശോയുടെ പ്രശാന്തവും സഗൌരവവുമായ സംഭാഷണം. ശ്ലീഹന്മാർ ഈശോയെ വിട്ടു ഓടിപ്പോകുന്നു.

മത്താ. ൨൬. ൫൧-൫൬; മർക്കോ. ൧൪. ൪൮-൫൦;
ലൂക്കാ. ൨൨. ൫൨-൫൩.

വിവരണം. ആദ്യത്തെ മൂന്നു സുവിശേഷകന്മാരും, ഈശോയുടെ ഈ സംഭാഷണത്തെപ്പററി പ്രതിപാദിക്കുന്നുണ്ടു്. എന്നാൽ, ശിഷ്യഗണം ഈശോയെ വിട്ടു ഓടിപ്പോയി എന്ന വിവരം, വി. മത്തായിയും വി. മർക്കോസും മാത്രമെ പ്രസ്താവിക്കുന്നുള്ളു.

ലൂക്കാ. ൨൨. ൫൨. അനന്തരം ഈശോ തനിക്കെതിരായി വന്ന※ ജനക്കൂട്ടങ്ങളോടും» പ്രധാനാചാര്യന്മാർ മൂപ്പന്മാർ ദേവാലയസേനകളുടെ നായകന്മാർ എന്നവരോടും അരുളിച്ചെയ്തു: ഒരു കള്ളൻെറ നേരെ എന്നപോലെ എന്നെപ്പിടിക്കുവാൻ

വാളുകളോടും വടികളോടുംകൂടി എനിയ്ക്കു വിരോധമായി നിങ്ങൾ പുറപ്പെട്ടിരിയ്ക്കുന്നുവല്ലോ.

൫൫. ഞാൻ * പഠിപ്പിച്ചുകൊണ്ടു» എല്ലാ ദിവസവും നിങ്ങളോടുകൂടി ദേവാലയത്തിൽ ആയിരുന്നു; എങ്കിലും എന്റെ മേൽ നിങ്ങൾ കൈകൾ നീട്ടിയില്ല, * എന്നെ നിങ്ങൾ പിടിച്ചില്ല». എന്നാൽ ഇത് നിങ്ങളുടെ നാഴികയും അന്ധകാരത്തിന്റെ ശക്തിയും[1] ആകുന്നു.

മത്താ. ൨൬. ൫൬. പ്രവാചകന്മാരുടെ ഗ്രന്ഥങ്ങൾ നിവൃത്തിയാകുവാൻ സംഭവിച്ചതു (ആകുന്നു) ഇത്. അപ്പോൾ ശിഷ്യന്മാരെല്ലാം അവനെ വിട്ടു ഓടിപ്പോയി.[2]

* മത്താ. ൨൬. ൫൫.

## വ്യാഖ്യാനം.

1. "നിങ്ങളുടെ നാഴികയും അന്ധകാരത്തിന്റെ ശക്തിയും". പിശാച്, സത്യത്തിന്റെ പ്രകാശത്തെ വെറുക്കുകയും, ആദ്ധ്യാത്മിക ഇരുളിനെ സ്നേഹിയ്ക്കുകയും ചെയ്യുന്നതുകൊണ്ടു, അവനെ, അന്ധകാരത്തോടു സാമ്യപ്പെടുത്താറുണ്ട്. ആകയാൽ, പൈശാചിക പ്രേരണയാൽ അവന്റെ പ്രവൃത്തികൾ നിങ്ങൾ എന്നോടു ചെയ്യുന്നതിനും, തൻമൂലം ദൈവചിത്തം നിവൃത്തിയാകുന്നതിനും, നിങ്ങൾ സ്വതന്ത്രബുദ്ധ്യാ തെരഞ്ഞെടുത്ത സമയം എന്നത്ഥം.

2. "ശിഷ്യന്മാരെല്ലാം അവനെ വിട്ടു ഓടിപ്പോയി". വിലപനീയമായ മനുഷ്യബലഹീനത! അങ്ങെയോടുകൂടെ മൃത്യു കൈവരിയ്ക്കുവാൻ പോലും ഒരുങ്ങിയിരുന്ന ശിഷ്യഗണത്തിൽ ഒരുത്തനെങ്കിലും, ശത്രുക്കൾ ഈശോയെ പിടിച്ചസമയം, അങ്ങെയോടുകൂടെ വിശ്വസ്തനായി നില്പാൻ ശക്തനായില്ല. കത്താവിന്റെ വാക്യം അക്ഷരാത്ഥം നിറവേറുമാറു എല്ലാവരും ഓടിപ്പോയി. വി. യോഹന്നാനും വി. പത്രോസും ആകട്ടെ, സ്വല്പനേരം കഴിഞ്ഞശേഷം, ഭയവും സ്നേഹവും കലന്ന ഹൃദയത്തോടുകൂടെ, തങ്ങളുടെ ഗുരുവിനെ അല്പം അകലെയായി എങ്കിലും, (യോഹ. ൧൮. ൧൫.) അനുഗമിപ്പാൻ ശക്തരായി.

## 24. ശത്രുക്കളായ യൂദന്മാർ ഈശോയെ പിടിച്ചുകെട്ടി, ആദ്യം ഹന്നാന്റെ പക്കലും പിന്നീടു പ്രധാനാചാൎയ്യനായ കയ്യാപ്പായുടെ പക്കലും കൊണ്ടുപോകുന്നു.

മത്താ. ൨൬. ൫൭; മക്കോ. ൧൪. ൫൩-൫൪; ലൂക്കാ. ൨൨. ൫൪; യോഹ. ൧൮. ൧൨-൧൪, ൨൪.

വിവരണം. മുൻപ് (മത്താ. ൨൬. ൫൦.) കണ്ടതുപോലെ, ശത്രുക്കൾ ഈശോയുടെമേൽ കൈകൾ വച്ചു അങ്ങേ പിടിച്ചു എങ്കിലും, അവർ ഉടനെ അങ്ങേ ബന്ധനസ്ഥനാക്കിയില്ല. മാലേക്കിന്റെ ചെവി സുഖമാക്കുവാൻ, അങ്ങ് അവന്റെ മുറിഞ്ഞ ചെവി തൊട്ടു എന്നു പറയുന്നതിൽനിന്നു ആ സംഗതി വിശദമാകുന്നുണ്ട്. ഇപ്പോഴാകട്ടെ, അവർ അങ്ങേ പിടിച്ചു ബന്ധിച്ചശേഷം, ഹന്നാന്റെയും, കയ്യാപ്പായുടെയും പക്കൽ കൊണ്ടുപോകുന്നു.

യോഹ. ൧൮. ൧൨. ആ സമയത്തു പട്ടാളവും, സഹസ്രാധിപന്മാരും, യൂദന്മാരുടെ സേവകരും ഈശോയെ പിടിച്ചു അവനെ ബന്ധിച്ചു.

൧൩. പിന്നെ അവർ ഹന്നാന്റെ അടുക്കൽ അവനെ ആദ്യമായി കൊണ്ടുപോയി. എന്തുകൊണ്ടെന്നാൽ അവൻ ആ വത്സരത്തിലെ പ്രധാനാചാൎയ്യനായിരുന്ന[1] കയ്യാപ്പായുടെ അമ്മായിഅപ്പൻ ആയിരുന്നു.

൧൪. കയ്യാപ്പായോ, ജനത്തിനുവേണ്ടി ഒരു മനുഷ്യൻ മരിക്കുന്നതു നല്ലതാകുന്നു എന്നു യൂദന്മാൎക്കു ആലോചന നൽകിയവൻ ആയിരുന്നു.

മൎക്കോ. ൧൪. ൫൧. എന്നാൽ ഒരു യുവാവ് അവന്റെ പിന്നാലെ പോയിരുന്നു.[2] നഗ്നനായ അവൻ ഒരു പുതപ്പു പുതച്ചിരുന്നു. അവർ അവനെ പിടിച്ചു.

൫൨. അവനോ പുതപ്പു ഉപേക്ഷിച്ചു നഗ്നനായി ഓടിപ്പോയി.

യോഹ. ൧൮. ൨൪. ഹന്നാനോ ഈശോയെ കെട്ടപ്പെട്ടവനായി പ്രധാനാചാൎയ്യനായ കയ്യാപ്പായുടെ അടുക്കലേക്കു അയച്ചു.[3]

മത്താ. ൨൬. ൫൭. ഈശോയെ പിടിച്ചവർ പ്രധാനാചാൎയ്യനായ കയ്യാപ്പായുടെ * വീട്ടിലേക്കു» അവനെ കൊണ്ടുപോയി. ¶ സകല പ്രധാനാചാൎയ്യന്മാരും നിയമജ്ഞന്മാരും മൂപ്പന്മാരും അവന്റെ അടുക്കൽ വന്നുകൂടി».

* ലൂക്കാ. ൨൨. ൫൪. ¶ മൎക്കോ. ൧൪. ൫൩.

## വ്യാഖ്യാനം.

1. "ആ വത്സരത്തിലെ പ്രധാനാചാൎയ്യനായിരുന്ന". മൂശയുടെ പ്രമാണപ്രകാരം, പ്രധാനാചാൎയ്യന്റെ ഉദ്യോഗം, ആജീവനാന്തം നീളുന്ന ഒന്നായിരുന്നു. എന്നാൽ ആ രീതി കാലക്രമേണ, പ്രത്യേകമായി,

യൂദായിൽ റോമാ അധികാരം സ്ഥാപിതമായശേഷം, പാടെ മാറിത്തുടങ്ങി. ഇങ്ങനെ, റോമാ ഭരണാധികാരിയുടെ ഹിതാനുസരണം ഒരുവനെ, പ്രധാനാചാൎയ്യപദത്തിൽ അവരോധിക്കുന്നതിനൊ, അതിൽനിന്ന് നീക്കംചെയ്യുന്നതിനോ, പൂൎണ്ണസ്വാതന്ത്ര്യമുണ്ടായിരുന്ന ഒരു കാലഘട്ടമായിരുന്നു, ഇതു്. എന്നുവരികിലും, കയ്യാപ്പാ അവൻെറ സേവാബലം മൂലം, ക്രീസ്ത്വബ്ദം ൧൮ മുതൽ ൩൬ വരെ പ്രധാനാചാൎയ്യൻെറ ജോലി നിൎവ്വഹിയ്ക്കുകതന്നെ ചെയ്തു.

2. "ഒരു യുവാവു് അവൻെറ പിന്നാലെ പോയിരുന്നു". വി. മൎക്കോസു സുവിശേഷകൻ പ്രസ്താവിയ്ക്കുന്ന ഈ മനുഷ്യൻ, ആരാണെന്നു കൃത്യമായി നിൎണ്ണയിക്കാൻ വിഷമം. അയാൾ കൎത്താവിൻെറ സഹോദരനായ യാക്കോബായിരുന്നു എന്നും, അല്ല, അയാൾ യോഹന്നാനായിരുന്നുവെന്നും ചിലർ അഭിപ്രായപ്പെട്ടു കാണുന്നുണ്ടു്. എന്നാൽ, അയാളുടെ വസ്ത്രധാരണരീതി, 'യുവാവു്" എന്നു പറഞ്ഞിരിയ്ക്കുയാൽ, പ്രായം, ഈശോയെ പിടിച്ചമാത്രയിൽ, ശ്ലീഹന്മാരെല്ലാവരും അങ്ങേ വിട്ടു ഓടിപ്പോയി, എന്നുള്ള സംഭവം, പിന്നീടു അകലെ ആയിട്ടെങ്കിലും അങ്ങേ അനുഗമിച്ചവർ, വി. പത്രോസും, വി. യോഹന്നാനും ആയിരുന്നുവെന്നുള്ള സുവിശേഷകൻെറ സാക്ഷി, എന്നിങ്ങനെയുള്ള സാഹചൎയ്യങ്ങളിൽ നിന്നു്, അയാൾ, ശിഷ്യഗണത്തിൽപെട്ട യാതൊരുത്തനും ആകാൻ ഇടയില്ല എന്നാണു്, പൊതുവായി അഭിജ്ഞന്മാർ അനുമാനിയ്ക്കുന്നതു്.

3. "ഹന്നാനോ ഈശോയെ കെട്ടപ്പെട്ടവനായി പ്രധാനാചാൎയ്യനായ കയ്യാപ്പായുടെ അടുക്കലേക്കു് അയച്ചു." വ്യാഖ്യാതാക്കളുടെയിടയിൽ വളരെ വാദങ്ങൾക്കും സംശയങ്ങൾക്കും കാരണമാക്കിത്തീൎത്തിട്ടുള്ള ഒരു വാക്യമാണിതു്. വി. യോഹന്നാൻെറ സുവിശേഷത്തിൽ, ഇതു് ൨൪-ാം വാക്യമായി ചേൎത്തിരിക്കുകകൊണ്ടു്, വി. പത്രോസിൻെറ ഒന്നാമത്തെ അപലാപം നടന്നതു, ഹന്നാൻെറ വീട്ടിൽ വച്ചായിരുന്നു എന്നു ഈ വേദവാക്യം പിടിച്ചു വാദിയ്ക്കുന്നവർ ഇല്ലാതില്ല. എന്നാൽ, മറ്റു സുവിശേഷകന്മാരുടെ വിവരണമനുസരിച്ചു, താരതമ്യേന, ആലോചിയ്ക്കുന്നപക്ഷം, വി. യോഹന്നാൻെറ ൨൪-ാം വാക്യം, ൧൩-ാം വാക്യത്തിനു ശേഷം ചേരേണ്ടതാണെന്നും, വി. യോഹന്നാൻ, ഹന്നാൻെറയും കയ്യാപ്പായുടേയും സംബന്ധം സൂചിപ്പിയ്ക്കുയിൽ, കയ്യാപ്പായെക്കുറിച്ചു സ്വല്പം വിസ്തരിച്ചു പറയേണ്ടതായി വരികയാൽ, ഒരു ആവൎത്തനരീതിയിൽ അത്രെ ൨൪-ാം വാക്യം ചേൎത്തിരിയ്ക്കുന്നതെന്നും, ഈ അഭിപ്രായത്തെ സ്ഥിരപ്പെടുത്തുമാറു്, ഗ്രീക്കു്, സുറിയാനി, എന്നി പ്രതികളിൽ "അയച്ചു" എന്ന പദത്തിനു പകരം "മുമ്പേ തന്നേ അയച്ചിരുന്നു" എന്നു ക്രുടേയും അൎത്ഥം ജനിയ്ക്കാവുന്ന പദമാണു് ഉപയോഗിച്ചിരിയ്ക്കുന്നതെന്നും, ആകയാൽ, വി. പത്രോസിൻെറ മൂന്നു നിഷേധങ്ങളും, മററു സുവിശേഷകന്മാരിൽ നിന്നു പ്രസ്പഷ്ടമാകുന്നതുപോലെ, കയ്യാപ്പായുടെ വീട്ടിൽവെച്ചു തന്നെ നടന്നതാണെന്നും അത്രെ വ്യാഖ്യാതാക്കൾ പൊതുവായി അഭിപ്രായപ്പെടുന്നതു്.

## 25. ശെമ്ഓൻകേപ്പാ സ്വഗുരുവിനെ ഒന്നാംപ്രാവശ്യം നിഷേധിച്ചു പറയുന്നു.

മത്താ. ൨൬. ൫൮, ൬൯–൭൦; മർക്കോ. ൧൪. ൫൪, ൬൬–൬൮; ലൂക്കാ. ൨൨. ൫൪–൫൭; യോഹ. ൧൮. ൧൫–൧൭.

വിവരണം. ഈ സംഭവം, നാല്ക്ക് സുവിശേഷകന്മാരും വിവരിച്ചു കാണുന്നുണ്ടെങ്കിലും, ഏവരുടേയും വിവരണാരീതി ഒന്നല്ല, എന്നൊരു വിശേഷത ഇതിൽ പ്രത്യേകമായിട്ടുണ്ട്. വി. മത്തായിയും, വി. മർക്കോസും, കയ്യാപ്പായുടെ കച്ചേരിയിൽ നടന്ന, ഈശോയുടെ വിസ്താരം ആദ്യമായി പ്രതിപാദിക്കുമ്പോൾ, വി. ലൂക്കാ, പത്രോസിന്റെ പ്രതിഷേധത്തെപ്പററി അത്രെ ആദ്യമായി പ്രസ്താവിക്കുന്നത്. വി. യോഹന്നാനാകട്ടെ, പത്രോസിന്റെ അപലാപവും ഈശോയുടെ വിസ്താരവും, ഇട കലർത്തി വിവരിക്കുന്നു. ഈശോ, കയ്യാപ്പായുടെ കച്ചേരിയിൽ വിസ്തരിക്കപ്പെടുന്ന നേരത്തു തന്നെയാണ്, പത്രോസു, താഴെ മുററത്തു, സേവകരോടും ഭൃത്യരോടും കാവൽക്കാരികളായ ദാസികളോടും കലന്നു, തീ കാഞ്ഞുകൊണ്ടിരുന്നതു്; അതേ അവസരത്തിൽ തന്നെയത്രെ, പത്രോസിന്റെ മൂന്നു് പ്രതിഷേധങ്ങളും സംഭവിച്ചതും. ആകയാൽ, ഒരേ സമയത്തു തന്നെ നടന്ന പല സംഭവങ്ങളിൽ, ഒന്നു ഒരു സുവിശേഷകനും, മറെറാന്നു, വേറൊരു സുവിശേഷകനും തന്റെ വിവരണാവിഷയമായി സ്വീകരിച്ചു എന്നു വരുന്നതു, സർവ്വസാധാരണയാണ്.

യോഹ. ൧൮. ൧൫. ശെമ്ഓൻ കേപ്പായും മററു ശിഷ്യന്മാരിൽ ഒരുത്തനും[1] ഈശോയുടെ പിന്നാലെ ✳ ദൂരെക്കൂടെ» വന്നിരുന്നു. ആ ശിഷ്യനേയോ പ്രധാനാചാര്യനു പരിചയമുണ്ടായിരുന്നു. അതിനാൽ അവൻ ഈശോയോടുകൂടി നടുമുററത്തു പ്രവേശിച്ചു.

൧൬. എന്നാൽ ശെമ്ഓൻ വാതില്ക്കൽ പുറത്തു നിന്നിരുന്നു. അപ്പോൾ പ്രധാനാചാര്യനു പരിചയമുണ്ടായിരുന്ന മറെറ ശിഷ്യൻ പുറപ്പെട്ടു ചെന്നു വാതിൽ കാവൽക്കാരിയോടു പറഞ്ഞു ശെമ്ഓനെ അകത്തു ¶ പ്രധാനാചാര്യന്റെ നടുമുററത്തിനുള്ളിൽ വരെ» പ്രവേശിപ്പിച്ചു.

മത്താ. ൨൬. ൫൮ എന്നാൽ ശെമ്ഓൻ കേപ്പാ അകത്തു പ്രവേശിച്ചു അവസാനം കാണുവാനായി സേവകന്മാരോടുകൂടി ഇരുന്നു.[2]

യോഹ. ൧൮. ൧൮. കുളിർ ആയിരുന്നതു കൊണ്ടു ഭൃത്യ

ന്മാരും സേവകരും § നടുമുററത്തു തീകത്തിച്ചു അതിനുചുററും‖ കായുവാനായി തീ കൂട്ടിക്കൊണ്ടു നിന്നിരുന്നു.

ലൂക്കാ. ൨൨. ൫൫. ശെമ്ഓൻ കൂടെയും ‖ പുറത്തു‖ ** താഴെ മുററത്തു‖ അവരുടെയിടയിൽ † തീ കാഞ്ഞുകൊണ്ടു‖ ഇരുന്നിരുന്നു.

൫൬. അപ്പോൾ, ** പ്രധാനാചാര്യന്റെ‖ ഒരുദാസി 3 അവൻ തീയ്ക്കരികെ ഇരുന്നു, §§ തീ കായുന്നതു‖ കണ്ടു് അവനെ നോക്കി: ഇവനും അവനോടുകൂടെയുണ്ടായിരുന്നു; ‖ നീയും നസ്രായനായ ഈശോയോടു കൂടെ ആയിരുന്നുവല്ലോ, എന്നു പറയുന്നു‖.

യോഹ. ൧൮. ൧൭. വാതിൽ കാവൽക്കാരിയായ ബാലികയോ ശെമ്ഓനോടു: നീയും ഈ മനുഷ്യന്റെ ശിഷ്യരിൽ ഉൾപ്പെട്ടവനല്ലയോ? എന്നു ചോദിച്ചു.

മത്താ. ൨൬. ൭൦. എന്നാൽ അവൻ എല്ലാവരുടേയും മുമ്പാകെ വെച്ചു നിഷേധിച്ചു: †† അല്ല‖; ‡ സ്ത്രീ, ഞാൻ അവനെ അറിയുകയില്ല‖; നീ പറയുന്നതു എന്തെന്നു ഞാൻ അറിയുന്നില്ല, എന്നു പറഞ്ഞു.

മർക്കോ. ൧൪. ൬൮. പിന്നെ അവൻ പുറത്തു പടിവാതില്ക്കലേയ്ക്കു പുറപ്പെട്ടു. അപ്പോൾ പൂവൻ കോഴി കൂകി.

* ലൂക്കാ. ൨൨. ൫൪. ¶ മർക്കോ. ൧൪. ൫൪. § ലൂക്കാ. ൨൨. ൫൫. ‖ മത്താ. ൨൬. ൬൯. ** മർക്കോ. ൧൪. ൬൬. † യോഹ. ൧൮. ൧൮. §§ മർക്കോ. ൧൪. ൬൭. †† യോഹ. ൧൮. ൧൭. ‡ ലൂക്കാ. ൨൨. ൫൭.

## വ്യാഖ്യാനം.

1. "മററു ശിഷ്യന്മാരിൽ ഒരുത്തനും." ഇതു്, സ്നേഹശിഷ്യനായ വി. യോഹന്നാൻ തന്നെയാണെന്നു വിചാരിക്കുന്നവർ പലരുണ്ടു്. അവരുടെ കൂട്ടത്തിൽ, സഭാപിതാക്കന്മാരായ വി. ഈറാനീമോസും വി. ക്രിസോസ്തോമോസും ഉൾപ്പെട്ടിട്ടുമുണ്ടു്. എന്നാൽ, ആധുനികശാസ്ത്രജ്ഞന്മാരുടെയിടയിൽ ആ അഭിപ്രായം ദുർബലപ്പെട്ടാണു് വരുന്നതു്.

2. "അകത്തു പ്രവേശിച്ചു അവസാനം കാണുവാനായി ഇരുന്നു." വി. പത്രോസു, സ്വഗുരുനാഥനെ മുഴുവനായി വിട്ടുപേക്ഷിപ്പാൻ മനസ്സായില്ല. ആയതിനാൽ, ഈശോ വിസ്തരിക്കപ്പെടുന്ന കയ്യാപ്പായുടെ കച്ചേരിമുററംവരെ അയാളും പ്രവേശിച്ചു. പക്ഷെ, ഈശോയുടെനേരെയുള്ള സ്നേഹം അയാളിൽ മന്ദീഭവിച്ചു തുടങ്ങി. ഇതിനാലത്രെ, ഈശോ വിസ്തരിക്കപ്പെടുകയും, അധിക്ഷേപിക്കപ്പെടുകയും ചെയ്യുന്ന ആ നേരത്തു തന്നെ, അങ്ങേ നേർക്കുള്ള സ്നേഹാർദ്രതയേക്കാൾ, അവസാനം

കാണുന്നതിനുള്ള ജിജ്ഞാസയാൽ പ്രേരിതനായി, അങ്ങേ ശത്രുക്കളായ സേവകന്മാരോടുകൂടിക്കലൎന്നു, ഇരിയ്ക്കുന്നതിനിടയായതു്. പാപാവസരങ്ങളും ആപൽക്കരമായ ജിജ്ഞാസാസക്തിയും, എത്രകണ്ടു നാം പരിവൎജ്ജിക്കണമെന്നു, പത്രോസിൻെറ അനുഭവം നമ്മെ ഉൽബോധിപ്പിയ്ക്കുന്നു.

3. "പ്രധാനാചാൎയ്യൻെറ ഒരു ദാസി." വി. മത്തായി, വി. മൎക്കോസു, വി. ലൂക്കാ എന്നിവരിൽ കാണുന്ന ദാസിയും വി. യോഹന്നാൻ പറയുന്ന, വാതിൽ കാവൽക്കാരിയായ ബാലികയും, ഒരാൾ തന്നെയോ, പലരൊ, എന്നു ഖണ്ഡിതമായി നിൎണ്ണയിക്കാൻ പ്രയാസം. ഇങ്ങനെയുള്ള അനേക ദാസികൾ പ്രധാനാചാൎയ്യനു ഉണ്ടായിരുന്നു എന്നുള്ളതു തീൎച്ചയാണു്. ഒരാളെന്നു തന്നെ സങ്കല്പിക്കുന്ന പക്ഷവും, അവളുടെ കഥനത്തിൽ കാണപ്പെടുന്ന വൈപരീത്യം നീതീകരിപ്പാൻ പ്രയാസമില്ല. ഒരേ സംഗതിയേക്കുറിച്ചു തന്നെ, പലരോടു, പല അവസരങ്ങളിൽ, സംസാരിക്കേണ്ടി വരുമ്പോൾ, സംസാരരീതി പലവിധമാവുക സാധാരണയാണല്ലൊ.

## 26. പ്രധാനാചാൎയ്യനായ കയ്യാപ്പായുടെ കച്ചേരിയിൽ വച്ച് നടന്ന ഈശോയുടെ വിസ്താരം.

മത്താ. ൨൰൬. ൫൰൭-൬൰൮; മൎക്കോ. ൧൰൪. ൫൰൩-൬൰൫; യോഹ. ൧൰൮. ൧൰൯-൨൰൪.

വിവരണം. ജനത്തിനുവേണ്ടി ഒരു മനുഷ്യൻ മരിയ്ക്കുന്നതു നല്ലതാകുന്നു എന്നു യൂദന്മാൎക്കു ആലോചന നൽകിയവൻ (യോഹ. ൧൰൮. ൧൰൪.) ആണല്ലൊ കയ്യാപ്പാ. ഇതാ! ആ മനുഷ്യൻ, പ്രധാനാചാൎയ്യനായ കയ്യാപ്പായുടെ മുമ്പാകെത്തന്നെ, വിസ്താരത്തിനായി ഇപ്പോൾ നിൎത്തപ്പെട്ടിരിയ്ക്കുന്നു. ആകയാൽ, ഈശോയിൽ മരണത്തിനു യോഗ്യമായ ഒരു കുററം കണ്ടെത്തുവാൻ കയ്യാപ്പാ നിർബന്ധനായി. ഇതിനായി, അങ്ങേ ശിഷ്യന്മാരെയും ഉപദേശത്തെയും കുറിച്ചു ആദ്യമായി അവൻ ഈശോയോടു ചോദിയ്ക്കുന്നു; പിന്നീടു, സാക്ഷികളെ വിസ്തരിയ്ക്കുന്നു; കടശിയായി, അങ്ങു് ദൈവപുത്രനായ മ്ശിഹാ ആകുന്നുവോ എന്നു പറയണമെന്നു ആണയിട്ടുകൊണ്ടു ചോദിയ്ക്കുന്നു.

യോഹ. ൧൰൮. ൧൰൯. പ്രധാനാചാൎയ്യൻ ഈശോയോടു് അവൻെറ ശിഷ്യന്മാരേയും അവൻെറ ഉപദേശത്തേയും പററി ചോദിച്ചു.[1]

൨൰. അപ്പോൾ ഈശോ അവനോടു അരുളിച്ചെയ്തു: ഞാൻ ജനത്തോടു് പരസ്യമായി സംസാരിച്ചിരിയ്ക്കുന്നു. സകല യൂദന്മാരും വന്നുകൂടുന്ന സംഘത്തിലും ദേവാലയത്തിലും ഞാൻ എപ്പോഴും ഉപദേശിച്ചു. ഞാൻ രഹസ്യമായി ഒന്നും സംസാരിച്ചിട്ടില്ല.

൨൧. നീ എന്നോട്ട ചോദിക്കുന്നതെന്ത്? ഞാൻ അവരോട്ട പറഞ്ഞതു എന്തെന്നു കേട്ടവരോട്ട ചോദിക്കുക; ഞാൻ പറഞ്ഞതെല്ലാം ഇതാ! അവർ അറിഞ്ഞിരിക്കുന്നു.

൨൨. അവൻ ഇവ അരുളിച്ചെയ്യുമ്പോൾ സേവകരിൽ (അവിടെ) നിന്നിരുന്ന ഒരുത്തൻ: പ്രധാനാചാൎയ്യനോട്ട ഇങ്ങനെയോ നി ഉത്തരം പറയുന്നത്? എന്നു ഈശോയോട്ട ചോദിച്ചുകൊണ്ട അവൻെറ കന്നത്ത് അടിച്ചു.[2]

൨൩. ഈശോ ഉത്തരമായി അവനോട്ട: ഞാൻ ദോഷമായി സംസാരിച്ചെങ്കിൽ ദോഷത്തെപ്പററി സാക്ഷിപ്പെടുത്തുക; എന്നാൽ നന്നായിട്ടെങ്കിൽ നി എന്നെ അടിച്ചതു എന്ത് എന്നു അരുളിച്ചെയ്തു.

മർക്കോ. ൧൪. ൫൫. പ്രധാനാചാൎയ്യന്മാരും * മൂപ്പന്മാരും കൂട്ടം മുഴുവനുമാകട്ടെ» ഈശോയെ കൊല്ലിക്കുവാൻ അവനു വിരോധമായി സാക്ഷ്യം അന്വേഷിച്ചിരുന്നു. എന്നാൽ അവർ കണ്ടെത്തിയില്ല.

൫൬. എന്തെന്നാൽ പലർ അവനു വിരോധമായി സാക്ഷി പറഞ്ഞെങ്കിലും അവരുടെ സാക്ഷ്യങ്ങൾ ഒത്തിരുന്നില്ല.

മത്താ. ൨൬. ൬൦. അവസാനത്തിലോ രണ്ടുപേർ വന്ന്, ¶ അവനു വിരോധമായി കള്ളസ്സാക്ഷി നിന്ന് പറഞ്ഞു:»

൬൧. ദൈവത്തിൻെറ ആലയം പൊളിച്ചു മൂന്നു ദിവസംകൊണ്ട അതു പണിയുവാൻ എനിക്കു കഴിയുമെന്നു ഇവൻ പറയുന്നു.

മർക്കോ. ൧൪. ൫൮. ഞാൻ കൈകളുടെ പണിയായ ഈ ദേവാലയം പൊളിച്ച് കൈകളുടെ പണിയല്ലാത്ത വേറൊന്നു മൂന്നു ദിവസംകൊണ്ട പണിയും എന്നു ഇവൻ പറഞ്ഞതു ഞങ്ങൾ കേട്ടു.

൫൯. ഇങ്ങനെ പോലും അവരുടെ സാക്ഷ്യം ഒത്തിരുന്നില്ല.[3]

൬൦. അപ്പോൾ പ്രധാനാചാൎയ്യൻ നടുവിൽ എഴുന്നേററു ഈശോയോട്ട: നി § ഒന്നും» ഉത്തരം പറയുന്നില്ലയോ? ഇവർ നിനക്കു വിരോധമായി സാക്ഷ്യപ്പെടുത്തുന്നത് എന്ത്? എന്നു ചോദിച്ചു.

൬൧. അവനോ മിണ്ടാതിരുന്നു; അവനോട്ട ഉത്തരം ഒന്നും അരുളിച്ചെയ്തില്ല. ആകയാൽ പ്രധാനാചാൎയ്യൻ വിണ്ടും

അവനോടു: നീ അനുഗ്രഹിക്കപ്പെട്ടവൻെറ പുത്രനായ മ്ശിഹാ ആകുന്നുവോ? † എന്നു ഞങ്ങളോടു പറയണമെന്നു ജീവനുള്ള ദൈവത്തെക്കൊണ്ടു ഞാൻ ആണയിട്ടു നിന്നോടു പറയുന്നു എന്നു തുടന്നു പറഞ്ഞു».

മത്താ. ൨൬. ൬൪. ഈശോ അവനോടു അരുളിച്ചെയ്യുന്നു: ‡ ഞാനാകുന്നു»; നീ പറഞ്ഞുവല്ലോ.[4] എന്നാൽ ഇനിമേൽ മനുഷ്യപുത്രൻ ശക്തിയുടെ വലത്തുഭാഗത്തു ഇരിക്കുന്നതും, വാനമേഘങ്ങളിന്മേൽ വരുന്നതും നിങ്ങൾ കാണുമെന്നു ഞാൻ നിങ്ങളോടു പറയുന്നു.

※ മത്താ. ൨൬. ൫൯. ¶ മർക്കോ. ൧൪. ൫൬. § മത്താ. ൨൬. ൬൨. † മത്താ. ൨൬. ൬൩. ‡ മർക്കോ. ൧൪. ൬൨.

## വ്യാഖ്യാനം.

1. "അവൻെറ ശിഷ്യന്മാരേയും അവൻെറ ഉപദേശത്തേയും പററി ചോദിച്ചു." പ്രധാനാചാര്യനായ കയ്യാപ്പാ, ദിവ്യരക്ഷകനോടു ചോദിച്ചതു്, അങ്ങേ ശിഷ്യന്മാരേയും ഉപദേശത്തേയും കുറിച്ചായിരുന്നു. എന്നാൽ, ഈശോ അങ്ങേ ശിഷ്യന്മാരെക്കുറിച്ചുള്ള ചോദ്യത്തിനു മൌനം അവലംബിച്ചുകൊണ്ടു്, അങ്ങേ ഉപദേശത്തെക്കുറിച്ചു മാത്രമാണു് മറുപടി നൽകിയതു്. ഇതിനുള്ള കാരണം, ഉപദേശം പ്രമാദരഹിതമാണെന്നു് സ്പഷ്ടമാക്കിയാൽ, അതു സ്വീകരിച്ചു പ്രചരിപ്പിച്ച ശിഷ്യരിൽ കുററാരോപണത്തിനു് അവകാശമില്ലെന്നു തെളിയുന്നതുകൊണ്ടും, പ്രത്യേകമായി, ആ അവസരത്തിൽ, ശിഷ്യന്മാരിൽ അധികംപേരും മ്ശിഹായെ വിട്ടു ഓടിപ്പോയിരുന്നതിനാൽ, അവരെക്കുറിച്ചു എന്തെങ്കിലും നന്മയായി സാക്ഷിപ്പെടുത്തുവാൻ അങ്ങേയ്ക്കു നിവൃത്തിയില്ലാഞ്ഞതുകൊണ്ടുമായിരുന്നു.

2 "അവൻെറ കന്നത്തു് അടിച്ചു." കുററക്കാരൻ ന്യായാധിപൻെറ മുമ്പാകെ നില്ക്കുമ്പോൾ, ന്യായാധിപൻെറ ന്യായമായ അധികാരസംരക്ഷണയിൽ, അവൻെറ സ്ഥിതി ഭദ്രമാണു്. വിധികർത്താവിനു് അവനെ വിസ്തരിച്ചു, കുററം തെളിയിച്ചാൽ, ശിക്ഷിക്കു വിധിക്കാമെന്നല്ലാതെ, മററാർക്കും യാതൊരുപദ്രവവും കുററക്കാരനോടു ആ നേരത്തു് ചെയ്യാവുന്നതല്ല. ഈശോയുടെ സൌമ്യമായ ചോദ്യത്തിനു, യാതൊരു മറുപടിയും നൽകുവാൻ ആ സേവകനു സാധിക്കാഞ്ഞതിൽനിന്നു തന്നെ, അവൻെറ പ്രവൃത്തി ക്രൂരതരവും അന്യായപരവും ആയിരുന്നുവെന്നു തെളിയുന്നു. ആകയാൽ, സർവ്വ പ്രകാരേണയും അന്യായമായ ആ പ്രവൃത്തിയിൽ ഈശോ പ്രദർശിപ്പിച്ച ക്ഷമയേയോ, സേവകൻെറ ധിക്കാരത്തേയൊ ഏതിനെക്കുറിച്ചാണു് നാം കൂടുതൽ അത്ഭുതപ്പെടേണ്ടതു്!

3. "ഇങ്ങനെപോലും അവരുടെ സാക്ഷ്യം ഒത്തിരുന്നില്ല." ഈശോ ഒരിക്കൽ യൂദജനത്തോടു "നിങ്ങൾ ഈ ആലയം തകർക്കുവിൻ; മൂന്നു

ദിവസംകൊണ്ടു ഞാൻ അതു സ്ഥാപിക്കും" എന്നു അങ്ങേ ശരീരത്തെക്കുറിച്ചു അരുളിച്ചെയ്തിരുന്നു (യോഹ. ൨. ൧൯). അന്നും, അവർ അതിന്റെ അർത്ഥം പൂർണ്ണമായി ഗ്രഹിച്ചില്ല എന്നും, ഓറെശ്ലേം ദേവാലയത്തെക്കുറിച്ചാണ് അങ്ങു പറയുന്നതെന്ന് അവർ തെറ്റിദ്ധരിച്ചു എന്നും, അവരുടെ മറുപടിയിൽ നിന്നു സ്പഷ്ടമാകുന്നുണ്ട്. ഇപ്പോൾ ഇതാ! ഈശോ, ദേവാലയത്തിനു വിരോധമായി പറഞ്ഞിട്ടുണ്ട് എന്നു തെളിയിക്കുന്നതിനായി, ആ സംഗതി തന്നെ രണ്ടു സാക്ഷികൾമൂലം വിധികർത്താവിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുന്നു. അബദ്ധമായും തെറ്റിദ്ധരിച്ചും ആയിരുന്നു അവർ ഇരുവരും സാക്ഷ്യപ്പെടുത്തിയതെന്നിരുന്നിട്ടും, ആ സാക്ഷ്യങ്ങൾപോലും തമ്മിൽ യോജിച്ചിരുന്നില്ല.

4 "നീ പറഞ്ഞുവല്ലോ." പൌരസ്ത്യസംസാര രീതി അനുസരിച്ചു, "നീ പറഞ്ഞുവല്ലൊ" "ഞാനാകുന്നുവെന്നു നിങ്ങൾ പറയുന്നുവല്ലൊ." (ലൂക്കാ. ൨൨. ൭൦.), എന്നിപ്രകാരമുള്ള മറുപടികൾക്കു, മർക്കോസ് ൧൪. ൬൨-ൽ കാണുന്നതുപോലെ, "ഞാനാകുന്നു" എന്നത്രെ അർത്ഥം.

## 27. കയ്യാപ്പായുടെ കച്ചേരിയിൽവെച്ച് ഈശോ മരണത്തിന് അർഹനാകുന്നു എന്നു വിധിക്കപ്പെടുന്നു. അങ്ങ് അവിടെ വെച്ചു അനുഭവിച്ച നിന്ദാപമാനങ്ങൾ.

മത്താ. ൨൬. ൫൯-൬൮; മർക്കോ. ൧൪. ൫൫-൬൫; ലൂക്കാ. ൨൨. ൫൫-൬൫.

വിവരണം. യഹൂദജനം ഈശോയെ കയ്യാപ്പായുടെ മുൻപാകെ കൊണ്ടുവന്നതു് ഏകദേശം അർദ്ധരാത്രി സമയത്താണ്. യൂദന്മാരുടെ ന്യായാധിപ സംഘാംഗങ്ങളിൽ പലരും അപ്പോൾതന്നെ അവിടെ ഹാജരുണ്ടായിരുന്നു. ആ നേരം മുതൽ പുലർകാലേ കോഴി കൂകുന്നതു് വരെ, അയാളുടെ നേതൃത്വത്തിൽ നടത്തിയ യോഗത്തിൽ വച്ചാണ് ഈശോ മരണാർഹനാണ് എന്നു ആദ്യവിധിതീർപ്പുണ്ടായതു്. അതിനെ തുടർന്നു, കച്ചേരിയിൽവച്ചുതന്നെ, അവിടെ സന്നിഹിതരായിരുന്നവർ ഈശോയെ കഠിനമായി പീഡിപ്പിക്കുകയും അപമാനിക്കുകയും ചെയ്തു. ഉഷസ്സായശേഷവും, അയാളുടെ കച്ചേരിയിൽ അയാളുടെ അദ്ധ്യക്ഷതയിൽ തന്നെ, വീണ്ടും ടി. സംഘം മുഴുവനും ഒന്നാകെ അയാൾ വിളിച്ചുകൂട്ടി. അതിൽ വച്ചും, ഈശോ മരണത്തിന് അർഹനാണെന്നു അവർ തീരുമാനിച്ചു. ഈ രണ്ടു സമ്മേളനങ്ങളുടേയും ഇടയ്ക്കുള്ള നേരത്തു, അതായതു, പുലർകാലേ കോഴി കൂകിയതുമുതൽ രാവിലെ നടന്ന യോഗംവരെ, ഈശോയെ അവർ ഒരു പാറാവിൽ ഇട്ടു് അടയ്ക്കുകയും, ഒരു തൂണിന്മേൽ ബന്ധിച്ചു അവർണ്ണനീയമായ പീഡകൾ അനുഭവിപ്പിക്കുകയും ചെയ്തു എന്നാണ് പാരമ്പര്യം.

മത്താ. ൨൬. ൬൫. അപ്പോൾ പ്രധാനാചാര്യൻ തന്റെ വസ്ത്രങ്ങൾ കീറിക്കൊണ്ടു്[1] പറഞ്ഞു: ഇതാ! ഇവൻ (ദൈവ)ദൂഷ

ണം പറഞ്ഞു; ഇനി സാക്ഷികളെക്കൊണ്ടു നമുക്കു എന്താവശ്യം? ഇതാ! ഇവൻെറ (ദൈവ) ദൂഷണം നിങ്ങൾ ഇപ്പോൾ കേട്ടു വല്ലോ.

൬൬. നിങ്ങൾക്കു എന്തു തോന്നുന്നു? ✳ അവൻ മരണത്തിനു അർഹനാകുന്നു എന്നു അവരെല്ലാവരും വിധിച്ചു».

മർക്കോ. ൧൪. ൬൫. പിന്നെ ചിലർ അവൻെറ ¶ മുഖത്തു» തുപ്പുവാനും അവൻെറ മുഖം മൂടിക്കൊണ്ടു അവനെ (കൈ ചുരുട്ടി) കുത്തുവാനും തുടങ്ങി. സേവകന്മാർ അവൻെറ കന്നങ്ങളിൽ അടിച്ചിരുന്നു.

ലൂക്കാ. ൨൨. ൬൩. ഈശോയെ പിടിച്ചിരുന്ന മനുഷ്യരൊ അവനെ പരിഹസിച്ചിരുന്നു.

൬൪. അവർ അവനെ മൂടി, അവൻെറ മുഖത്തു അടിച്ചുകൊണ്ടു: നിന്നെ അടിച്ചവൻ ആരാകുന്നു എന്നു പ്രവചിക്കുക എന്നു പറഞ്ഞിരുന്നു.

൬൫. അവർ വേറേയും വളരെയെല്ലാം അവനെപ്പററി ദൂഷിച്ചു പറഞ്ഞിരുന്നു.

✳ മർക്കോ. ൧൪. ൬൪. ¶ മത്താ. ൨൬. ൬൭.

### വ്യാഖ്യാനം.

1. "പ്രധാനാചാര്യൻ തൻെറ വസ്ത്രങ്ങൾ കീറിക്കൊണ്ടു." അത്യധികമായ വെറുപ്പോ, ദുഃഖമോ പ്രത്യക്ഷപ്പെടുത്തുന്നതിനു, തങ്ങളുടെ മേൽവസ്ത്രം കീറുക എന്നൊരു പതിവു യൂദന്മാരുടെയിടയിൽ ഉണ്ടായിരുന്നു. വല്ല കാരണവും പറഞ്ഞു ഈശോയെ മരണശിക്ഷയ്ക്കു വിധിക്കുവാൻ തരംനോക്കിയിരുന്ന കയ്യാപ്പാ, അങ്ങേ മറുപടി ദൈവദൂഷണമായി പരിഗണിച്ചു. അതുകയാൽ, പ്രധാനാചാര്യൻെറ നിലയിൽ, ദൈവമഹത്വം കാപ്പാനുള്ള ശുഷ്കാന്തിയുടെ ഭാവം നടിച്ചു, ഈശോയുടെ മറുപടി കേട്ട മാത്രയിൽ അയാളുടെ മേലങ്കി കീറി.

## 28. ശെമ്ഓൻ കേപ്പാ സ്വഗുരുനാഥനെ രണ്ടാം പ്രാവശ്യം ആണയിട്ടു നിഷേധിക്കുന്നു.

മത്താ. ൨൬. ൭൧-൭൨; മർക്കോ. ൧൪. ൬൯-൭൦; ലൂക്കാ. ൨൨. ൫൮; യോഹ. ൧൮. ൨൫.

വിവരണം. കയ്യാപ്പായുടെ കച്ചേരിയിൽവച്ചു നടത്തിയ വിസ്താരം, വിധിതീർപ്പു, തുടന്നു പ്രധാനാചാര്യന്മാർ, മൂപ്പന്മാർ, സേവകർ എന്നിവരിൽനിന്നു ഈശോ അനുഭവിച്ച ക്രൂരതരങ്ങളായ പീഡകൾ, എന്നിതുകളുടെ നേരത്താണു, ശെമ്ഓൻകേപ്പാ രണ്ടാമതും

മൂന്നാമത്തും ഈശോയെ നിഷേധിച്ചു പറഞ്ഞതു്. ശെമ്ഓൻകേപ്പാ, ഒന്നാമത്തെ പ്രതിഷേധം കഴിഞ്ഞയുടനെ പുറത്തു പടിവാതില്ക്കലേക്കു പോയി എന്നു വി. മർക്കോസു പ്രസ്താവിക്കുന്നു. അവിടെവച്ചു, ഒരു ദാസി, അവിടെ നിന്നിരുന്നവർക്കു കേപ്പായെ വെളിപ്പെടുത്തി എന്നു വി. മത്തായിയും, വി. മർക്കോസും രേഖപ്പെടുത്തുന്നുണ്ടു്. വി. യോഹന്നാനാകട്ടെ, (൧൮. ൨൫.) രണ്ടാമത്തെ പ്രതിഷേധം നടന്നതു്, കേപ്പാ, തീ കാഞ്ഞുകൊണ്ടിരിക്കുകയിൽ ആയിരുന്നു എന്നാണ് പറയുന്നതു്. ഈ പ്രസ്താവനകളിൽ നിന്നു്, കേപ്പായുടെ രണ്ടാമത്തെ പ്രതിഷേധം നടന്നതു, ദാസി അയാളെ വെളിപ്പെടുത്തിയ നേരത്തല്ല, പ്രത്യുത, അയാൾ പടിവാതില്ക്കൽവരെ ചെന്നശേഷം, എന്തോ കാരണവശാൽ വീണ്ടും അകത്തേക്കു തിരിച്ചുവന്നു, തീകാഞ്ഞുകൊണ്ടിരിക്കുമ്പോൾ ആണ് എന്നത്രെ വ്യാഖ്യാതാക്കളിൽ ചിലരുടെ അനുമാനം.

മത്താ. ൨൬. ൭൧. പിന്നെ അവൻ (കേപ്പാ) പടിവാതില്ക്കലേക്കു പുറപ്പെട്ടപ്പോൾ * വീണ്ടും» വേറൊരുത്തി അവനെക്കണ്ടു് അവിടെ * നിന്നിരുന്നവരോടു: ഇവനും അവരിൽ ഉൾപ്പെട്ടവനാകുന്നു»; ഇവനും നസ്രായനായ ഈശോയോടുകൂടിയുണ്ടായിരുന്നു * എന്നു പറയുവാൻ തുടങ്ങി».

യോഹ. ൧൮. ൨൫. ശെമ്ഓൻ കേപ്പായാകട്ടെ തീകാഞ്ഞുകൊണ്ടു നിന്നിരുന്നു. അപ്പോൾ അവർ അവനോടു: നീയും അവൻെറ ശിഷ്യന്മാരിൽ ഒരുത്തൻ അല്ലയോ? എന്നു ചോദിക്കുന്നു.

ലൂക്കാ. ൨൨. ൫൮. മറെറാരുത്തൻ അവനെക്കണ്ടു അവനോടു: നീയും അവരിൽ ഉൾപ്പെട്ടവനാകുന്നു എന്നു പറഞ്ഞു. കേപ്പായോ: ഞാനല്ല; ¶ ആ മനുഷ്യനെ ഞാൻ അറിയുകയില്ല[1] എന്നു (വീണ്ടും) ആണയിട്ടു നിഷേധിച്ചു».

* മർക്കോ. ൧൪. ൬൯. ¶ മത്താ. ൨൬. ൭൨.

## വ്യാഖ്യാനം.

1. "കേപ്പായോ: ഞാനല്ല; ആ മനുഷ്യനെ ഞാൻ അറിയുകയില്ല." പടിവാതില്ക്കൽവച്ചു കേപ്പായെ സംബന്ധിച്ചു ദാസി നടത്തിയ പ്രഖ്യാപനം, അവിടെയുണ്ടായിരുന്നവർ മാത്രമല്ല, അടുത്തു മുററത്തു നിന്നിരുന്നവരും കേട്ടിരിക്കണം. ആകയാൽ, ഭയവിഹ്വലനായ കേപ്പാ, പടിവാതില്ക്കൽ നിന്നു തിരികെ തീയുടെ അടുക്കൽ വന്നപ്പോൾ, ഇതാ! അവിടെയും സംസാരവിഷയം കേപ്പായെ സംബന്ധിച്ചുതന്നെ. ഇതിനാൽ, അവർ അവനെ നോക്കി, നീയും അവൻെറ ശിഷ്യന്മാരിൽ ഒരുത്തൻ അല്ലയോ? എന്നു ചോദിക്കുന്നു. അതേസമയംതന്നെ, അവരിൽ ഒരുത്തൻ, കേപ്പായെ പരിചയമുണ്ടായിരുന്നതുകൊണ്ടായിരിക്കാം, "നീയും അവരിൽ ഉൾപ്പെട്ടവനാകുന്നു" എന്നു ഖണ്ഡിതമായി

പറയുന്നു. കേപ്പാ, ഇതാ! പരിഭ്രമിച്ച അയാളുടെ ഗുരുനാഥനെ വീണ്ടും ഉപേക്ഷിക്കുന്നു; മാത്രമല്ല, ആണയിട്ടു ആയതു ഉറപ്പിക്കുക കൂടിയും ചെയ്യുന്നു.

29. ശെമ്ഓൻ കേപ്പാ സ്വയം ശപിച്ചുകൊണ്ടും ആണയിട്ടുകൊണ്ടും സത്യം ചെയ്തുകൊണ്ടും തന്റെ ദിവ്യഗുരുവിനെ മൂന്നാം പ്രാവശ്യം നിഷേധിക്കുന്നു. ഈശോ ശെമ്ഓനെ കടാക്ഷിക്കുകയും അയാൾ അനുതപിക്കുകയും ചെയ്യുന്നു.

മത്താ. ൨൬. ൭൩-൭൫; മൎക്കോ ൧൪. ൭൦-൭൨; ലൂക്കാ. ൨൨. ൫൯-൬൨; യോഹ. ൧൮. ൨൬-൨൭.

വിവരണം. ന്യായാസനത്തിൽ ഒരുവൻ വിസ്തരിക്കപ്പെടുമ്പോൾ, ജിജ്ഞാസുക്കളായി ചുററിലും കൂടുന്ന കാണികളുടെ സംസാരവിഷയം, സാധാരണമായി, വിസ്തരിക്കപ്പെടുന്നവനെക്കുറിച്ചായിരിക്കുമല്ലോ. കേപ്പായുടെ സംസാരരീതിയും മററുംകൊണ്ടു, അയാൾ ഗ്ലീലായാക്കാരൻ ആണെന്നും, തൻമൂലം ഈശോയുടെ ശിഷ്യൻ ആയിരിക്കണമെന്നും, അവർ അനുമാനിച്ചു. മാത്രമല്ല, തോട്ടത്തിൽവച്ചു, കേപ്പാ ചെവി ഛേദിച്ചവന്റെ ചാർച്ചക്കാരൻ ആ കൂട്ടത്തിൽ ഉണ്ടായിരുന്നു. ആകയാൽ, ശെമ്ഓന്റെ രണ്ടാമത്തെ നിഷേധത്തിനുശേഷം സ്വല്പം കഴിഞ്ഞപ്പോൾ, മുററത്തു ഇരുന്നവരുടെ സംസാരം, വീണ്ടും ഈശോയെയും അങ്ങേ ശിഷ്യരേയും സംബന്ധിച്ചായി. ശെമ്ഓൻകേപ്പാക്കു, താൻ ഈശോയുടെ ശിഷ്യനാകുന്നു എന്നു ഏററു പറവാൻ ധൈൎയ്യമില്ല; അല്ല എന്നു പറഞ്ഞാൽ, അവർ അത്ര എളുപ്പത്തിൽ വിശ്വസിക്കുകയുമില്ല, എന്ന പതനത്തിലായി. ഇതിനാലത്രെ, അയാൾ സ്വയം ശപിക്കുവാനും, ആണയിട്ടും, സത്യം ചെയ്യും, അയാളുടെ നിഷേധം സ്ഥിരപ്പെടുത്തുവാനും, നിർഭാഗ്യവശാൽ പ്രേരിതനായതു്.

ലൂക്കാ. ൨൨. ൫൮. ※ എന്നാൽ അല്പം കഴിഞ്ഞു» ഒരു നാഴികക്കു പിൻപു ¶ വീണ്ടും» മറെറാരുത്തൻ അവനെ നോക്കി: സത്യമായിട്ടു ഇവനും അവനോടുകൂടിയുണ്ടായിരുന്നു; എന്തെന്നാൽ ഇവനും ഗ്ലീലായൻ ആകുന്നു എന്നു തർക്കിച്ചു പറഞ്ഞിരുന്നു.

മത്താ. ൨൬. ൭൩. (അവിടെ) നിന്നിരുന്നവർ അടുത്തുവന്നു കേപ്പായോടു: സത്യമായിട്ടു നീയും അവരിൽ ഉൾപ്പെട്ടവനാകുന്നു. ¶ എന്തെന്നാൽ, നീയും ഗ്ലീലായൻ ആകുന്നു»; നിന്റെ സംസാരം കൂടെയും നിന്നെ വെളിപ്പെടുത്തുന്നു[1] എന്നു പറഞ്ഞു.

യോഹ. ൧൮. ൨൬. പ്രധാനാചാൎയ്യന്റെ ഭൃത്യന്മാരിൽ ശെമ്ഓൻ കാതു് ഛേദിച്ചവന്റെ ചാർച്ചക്കാരനായ ഒരുത്തൻ

അവനോടു: ഞാൻ നിന്നെ അവനോടുകൂടി തോട്ടത്തിൽ കണ്ടി ല്ലയോ? എന്നു ചോദിക്കുന്നു.

൨൧. അപ്പോൾ ശെമ്ഓൻ വീണ്ടും നിഷേധിച്ചു § മനുഷ്യാ, നീ പറയുന്നതു്, എന്തെന്നു ഞാൻ അറിയുന്നില്ല»; † ആ മനുഷ്യനെ ഞാൻ അറിയുകയില്ല എന്നു ശാപപൂൎവ്വം സത്യം ചെയ്വാനും ആണയിടുവാനും തുടങ്ങി».

ലൂക്കാ. ൨൨. ൬൦. ഉടനെ, അവൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ, പൂവൻകോഴി ‡ രണ്ടാംപ്രാവശ്യം» കൂകി.

൬൧. അപ്പോൾ ഈശോ തിരിഞ്ഞു കേപ്പായെ നോക്കി:[2] പൂവൻകോഴി ‡ രണ്ടുപ്രാവശ്യം» കൂകുന്നതിനു മുൻപു നീ മൂന്നു പ്രാവശ്യം എന്നെ നിഷേധിച്ചു പറയും എന്നു നമ്മുടെ കൎത്താവു തന്നോടു അരുളിച്ചെയ്തിരുന്ന വചനം ശെമ്ഓൻ അപ്പോൾ ഓൎത്തു.

൬൨. ആകയാൽ ശെമ്ഓൻ പുറത്തേക്കു പോയി വ്യസനപൂൎവ്വം കരഞ്ഞു.[3]

* മത്താ. ൨൬. ൭൨. ¶ മർക്കോ. ൧൪. ൭൦. § ലൂക്കാ. ൨൨. ൬൦. † മത്താ. ൨൬. ൭൪. ‡ മർക്കോ. ൧൪. ൭൨.

## വ്യാഖ്യാനം.

1. "നിന്റെ സംസാരംകൂടെയും നിന്നെ വെളിപ്പെടുത്തുന്നു." ഗ്ലീലായിലും 'എബ്രായഭാഷ' തന്നെയാണു് സംസാരിച്ചിരുന്നതു്. എന്നു വരികിലും, അവരുടെ ദേശ്യപദപ്രയോഗവും സംസാരരീതിയുംമൂലം അന്യർ അവരെ വേഗത്തിൽ തിരിച്ചറിഞ്ഞിരുന്നു. ഒരേഭാഷ സംസാരിക്കുന്നവരിൽ തന്നെയും, സ്ഥലകാലവ്യത്യാസങ്ങൾമൂലം, ഭാഷാശുദ്ധിയും സംസാരരീതിയും മാറി കാണുന്നതു എക്കാലത്തും അനുഭവമാണല്ലോ.

2. "അപ്പോൾ ഈശോ തിരിഞ്ഞു കേപ്പായെ നോക്കി." ഈശോ കേപ്പായെ തിരിഞ്ഞു നോക്കിയതു്, ആദ്യത്തെ വിസ്താരത്തിനും വിധിതീൎപ്പിനും ശേഷം, തുടൎന്നു നടത്തിയ കഠിനതരമായ ദണ്ഡനങ്ങളുടേയും അപമാനങ്ങളുടേയും സമയത്തു ആയിരുന്നായിരിക്കാം. എന്നാൽ, അങ്ങേ പാറാവിൽ അടച്ചു, സേവകരുടെ ക്രൂരതക്കു കയ്യാളിക്കുന്നതിനായി, കച്ചേരിയിൽ നിന്നിറക്കി പുറത്തുകൂടെ, പ്രസ്തുത സ്ഥലത്തേക്കു കൊണ്ടുപോകുന്ന അവസരത്തിലാകുവാനാണു് കൂടുതൽ എളുപ്പം. കരുണാനിധിയായ ഈശോ, അപ്പോൾ തിരിഞ്ഞു നോക്കുന്ന ആ ശിഷ്യന്റെ സ്ഥിതി എന്തു്? മൂന്നു പ്രാവശ്യം അങ്ങേ പ്രത്യക്ഷമായി നിഷേധിച്ചു. അസത്യം, ബാഹ്യമായ അവിശ്വാസം, കള്ളസാക്ഷി, ശാപം, അനാദരവു്, ഇടൎച്ച എന്നിങ്ങനെ പല തെറ്റുകളിലും ഘനമായി,

ഒന്നിൻ പുറകെ ഒന്നായി, അയാൾ അധഃപതിച്ചു. എന്നിട്ടും, മരണ കരമായ അങ്ങേ പീഡകളുടെ മദ്ധ്യേ, ഈശോ അയാളെ സ്മരിക്കുക യും കരുണാമസൃണമായ ഒരു കടാക്ഷത്താൽ അയാളുടെ ഹൃദയത്തെ കരസ്ഥമാക്കുകയും ചെയ്യുന്നു. ദൈവമായ ഈശോയുടെ ദൈവിക സ്നേഹം, ദൈവികമായവിധം, കേപ്പായുടെ സ്നേഹക്കുറവിനെ ജയിച്ചു.

3. "പുറത്തേയ്ക്കുപോയി വ്യസനപൂർവ്വം കരഞ്ഞു." കേപ്പായുടെ അ ധഃപതനം എത്ര വിലപനീയമോ അത്രയും മാതൃകാപരമായിരുന്നു അയാളുടെ അനുതാപം. പാപഹേതുക്കളെ അയാൾ ഉടനടി വിട്ടൊ ഴിഞ്ഞ്, ചെയ്തുപോയ അപരാധത്തെ പരിപൂർണ്ണമായി പരിഹരിക്കുമാറ്, ഹൃദയപൂർവ്വം അയാൾ കരയുന്നു. ഓ! വീഴ്ചയിൽ കേപ്പായെ അ നുകരിക്കുന്നവർ, അനുതാപത്തിലും അയാളെ അനുകരിച്ചിരുന്നെങ്കിൽ!

## 30. കയ്യാപ്പായുടെ കച്ചേരിയിൽവെച്ച് ഉഷസ്സായശേഷം വീണ്ടും സമ്മേളിച്ച ന്യായാധിപ സംഘത്തിൽ, ഈശോ മരണത്തിനു അർഹനാകുന്നു എന്ന് രണ്ടാമതും വിധിക്കപ്പെടുന്നു.

മത്താ. ൨൬. ൧; മർക്കോ. ൧൫. ൧; ലൂക്കാ. ൨൨. ൬൬-൭൦.

വിവരണം. കയ്യാപ്പായുടെ കച്ചേരിയിൽ ഉഷസ്സായശേഷം കൂ ടിയ ഈ രണ്ടാമത്തെ സംഘത്തെക്കുറിച്ചു ആദ്യത്തെ മൂന്നു സുവിശേ ഷകന്മാരും പ്രതിപാദിക്കുന്നുണ്ട്. വി. മത്തായിയുടേയും, വി. മർക്കോ സിൻേറയും വിവരണം എത്ര സംഗ്രഹം ആയിരിക്കുന്നുവോ, അത്ര യും സമഗ്രമായിരിക്കുന്നു വി. ലൂക്കായുടെയും വിവരണം.

ലൂക്കാ. ൨൨. ൬൬. പിന്നെ ഉഷസ്സായപ്പോൾ,[1] ⁕ ജന ത്തിലെ» മൂപ്പന്മാരും പ്രധാനാചാര്യന്മാരും നിയമജ്ഞന്മാരും¶ സംഘം മുഴുവനും» ഒരുമിച്ചുകൂടി ⁕ ഈശോയെ കൊല്ലേണ്ടതി നു അവനു വിരോധമായി ആലോചന ചെയ്തു». അവരുടെ സം ഘസ്ഥാനത്തിലേയ്ക്കു അവനെ കയററി കൊണ്ടുപോയി.

൬൭. അവനോടു: നീ മ്ശിഹാ ആകുന്നെങ്കിൽ ഞങ്ങ ളോടു പറയുക എന്നു പറയുന്നു. അവൻ അവരോടു അരുളിച്ചെ യ്യുന്നു: ഞാൻ നിങ്ങളോടു പറഞ്ഞാൽ നിങ്ങൾ എന്നെ വിശ്വ സിക്കയില്ല.

൬൮. ഞാൻ നിങ്ങളോടു ചോദിച്ചാൽ നിങ്ങൾ എന്നോടു മറുപടി പറയുകയോ എന്നെ വിട്ടയക്കുകയോ ചെയ്കയുമില്ല.

൬൯. ഇപ്പോൾ മുതൽ മനുഷ്യപുത്രൻ ദൈവശക്തിയു ടെ വലത്തുഭാഗത്തു ഇരിക്കും.

൬. അതിനു എല്ലാവരും[2] : ആകയാൽ നീ ദൈവപുത്ര നാകുന്നുവോ? എന്നു ചോദിക്കുന്നു. ഈശോ അവരോട്: ഞാനാകുന്നു എന്നു നിങ്ങൾ പറയുന്നുവല്ലോ എന്നു അരുളിച്ചെയ്യുന്നു.

൭. അവർ: ഇനി നമുക്കു സാക്ഷികളെക്കൊണ്ടു എന്താവശ്യം? അവൻെറ വായിൽ നിന്നു നാം തന്നെ കേട്ടുവല്ലോ എന്നു പറയുന്നു.

* മത്താ. ൨൭. ൧. ¶ മർക്കോ. ൧൫. ൧.

വ്യാഖ്യാനം.

1. "ഉഷസ്സായപ്പോൾ." രാത്രിസമയം സമ്മേളിച്ച യോഗവും, അതിലെ നടപടികളും നിയമദൃഷ്ട്യാ, അസാധുവായേക്കാമെന്നുള്ളതുകൊണ്ടായിരിക്കാം, ഉഷസ്സായ ശേഷവും അതേ സംഘംതന്നെ വീണ്ടും കൂടുകയും, അതേ തീർമാനം തന്നെ വീണ്ടും ചെയ്കയും ഉണ്ടായതു്.

2. "അതിനു എല്ലാവരും." സംഘം മുഴവനും ആ സമ്മേളനത്തിൽ ഒന്നിച്ചുകൂടി എന്നു വി. മർക്കോസു പറയുന്നു. ഈശോയുടെ ശിഷ്യഗണത്തിൽപെട്ട (യോഹ. ൩. ൨; ൧൯. ൩൮.) നിക്കാദേമോസ്സ്, റാംസയൌസേപ്പു എന്നിങ്ങനെയുള്ളവർ ഈ പ്രധാനസംഘത്തിലെ അംഗങ്ങൾ ആയിരുന്നു. ആകയാൽ ഇവർ, ഒന്നുകിൽ സംഘത്തിൽ കൂടാതിരിക്കുകയോ, അഥവാ കൂടിയെങ്കിൽ തന്നെയും, സംഘത്തിൻെറ അന്യായ വിധി തീർപ്പിൽ അശേഷം സഹകരിക്കാതിരിക്കയോ അത്രെ ചെയ്തതു്.

**31.** യൂദന്മാർ ന. മി. രക്ഷകനെ കയ്യാപ്പായുടെ അടുക്കൽ നിന്നു കൊണ്ടുപോയി, നാടുവാഴിയായ പീലാത്തോസിനെ ഏല്പിക്കുന്നു.

മത്താ. ൨൭. ൨; മർക്കോ. ൧൫. ൧; ലൂക്കാ. ൨൩. ൧; യോഹ. ൧൮. ൨൮.

വിവരണം. ഈ സംഭവം, നാലു സുവിശേഷകന്മാരും ഒന്നുപോലെ വിവരിക്കുന്നുണ്ടു്. അശുദ്ധമാകാതെയിരിപ്പാൻവേണ്ടി യൂദന്മാർ പ്രത്തോറിനിൽ പ്രവേശിപ്പാൻ മടിച്ചു, എന്നുള്ള വിവരം വി. യോഹന്നാൻ വിശേഷാൽ രേഖപ്പെടുത്തീട്ടുമുണ്ടു്.

ലൂക്കാ. ൨൩. ൧. പിന്നെ അവരുടെ കൂട്ടം മുഴവൻ എഴുന്നേററു * ഈശോയെ ബന്ധിച്ചു,» ¶ കയ്യാപ്പായുടെ അടുക്കൽ നിന്നു് പ്രത്തോറിനിലേക്കു കൊണ്ടുവന്നു്», † നാടുവാഴിയായ പീലാത്തോസിനു്[1] അവനെ ഏല്പിച്ചു».

യോഹ. ൧൮. ൨൮. അപ്പോൾ ഉഷസ്സായിരുന്നു. പെസ്ഹാ

ഭക്ഷിക്കുവോളം[2] തങ്ങൾ അശുദ്ധപ്പെടാതിരിക്കേണ്ടതിനു[3] അവർ പ്രത്തോറിനിൽ പ്രവേശിച്ചമില്ല.

* മർക്കോ. ൧൫. ൧. ¶ യോഹ. ൧൮. ൨൮. † മത്താ. ൨൭. ൨.

വ്യാഖ്യാനം.

1. "നാടുവാഴിയായ പീലാത്തോസിനു." റോമാ ചക്രവർത്തിയായ തിബേറിയോസ് കേസറിൻെറ, യൂദായിലെ പ്രതിനിധിയും, ഭരണാധികാരിയും തൻമൂലം സിവിൽ, ക്രിമിനൽ കേസുകളിലെ ന്യായാധിപനും ആയിരുന്നു, പീലാത്തോസ്. ക്രിസ്തുവബ്ദം വന്ന മുതൽ ന്നവരെ അദ്ദേഹം യൂദായിൽ ഭരണം നടത്തി. അദ്ദേഹത്തിൻെറ ആസ്ഥാനം, കേസറിയായിൽ ആയിരുന്നെങ്കിലും തിരുനാളുകളിലും, ആഘോഷദിനങ്ങളിലും ഓറെശ്ലേമിൽ വന്നു, ഹേറോദേസിൻെറ അരമനയോടടുത്തു പാർത്തു, കച്ചേരി നടത്തിയിരുന്നു. ഈ സ്ഥലമത്രെ പ്രത്തോറീൻ എന്നു അറിയപ്പെടുന്നത്.

2. "പെസ്ഹാ ഭക്ഷിക്കുവോളം." നീസാൻമാസം ൧൪-ാംനു- സന്ധ്യക്കു, യൂദന്മാർ ഏവരും പെസ്ഹാ ഭക്ഷിക്കണമെന്നായിരുന്നു ദൈവം മോശവഴിയായി, (പുറപ്പാടു. ൧൨. ൬; ൮.) കല്പിച്ചിട്ടുണ്ടായിരുന്നതു്. എന്നാൽ ൧൫-ാംനു- ഉഷസ്സായിട്ടും, ന. ദി. രക്ഷകനെ കൊല്ലുവാൻ ശ്രമിച്ചിരുന്ന യഹൂദന്മാർ, പെസ്ഹാ ഭക്ഷിച്ചില്ല എന്നു കാണുന്നു. ഇവിടെ പെസ്ഹാ എന്നു പറയുന്നതു്, ചിലർ അഭിപ്രായപ്പെടുന്നതുപോലെ, പെസ്ഹാ തിരുനാൾ അവസരത്തിൽ സമർപ്പിക്കപ്പെടുന്ന മററു ബലി എന്നും മനസ്സിലാക്കാം. പക്ഷെ, വി. ക്രിസോസ്തോമോസിൻെറയും മററും അഭിമതം, ന. ദി. രക്ഷകൻ, ശിഷ്യരൊരുമിച്ചു നിശ്ചിതദിവസമായ നിസാൻ ൧൪-ാംനു- സന്ധ്യാസമയത്തു് തന്നെ പെസ്ഹാ ഭക്ഷിച്ചുവെന്നും, എന്നാൽ, ചതിയാൽ അങ്ങേ പിടിച്ചുകൊല്ലുന്നതിനു, വേണ്ടുന്ന മുൻകരുതലുകളും, ദ്രോഹിയായ യൂദായുമായുള്ള ഗൂഢാലോചനകളും ചെയ്യുന്നതിൽ ബദ്ധശ്രദ്ധരായിരുന്ന യൂദന്മാക്കു, നിശ്ചിതസമയത്തു പെസ്ഹാ ഭക്ഷിക്കുവാൻ സൌകര്യം ലഭിക്കാഞ്ഞതിനാൽ, അവർ ൧൫-ാംനു- യാണ് പെസ്ഹാ ഭക്ഷിച്ചതെന്നുമാണ്. യൂദന്മാർ, ദിവസം കണക്കാക്കിയിരുന്നതു്, സന്ധ്യമുതൽ സന്ധ്യവരെ ആയിരുന്നതിനാൽ, ൧൫-ാംനു- സന്ധ്യക്കു മുൻപുള്ള ഏതുനേരവും ൧൪-ാംനു- യായി അവക്കു പരിഗണിക്കാമായിരുന്നു. പക്ഷേ പ്രമാണത്തിൽ, ൧൪-ാംനു- സന്ധ്യക്കു പെസ്ഹാ ഭക്ഷിക്കണമെന്നാണ് ഖണ്ഡിതമായ നിശ്ചയം. എന്നാൽ, ദൈവത്തെ തന്നെ കൊല്ലുവാൻ പരിശ്രമിക്കുന്ന ഒരു ജനതക്കു, ദൈവത്തിൻെറ ഒരു പ്രമാണം ലംഘിക്കുന്നതിൽ അത്ര വൈഷമ്യമുണ്ടാകാനുണ്ടോ?

൩. "തങ്ങൾ അശുദ്ധപ്പെടാതിരിക്കേണ്ടതിന്." അജ്ഞാനികളോടു സഹവസിക്കുന്നതും, അവരുടെ ഭവനങ്ങളിൽ പ്രവേശിക്കുന്നതും യൂദന്മാക്ക് നിഷിദ്ധമായിരുന്നു. പീലാത്തോസ് ഒരു അജ്ഞാനിയായിരുന്നതിനാൽ, അദ്ദേഹത്തിൻെറ കച്ചേരിയിൽ അവർ പ്രവേശിച്ചാൽ,

പെസ്ഹാ ഭക്ഷണത്തിന് അത്ര വിഘാതമായേക്കുകയില്ലയോ എന്നായിരുന്ന അവരുടെ ഭയം. ന. ദി. രക്ഷകൻ ഒരിക്കൽ, (മത്താ. ൨൩. ൨൪.) "നിങ്ങൾ കൊതുകുകളെ അരിച്ചു നീക്കുകയും ഒട്ടകങ്ങളെ വിഴുങ്ങുകയും ചെയ്യുന്ന കുരുടരായ വഴികാട്ടികൾ ആകുന്നു," എന്നരുളിച്ചെയ്തതു ഇപ്പോൾ അവരിൽ പരിപൂർണ്ണമായി നിറവേറി.

32. ഒററിക്കൊടുത്തവനായ യൂദാ ആ മുപ്പതു് വെള്ളിനാണയങ്ങൾ ദേവാലയത്തിൽ എറിഞ്ഞുംവെച്ച് പോയി കെട്ടിഞാന്നു ചാകുന്നു.

മത്താ. ൨൭. ൩- ൧൦.

വിവരണം. യൂദായുടെ നൈരാശ്യത്തേയും, ഭയങ്കരമായ മരണത്തേയും സംബന്ധിച്ചു വി. മത്തായി മാത്രമെ രേഖപ്പെടുത്തുന്നുള്ളു. കയ്യാപ്പായുടെ കച്ചേരിയിൽ വച്ചു നടന്ന രണ്ടു സംഘങ്ങളിലും, ഈശോ മരണത്തിനു അർഹനാകുന്നു എന്നു വിധിച്ച വിവരം അറിഞ്ഞ യൂദാ, നാടുവാഴിയായ പീലാത്തോസും ആ വിധിയെ അംഗീകരിക്കതന്നെ ചെയ്യുമെന്നു തീർച്ചയാക്കി. ആയതിനാൽ, നിരാശാഭരിതനായി അവൻ പോയി കെട്ടിഞാണ്ട് ചാകുകയാണുണ്ടായതു്.

മത്താ. ൨൭. ൩. അപ്പോൾ ഒററിക്കൊടുത്തവനായ യൂദാ ഈശോ ശിക്ഷയ്ക്കു വിധിക്കപ്പെട്ടു എന്നു കണ്ടു പശ്ചാത്തപിച്ചു[1] ചെന്ന് ആ മുപ്പതു വെള്ളിനാണയങ്ങളും പ്രധാനാചാര്യന്മാർക്കും മൂപ്പന്മാർക്കും തിരികെ കൊടുത്തുകൊണ്ടു:

൪. കുററമില്ലാത്ത രക്തം ഏല്പിച്ചുതന്നതുമൂലം ഞാൻ പാപം ചെയ്തുപോയി എന്നു പറഞ്ഞു. അതിനു അവർ അവനോടു: ഞങ്ങൾക്കെന്തു്? നീ നോക്കിക്കൊള്ളുക[2] എന്നു പറഞ്ഞു.

൫. ആകയാൽ അവൻ വെള്ളിനാണയം ദേവാലയത്തിൽ എറിഞ്ഞു[3] കൊണ്ടു അവിടംവിട്ടു മാറിപ്പോയി താനേ കെട്ടിഞാന്നു ചത്തു.

൬. പ്രധാനാചാര്യന്മാരോ വെള്ളിനാണയം എടുത്തു: ഇതു് രക്തത്തിൻെറ വിലയാകകൊണ്ടു ഇതു് നേർച്ചപ്പെട്ടിയിൽ ഇടുന്നതു വിഹിതമല്ല എന്നു പറഞ്ഞു.

൭. പിന്നെ അവർ ആലോചിച്ചു, അതുകൊണ്ടു പരദേശികളുടെ ശവസംസ്കാരസ്ഥലമായി[4] കുശവൻെറ പറമ്പു വാങ്ങി.

൮. അതിനാൽ ആ പറമ്പിനു രക്തത്തിൻെറ പറമ്പു എന്നു ഇന്നാൾവരെ പേർ പറയപ്പെട്ടിരിക്കുന്നു.

ൻ. പ്രവാചകൻ മുഖേന അരുളിച്ചെയ്യപ്പെട്ടതു് അപ്പോൾ നിവൃത്തിയായി. അവൻ അരുളിച്ചെയ്തു: ഇസ്രായേൽ മക്കളിൽ നിന്നു് അവർ വില നിശ്ചയിച്ച വിലപെട്ടവൻെറ വിലയായ മുപ്പതു വെള്ളിനാണയങ്ങൾ ഞാൻ എടുത്തു്,

൧൦. കർത്താവു് എന്നോടു കല്പിച്ചതുപോലെ അവ കുശവൻെറ നിലത്തിനായി ഞാൻ കൊടുത്തു.

## വ്യാഖ്യാനം.

1. "പശ്ചാത്തപിച്ചു." യൂദായുടെ പശ്ചാത്താപം, വിശ്വാസവും സ്നേഹവും ശരണവും നിറഞ്ഞതായിരുന്നില്ല; മറിച്ചു്, നിഷിദ്ധവും നിരാശാജനകവും ആയിരുന്നു. ആകയാൽ, ഈശോയെ ഒററിക്കൊടുത്തതിനേക്കാൾ ഘനതരമായ പാപം ദൈവാനുഗ്രഹത്തിൽ അവൻ നിരാശപ്പെട്ടതായിരുന്നു.

2. "ഞങ്ങൾക്കെന്തു്? നീ നോക്കിക്കൊള്ളുക." ലോകം, മാംസം, പിശാചു എന്നിവകളെ സേവിച്ചു കാലംകഴിക്കുന്നവരുടെ അനുഭവത്തിൻെറ ഒരു യഥാർത്ഥ ചിത്രമാണിതു്. ഉദ്ദിഷ്ടകാര്യം സാധിക്കുന്നതുവരെ, ഇവ ഓരോന്നും, ആത്മാവിനെ ഉന്മേഷപൂർവ്വം മുന്നോട്ടു തള്ളിക്കൊണ്ടുപോകും. എന്നാൽ പാപംചെയ്തു കഴിയുന്ന ക്ഷണത്തിൽ, 'ഞങ്ങൾക്കെന്തു? നീ നോക്കിക്കൊള്ളുക' എന്നു പറയുമാറു്, അവ എല്ലാം പിന്മാറും; മനസ്സാക്ഷിക്കടി മാത്രം ശേഷിക്കും.

3. "ദേവാലയത്തിൽ എറിഞ്ഞു." കയ്യാപ്പായുടെ കച്ചേരിയിൽനിന്നു്, ഉഷസ്സായശേഷം, പീലാത്തോസിൻെറ പക്കലേക്കു ഈശോയെ കൊണ്ടുപോയപ്പോൾ, പ്രധാനാചാര്യന്മാരിലും മൂപ്പന്മാരിലും ഒരു വലിയ ഭാഗം ഈശോയുടെ കൂടെ പോയിരുന്നു. എന്നാൽ, ബലിഅർപ്പിക്കുന്നതിനും മററുമായി, അവരിൽ കുറേ പേർ ദേവാലയത്തിലേക്കും പോയി. യൂദാ പണം കൊണ്ടുചെന്നു ഇവരുടെ പക്കൽ കൊടുക്കുകയും, എന്നാൽ അതു, അവർ സ്വീകരിക്കാതിരിക്കുകയും ചെയ്തതിനാലാണു്, അവൻ അതു്, ദേവാലയത്തിൽ എറിഞ്ഞുംവച്ചു പോകുവാനിടയായതു്.

4. "പരദേശികളുടെ ശവസംസ്ക്കാരസ്ഥലമായി." ഓറെശ്ലേം നിവാസികളിൽ പലക്കും സ്വന്തമായി ശ്മശാനഭൂമിയുണ്ടായിരുന്നു. എന്നാൽ, തിരുനാളുകളിൽ സംബന്ധിക്കുന്നതിനും മററുമായി ഓറെശ്ലേമിൽ വന്നു പാർത്തിരുന്ന പരദേശികളിൽ വല്ലവരും മരിച്ചാൽ,അവക്കു് ശവസംസ്ക്കാരത്തിനായി സ്ഥലമില്ലായിരുന്നു. ആകയാൽ, പ്രവാചകൻ മുഖേന ദൈവം അരുളിച്ചെയ്ത വാക്യം നിറവേറുന്നതിനായി, അവർ ആ പണംകൊണ്ടു, പരദേശികളുടെ ശവസംസ്ക്കാരസ്ഥലത്തിനായി, കുശവൻെറ പറമ്പു വാങ്ങിച്ചു.

**33.** പീലാത്തോസു് പ്രത്തോറിനിൽ നിന്നു വെളിയിൽ ഇറങ്ങി, ഈശോയ്ക്കു വിരോധമായി എന്തു ദോഷാരോപ

ന്നമാണ് അവക്കുള്ളതെന്നു, യൂദന്മാരോടു ചോദിയ്ക്കുന്നു.
ലൂക്കാ. ൨൩. ൨; യോഹ. ൧൮. ൨൯-൩൨.

വിവരണം. പെസ്ഹാ അതുവരെ ഭക്ഷിച്ചിട്ടില്ലാഞ്ഞതിനാൽ പ്രത്തോറീനിൽ കയറി അശുദ്ധപ്പെടാതിരിപ്പാൻ വേണ്ടി, യൂദന്മാർ വെളിയിൽ നില്ക്കുകയായിരുന്നല്ലോ. ആകയാൽ, അവരുടെ മതതീക്ഷ്ണതയെ അംഗീകരിയ്ക്കുന്ന ഭാവം നടിച്ചുകൊണ്ട്, പീലാത്തോസു, പ്രത്തോറീനിൽ നിന്നു വെളിക്കിറങ്ങി, യൂദന്മാരുടെ അടുക്കൽ ചെന്നു, ഈശോയെക്കുറിച്ചു അവരോടു ചോദ്യം ചെയ്യുന്നു. ഈ സംഗതി വി. യോഹന്നാൻ മാത്രമെ വിശദമായി പ്രതിപാദിയ്ക്കുന്നുള്ളൂ.

യോഹ. ൧൮. ൨൯. അതിനാൽ പീലാത്തോസു വെളിയിൽ അവരുടെ അടുക്കലേയ്ക്കു പുറപ്പെട്ടു ചെന്നു അവരോടു: ഈ മനുഷ്യനു വിരോധമായി എന്തു ദോഷാരോപണമാകുന്നു നിങ്ങൾക്കുള്ളതു്? എന്നു ചോദിച്ചു.

൩൦. അവർ ഉത്തരമായി അവനോടു: അവൻ ദുഷ്പ്രവൃത്തിക്കാരൻ അല്ലായിരുന്നു എങ്കിൽ ഞങ്ങൾ അവനെ നിനക്കു ഏല്പിയ്ക്കുകയേ ഇല്ലായിരുന്നു എന്നു പറയുന്നു.

൩൧. പീലാത്തോസു അവരോടു: നിങ്ങൾ അവനെക്കൊണ്ടുപോയി നിങ്ങളുടെ നിയമപ്രകാരം അവനെ വിധിയ്ക്കുവിൻ[1] എന്നു പറയുന്നു. യൂദന്മാർ അവനോടു: ആരേയും കൊല്ലുവാൻ ഞങ്ങൾക്കു അധികാരമില്ല എന്നു പറയുന്നു.

൩൨. (അതു) താൻ ഏതു മരണത്താൽ മരിയ്ക്കുവാനിരിയ്ക്കുന്നു എന്നു അറിയിക്കുകയിൽ ഈശോ അരുളിച്ചെയ്ത വചനം നിവൃത്തിയാകേണ്ടതിനു തന്നെ.

ലൂക്കാ. ൨൩. ൨. (അപ്പോൾ അവർ) ഇവൻ ഞങ്ങളുടെ ജാതിയെ വഴിതെററിയ്ക്കുകയും,[2] കേസറിനു തലവരി കൊടുക്കേണ്ട എന്നു വിരോധിക്കുകയും, മ്ശിഹാ രാജാവാകുന്നു എന്നു തന്നെപ്പററിത്തന്നെ പറയുകയും ചെയ്യുന്നതായി ഞങ്ങൾ കണ്ടു എന്നു അവൻെറമേൽ കുററം ചുമത്തിപ്പറയുവാൻ തുടങ്ങി.

## വ്യാഖ്യാനം.

1. "നിങ്ങളുടെ നിയമപ്രകാരം അവനെ വിധിയ്ക്കുവിൻ." ഈശോയെ തൻെറപക്കൽ കൊണ്ടുവന്നതു്, സേവകരുടെ അകമ്പടിയോടും പ്രധാനാചാര്യന്മാർ മൂപ്പന്മാർ എന്നിവരുടെ നേതൃത്വത്തിൽ, ഒരു വലിയ ജനസംഖ്യയത്തോടുംകൂടി ആയിരുന്നതിനാൽ, ഈശോ, ഒരു വലിയ കുററക്കാരനായിരിയ്ക്കണം എന്നു തന്നെ പീലാത്തോസു വിചാരിച്ചു

പോയി. ആകയാൽ, റോമാക്കാരുടെ നിയമം അനുസരിച്ചു, കുററക്കാരന് എതിരായ ദോഷാരോപണമായിരുന്നു ആദ്യമായി നടക്കേണ്ടിയിരുന്നത്. എന്നാൽ, അതേസംബന്ധിച്ചു യൂദന്മാരോടു അദ്ദേഹം ചെയ്ത ചോദ്യത്തിനു, 'കുററക്കാരൻ അല്ലായിരുന്നെങ്കിൽ, ഈശോയെ അവർ അയാളുടെ പക്കൽ കൊണ്ടുചെല്ലുകയില്ലായിരുന്നു' എന്നത്രെ അവർ നൽകിയ മറുപടി. കുററം തെളിയിച്ചിട്ടല്ലാതെ, കുററം ഉണ്ടെന്നുകേട്ടു, വിധിതീർപ്പുചെയ്യാൻ താൻ സന്നദ്ധനല്ല, എന്നു അവരെ ധരിപ്പിയ്ക്കുവാൻ വേണ്ടി, അവർ തന്നെ ഈശോയെ കൊണ്ടുപോയി അവരുടെ നിയമപ്രകാരം വിധിച്ചുകൊള്ളുക, എന്നു പീലാത്തോസു മറുപടിയും പറഞ്ഞു. പീലാത്തോസിന്റെ മറുപടിയുടെ സാരം യൂദന്മാർ നല്ല പോലെ ഗ്രഹിച്ചു. ഈശോയെ കൊല്ലണമെന്നായിരുന്നു അവരുടെ ആഗ്രഹം. എന്നാൽ വധശിക്ഷയ്ക്കു വിധിയ്ക്കുവാൻ അവരുടെ നിയമം അനുവദിച്ചിരുന്നുമില്ല. ആകയാൽ, യൂദന്മാർ ഉടനെതന്നെ, ഈശോയ്ക്കു വിരോധമായുള്ള ദോഷാരോപണം, മൂന്നു വകുപ്പുകളായി പീലാത്തോസിന്റെ മുൻപാകെ ഹാജരാക്കുന്നു.

2. "ഞങ്ങളുടെ ജാതിയെ വഴിതെററിക്കയും." ജനങ്ങളെ വഴിതെററിയ്ക്കുകയും, കേസറിനു നികുതി കൊടുക്കേണ്ടാ എന്നു പഠിപ്പിയ്ക്കുകയും, സ്വയം മ്ശിഹാരാജാവാകുന്നു എന്നു പറയുകയും ചെയ്തു; ഇവ ആയിരുന്നു, ഈശോയ്ക്കു എതിരായി യൂദന്മാർ ഹാജരാക്കിയ ദോഷാരോപണങ്ങൾ. ഇതിൽ ഒന്നാമത്തേതും രണ്ടാമത്തേതും പീലാത്തോസ് ഗൌനിച്ചതേയില്ല. എന്തുകൊണ്ടെന്നാൽ, അങ്ങനെ വല്ലതും സംഭവിച്ചിരുന്നെങ്കിൽ, റോമാ അധികാരികൾ മൂലം, അത്, തന്റെ ദൃഷ്ടിയിൽ മുമ്പേതന്നെ പതിയുമായിരുന്നു എന്ന് അദ്ദേഹത്തിനു നല്ല പോലെ അറിയാമായിരുന്നു. എന്നാൽ, ഈശോ പഠിപ്പിച്ചതാകട്ടെ, (മത്തായി. ൨൨. ൨൧.) കേസറിനുള്ളത് കേസറിനുതന്നെ കൊടുക്കണമെന്നുമായിരുന്നു. മൂന്നാമത്തെ സംഗതി, പീലാത്തോസിന്റെ ശ്രദ്ധയെ കൂടുതൽ ആകർഷിച്ചു. എന്തുകൊണ്ടെന്നാൽ, മ്ശിഹായുടെ രാജ്യപ്രഖ്യാപനം, കേസറിന്റെ പരമാധികാരത്തിനു പക്ഷേ എതിരായിരുന്നേക്കാം, എന്നു അവൻ ശങ്കിച്ചു. ഇതിനാലത്രെ, അവന്റെ വിസ്താരത്തിൽ ആദ്യത്തെ രണ്ടു സംഗതികളും വിട്ടുകളഞ്ഞശേഷം, മ്ശിഹായുടെ രാജത്വത്തെ സംബന്ധിച്ചു പീലാത്തോസ് ആദ്യമായി ചോദ്യം ചെയ്തത്.

## 34. പീലാത്തോസ് പ്രത്തോറീനിൽ പ്രവേശിച്ച് ഈശോയെ വിളിച്ച് അവന്റെ മുമ്പാകെ വരുത്തി: നീ യൂദന്മാരുടെ രാജാവാകുന്നുവോ? എന്നു ചോദിയ്ക്കുന്നു.

മത്താ. ൨൭. ൧൧; മർക്കോ. ൧൫. ൨; ലൂക്കാ. ൨൩. ൩; യോഹ. ൧൮. ൩൩-൩൭.

വിവരണം. ഈശോ, യൂദന്മാരുടെ രാജാവാകുന്നുവോ? എന്നുള്ള പീലാത്തോസിന്റെ ഔദ്യോഗിക ചോദ്യത്തെ സംബന്ധിച്ച്, നാല്ല സുവിശേഷകന്മാരും ഏകകണ്ഠമായി പ്രതിപാദിക്കുന്നുണ്ട്. എന്നാൽ, ആ അവസരത്തിൽതന്നെ നടന്ന മററുചോദ്യോത്തരങ്ങളെ സംബന്ധിച്ച്, വി. യോഹന്നാൻ മാത്രമെ വിവരിക്കുന്നുള്ളൂ. ഈ വിസ്താരത്തിൽ, ഈശോയുടെ രാജ്യം ഈലോകത്തിനടുത്തതാണോ എന്നറിവാൻ പീലാത്തോസ് എത്രകണ്ടു ശ്രദ്ധാലുവായി കാണപ്പെടുന്നുവോ, അത്രകണ്ടു, അങ്ങേ രാജ്യം ലോകത്തിലാണെങ്കിലും, ലോകത്തിനടുത്തതല്ല, പ്രത്യുത, ആദ്ധ്യാത്മികമാണ്, എന്നു സ്ഥാപിപ്പാൻ ഈശോയും ശ്രദ്ധാലുവായി കാണപ്പെടുന്നു.

യോഹ. ൧൮. ൩൩. പീലാത്തോസ് പ്രത്തോറീനിൽ പ്രവേശിച്ചു ഈശോയെ വിളിച്ചു * മുമ്പാകെ (വരുത്തി)» അവനോടു: നീ യൂദന്മാരുടെ രാജാവാകുന്നുവോ? എന്നു ചോദിച്ചു.

൩൪. ഈശോ അവനോടു: ഇതു് നീ സ്വയമായി പറഞ്ഞുവോ?, അതോ, എന്നെക്കുറിച്ചു മററുള്ളവർ നിന്നോടു പറഞ്ഞുവോ? എന്നു ചോദിക്കുന്നു.

൩൫. പീലാത്തോസ് അവനോടു: ഞാൻ ഒരു യൂദനാകുന്നുവോ? നിന്റെ ജനത്തിലെ ആളുകളും പ്രധാനാചാര്യന്മാരും ആകുന്നു നിന്നെ എനിക്കു ഏല്പിച്ചതു്. നീ എന്തു ചെയ്തു? എന്നു ചോദിക്കുന്നു.

൩൬. ഈശോ അവനോടു: എന്റെ രാജ്യം ഈ ലോകത്തിൽ നിന്നല്ല. എന്റെ രാജ്യം ഈ ലോകത്തിൽനിന്നു് ആയിരുന്നു എങ്കിൽ ഞാൻ യൂദന്മാൎക്കു ഏല്പിക്കപ്പെടാതിരിക്കുവാൻ എന്റെ ശുശ്രൂഷകന്മാർ പോരാടുമായിരുന്നു. എന്നാൽ ഇപ്പോൾ എന്റെ രാജ്യം ഇവിടെ നിന്നല്ല എന്നു അരുളിച്ചെയ്യുന്നു.

൩൭. പീലാത്തോസ് അവനോടു: ആകയാൽ നീ രാജാവാകുന്നുവോ?[1] എന്നു ചോദിക്കുന്നു. ഈശോ ¶ ഉത്തരമായി» അവനോടു: ഞാൻ രാജാവാകുന്നു എന്നു നീ പറഞ്ഞുവല്ലോ. ഇതിനായിട്ടു ഞാൻ ജനിച്ചിരിക്കുന്നു. ഇതിനായിട്ടു—സത്യത്തെപ്പററി സാക്ഷ്യപ്പെടുത്തുവാനായിട്ടു—ഞാൻ ലോകത്തിൽ വന്നുമിരിക്കുന്നു. സത്യത്തിൽ നിന്നുള്ള ഏവനും എന്റെ സ്വരം കേൾക്കുന്നു എന്നു അരുളിച്ചെയ്യുന്നു.

൩൮. പീലാത്തോസ് അവനോടു: സത്യം എന്താകുന്നു?[2] എന്നു ചോദിക്കുന്നു.

* മത്താ. ൨൭. ൧൧. ¶ മൎക്കോ. ൧൫. ൨.

## വ്യാഖ്യാനം.

1. "ആകയാൽ നീ രാജാവാകുന്നുവോ?" 'എന്റെ രാജ്യം ഈ ലോകത്തിൽ നിന്നല്ല' എന്നു ഈശോ പറഞ്ഞ മറുപടിയിൽ നിന്നു, ഈശോ കേസറിനു എതിരായ ഒരു രാജാവല്ല എന്നു പീലാത്തോസ് നിഷ്പ്രയാസം ഗ്രഹിച്ചുവെങ്കിലും, തനിക്കു ഒരു രാജ്യമുണ്ടെന്നും, അതു ലോകത്തിൽ നിന്നല്ല എന്നും അറിഞ്ഞപ്പോൾ, അവൻ കൂടുതൽ പരിഭ്രമിക്കുകയത്രെ ചെയ്തതു്. ഇതിനാലായിരുന്നു, 'ആകയാൽ നീ രാജാവാകുന്നുവോ?' എന്നു ചോദിച്ചതു്.

2. "സത്യം എന്താകുന്നു." ഈ ചോദ്യം ചോദിച്ചയുടനെ പീലാത്തോസ് സ്ഥലം വിട്ടു പോയതിൽ നിന്നു, സത്യം എന്താണെന്നറിവാൻ വേണ്ടിയല്ല, അവൻ അതു ചോദിച്ചതെന്നു തെളിവാകുന്നു. ഈ സത്യം, ഒരു ദൈവം ഉണ്ടെന്നും, ദൈവത്തിൽ, പിതാവു, പുത്രൻ, പരിശുദ്ധാരൂപി, എന്ന മൂന്നാളുകൾ ഉണ്ടെന്നും, സുതനായ ദൈവം മനുഷ്യനായി അവതരിച്ചെന്നും, ഇവ വിശ്വസിച്ചു ജീവിതം നയിക്കുന്നവൎക്കു നിത്യഭാഗ്യം ലഭ്യമാകുമെന്നും, വിശ്വസിക്കുന്നതത്രേ. ഈ സത്യം, ലോകത്തെ ഉൽബോധിപ്പിക്കുന്നതിനും, അങ്ങേ മരണത്താൽ തന്നേയും, ആയതു സാക്ഷിപ്പെടുത്തുന്നതിനും ആയിട്ടാണു്, മനുഷ്യദൈവമായ ഈശോ ലോകത്തിൽ വന്നതു്. ഓ! അങ്ങേ സ്വരം ഏവരും ശ്രവിച്ചിരുന്നെങ്കിൽ!

35. പീലാത്തോസ് വീണ്ടും വെളിയിൽ ഇറങ്ങി, ഈശോയിൽ ഒരു കുററംപോലും കാണുന്നില്ല എന്നു പ്രധാനാചാൎയ്യന്മാരോടും മൂപ്പന്മാരോടും പറയുന്നു. അവൻ ഈശോയെ ഹേറോദേസിന്റെ പക്കലേയ്ക്കയക്കുന്നു.

മത്താ. ൨൭. ൧൨-൧൪; മൎക്കൊ. ൧൫. ൩-൫; ലൂക്കാ. ൨൩. ൪-൭; യോഹ. ൧൮. ൩൮.

വിവരണം. ഈശോയിൽ ഒരു കുററംപോലും കാണുന്നില്ല എന്നു പീലാത്തോസ് പറഞ്ഞപ്പോൾ, യൂദജനം വല്ലാതെ പരിഭ്രമിച്ചു. ഒരുപക്ഷെ, നാടുവാഴി, ഈശോയെ, വിട്ടുകളഞ്ഞേക്കുമോ എന്നുകൂടെ അവർ ഭയപ്പെടാതിരുന്നില്ല. ഇതിനാലാണു്, വളരെ കാൎയ്യങ്ങളിൽ ഈശോയുടെ മേൽ അവർ കുററം ചുമത്തിക്കൊണ്ടിരുന്നതു്. ഭീരുവും ധൎമ്മബോധമില്ലാത്തവനുമായ പീലാത്തോസ്, ഈശോയെ വിട്ടയപ്പാനും, അതേ സമയം തന്നെ, യൂദന്മാരുടെ പ്രീതി സമ്പാദിപ്പാനും ആഗ്രഹിച്ചിരുന്നു. ആകയാൽ, ഈശോ ഗ്ലീലായാക്കാരൻ ആകുന്നു എന്നു കേട്ട മാത്രയിൽ, അവൻ അങ്ങേ ഹേറോദേസിന്റെ പക്കലേയ്ക്കു അയക്കുന്നു.

യോഹ. ൧൮. ൩൮. അവൻ ഇതു ചോദിച്ചിട്ടു യൂദന്മാരുടെ അടുക്കലേയ്ക്കു വീണ്ടും പുറപ്പെട്ടുചെന്ന്, ✻ പ്രധാനാചാര്യന്മാരോടും ജനക്കൂട്ടത്തോടും: ഞാൻ ഈ മനുഷ്യനിൽ [1] കുററം ഒന്നും കാണുന്നില്ല എന്നു പറഞ്ഞു.»

മത്താ. ൨൭. ൧൨. പിന്നെ പ്രധാനാചാര്യന്മാരും മൂപ്പന്മാരും, ¶ വളരെക്കാര്യങ്ങളിൽ,» അവൻെറ മേൽ കുററം ചുമത്തിയപ്പോൾ അവൻ യാതൊരു മറുപടിയും അരുളിച്ചെയ്തില്ല.

മർക്കോ. ൧൫. ൪. പീലാത്തോസു പിന്നേയും അവനോടു ചോദിച്ചു: നീ ഉത്തരം പറയുന്നില്ലയോ? അവർ നിനക്കു വിരോധമായി എത്രയധികം സാക്ഷ്യം വഹിയ്ക്കുന്നു എന്നു നോക്കുക എന്നു അവൻ അവനോടു പറഞ്ഞു.

൫. ഈശോയാകട്ടെ † ഒരു വാക്കുപോലും അവനോടു മറുപടി അരുളിച്ചെയ്തില്ല». ആകയാൽ പീലാത്തോസ് † അത്യന്തം» ആശ്ചര്യപ്പെട്ടു.

ലൂക്കാ. ൨൩. ൫. അവരോ: അവൻ ഗ്ലീലായിൽ തുടങ്ങി ഇവിടംവരെ യൂദായിൽ എങ്ങും പഠിപ്പിച്ചു ഞങ്ങളുടെ ജനത്തെ കലഹിപ്പിച്ചു എന്നു് ആർത്തു പറഞ്ഞുകൊണ്ടിരുന്നു.

൬. എന്നാൽ പീലാത്തോസ് ഗ്ലീലാ എന്ന പേർ കേട്ടപ്പോൾ (ഈ) മനുഷ്യൻ ഗ്ലീലായനാണോ എന്നു ചോദിച്ചു.

൭. അവൻ ഹേറോദേസിൻെറ [2] അധികാരത്തിൻകീഴുള്ളവനാകുന്നു എന്നു അറിഞ്ഞപ്പോൾ, ഹേറോദേസ് ആ നാളുകളിൽ ഓറെശ്ലേത്തുണ്ടായിരുന്നതുകൊണ്ടു്, അവൻെറ അടുക്കലേയ്ക്കു [3] അവനെ അയച്ചു.

✻ ലൂക്കാ. ൨൩. ൪. ¶ മർക്കോ. ൧൫. ൩. † മത്താ. ൨൭. ൧൪.

## വ്യാഖ്യാനം.

1. "ഈ മനുഷ്യനിൽ." പീലാത്തോസും ഈശോയും തമ്മിൽ പ്രത്തോറീനിൽ വച്ചു, തനിച്ചു നടത്തിയ ചോദ്യോത്തരത്തിനുശേഷം, ഈശോ നിരപരാധി എന്നു് പ്രഖ്യാപനം ചെയ്യുന്നതിന്, പീലാത്തോസ് വെളിയിലിറങ്ങി, യൂദന്മാരുടെ പക്കലേയ്ക്കു പോയപ്പോൾ, ഈശോയെക്കൂടെ തന്നോടുകൂടി വെളിയിൽ കൊണ്ടുപോയിരിക്കണമെന്നു്, ഈ വാക്യത്തിൽ നിന്നും അനന്തരസംഭവങ്ങളെക്കുറിച്ചുള്ള സുവിശേഷകന്മാരുടെ വിവരണത്തിൽ നിന്നും, നമുക്കു അനുമാനിക്കാം.

2. "ഹേറോദേസിൻെറ." യോഹന്നാൻ മാംദാനായുടെ തലവെട്ടിച്ചവനും, മൂഢഭക്തനും, ക്രൂരനും, ദുർമ്മോഹിയും ആയ ഹേറോദേസ് അന്തിപ്പാസാണ് ഇദ്ദേഹം. മഹാനായ ഹേറോദേസ് എന്ന പേരിനാൽ അറിയപ്പെട്ടുന്നയാളും, മ്ശിഹായുടെ പിറവിയിൽ കുഞ്ഞിപ്പൈതങ്ങളെ നിഷ്ഠുരണം കൊലപ്പെട്ടുത്തിയ ആളുമായ, ഹേറോദേസ് അസ്കലോനിത്താ, ഇദ്ദേഹത്തിൻെറ പിതാവായിരുന്നു. വി. യാക്കോബ് സ്ലീഹായെ വധിച്ചതും, ശ്ലൈഹിക പ്രമുഖനായ വി. പത്രോസിനെ പാറാവിൽ ഇട്ടടച്ചതും, ഹേറോദേസ് അഗ്രിപ്പാ എന്ന പേരിൽ അറിയപ്പെട്ടുന്ന മൂന്നാമതൊരുത്തനാണ്.

3. "അവൻെറ അട്ക്കലേയ്ക്കു്." യൂദപ്രമാണികൾ ഈശോയെ പീലാത്തോസിനു് ഏൾപ്പിച്ചതു്, മരണത്തിനു യോഗ്യനായ കുററക്കാരൻ എന്ന ഭാവത്തിലായിരുന്നു. ആ സ്ഥിതിയ്ക്കു, വിസ്താരിച്ചശേഷം തെളിവിനനുസരണമായി, ഈശോയെ ശിക്ഷിയ്ക്കുകയോ വിട്ടയക്കുകയോ ചെയ്യുകയായിരുന്നു പീലാത്തോസിൻെറ കടമ. മാത്രമല്ല, ദൈവസുതനായ ഈശോ, ഹേറോദേസിൻെറയാകട്ടെ മറെറാരുത്തൻെറയാകട്ടെ, അധികാരത്തിൻകീഴുള്ളവനല്ലായിരുന്നു. ആകയാൽ, അദ്ദേഹം ഈശോയെ ഹേറോദേസിൻെറ പക്കൽ അയച്ചതു്, സ്പഷ്ടമെ അബദ്ധമായിപ്പോയി. പക്ഷെ, അങ്ങനെ ചെയ്യാൻ അദ്ദേഹത്തിനു പ്രേരകമായതു്, ഒന്നാമതു, ആ ആപൽഘട്ടത്തിൽ നിന്നു ഇങ്ങനെ ഒഴിഞ്ഞുകളയാമെന്നുള്ള അഭിവാഞ്ഛകൊണ്ടും, രണ്ടാമതു്, ഹേറോദേസിൻെറ അധികാരത്തിൽപെട്ട ചിലരെ പീലാത്തോസ് അന്യായമായി വധിച്ചതിൽ, ന്യായമായി കോപിച്ചിരുന്ന ഹേറോദേസിനെ, ഈ ഔദാര്യപ്രവൃത്തിയാൽ രമ്യപ്പെട്ടുത്തുന്നതിനുവേണ്ടിയും ആയിരുന്നു.

## 36. ഹേറോദേസ് ഈശോയെ ചുവപ്പുവസ്ത്രം ധരിപ്പിച്ച് ആക്ഷേപിയ്ക്കുകയും പീലാത്തോസിൻെറ പക്കലേയ്ക്കു തിരികെ അയക്കയും ചെയ്യുന്നു.

ലൂക്കാ. ൨൩. വ്യ-൧൨.

വിവരണം. പീലാത്തോസ് ഈശോയെ ഹേറോദേസിൻെറ പക്കലേയ്ക്കു അയച്ചതും, അവിടെ വച്ചു നടന്ന സംഭവങ്ങളും, അവസാനം, ചുവപ്പുകുപ്പായം ധരിപ്പിച്ച് അങ്ങേ ആക്ഷേപിച്ചശേഷം, ഹേറോദേസ്, ഈശോയെ പീലാത്തോസിൻെറ പക്കലേയ്ക്കു തിരികെ അയച്ചതുമായ സംഗതികൾ, വി. ലൂക്കാ മാത്രമെ വിവരിയ്ക്കുന്നുള്ളൂ. പ്രധാനാചാര്യന്മാരും നിയമജ്ഞന്മാരും ഈശോയെ കുററം ചുമത്തുവാനായി, അങ്ങേ അനുഗമിച്ച്, ഹേറോദേസിൻെറ അരമനയിലും പോയിരുന്നു.

ലൂക്കാ. ൨൩. വ്യ. ഹേറോദേസോ ഈശോയെ കണ്ടപ്പോൾ അധികമായി സന്തോഷിച്ചു. എന്തുകൊണ്ടെന്നാൽ അവ

നെപ്പററി വളരെ കാൎയ്യങ്ങൾ കേട്ടിരുന്നതുകൊണ്ടു അവനെ കാണ്മവാൻ വളരെ കാലമായിട്ടു അവൻ ആഗ്രഹിച്ചിരുന്നു. അവനിൽ നിന്നു എന്തെങ്കിലും അടയാളം കാണാമെന്നു അവൻ ആശിച്ചുമിരുന്നു.

൯. ആകയാൽ അവൻ വളരെ വാക്കുകളാൽ അവനോടു ചോദിച്ചിരുന്നു; ഈശോയൊ മറുപടി ഒന്നും അവനു നൽകിയില്ല.[1]

൧൦. എന്നാൽ പ്രധാനാചാൎയ്യന്മാരും നിയമജ്ഞന്മാരും അവൻെറമേൽ ബലമായി കുററം ചുമത്തിക്കൊണ്ടു നിന്നിരുന്നു.

൧൧. ഹേറോദേസാകട്ടെ- അവനും അവൻെറ സേവകന്മാരും- അവനെ ഭോഷനാക്കി ആക്ഷേപിച്ച് അവനെ ചുവപ്പു കുപ്പായങ്ങൾ[2] ധരിപ്പിക്കുകയും, പീലാത്തോസിൻെറ അടുക്കലേക്കു അവനെ (തിരികെ) അയക്കുകയും ചെയ്തു.

൧൨. ആ ദിവസത്തിൽ പീലാത്തോസും ഹേറോദേസും തമ്മിൽ സ്നേഹിതന്മാരായിത്തീൎന്നു. മുമ്പാകട്ടെ അവർ തമ്മിൽ ശത്രുതയുണ്ടായിരുന്നു.

## വ്യാഖ്യാനം.

1. "ഈശോയൊ മറുപടി ഒന്നും അവനു നൽകിയില്ല." ഹേറോദേസ് ഈശോയെ കാണ്മാൻ ആഗ്രഹിച്ചതും, കണ്ടപ്പോൾ അധികമായി സന്തോഷിച്ചതും, അങ്ങേയോടു വളരെ ഒക്കെ ചോദിച്ചതും, വെറുക്കത്തക്ക ജിജ്ഞാസമൂലമായിരുന്നു. മാത്രമല്ല, ദുർമാൎഗ്ഗജീവിതത്താൽ, (മക്കോ. ൬. ൧൭.) കുപ്രസിദ്ധനായിരുന്ന ആ മനുഷ്യാധമൻ, ഈശോയിൽ നിന്നു ഒരു മറുപടിക്കു പോലും അർഹനല്ലായിരുന്നു. ഇതിനാലത്രെ, ഈശോ രാജസമക്ഷം മൌനം അവലംബിച്ചത്.

2. "ചുവപ്പു കുപ്പായങ്ങൾ." ഹേറോദേസ് ഈശോയെ ധരിപ്പിച്ച വസ്ത്രം ചുവപ്പായിരുന്നു എന്നു, പേൎഷ്യൻ അറബി, സുറിയാനി എന്നീ പ്രതികളിൽ കാണുന്നു. അതു, വെള്ളയായിരുന്നുവെന്നു, ലത്തീൻ പ്രതിയിലും കാണുന്നു. വി. ലൂക്കാ മാത്രമെ, ഈ സംഗതിയെപ്പററി പ്രതിപാദിക്കുന്നുള്ളു. അദ്ദേഹം സുവിശേഷം എഴുതിയതു ഗ്രീക്ക് ഭാഷയിലായിരുന്നു. മൂലഗ്രന്ഥത്തിൽ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് പദത്തിനു തിളങ്ങുന്ന, ഭംഗിയുള്ള, ഇത്യാദി അൎത്ഥങ്ങളാണുള്ളത്. ഈ ഗുണലക്ഷണങ്ങളുള്ള വസ്ത്രം, വെളുത്തതോ ചുവന്നതോ ആകുകയും ചെയ്യാം. ആകയാൽ, ഈ വൈപരീത്യം തൎജ്ജമക്കാരിൽ ആരോപിച്ചാൽ മതി.

37. ഈശോയിൽ യാതൊരു കുററവും കാണുന്നില്ല എന്നു പ്രധാനാചാൎയ്യന്മാരോടും ജനപ്രമാണികളോടും പീ

ലാത്തോസ് രണ്ടാം പ്രാവശ്യം പറയുന്നു. അങ്ങേ ശിക്ഷിച്ചു വിട്ടയക്കമെന്നു അവൻ പ്രസ്താവിയ്ക്കുന്നു.

ലൂക്കാ. ൨൩. ൧൩-൧൬.

വിവരണം. ഈ സംഗതി വി. ലൂക്കാ മാത്രമെ വിവരിയ്ക്കുന്നുള്ളു. ഈശോ നിരപരാധിയാണെന്നു രണ്ടാം പ്രാവശ്യവും പരസ്യമായി പ്രഖ്യാപനം ചെയ്ത പീലാത്തോസ്, അങ്ങേ ചമ്മട്ടിയടി അനുഭവിപ്പിച്ചശേഷം വിട്ടയക്കമെന്നു തീർമാനിച്ചതു്, അത്ഭുതാവഹംതന്നെ.

ലൂക്കാ ൨൩. ൧൩. പീലാത്തോസോ പ്രധാനാചാൎയ്യന്മാരേയും ജനപ്രമാണികളേയും വിളിച്ച്,

൧൪. അവരോടു പറഞ്ഞു: നിങ്ങളുടെ ജനത്തെ ദുഷിപ്പിക്കുന്നവനായിട്ടു ഈ മനുഷ്യനെ എൻെറ അടുക്കൽ നിങ്ങൾകൊണ്ടുവന്നിരിയ്ക്കുന്നുവല്ലൊ. ഇതാ! നിങ്ങളുടെ കൺമുമ്പാകെ അവനോടു ഞാൻ ചോദിച്ചു. എങ്കിലും നിങ്ങൾ അവനിൽ ചുമത്തുന്ന കുററങ്ങളിൽ യാതൊന്നും ഈ മനുഷ്യനിൽ ഞാൻ കണ്ടില്ല.

൧൫. എന്നുവേണ്ട, ഹേറോദേസും കണ്ടില്ല. ഇവനെ അവൻെറ അടുക്കൽ ഞാൻ അയച്ചുവല്ലോ. എങ്കിലും ഇതാ! മരണത്തിനു യോഗ്യമായ ഒന്നും ഇവനോടു ചെയ്യപ്പെട്ടിട്ടില്ല.

൧൬. അതുകൊണ്ടു ഇവനെ ഞാൻ ശിക്ഷിച്ചു വിട്ടയയ്ക്കും.[1]

വ്യാഖ്യാനം.

1. "ശിക്ഷിച്ചു വിട്ടയയ്ക്കും." ഈശോയിൽ യാതൊരു കുററവും ഇല്ലെന്നു പീലാത്തോസിനു ബോദ്ധ്യമായിരുന്നു. പക്ഷെ, അങ്ങേ വിട്ടയച്ചാൽ യൂദന്മാൎക്കു അതൃപ്തിയായേക്കമെന്നു അയാൾ ഭയന്നു. ആകയാൽ, നിർദ്ദയമായ ചമ്മട്ടിയടി ശിക്ഷമൂലം, യൂദന്മാരിൽ, ഈശോയുടെ നേരെ അനുകമ്പ ജനിപ്പിക്കാനായിരുന്നു അയാളുടെ ശ്രമം. ന. ദി. രക്ഷകനെ ആ പീഡകളുടെ അനുഭവിപ്പിച്ചു എന്നല്ലാതെ, ഭീരുവായ ആ അധികാരിയ്ക്കു്, അതുമൂലം യാതൊരു പ്രയോജനവും സിദ്ധിച്ചില്ല.

38. കലഹക്കാരനും കൊലപാതകനുമായ ബർ അബ്ബാദയയോ, അതോ, ഈശോയെയോ, ആരെയാണു് വിമോചിയ്ക്കേണ്ടതെന്നു് പീലാത്തോസ് യൂദജനത്തോടു ചോദിയ്ക്കുന്നു. പീലാത്തോസിൻെറ ഭാൎയ്യ, ഈശോയെ

ആദരിച്ചുകൊണ്ടു പീലാത്തോസിനോടു സംസാരിയ്ക്കുന്നു.

മത്താ. ൨൭. ൧൫-൨൦; മൎക്കോ. ൧൫. ൬-൧൧; ലൂക്കാ. ൨൩. ൧൭-൧൯; യോഹ. ൧൮. ൩൯.

വിവരണം. പെസ്ഹാ തിരുനാൾ സ്മാരകമായി, ആരെയാണ് വിമോചിക്കേണ്ടതെന്ന്, മൂന്നു പ്രാവശ്യം പീലാത്തോസു യൂദജനത്തോടു ചോദിയ്ക്കയുണ്ടായി. അതിൽ ഒന്നാമത്തേതാണ്, ഈ ചോദ്യം. ഈ സംഭവം നാലു സുവിശേഷകന്മാരും വിവരിയ്ക്കുന്നുണ്ടെങ്കിലും, ബർ അബ്ബായുടെ വിമോചനത്തിനായുള്ള അഭ്യൎത്ഥനയ്ക്ക്, ജനങ്ങളെ പ്രേരിപ്പിച്ചത്, പ്രധാനാചാൎയ്യന്മാരും മൂപ്പന്മാരും ആയിരുന്നു എന്നുള്ള വസ്തുത, വി. മത്തായിയും വി. മൎക്കോസും മാത്രമെ വിശദമായി പറയുന്നുള്ളു.

മത്താ. ൨൭. ൧൫. എന്നാൽ എല്ലാ തിരുനാളിലും ജനങ്ങൾ ഇച്ഛിക്കുന്ന ഒരു തടവുകാരനെ നാടുവാഴി അവൎക്കു വിട്ടുകൊടുക്കുക പതിവായിരുന്നു.

൧൬. ബർഅബ്ബാ എന്നു വിളിക്കപ്പെട്ടിരുന്ന പേരുകേട്ട ഒരു തടവുകാരൻ അവരാൽ ബന്ധിയ്ക്കപ്പെട്ടുമിരുന്നു.

മൎക്കോ. ൧൫. ൭. (അവൻ) കലഹത്തിൽ കൊലചെയ്തവനും ആ കലഹക്കാരോടുകൂടി ബന്ധിയ്ക്കപ്പെട്ടിരുന്നവനും (ആയിരുന്നു).

൮. ജനങ്ങൾ നിലവിളിച്ച്, പതിവായിരുന്നതു പോലെ അവൻ തങ്ങളോടു ചെയ്യണമെന്നു ചോദിയ്ക്കുവാൻ തുടങ്ങി.

മത്താ. ൨൭. ൧൭. ആകയാൽ അവർ ഒരുമിച്ചുകൂടിയപ്പോൾ പീലാത്തോസ് അവരോടു:* പെസ്ഹായിൽ ഞാൻ ഒരുത്തനെ നിങ്ങൾക്കു വിട്ടുതരിക എന്ന ഒരു പതിവ് നിങ്ങൾക്കുണ്ടല്ലൊ. ആകയാൽ», ഞാൻ നിങ്ങൾക്കു ആരെ വിട്ടുതരുവാനാണ് നിങ്ങൾ ഇച്ഛിക്കുന്നതു? ബർ അബ്ബായെയോ,മ്ശിഹാ എന്നു വിളിയ്ക്കപ്പെടുന്ന ¶ യൂദന്മാരുടെ രാജാവായ», ഈശോയെയോ? എന്നു ചോദിച്ചു.

മൎക്കോ. ൧൫. ൧൦. എന്തുകൊണ്ടെന്നാൽ പ്രധാനാചാൎയ്യന്മാർ അസൂയ നിമിത്തമാണ് അവനെ ഏല്പിച്ചുകൊടുത്തതെന്നു പീലാത്തോസു അറിഞ്ഞിരുന്നു.

മത്താ. ൨൭. ൧൯. എന്നാൽ നാടുവാഴി തന്റെ ന്യായാസനത്തിൽ ഇരിയ്ക്കുകയിൽ അവന്റെ ഭാൎയ്യ[1] അവന്റെയടുക്കൽ ആളയച്ച്: നിനക്ക് ആ നീതിമാനോടു കാൎയ്യമില്ല; എന്തെന്നാൽ

അവൻ നിമിത്തം ഞാൻ ഇന്നു എന്റെ സ്വപ്നത്തിൽ വളരെ കഷ്ടതയനുഭവിച്ചു[2] എന്നു അവനോടു പറയിച്ചു.

൨൦. പ്രധാനാചാൎയ്യന്മാരും, മൂപ്പന്മാരുമാകട്ടെ ബർഅബ്ബായെ ചോദിക്കുവാനും ഈശോയെ നശിപ്പിക്കുവാനും ജനങ്ങളെ സമ്മതിപ്പിച്ച്, (അതിലേറ്റു അവരെ) † അധികമായി ഉത്സാഹിപ്പിച്ചുകൊണ്ടിരുന്നു».

ലൂക്കാ. ൨൩. ൧൮. ആകയാൽ ജനക്കൂട്ടം മുഴുവൻ നിലവിളിച്ചു: ഇവനെ നീക്കിക്കളയുക;[3] ബർ അബ്ബായെ ഞങ്ങൾക്കു വിട്ടുതരിക എന്നു പറഞ്ഞു.

* യോഹ. ൧൮ ൩൯. ¶ മക്കോ. ൧൫. ൯. † മക്കോ. ൧൫. ൧൧.

## വ്യാഖ്യാനം.

1. "അവന്റെ ഭാൎയ്യ." ക്ലാവുദിയാ പ്രോക്കുളാ എന്നു നാമമുള്ള ഈ വനിതാരത്നം, ഒരു യഹൂദസ്ത്രീയായിരുന്നുവെന്നും, ഈ സ്വപ്നംമൂലം അവൾ ഈശോയിൽ വിശ്വസിക്കുകയും രക്ഷപ്രാപിക്കുകയും ചെയ്തു എന്നുമാണ് ചരിത്രകാരന്മാരുടെ പൊതുവായ അഭിപ്രായം. യവനായക്കാരുടെയിടയിൽ ഇവൾ ഒരു വിശുദ്ധയായി വണങ്ങപ്പെടുന്നുമുണ്ട്.

2. "സ്വപ്നത്തിൽ വളരെ കഷ്ടതയനുഭവിച്ചു." നീതിന്യായങ്ങളെ അവഗണിച്ച്, ഈശോയെ പീലാത്തോസ് മരണത്തിനു വിധിക്കുന്ന പക്ഷം, തൻമൂലം അവന് വന്നുഭവിക്കാവുന്ന നിർഭാഗ്യം വിശദമായി അവൾ സ്വപ്നത്തിൽ ദർശിച്ചുവത്രെ. ഭയവിഹ്വലയായ ആ ധൎമ്മപത്നി, ഏതാദൃശമായ ആപൽശങ്കയെപ്പററി സ്വഭൎത്താവിനെ യഥാസമയം അറിയിക്കുന്നു.

3. "ഇവനെ നീക്കിക്കളയുക." സൎവ്വോപകാരിയും, സമാധാനരാജാവും സൎവ്വജീവനാഥനും ആയ ദിവ്യരക്ഷകനെ, തസ്കരപ്രമാണിയും, കലഹക്കാരനും, കൊലപാതകനുമായ ബർ അബ്ബായോടാണ്, ഇവിടെ തുല്യപ്പെടുത്തിയിരിക്കുന്നത്. എന്നിട്ടും, പ്രധാനാചാൎയ്യന്മാരുടേയും, മൂപ്പന്മാരുടേയും, പ്രേരണമൂലം, അങ്ങേ നീക്കിക്കളയുന്നതിനും, ആ ദുഷ്ടനെ വിമോചിക്കുന്നതിനുമാണ്, യൂദജനത്തിന്റെ നിലവിളി. അഹോ! മനുഷ്യന്റെ അന്ധത!

39. ബർ അബ്ബായേയോ ഈശോയേയോ ആരെയാണ് വിമോചിക്കേണ്ടതെന്ന് പീലാത്തോസ് രണ്ടാമതും മൂന്നാമതും യൂദജനത്തോടു ചോദിക്കുന്നു. ഈശോയിൽ യാതൊരു കുററവും കാണുന്നില്ല എന്ന് പീലാത്തോസ്

## മൂന്നാംപ്രാവശ്യവും പരസ്യമായി പ്രഖ്യാപനം ചെയ്യുന്നു.

മത്താ. ൨൭. ൧൫-൨൬; മർക്കോ. ൧൫. ൬-൧൫; ലൂക്കാ. ൨൩. ൨൦-൨൫; യോഹ. ൧൮. ൪൦.

വിവരണം. ഈശോ നിരപരാധിയാകുന്നുവെന്നും, അസൂയ കൊണ്ടുമാത്രമാണ് യൂദജനം അങ്ങേ, ന്യായാധിപസമക്ഷം കൊണ്ടുവന്നതെന്നും, പീലാത്തോസു പൂർണ്ണമായി ഗ്രഹിച്ചു. ആകയാൽ, ഈശോയെ വിമോചിപ്പൂവാൻ അയാൾ അത്യന്തം ആഗ്രഹിച്ചുമിരുന്നു. പക്ഷേ, ഏതൽകാര്യസാദ്ധ്യാർത്ഥം പ്രയോഗിച്ച നയം ഫലപ്രദമായിരുന്നില്ല. നീതി പ്രവർത്തിക്കുന്നതിനുപകരം, ജനത്തോടു അഭിപ്രായം ചോദിപ്പൂവാൻ, ആ ന്യായാധിപൻ ഒരുമ്പെട്ടു. അയാളുടെ പ്രകൃത്യായുള്ള ഭീരുത്വവും, അസ്ഥിരതയും ഗ്രഹിച്ചിരുന്ന ജനതതിയാകട്ടെ, ഈശോയെ കുരിശിൽ തറെയ്ക്കുക, എന്നു അട്ടഹസിക്കുകയത്രെ അപ്പോൾ ചെയ്തതു്.

ലൂക്കാ. ൨൩. ൨൦. എന്നാൽ പിലാത്തോസ് ഈശോയെ വിട്ടയക്കുവാൻ ഇച്ഛരിച്ചിട്ടു വീണ്ടും അവരോടു സംസാരിച്ചു.

മത്താ. ൨൭. ൨൧. ഇവരിരുവരിൽ ആരെ നിങ്ങൾക്കു ഞാൻ വിട്ടു തരുവാനാണ് നിങ്ങൾ ഇച്ഛരിക്കുന്നതു് എന്നു ചോദിച്ചു. അതിനു അവർ: ബർ അബ്ബായെ എന്നു പറഞ്ഞു.

മർക്കോ. ൧൫. ൧൨. പിലാത്തോസ അവരോടു: ആകയാൽ യൂദന്മാരുടെ രാജാവു് എന്നു നിങ്ങൾ വിളിക്കുന്ന ഇവനോടു ഞാൻ എന്തു ചെയ്യുവാനാണ് നിങ്ങൾ ഇച്ഛരിക്കുന്നതു്? എന്നു ചോദിച്ചു.

൧൩. അതിനു: * അവനെ കുരിശിൽ തറെയ്ക്കുക,[1] അവനെ കുരിശിൽ തറെയ്ക്കുക»; ¶ ഇവനെ വേണ്ട, പിന്നെയോ ബർ അബ്ബായെ (വിട്ടുതരിക)» എന്നു അവർ † എല്ലാവരും» വീണ്ടും നിലവിളിച്ചു പറഞ്ഞു.

യോഹ. ൧൮. ൪൦. ഈ ബർ അബ്ബായൊ ഒരു കള്ളൻ ആയിരുന്നു.

ലൂക്കാ. ൨൩. ൨൨. അതിനു അവൻ മൂന്നാം പ്രാവശ്യവും അവരോടു: എന്നാൽ ഇവൻ എന്തു തിന്മ ചെയ്തു? മരണത്തിനു യോഗ്യമായ കുററമൊന്നും അവനിൽ ഞാൻ കണ്ടില്ല. അതുകൊണ്ടു ഇവനെ ഞാൻ ശിക്ഷിച്ചു വിട്ടയക്കും[2] എന്നു പറഞ്ഞു.

൨൩. അവരൊ, † ക്രുദ്ധരായി അത്തുവിളിച്ച്» അവനെ കുരിശിൽ തറെയ്പൂവാൻ ഉഴന്നു സ്വരത്തിൽ നിഷ്കർഷിച്ചു

ചോദിച്ചിരുന്നു.[3] അവരുടേയും പ്രധാനാചാൎയ്യന്മാരുടേയും സ്വരം ബലപ്പെട്ടും വന്നിരുന്നു.

※ ലൂക്കാ. ൨൩. ൨൫. ¶ യോഹ. ൧൯. ൧൦. † മത്താ. ൨൭. ൨൩.

## വ്യാഖ്യാനം.

1. "അവനെ കുരിശിൽ തറയ്ക്കുക." ശിക്ഷകളിൽവെച്ചു അതിഭയങ്കരവും, അതിഗർഹണീയവും, വലിയ കുററക്കാൎക്കു മാത്രം നൽകപ്പെട്ടിരുന്നതും ആയ റോമാക്കാരുടെ ഒരു ശിക്ഷാക്രമം ആയിരുന്നു, ക്രൂശിയ്ക്കുക എന്ന കൃത്യം. ക്രൂരതമവും, ഏററം അപമാനകരവും, ആയ ഈ ശിക്ഷ, ഈശോയെ അനുഭവിപ്പിയ്ക്കണമെന്നായിരുന്നു, യൂദന്മാരുടെയും അവരുടെ പ്രമാണികളുടേയും ആഗ്രഹം.

2. "ശിക്ഷിച്ചു വിട്ടയക്കാം." പീലാത്തോസു, ഈശോയെ ശിക്ഷിച്ചു വിട്ടയക്കുമെന്നു യൂദജനത്തോടു പറയുന്നതു, ഇതു് രണ്ടാമത്തെ പ്രാവശ്യമാണു്. പ്രസ്തുത രണ്ടു സന്ദർഭങ്ങളിലും, (ലൂക്കാ. ൨൩. ൧൬, ൨൨.) ഈശോ നിരപരാധിയാണെന്നു് ന്യായാധിപൻ പ്രകടമായി പ്രസ്താവിച്ചിട്ടുമുണ്ടു്. ഏതെങ്കിലും അല്പമായ ഒരു കുററം എങ്കിലും ഇല്ലാത്തവരെ, ചമ്മട്ടി അടിയ്ക്കു അധീനപ്പെടുത്തുവാൻ, റോമാക്കാരുടെ നിയമസംഹിത അനുവദിച്ചിരുന്നില്ല. ആയതിനാൽ, ഭരണാധികാരിയായ പീലാത്തോസു് ചെയ്ത ഈ തീർമാനം, തികച്ചും, അനീതിപരമായിരുന്നുവെന്നു തെളിയുന്നു.

3. "നിഷ്കൎഷിച്ചു ചോദിച്ചിരുന്നു." ഈശോയെ കുരിശിൽ തറച്ചു നിഗ്രഹിയ്ക്കുന്നതിനു ആഗ്രഹിച്ചിരുന്ന യൂദന്മാൎക്കു, പീലാത്തോസിൻെറ നീതിന്യായബോധവും, ധാൎമ്മികശക്തിയും, എത്രമാത്രമായിരുന്നെന്നു് ഇതിനിടെ നല്ലപോലെ മനസ്സിലായി. ഭീരുവായിരുന്ന പീലാത്തോസിനു, അവരുടെ പ്രക്ഷോഭണത്തെ എതൃത്തു നില്ക്കുന്നതിനുള്ള മനോദാർഢ്യം ഇല്ലാതിരുന്നതിനാൽ, തങ്ങളുടെ അഭീഷ്ടാനുസാരം ഒരു വിധി അദ്ദേഹത്തിൽനിന്നു് നിഷ്പ്രയാസം കൈക്കലാക്കാമെന്നായിരുന്നു അവരുടെ പ്രതീക്ഷ. ഒരു റോമാ അധികാരിയുടെ മുമ്പാകെ, ആർത്തുവിളിച്ചും അട്ടഹസിച്ചും, നിഷ്കൎഷിച്ചും, ചോദിയ്ക്കുവാൻ അവരെ പ്രേരിപ്പിച്ചതു ഈ മനോഭാവമായിരുന്നു.

## 40. ഈശോയെ ചമ്മട്ടികൾകൊണ്ടു അടിയ്ക്കുന്നു. അങ്ങേ മുൾമുടി ധരിപ്പിച്ചു അപമാനിയ്ക്കുന്നു.

മത്താ. ൨൭. ൨൭-൩൦; മൎക്കോ. ൧൫. ൧൬-൧൯; യോഹ. ൧൯. ൧-൩.

വിവരണം. ഈശോ ചമ്മട്ടികളാൽ അടിയ്ക്കപ്പെട്ടതും, മുൾമുടി ധരിപ്പിയ്ക്കപ്പെട്ടതും, വി. ലൂക്കാ ഒഴിച്ചു, മററു മൂന്നു സുവിശേഷകന്മാരും, സൂക്ഷ്മമായി പ്രതിപാദിയ്ക്കുന്നുണ്ടു്. വി. ലൂക്കാ ചമ്മട്ടി അടിയെക്കു

റിച്ചു രണ്ടു സന്ദർഭങ്ങളിൽ, (൨൭. ൧൬, ൨൭.) സൂചിപ്പിക്കുന്നുണ്ടു്; എന്നാൽ, മുൾമുടിധാരണത്തെപ്പററിയും അതേ തുടൎന്നു നടന്ന നിന്ദാപമാനങ്ങളെക്കുറിച്ചും ഒന്നുംതന്നെ പറയുന്നില്ല. ഇവിടെ, സംഭവങ്ങളുടെ അനുക്രമണരീതി, വി. യോഹന്നാൻ മാത്രമെ അനുസരിച്ചു കാണുന്നുള്ളു. വി. മത്തായിയും വി. മൎക്കോസും, ഒരു ആവൎത്തനാരീതിയിൽ അത്രെ, ഈ സംഭവങ്ങൾ വിവരിക്കുന്നതു്; ഒരുവൻ, പീലാത്തോസു കൈകൾ കഴുകിയ ശേഷവും, അപരൻ, ഈശോയെ കുരിശുമരണത്തിനു കല്പിച്ച ശേഷവും ആണു്, ഈ സംഗതി രേഖപ്പെടുത്തുന്നതു്.

യോഹ. ൧൯. ൧. അപ്പോൾ പീലാത്തോസ് ഈശോയെ (ചമ്മട്ടികൊണ്ടു) അടിച്ചു. 1

മത്താ. ൨൭. ൨൭, അപ്പോൾ നാടുവാഴിയുടെ പടയാളികൾ ഈശോയെ * പ്രത്തോറിൻ ആകുന്ന മുററത്തിനുള്ളിൽ» കൊണ്ടുപോയി പട്ടാളം മുഴുവൻ 2 അവനെതിരായി വിളിച്ചുകൂട്ടി.

൨൮. പിന്നെ അവർ അവന്റെ ഉടുപ്പു ഉരിഞ്ഞു 3 ഒരു ചുവപ്പു പുറങ്കുപ്പായം 4 അവനെ ധരിപ്പിച്ചു.

൨൯. അവർ മുള്ളുകൾകൊണ്ടുള്ള ഒരു കിരീടം 5 മുടഞ്ഞു അവന്റെ തലയിൽ വെച്ചു. അവന്റെ വലത്തു കൈയിൽ ഒരു ഞാങ്ങണയും (കൊടുത്തു). പിന്നെ അവർ അവന്റെ മുമ്പിൽ തങ്ങളുടെ മുട്ടുകൾ കുത്തി അവനെ പരിഹസിക്കയും,

യോഹ. ൧൯. ൩. യൂദന്മാരുടെ രാജാവെ നിനക്കു സ്വസ്തി! എന്നു പറയുകയും അവന്റെ കന്നങ്ങളിൽ അടിക്കുകയും,

മത്താ. ൨൭. ൩൦. അവന്റെ മേൽ തുപ്പുകയും ഞാങ്ങണയെടുത്തു് അവന്റെ തലയിൽ അടിക്കയും ¶ തങ്ങളുടെ മുട്ടുകൾ കുത്തി അവനെ വന്ദിക്കുകയും ചെയ്തിരുന്നു».

* മൎക്കോ. ൧൫. ൧൬. ¶ മൎക്കോ. ൧൫. ൧൯.

## വ്യാഖ്യാനം.

1. "പീലാത്തോസു ഈശോയെ (ചമ്മട്ടികൊണ്ടു) അടിച്ചു." പീലാത്തോസു തന്നെയാണു്, ഈശോയെ ചമ്മട്ടികൊണ്ടു അടിച്ചതു്, എന്നു അഭിപ്രായപ്പെടുന്നവർ ഇല്ലാതില്ല. അതിവന്ദ്യനായ ബേദാ എന്ന ദേഹാ, ഈ അഭിപ്രായക്കാരനാണു്. എന്നാൽ, പടയാളികളെക്കൊണ്ടു പീലാത്തോസു അടിപ്പിച്ചു എന്നുള്ളതാണു് പൊതുവായതും, കൂടുതൽ സ്വീകാൎയ്യമായതുമായ, അഭിപ്രായം. റോമാ നിയമപ്രകാരം വധശിക്ഷയ്ക്കു വിധിക്കപ്പെടുന്നവരെ, അടിശിക്ഷ അനുഭവിപ്പിക്കുക, പതിവായിരുന്നു. ഈശോയേയും, മരണത്തിനു വിധിക്കാനിരിക്കുന്നുവെന്നു, യൂദജനത്തെ ധരിപ്പിക്കുവാനും, അടിശിക്ഷയ്ക്കു ശേഷം, ഈശോയിൽ

അനുകമ്പ ജനിപ്പിച്ചു അങ്ങേ വിട്ടയക്കാമെന്നുള്ള പ്രത്യാശമൂലവും ആയിരിക്കണം, ഈ നയം പീലാത്തോസു പ്രയോഗിച്ചതു്. ആകയാൽ, അടിശിക്ഷ അതികഠിനതരം തന്നെ ആയിരുന്നിരിക്കണം. ഈ സംഗതിയിൽ റോമാ നിയമം അനുകൂലവുമായിരുന്നു. യഹൂദനിയമപ്രകാരം, അടിയുടെ എണ്ണം നിശ്ചയിക്കപ്പെട്ടിരുന്നു; റോമാക്കാർക്കോ, ഘാതകന്മാരുടെ ക്രൂരതയായിരുന്നു അതിന്റെ അതൃത്തി. അപമാനത്തോടുകൂടെ വേദനയും വർദ്ധിപ്പിക്കത്തക്കവിധം, ഈശോയുടെ വസ്ത്രങ്ങൾ എല്ലാം ഉരിഞ്ഞു മാററി, ഒരു കൽത്തൂണിൽ ബന്ധിച്ചുകൊണ്ടു്, തിരുനാൾ ദിവസം, ഒരു വലിയ പുരുഷാരമദ്ധ്യേ, അനേക ക്രൂരസേവകന്മാരാൽ, ദസ്സഹ ഈശോ ചമ്മട്ടികളാൽ അടിക്കപ്പെട്ടതു്, തീർച്ചയായും, എത്രയും ഭയങ്കരതമമായ സംഭവമായിരുന്നു. ചമ്മട്ടിയടിയുടെ സമയത്തു്, ഈശോയെ കുനിച്ചുനിർത്തി ബന്ധിച്ചിരുന്ന, ആ കൽത്തൂണു്, ഇപ്പോഴും റോമായിൽ, വി. പ്രക്സദേസിന്റെ ദേവാലയത്തിൽ പൂജ്യമായി വണങ്ങപ്പെടുന്നു.

2. "പട്ടാളം മുഴുവൻ." മുൻപു വിവരിച്ചിട്ടുള്ളതുപോലെ, ദേവാലയസംരക്ഷണത്തിനും സമാധാന പാലനത്തിനും മററുമായി സംഭരിച്ചിരുന്ന, ൬൦൦ ഓളം ഭടന്മാർ അടങ്ങിയ ഒരു സേനാവിഭാഗത്തിന്റെ, ഒരു വലിയ ഭാഗം, എന്നത്രെ ഇവിടെ മനസ്സിലാക്കേണ്ടതു്.

3. "അവന്റെ ഉടുപ്പു ഉരിഞ്ഞു." ചമ്മട്ടിയടിയുടെശേഷം, അങ്ങേ വസ്ത്രങ്ങൾ എല്ലാം വീണ്ടും ധരിപ്പിച്ചുകൊണ്ടാണു് സേവകന്മാർ ഈശോയെ പ്രത്തോറീനിൽ കൊണ്ടുവന്നതു്. അവിടെ വെച്ചു, രാജവേഷം കെട്ടിക്കാനായി, അങ്ങേ മേൽവസ്ത്രം അവർ വീണ്ടും ഉരിഞ്ഞുമാററി. അതിഭയങ്കരമായ അടികൾമൂലം, ഏകവ്രണമായിരുന്ന അങ്ങേ ദിവ്യശരീരത്തോടുകൂടി ഒട്ടിയിരുന്ന ആ വസ്ത്രം നിഷ്കരുണം അവർ ഉരിഞ്ഞു മാററുകയിൽ, ദിവ്യ ഈശോ അനുഭവിച്ച പീഡ എത്ര ദുസ്സഹമായിരുന്നിരിക്കണം!

4. "ചുവപ്പു പുറങ്കുപ്പായം." വി. മർക്കോസും വി. യോഹന്നാനും ധൂമ്രവസ്ത്രങ്ങൾ എന്നത്രെ പ്രയോഗിച്ചിരിക്കുന്നതു്. വിവിധ ഭാഷാപ്രതികളിലും, വർണ്ണനിർണ്ണയത്തിൽ, ഈ വ്യത്യാസം കാണുന്നുണ്ടു്. ഗ്രന്ഥകാരന്മാരും, വ്യാഖ്യാതാക്കളും, ഓരോ അർത്ഥം അതിനു സങ്കല്പിക്കുന്നുമുണ്ടു്. ഇങ്ങനെ പറയുവാൻ ഇടയായതു് നിറങ്ങളുടെ കലർച്ച നിമിത്തവുമാകാം.

5. "മുള്ളുകൾകൊണ്ടുള്ള ഒരു കിരീടം." കൂർമ്മയുള്ള അനേക മുള്ളുകൾകൊണ്ടുണ്ടാക്കിയ ആ കിരീടം, അങ്ങേ തലയിൽവെച്ചു അമർത്തുകയും, അങ്ങേ കയ്യിൽ കൊടുത്തിരുന്ന ഞാങ്ങണ എടുത്തു, തലയിൽ അടിക്കുകയും ചെയ്ത നേരത്തു്, ആ കൂർത്ത മുള്ളുകൾ, തലച്ചോറിൽ പ്രവേശിച്ചു, ഉളവാക്കിയ വേദന ആർക്കാണു വർണ്ണിക്കുവാൻ സാധിക്കുക? ആ മുറിവുകളിൽ കൂടി, ധാരധാരയായി പ്രവഹിച്ച രക്തം, അതിസുന്ദരമായ ഈശോയുടെ മുഖകമലത്തേയും, ആരാദ്ധ്യമായ അങ്ങേ കോമളകളേബരത്തേയും, എങ്ങനെ അവലക്ഷണമാക്കി ചെയ്തു എന്നു ചിന്തിക്കുക?

41. ധൂമ്രവസ്ത്രവും മുൾമുടിയും ധരിച്ചവനായി, ഈശോയെ ജനങ്ങൾക്കു കാണിച്ചുകൊണ്ടു, "ഇതാ! മനുഷ്യൻ" എന്നു പീലാത്തോസ് പറയുന്നു. ഈശോയിൽ കുററം ഒന്നും കാണുന്നില്ല എന്നു നാലാമത്തും അഞ്ചാമത്തും അയാൾ പ്രസ്താവിക്കുന്നു.

യോഹ. ൧൯. ൪-൭

വിവരണം. അതിഭയങ്കരമായ ചമ്മട്ടി അടികളും, മുൾമുടി ധാരണവും, രാജവേഷം കെട്ടിച്ചു നടത്തിയ, നിന്ദാപമാനങ്ങളും, കഴിഞ്ഞശേഷം. നിന്ദ്യമായ ആ വേഷത്തിൽ തന്നെ, ഈശോയെ യൂദജനത്തിനു പീലാത്തോസു പ്രദർശിപ്പിച്ച വിവരം, വി. യോഹന്നാനിൽ നിന്നു മാത്രമെ നാം ഗ്രഹിക്കുന്നുള്ളു. ഈശോയിൽ അനുകമ്പ ജനിപ്പിക്കാമെന്നും, തൻമൂലം, അങ്ങേ വിട്ടയക്കാൻ ജനത്തെക്കൊണ്ടുതന്നെ സമ്മതിപ്പിക്കാമെന്നും, ഉള്ള പ്രത്യാശ ഒന്നുകൊണ്ടു ആയിരുന്നിരിക്കണം, ചമ്മട്ടിയടിയുടേയും ശേഷം, ക്രൂരസേവകന്മാർ ഈശോയോടു ചെയ്ത നിയമവിരുദ്ധമായ നിഷ്ഠുര കർമ്മങ്ങൾക്കുപോലും, പീലാത്തോസു വിഘ്നം ചെയ്യാതിരുന്നതും, മൌനാനുവാദം നൽകിയതും. ആകയാൽ, അങ്ങ് അനുഭവിച്ച ക്രൂരപീഡനങ്ങളാൽ, മനുഷ്യരൂപം തന്നെ നഷ്ടപ്പെട്ടവനായി, തന്റെ മുമ്പിൽ നില്ക്കുന്ന ഈശോയെ ജനങ്ങൾക്കു കാണിച്ചുകൊണ്ടു, "ഇതാ! മനുഷ്യൻ" എന്നു് പീലാത്തോസു പറയുന്നു.

യോഹ. ൧൯. ൪. അനന്തരം പീലാത്തോസു വീണ്ടും വെളിയിൽ പുറപ്പെട്ടു വന്നു[1] അവരോടു: ഞാൻ അവനു വിരോധമായി ഒരു കുററംപോലും കാണുന്നില്ല[2] എന്നു നിങ്ങൾ അറിയേണ്ടതിനു അവനെ വെളിയിൽ നിങ്ങളുടെ അടുക്കൽ ഇതാ! കൊണ്ടുവരുന്നു എന്നു പറഞ്ഞു.

൫. ഇങ്ങനെ ഈശോ മുള്ളുകൾകൊണ്ടുള്ള കിരീടവും ധൂമ്രവസ്ത്രങ്ങളും ധരിച്ചവനായി പുറത്തു വന്നു. അപ്പോൾ പീലാത്തോസ് അവരോടു: ഇതാ! മനുഷ്യൻ എന്നു പറഞ്ഞു.

൬. എന്നാൽ പ്രധാനാചാര്യന്മാരും സേവകരും അവനെ കണ്ടപ്പോൾ: അവനെ കുരിശിൽ തറയ്ക്കുക, അവനെ കുരിശിൽ തറയ്ക്കുക എന്നു നിലവിളിച്ചു പറയുന്നു. പീലാത്തോസ് അവരോടു: നിങ്ങൾ കൊണ്ടുപോയി അവനെ കുരിശിൽ തറയ്ക്കുവിൻ. എന്തുകൊണ്ടെന്നാൽ ഞാൻ അവനിൽ കുററം കാണുന്നില്ല എന്നു പറയുന്നു.

൭. യൂദന്മാർ അവനോടു: ഞങ്ങൾക്കു ഒരു നിയമം ഉണ്ടു്; അവൻ തന്നെത്തന്നെ ദൈവപുത്രൻ ആക്കിയതുകൊണ്ടു ഞങ്ങളുടെ നിയമത്തിലേതു് അനുസരിച്ചു അവൻ മരണത്തിനു അർഹനാകുന്നു [3] എന്നു പറയുന്നു.

൮. എന്നാൽ ഈ വചനം കേട്ടപ്പോൾ പീലാത്തോസു അധികമായിട്ടു ഭയപ്പെട്ടു.[4]

## വ്യാഖ്യാനം.

1. "വീണ്ടും വെളിയിൽ പുറപ്പെട്ടുവന്നു." തങ്ങൾ അശുദ്ധപ്പെടാതിരിപ്പാൻവേണ്ടി, പീലാത്തോസിന്റെ കച്ചേരിയിൽ കയറാതെ, പുറത്തു നിന്നിരുന്ന യൂദജനത്തിന്റെ മതതീക്ഷ്ണതയെ അംഗീകരിക്കുന്ന ഭാവം നടിച്ചുകൊണ്ടു്, ഇപ്പോൾ ഇതാ! നാലാമത്തെ പ്രാവശ്യം, പീലാത്തോസു വെളിയിൽ ഇറങ്ങി അവരോടു സംസാരിക്കുന്നു. നീതിബോധമില്ലാത്ത ആ ഭീരു, ആ മനുഷ്യാധമന്മാരെ തൃപ്തിപ്പെടുത്തുവാൻ എത്രമാത്രം ബുദ്ധിമുട്ടുന്നു!

2. "അവനു വിരോധമായി ഒരു കുററംപോലും കാണുന്നില്ല." ഈശോ നിരപരാധിയാണെന്നു് പീലാത്തോസു് പരസ്യമായി പ്രഖ്യാപനം ചെയ്തതു് ഇതു് നാലാമത്തെ പ്രാവശ്യവും, "ഞാൻ അവനിൽ കുററം കാണുന്നില്ല" എന്നു പറഞ്ഞതായി, യോഹ. ൧൯. ൬-ൽ കാണുന്നതു്, അഞ്ചാമത്തെ പ്രാവശ്യവുമാണു്.

3. "തന്നെത്തന്നെ ദൈവപുത്രൻ ആക്കിയതുകൊണ്ടു . . . മരണത്തിനു് അർഹനാകുന്നു." ഈശോ, സ്വയം ദൈവസുതൻ ആണു് എന്നു പറഞ്ഞുവെന്ന കുററാരോപണം, യൂദന്മാർ, കയ്യാപ്പായുടെ മുൻപാകെ ഹാജരാക്കിയതായിരുന്നു. അതേ സംബന്ധിച്ചുള്ള വിസ്താരത്തിൽ, അതെ, താൻ ദൈവസുതനാകുന്നുവെന്നു, സഗൌരവം ഈശോ മറുപടി നൽകുകയുമത്രെ ഉണ്ടായതു്. ഇതേപ്പററി, പീലാത്തോസിന്റെ മുമ്പിൽ ഇതുവരെ അവർ മൌനം അവലംബിച്ചിരുന്നു. പക്ഷെ, ഹാജരാക്കിയ കുററാരോപണങ്ങൾ വിഫലമായേക്കുമെന്നു കണ്ട ക്ഷണത്തിൽ, ഇതാ! ഇവിടെയും ഈ ദോഷാരോപണം തന്നെ, നവമായി അവർ ഹാജരാക്കുന്നു. യൂദജനത്തിന്റെ ദുഷ്ടതയും, സത്യസന്ധതാരാഹിത്യവും ഇതിൽ അവർ പ്രത്യക്ഷപ്പെടുത്തി. ദൈവമല്ലാതിരിക്കെ സ്വയം ദൈവമാക്കുന്നവക്കത്രെ, പുരോഹിതൻ ൨൪. ൧൬-ൽ ശിക്ഷ കല്പിച്ചിരുന്നതു്; അതും, കല്ലെറിഞ്ഞുകൊല്ലണമെന്നായിരുന്നു. ഈശോയാകട്ടെ, അങ്ങേ ദൈവത്വം, അനിഷേദ്ധ്യമായ അനേക അത്ഭുതങ്ങളാൽ സ്ഥാപിച്ചുകഴിഞ്ഞു; എന്നാൽ തന്നെ കുരിശിൽതറച്ചു കൊല്ലുവാനത്രെ, നിയമദൃഷ്ട്യാ, അവർ ആവശ്യപ്പെട്ടതു്.

4. "പീലാത്തോസു അധികമായി ഭയപ്പെട്ടു." യൂദന്മാരെ വല്ല വിധേനയും തൃപ്തിപ്പെടുത്തിക്കൊണ്ടു, ഈശോയെ വിമോചിപ്പിയ്ക്കാമെന്നുള്ള ആശ, നവമായ കുററാരോപണം ശ്രവിച്ച മാത്രയിൽ, പീലാത്തോസിനു നഷ്ടപ്പെട്ടുപോയി. ആയതുകൊണ്ടും, ഒരു പക്ഷേ, ഈ

ശോ ദൈവമാണെങ്കിൽ ദൈവത്തെ കൊല്ലുന്നതിനാണല്ലൊ താൻ തീർച്ച ചെയ്യാൻ പോകുന്നത് എന്നോർത്തും, ആയിരുന്നു പീലാത്തോസു ഭയപ്പെട്ടത്. മാത്രമല്ല, ഈശോ നിഷ്കളങ്കനാണെന്നുള്ള അവൻെറ ബോദ്ധ്യം, ഇതിനകം, അഞ്ചു പ്രാവശ്യം പരസ്യമായി അവൻ പ്രഖ്യാപനവും ചെയ്തതായിരുന്നു. പോരെങ്കിൽ, ഈശോയിൽ സർവ്വദാ വിളങ്ങിക്കണ്ട, ദൈവികപ്രഭ, തൻെറ പ്രാണപ്രിയയായ ക്ലാവുദിയായുടെ ധർമ്മോപദേശം, ഈ സാഹചര്യങ്ങൾ, സാധുവായ ആ ന്യായാധിപതിയുടെ ആശങ്കകൾ വർദ്ധിപ്പിച്ചുകൊണ്ടുമിരുന്നു. ഈ കാരണങ്ങളാൽ, അവൻ അധികമായി ഭയപ്പെടുക തന്നെ ചെയ്തു.

## 42. ഈശോ ദൈവസുതൻ ആകുന്നുവെന്നു കേട്ടപ്പോൾ അത്യന്തം ഭയപ്പെട്ട പീലാത്തോസ് അങ്ങേ വിട്ടയക്കാൻ ഇച്ഛരിയ്ക്കുന്നു.

യോഹ. ൧൯. ൯-൧൨.

വിവരണം. ഈശോ, ഒരു വെറും ഗ്ലീലായക്കാരൻ എന്നു മാത്രം ധരിച്ചിരുന്ന പീലാത്തോസ്, അങ്ങ് ദൈവത്തിൻെറ പുത്രനാകുന്നു എന്നു കേട്ടയുടനെ, അങ്ങേ കൂട്ടിക്കൊണ്ടു പ്രത്തോറിനിൽ പ്രവേശിച്ചു, കൂടുതൽ വിവരമായി അങ്ങേ സംബന്ധിച്ചു ചോദ്യം ചെയ്യുന്നു. ഈ സംഗതിയും വി. യോഹന്നാൻ മാത്രമേ വിവരിയ്ക്കുന്നുള്ളു.

യോഹ. ൧൯. ൯. ആകയാൽ അവൻ വീണ്ടും പ്രത്തോറിനിൽ പ്രവേശിച്ചു ഈശോയോടു: നീ എവിടെ നിന്നു ആകുന്നു? എന്നു ചോദിച്ചു. എന്നാൽ ഈശോ അവനു മറുപടി നൽകിയില്ല.[1]

൧൦. പീലാത്തോസ് അവനോടു: നീ എന്നോടു സംസാരിയ്ക്കുന്നില്ലയോ? നിന്നെ വിട്ടയക്കുവാൻ എനിയ്ക്കു അധികാരമുണ്ടെന്നും, നിന്നെ കുരിശിൽ തറയ്ക്കുവാൻ എനിയ്ക്കു അധികാരമുണ്ടെന്നും നീ അറിയുന്നില്ലയോ?[2] എന്നു ചോദിയ്ക്കുന്നു.

൧൧. ഈശോ അവനോടു: മേലിൽ നിന്നു നിനക്കു തരപ്പെടാതിരുന്നു എങ്കിൽ നിനക്കു എൻെറമേൽ ഒരധികാരവും ഉണ്ടാകയില്ലായിരുന്നു. അതുകൊണ്ടു എന്നെ നിനക്കു ഏല്പിച്ചു തന്നവൻെറ പാപം നിൻെറതിനെക്കാൾ വലുതാകുന്നു[3] എന്നു അരുളിച്ചെയ്തു.

൧൨. ഇതു നിമിത്തം പീലാത്തോസ് അവനെ വിട്ടയക്കുവാൻ ഇച്ഛരിച്ചിരുന്നു. എന്നാൽ യൂദന്മാർ: നീ ഇവനെ വിട്ടയക്കുന്നു എങ്കിൽ നീ കേസറിൻെറ സ്നേഹിതൻ അല്ല;[4] എ

ന്നുകൊണ്ടെന്നാൽ തന്നെത്താൻ രാജാവാക്കുന്ന ഏവനും കേസറിന്റെ ശത്രുവാകുന്നു എന്നു നിലവിളിച്ചു പറഞ്ഞിരുന്നു.

## വ്യാഖ്യാനം.

1. "അവനു മറുപടി നൽകിയില്ല." ഈശോയിൽ അവൻ തന്നെ ദർശിച്ചതും, അങ്ങേക്കുറിച്ചു ഇതുവരെ കേട്ടതും ആയ സംഗതികളിൽ പീലാത്തോസ് ദൃഷ്ടിപതിച്ചു, കർമ്മധീരതയോടെ പ്രവർത്തിച്ചില്ലെന്നുമാത്രമല്ല, നീതിക്കും, സത്യത്തിനും, മനസ്സാക്ഷിയുടെ പ്രേരണക്കും വിരോധമായി പ്രവർത്തിക്കുവാൻ തക്ക സന്നദ്ധതകൂടെയും അവൻ പ്രദർശിപ്പിക്കുകയാണുണ്ടായതു്. ആകയാൽ, ഹേറോദേസിനെപ്പോലെ, ഈ ചോദ്യത്തിനു ഒരു മറുപടി ലഭിപ്പാൻ പീലാത്തോസും അർഹനല്ലായിരുന്നു.

2. "നിന്നെ വിട്ടയക്കുവാൻ . . . നീ അറിയുന്നില്ലയോ"? ഈ വാക്കുകളാൽ, അനീതിപരമായ തന്റെ പ്രവർത്തനരീതിയെ, പീലാത്തോസ് സ്വയം വിധിക്കുകയത്രെ ചെയ്തതു്. കുറ്റക്കാരെ ശിക്ഷിക്കുന്നതിനൊ, നിരപരാധികളെ വിട്ടയക്കുന്നതിനൊ അല്ലാതെ, അതിൽപരമായി, കുറ്റം ആരോപിക്കപ്പെടുന്നവരെ സംബന്ധിച്ചു, ന്യായാധിപനു മറ്റു യാതൊരധികാരവുമില്ല. ഈശോയിൽ കുറ്റം ഒന്നുമില്ല എന്നു്, അഞ്ചു പ്രാവശ്യം ഇതിനിടക്കു പരസ്യമായി പ്രഖ്യാപനം ചെയ്ത പീലാത്തോസിനു്, ഈശോയെ കുരിശിൽ തറെക്കുവാൻ എങ്ങനെ അധികാരമുണ്ടാകും? കുറ്റം കണ്ടെത്തിയിരുന്നെങ്കിൽ, അങ്ങേ വിട്ടയക്കാൻ, എവിടെ നിന്നു അവനു അധികാരം സിദ്ധിക്കും? ആകയാൽ, കുറ്റമില്ലാതിരിക്കെ, ഈശോയെ മരണത്തിനു വിധിച്ച ന്യായാധിപന്റെ നീതിബോധം വിചിത്രം തന്നെ!

3. "എന്നെ നിനക്കു ഏല്പിച്ചുതന്നവന്റെ പാപം . . . വലുതാകുന്നു." നിരപരാധിയായ ഈശോയെ പീലാത്തോസു കുരിശുമരണത്തിനു വിധിച്ചതു്, തികച്ചും, വലിയ അപരാധമായിരുന്നു. പക്ഷേ, അവൻ അതു ചെയ്തതു്, ഭയം നിമിത്തവും ഈശോയുടെ ദൈവത്വം ഗ്രഹിക്കാതെയുമായിരുന്നു. എന്നാൽ യൂദാ, യൂദജനത്തിനും, യൂദജനം പീലാത്തോസിനും, ഈശോയെ ഏല്പിച്ചതു്, അതിഭയങ്കരമായ പാപമായിരുന്നു; കാരണം, അങ്ങേ ദൈവത്വം ഗ്രഹിച്ചശേഷം; ദ്വേഷ്യവും അസൂയയും മൂലമായിരുന്നു അവർ അങ്ങനെ ചെയ്തതു്.

4. "നീ കേസറിന്റെ സ്നേഹിതനല്ല." ഈശോ, ദൈവദൂഷണം പറഞ്ഞു എന്നുള്ള കുറ്റാരോപണം മൂലം, യൂദന്മാൎക്കു കാര്യമായി യാതൊരു ആനുകൂല്യവും സിദ്ധിച്ചില്ല; മാത്രമല്ല, ഈശോ ദൈവസുതൻ ആണെന്നു കേട്ടതുകൊണ്ടു്, പീലാത്തോസു ഈശോയെ വിട്ടയച്ചേക്കുമോ എന്നു അവർ ഭയപ്പെട്ടുമിരുന്നു. ആകയാൽ, മുൻപു ഹാജരാക്കിയിരുന്ന, മ്ശിഹായുടെ രാജത്വത്തെ സംബന്ധിച്ചുള്ള ദോഷാരോപണം, വീണ്ടും, ഊൎജ്ജസ്വലതയോടുകൂടെ ഹാജരാക്കുന്നു. സ്വയം രാജാവാക്കുന്നവൻ കേസറിന്റെ ശത്രുവാണെന്നും, അങ്ങനെയുള്ളവനെ കൊല്ലാതെ വിട്ടയക്കുന്നവൻ കേസറിന്റെ സ്നേഹിതനല്ല, എന്നു

മായിരുന്നു, ഇപ്പോഴത്തെ വാദമുഖം. ദൈവത്തെ ഇഷ്ടപ്പെടുത്തിയാൽ, കേസറിനു കോപമാകും; കേസറിനെ ഇഷ്ടപ്പെടുത്തിയാൽ, ദൈവത്തിനു കോപമാകും. ഈ രണ്ടു പ്രശ്നങ്ങളുടെ മദ്ധ്യേ, ഇതികർത്തവ്യതാമൂഢനായി, സാധുവായ പീലാത്തോസു അമ്പരന്നു നിലകൊള്ളുന്നു.

43. ഈശോയെ യൂദന്മാൎക്കു കാണിച്ചുകൊണ്ടു് "ഇതാ! നിങ്ങളുടെ രാജാവു്" എന്നു പീലാത്തോസ് പറയുന്നു. കേസറല്ലാതെ ഞങ്ങൾക്കു രാജാവില്ല എന്നു യൂദന്മാർ നിലവിളിക്കുന്നു.

യോഹ. ൧൯. ൧൪-൧൫.

വിവരണം. ഈശോയെ ജനങ്ങൾക്കു പ്രദൎശിപ്പിച്ചുകൊണ്ടു് "ഇതാ! നിങ്ങളുടെ രാജാവു്," എന്നു പീലാത്തോസു പറഞ്ഞതു്, ആക്ഷേപസൂചകമായിട്ടോ ജനത്തിന്റെ പ്രീതി സമ്പാദിക്കുന്നതിനായിട്ടോ, ആയിരുന്നു എന്നു വിചാരിക്കുന്നതിനേക്കാൾ, മ്ശീഹാ, യൂദന്മാരുടെ രാജാവാകുന്നുവെന്നു, ലോകസമക്ഷം പ്രഖ്യാപനം ചെയ്വാൻ, ദൈവപ്രേരണയാൽ പീലാത്തോസു് അപ്പോൾ ഒരു കരുവായിത്തീൎന്നു, എന്നുള്ളതാണു്, സാഹചൎയ്യത്തിനു കൂടുതൽ അനുയോജ്യമായ അനുമാനം. പീലാത്തോസു് ഉദ്ദേശിച്ചതു് എന്തായിരുന്നുവെന്നു്, "നിങ്ങളുടെ രാജാവിനെ ഞാൻ കുരിശിൽ തറെക്കണമോ?" എന്നു ആവൎത്തിച്ചു ചോദിച്ചതിൽ നിന്നും, യൂദന്മാർ ഗ്രഹിച്ചതെന്താണെന്നു, "കേസറല്ലാതെ ഞങ്ങൾക്കു രാജാവില്ല" എന്നു അവർ അട്ടഹസിച്ചതിൽ നിന്നും, വിശദമാകുന്നുണ്ടു്.

യോഹ. ൧൯. ൧൩. ഈ വാക്കു കേട്ടപ്പോൾ പീലാത്തോസ് ഈശോയെ പുറത്തുകൊണ്ടുവന്നു് കൽത്തളം, എബ്രായയിലോ ഗ്'ബ്ബ്'ത്താ,[1] എന്നു വിളിക്കപ്പെടുന്ന സ്ഥലത്തു ന്യായാസനത്തിൽ ഇരുന്നു.

൧൪. പെസ്'ഹായുടെ വെള്ളിയാഴ്ചയായിരുന്നു. ഉദ്ദേശം ആറാംമണി നേരവും[2] ആയിരുന്നു. അപ്പോൾ അവൻ യൂദന്മാരോടു: ഇതാ! നിങ്ങളുടെ രാജാവ് എന്നു പറഞ്ഞു.

൧൫. എന്നാൽ അവർ: അവനെ കൊണ്ടുപോകുക; അവനെ കുരിശിൽ തറെക്കുക, അവനെ കുരിശിൽ തറെക്കുക എന്നു നിലവിളിച്ചു പറഞ്ഞിരുന്നു. പീലാത്തോസു അവരോടു: നിങ്ങളുടെ രാജാവിനെ ഞാൻ കുരിശിൽ തറെക്കണമോ? എന്നു ചോദിക്കുന്നു. പ്രധാനാചാൎയ്യന്മാർ: കേസർ അല്ലാതെ ഞങ്ങൾക്കു രാജാവ് ഇല്ല[3] എന്നു പറയുന്നു.

## വ്യാഖ്യാനം.

1. "കൽത്തളം എബ്രായയിലോ ഗ്ബ്പീപ്ത്താ." റോമൻ ഭരണാധികാരിയായ പീലാത്തോസു, ഔദ്യോഗികമായ വിസ്താരം, വിധിപ്രഖ്യാപനം എന്നിതുകൾ നടത്തിയിരുന്നതു്, ഈ സ്ഥാനത്തു് ഉപവിഷ്ടനായിട്ടായിരുന്നു. ഈ ന്യായാസനം, പ്രത്തോറീൻ കച്ചേരിയുടെ മുമ്പാകെ, വെളിയിൽ പണിയപ്പെട്ടിരുന്ന, ഒരു ഉയൎന്ന തളമായിരുന്നു. വിലയേറിയ മാർബിൾ കല്ലുകൾകൊണ്ടു അതിമനോഹരമായി പണിചെയ്യിട്ടുള്ളതായിരുന്നു, ഈ തളം. പല പടികളുള്ള, ഒരു മാർബിൾ കോവണിമൂലം, ഈ തളത്തിൽ കയറിയിരുന്നു. ലാററാൻ ബസ്സീലിക്കായുടെ സമീപം, Scala Sancta എന്ന നാമത്തിൽ, ഭക്തിപുരസ്സരം വണങ്ങിപ്പോരുന്ന ആ മാർബിൾ കോവണി, ഇതത്രെ.

2. "ആറാംമണിനേരം." യൂദന്മാർ, രാവും പകലും, പന്ത്രണ്ടു മണിക്കൂറുകൾ വീതമായി വിഭാഗിച്ചിരുന്നതുപോലെ, മുമ്മൂന്നു മണിക്കൂറുകൾ വീതമുള്ള നന്നാലു യാമങ്ങളായും, ഭാഗിച്ചിരുന്നു. ദിവസം കണക്കാക്കപ്പെട്ടിരുന്നതു്, സൂൎയ്യാസ്തമനം മുതൽ സൂൎയ്യാസ്തമനം വരെ ആയിരുന്നതിനാൽ, സൂൎയ്യാസ്തമനത്തിലും, സൂൎയ്യോദയത്തിലും അവക്കു ഒന്നാം മണിനേരമായിരുന്നു. ഈ കണക്കനുസരിച്ചു്, പകൽ ആറാംമണി എന്നു പറഞ്ഞാൽ, നമ്മുടെ മദ്ധ്യാഹ്നസമയമാണു്.

3. "കേസറല്ലാതെ ഞങ്ങൾക്കു രാജാവു് ഇല്ല." വരുവാനിരുന്ന മ്ശിഹാ, യൂദന്മാരുടെ രാജാവാണെന്നും, രക്ഷകനാണെന്നും, പ്രവാചകന്മാർമൂലം, (ഏശായാ. ൩൩. ൨൨; സ്കറിയ. ൯. ൯.) ദൈവം അരുളിച്ചെയ്തിരുന്നു; അവർ അതു വിശ്വസിച്ചുമിരുന്നു. മാത്രമല്ല, റോമാസാമ്രാജ്യത്തിന്റെ മേൽക്കോയ്മയെ അനുസരിപ്പിച്ചു്, തങ്ങളെ കീഴടക്കി, ക്രൂരമായി ഭരിച്ചിരുന്ന കേസറിനെ അവർ അത്യന്തം വെറുക്കുകയും ചെയ്തിരുന്നു. എന്നുവരികിലും, അസൂയയാലും ദുഷ്ടതയാലും അന്ധരായ ആ യൂദജനം "കേസറല്ലാതെ ഞങ്ങൾക്കു രാജാവില്ല," എന്നാണു അട്ടഹസിച്ചു പറഞ്ഞതു്. ഈ പരസ്യപ്രഖ്യാപനം വഴിയായി, അങ്ങേ ദൈവത്വം അത്ഭുതങ്ങളാൽ പ്രത്യക്ഷപ്പെടുത്തിയ ഈശോയെ, അവർ നിഷേധിച്ചു എന്നു മാത്രമല്ല, ഇനി വരുമെന്നു അവർ പ്രതീക്ഷിച്ചുന്ന ആ മ്ശിഹായേയും, അവർ നിഷേധിക്കയത്രെ ചെയ്തതു്. ആകയാൽ, ദൈവശാപത്തിന്റെ പ്രത്യക്ഷ അടയാളങ്ങളായി, യൂദജനം അന്നുമുതൽ, ഒരു വ്യവസ്ഥാപിതമായ ഭരണക്രമമൊ, രാജാവോ ഇല്ലാതെ അന്യൎക്കു അധീനപ്പെട്ടു, ലോകമെങ്ങും, ഇതാ! ചിതറിക്കിടക്കുന്നു.

44. പീലാത്തോസ് അവന്റെ കൈകൾ കഴുകിക്കൊണ്ടു്, 'ഈ നീതിമാന്റെ രക്തത്തിൽ ഞാൻ കുററമററവനാകുന്നു' എന്നു പറയുന്നു. ജനത്തെ പ്രസാദിപ്പിപ്പാൻ വേണ്ടി ബർഅബ്ബായെ വിട്ടുകൊടുക്കുകയും ഈശോ

യെ കുരിശിൽ തറയ്ക്കുവാൻ ഏല്പിയ്ക്കുകയും ചെയ്യുന്നു.

മത്താ. ൨൭. ൨൪–൨൬; മർക്കോ. ൧൫. ൧൫; ലൂക്കാ. ൨൩. ൨൪-൨൫; യോഹ. ൧൯. ൧൬.

വിവരണം. പീലാത്തോസു കൈകൾ കഴുകിയതും, യൂദജനം തങ്ങൾക്കും തങ്ങളുടെ സന്തതികൾക്കും ആ ശാപം വരുത്തിക്കൂട്ടിയതും, ആയ വിവരങ്ങൾ വി. മത്തായിയിൽ മാത്രമെ കാണുന്നുള്ളൂ. എന്നാൽ ഈശോയെ കുരിശിൽ തറയ്ക്കാനായി ഏല്പിച്ച സംഗതി, നാലു സുവിശേഷകന്മാരും ഒന്നുപോലെ വിവരിയ്ക്കുന്നുണ്ട്.

മത്താ. ൨൭. ൨൪. എന്നാൽ കലഹം അധികമാകുന്നതല്ലാതെ പ്രയോജനമൊന്നും ഉണ്ടാകുന്നില്ലെന്നു കണ്ടു പീലാത്തോസ് വെള്ളം എടുത്തു കൂട്ടത്തിൻെറ കൺമുമ്പാകെ തൻെറ കൈകൾ കഴുകിക്കൊണ്ടു: ഈ നീതിമാൻെറ രക്തത്തിൽ ഞാൻ കുററമററവനാകുന്നു,[1] നിങ്ങൾ നോക്കിക്കൊള്ളുവിൻ എന്നു പറഞ്ഞു.

൨൫. അതിനു ജനം മുഴുവൻ ഉത്തരമായി: അവൻെറ രക്തം ഞങ്ങളുടെമേലും ഞങ്ങളുടെ മക്കളുടെമേലും (ആയിരിക്കട്ടെ)[2] എന്നു പറഞ്ഞു.

മർക്കോ. ൧൫. ൧൫. പീലാത്തോസോ ജനക്കൂട്ടത്തിൻെറ ഇഷ്ടം പ്രവർത്തിയ്ക്കുവാൻ ഇച്ഛിച്ചു * അവരുടെ അപേക്ഷ നടക്കട്ടെ എന്നു കല്പിച്ചു».

ലൂക്കാ. ൨൩. ൨൫. ഇങ്ങനെ കലഹവും കൊലയും നിമിത്തം കാരാഗൃഹത്തിൽ അടക്കപ്പെട്ടിരുന്നവനായി, അവർ അപേക്ഷിച്ച ¶ ബർ അബ്ബായെ, അവർക്കു വിട്ടുകൊടുക്കുകയും »,

മർക്കോ. ൧൫. ൧൫. ഈശോയെ കുരിശിൽ തറയ്ക്കുവാൻ (ചമ്മട്ടികൊണ്ടു) അടിയ്ക്കപ്പെട്ടവനായി[3] † അവരുടെ ഇഷ്ടത്തിന്» അവരെ ഏല്പിയ്ക്കുകയുംചെയ്തു.

* ലൂക്കാ. ൨൩. ൨൪. ¶ മത്താ. ൨൭. ൨൬. † ലൂക്കാ. ൨൩. ൨൫.

## വ്യാഖ്യാനം.

1. "ഈ നീതിമാൻെറ രക്തത്തിൽ ഞാൻ കുററമററവനാകുന്നു." ഈശോ നിരപരാധി ആണെന്ന്, പീലാത്തോസു ഇതാ!, ആറാംപ്രാവശ്യവും, പരസ്യപ്രഖ്യാപനം ചെയ്യുന്നു. ഈശോയ്ക്കു, വധശിക്ഷ നൽകുന്ന ആ വിധിതീർപ്പിൻെറ സമയത്തു തന്നെയും, അങ്ങു നീതിമാനാകുന്നു എന്നു അയാൾ ലോകസമക്ഷം പ്രസിദ്ധപ്പെടുത്തുന്നു. അതേ, അങ്ങേ നീതിയാൽ,നാം നീതീകരിയ്ക്കപ്പെടുവാൻവേണ്ടി നീതിമാനായ

അത്ത്, സ്വയം മരണം കൈവരിച്ചു. ഈശോ നീതിമാൻ ആണെന്ന് മുക്തകണ്ഠം ഘോഷിച്ചശേഷം, അങ്ങേ മരണത്തിനു വിധിച്ച പീലാത്തോസിൻേറയും, അങ്ങേ വധിച്ച യൂദജനത്തിൻേറയും പാപം, എത്ര ഭയങ്കരം! കൈകൾ മാത്രം കഴുകിയതുകൊണ്ടു ആ പാപം മോചിക്കപ്പെട്ടുമോ?

2. "അവൻെറ രക്തം ഞങ്ങളുടെ മേലും ..... ആയിരിക്കട്ടെ." ഈ പ്രയോഗത്തിൻെറ അത്ഥം, "ഞങ്ങൾ മരിച്ചു പോകട്ടെ" 'ഞങ്ങൾക്കു നാശം ഭവിക്കട്ടെ, എന്നൊക്കെയാണ്. വേദപുസ്തകത്തിൽ പല സ്ഥലങ്ങളിലും, ഈ പ്രയോഗം കാണുന്നുണ്ട്. ആചാര്യൻ. ൨൦. ൮,൧൨. ൧൬.

3. "ചമ്മട്ടികൊണ്ടു അടിക്കപ്പെട്ടവനായി." ഈ ഭാഗം വിവരിക്കുയിൽ, "ഈശോയെ ചമ്മട്ടികൾകൊണ്ടു അടിച്ചു"എന്നു വി.മത്തായി പറഞ്ഞുകാണുന്നതിൽനിന്ന്, ഈശോയെ, രണ്ടു പ്രാവശ്യം അടിപ്പിച്ചു എന്നു ചിലർ അനുമാനിക്കുന്നുണ്ട്. എന്നാൽ, മുൻപു പറഞ്ഞിട്ടുള്ളതുപോലെ, ചമ്മട്ടി അടിയുടെ സംഗതിയിൽ, സംഭവങ്ങളുടെ അനുക്രമം, വി. യോഹന്നാൻ മാത്രമെ (൧൯. ൧.) അനുസരിച്ചിട്ടുള്ളു എന്നും, വി. മത്തായിയും, വി. മക്കോസും, ഒരു ആവത്തനാരീതിയിൽ അത്രെ, ആ സംഗതി വിവരിക്കുന്നതെന്നും, ഓമ്മിക്കുമ്പോൾ, ഈശോയെ ഒരു പ്രാവശ്യം മാത്രമെ അടിച്ചിട്ടുള്ളു എന്നുള്ള പൊതുവായ അഭിപ്രായമാണ്, കൂടുതൽ സ്വീകായ്യമെന്നു നിഷ്പ്രയാസം ഗ്രഹിക്കാം. വി. മക്കോസിൽ കാണുന്ന, "ചമ്മട്ടികൊണ്ടു അടിക്കപ്പെട്ടവനായി", എന്ന വാക്യം, ഈ അഭിപ്രായത്തെ അത്രെ പിൻതാങ്ങുന്നതും.

## 45. ഈശോ കുരിശും വഹിച്ചുകൊണ്ട് ഗാഗുൽത്താ മലയിലേയ്ക്കു പോകുന്നു. അങ്ങേ കുരിശു ചുമക്കുവാൻ ശെമ്ഓൻ നിബ്ബന്ധനാകുന്നു.

മത്താ. ൨൭. ൩൧-൩൨; മക്കോ. ൧൫. ൨൦-൨൧; ലൂക്കാ. ൨൩. ൨൬; യോഹ. ൧൯. ൧൬-൧൭.

വിവരണം. ന. ദിവ്യരക്ഷകനെ കുരിശിൽ തറക്കുവാനായി ഗാഗുൽത്താ മലയിലേക്കു കൊണ്ടുപോയ സംഭവം, ഒരേ വാക്കുകളിലല്ലെങ്കിലും നാല് സുവിശേഷകന്മാരും വിവരിക്കുന്നുണ്ട്. എന്നാൽ കെവുറീൻകാരനായ ശെമ്ഓനെക്കൊണ്ടു ഈശോയുടെ കുരിശ് ചുമപ്പിച്ച സംഗതി വി. യോഹന്നാൻ രേഖപ്പെടുത്തുന്നില്ല.

യോഹ. ൧൯. ൧൬. അവരോ ഈശോയെ കയ്യേററ്, * ധൂമ്ര (നിറമുള്ള)» ¶ അവൻെറ പുറങ്കുപ്പായം ഉരിഞ്ഞു അവൻെറ സ്വന്തം ഉടുപ്പുകൾ 1 അവനെ ധരിപ്പിച്ചുകൊണ്ട്»,

൧൭. അവൻ തൻെറ കുരിശു വഹിച്ചിരിക്കെ, കപാലം എന്നുവിളിക്കപ്പെടുന്ന 2 – എബ്രായയിലോ ഗാഗുൽത്താ എന്നു പറ

യപ്പെടുന്ന– സ്ഥലത്തേയ്ക്ക് * കുരിശിൽ തറയ്ക്കുവാനായി» അവനെ കൂട്ടിക്കൊണ്ടുപോയി.

ലൂക്കാ. ൨൩. ൨൬. അവർ † പുറപ്പെട്ട്» അവനെ കൊണ്ടുപോകയിൽ ‡ അലെക്സന്ത്രോസിൻേറയും റോപ്പോസിൻേറയും അപ്പനായി, വയലിൽ നിന്നു വന്നു (ആ വഴി) കടന്നുപോയിരുന്ന കെവുറിൻ കാരനായ ശെമ്ഓൻ എന്ന ഒരുത്തനെ» അവർ പിടികൂടി, കുരിശു ഈശോയുടെ പിന്നാലെ ചുമക്കുവാൻ § അവനെ നിർബ്ബന്ധിച്ച്» (അതു) അവൻെറ മേൽ വെച്ചു.[3]

* മർക്കോ. ൧൫. ൨൦. ¶ മത്താ. ൨൭. ൩൧. † മത്താ. ൨൭. ൩൨. ‡ മർക്കോ. ൧൫. ൨൧. § മത്താ. ൨൭. ൩൨.

വ്യാഖ്യാനം.

1. "അവൻെറ സ്വന്തം ഉടുപ്പുകൾ." അങ്ങേ മേൽവസ്ത്രങ്ങൾ ഉരിഞ്ഞു മാററിയ ശേഷമായിരുന്നു, ഈശോയെ അവർ രാജകീയ വേഷം അണിയിച്ചതു്. ഇപ്പോൾ ആകട്ടെ, ആ രാജകീയവസ്ത്രം ഉരിഞ്ഞു മാററി, കുരിശും വഹിച്ചുകൊണ്ടു പോകുന്ന അങ്ങേ, സകലരും അറിയുന്നതിനും, തന്മൂലം അങ്ങേയ്ക്കു കൂടുതൽ അപമാനം ഉണ്ടാകുന്നതിനുമായി, അങ്ങേ സ്വന്തം ഉടുപ്പുകൾ തന്നെ അവർ വീണ്ടും അങ്ങേ ധരിപ്പിച്ചു.

2. "കപാലം എന്നു വിളിയ്ക്കപ്പെടുന്ന." ഈ മലയ്ക്കു 'കപാലം' എന്നു പേരുണ്ടായതു്, അതിനു്, കപാലം അഥവാ തലയോടിൻെറ ഭാഷയുണ്ടായിരുന്നതുകൊണ്ടാണെന്നും, അതല്ല, വധശിക്ഷ ഏററവരുടെ തലയോടു, അവിടെ ധാരാളം ഉണ്ടായിരുന്നതുകൊണ്ടാണെന്നും, അഭിജ്ഞന്മാർ അഭിപ്രായപ്പെടുന്നു. ആദത്തിൻെറ തലയോടു് അവിടെ സംസ്കരിയ്ക്കപ്പെട്ടിരുന്നതുകൊണ്ടാണ്, ഈ പേരുണ്ടായതു്, എന്നാണ്, പല പിതാക്കന്മാരുടേയും അഭിമതം.

3. "അവൻെറമേൽവെച്ചു." റോമാനിയമപ്രകാരം, കുരിശുമരണത്തിനു വിധിക്കപ്പെട്ടവർ, കുരിശും വഹിച്ചുകൊണ്ടു്, കൊലക്കളത്തിൽ ചെന്നെത്തേണ്ടതായിരുന്നു. ആകയാൽ, ഈശോയും, അങ്ങേ കുരിശും വഹിച്ചു, ഗാഗുൽത്താ മലയിലേയ്ക്കു പുറപ്പെട്ടു. കുരിശിൻെറ ഭാരവും, രക്ഷകൻെറ ക്ഷീണാധിക്യവുംമൂലം, പട്ടണവാതുക്കൽ ചെന്നെത്തുന്നതിനു മുൻപു, പാരമ്പര്യമായി വിശ്വസിച്ചുപോരുന്നതുപോലെ, അങ്ങു് കുരിശോടുകൂടെ നിലത്തു കവിണ്ണു് വീഴുന്നതിനു് കൂടേയും ഇടയായിട്ടുണ്ടു്. കുരിശിൽ തറച്ചുകൊല്ലുന്നതിനു മുൻപു്, താൻ മരിച്ചു പോയേക്കുമോ എന്ന ആശങ്കയാൽ, സേവകർ, പട്ടണവാതുക്കൽവച്ചു്, ആ വഴി കടന്നുപോയിരുന്ന ശെമ്ഓനെ പിടികൂടി, ഈശോയുടെ കുരിശു് ചുമക്കുവാൻ നിർബന്ധിച്ചു്, ആയതിനെ അവൻെറമേൽ വെച്ചു. അവൻ ആദ്യം ഗത്യന്തരമില്ലാതേയും, പിന്നീടു്, ദൈവപ്ര

കാശത്താൽ പ്രേരിതനായും, ഈശോയുടെ കുരിശു് ഗാഗുൽത്താ മലമുകളിൽവരെ ചുമന്നു്, ഈശോയെ സഹായിക്കുകതന്നെ ചെയ്തു. ലോകപാപഭാരം വഹിച്ചുകൊണ്ടു പോകുന്ന ഈശോയെ സഹായിപ്പാൻ യോഗ്യനായ ശെമ്ഓൻ ഭാഗ്യവാൻ തന്നെ.

## 46. സഹതാപപൂർവ്വം അങ്ങേ അനുധാവനം ചെയ്തിരുന്ന സ്ത്രീകളെ നോക്കി ഈശോ സ്നേഹപൂർവ്വം സംസാരിയ്ക്കുന്നു.

ലൂക്കാ. ൨൩. ൨൭- ൩൧.

വിവരണം. ഈ സംഗതി വി. ലൂക്കാ മാത്രമേ വിവരിയ്ക്കുന്നുള്ളു. കുരിശു്, ഈശോയുടെ പിന്നാലെ ചുമക്കുവാൻ, ആയതു് ശെമ്ഓൻെറമേൽവെച്ചു എന്നു സുവിശേഷകൻ സ്പഷ്ടമായി പ്രസ്താവിക്കുന്ന സ്ഥിതിയ്ക്കു്, ഈശോ ആ സ്ത്രീകളോടു സംസാരിയ്ക്കുയിൽ, അങ്ങു് കുരിശു വഹിച്ചിട്ടില്ലായിരുന്നു എന്നു തെളിയുന്നു.

ലൂക്കാ. ൨൩. ൨൭. ഒരു ജനക്കൂട്ടവും, അവനെക്കുറിച്ചു വിലപിക്കയും മുറയിടുകയും ചെയ്തിരുന്ന സ്ത്രീകളും[1] അവൻെറ പിന്നാലെ വന്നിരുന്നു.

൨൮. ഈശോ അവരുടെ പക്കലേക്കു തിരിഞ്ഞു അരുളിച്ചെയ്തു: ഓറെശ്ലേം പുത്രിമാരെ, എന്നെക്കുറിച്ചു നിങ്ങൾ കരയേണ്ട; മറിച്ചു്, നിങ്ങളെക്കുറിച്ചും നിങ്ങളുടെ മക്കളെക്കുറിച്ചും നിങ്ങൾ കരഞ്ഞുകൊൾവിൻ.[2]

൨൯. എന്തുകൊണ്ടെന്നാൽ മച്ചികൾക്കും, പ്രസവിക്കാത്ത ഉദരങ്ങൾക്കും, കുടിപ്പിയ്ക്കാത്ത മുലകൾക്കും ഭാഗ്യം! എന്നു അവർ പറയുന്ന ദിവസങ്ങൾ ഇതാ! വരുന്നു.

൩൦. അപ്പോൾ മലകളോടു: ഞങ്ങളുടെമേൽ വീഴുവിൻ എന്നും, കുന്നുകളോടു: ഞങ്ങളെ മൂടിക്കളയുവിൻ എന്നും നിങ്ങൾ പറയുവാൻ തുടങ്ങും.

൩൧. പച്ചമരത്തോടു അവർ ഇവ ചെയ്യുന്നെങ്കിൽ ഉണങ്ങിയതിൽ സംഭവിയ്ക്കുന്നതെന്തു?

### വ്യാഖ്യാനം.

1. "വിലപിയ്ക്കുയും മുറയിടുകയും ചെയ്തിരുന്ന സ്ത്രീകളും." കൊലക്കളത്തിലേയ്ക്കു പോകുന്ന ഈശോയെ അനുഗമിച്ചിരുന്നവരിൽ ചിലർ, അങ്ങേ അധിക്ഷേപിയ്ക്കുന്നതിനും, അങ്ങേ മരണം കാണുന്നതിനുമായി പോയിരുന്നു. മറ്റുചിലർ, ജിജ്ഞാസാഭരിതരായി, കാഴ്ച കാണ്മാനായി പോയിരുന്നു. ഇനിയും വേറെ ചിലർ, അങ്ങേ പീഡാനുഭവങ്ങ

ളിൽ സഹതപിച്ചുകൊണ്ടു പോയിരുന്നു. ഈ ഒടുവിൽ പറഞ്ഞ ഗണത്തിൽ ആയിരുന്നു, ഇവിടെ പ്രത്യക്ഷരാകുന്ന സ്ത്രീകൾ. അവർ, പൌരസ്ത്യ സമ്പ്രദായം അനുസരിച്ചു നെഞ്ചിൽ ഇടിച്ചു കരഞ്ഞിരുന്നതിനാൽ, അവരുടെ വിലാപവും മുറവിളിയും, പ്രത്യേകം അനുകമ്പാജനകമായിരുന്നു.

2. "നിങ്ങളെക്കുറിച്ചും നിങ്ങളുടെ മക്കളെക്കുറിച്ചും നിങ്ങൾ കരഞ്ഞുകൊൾവിൻ." ആസന്നമായിരുന്ന ഓറെശ്ലേം പട്ടണത്തിൻെറ ഭയങ്കരനാശവും, യൂദജനത്തിൻെറ ക്രൂരസംഹാരവും, അത്രെ, ഈശോ, ഇവിടെ ഉദ്ദേശിച്ചിരിക്കുന്നതു്. "അവൻെറ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ മക്കളുടെമേലും ആയിരിക്കട്ടെ," (മത്തായി. ൨൭. ൨൫.) എന്നു അട്ടഹസിച്ച യൂദന്മാരുടെ പ്രാൎത്ഥന ഒടുവിൽ ദൈവം കേട്ടു. ക്രീസ്തുവൎഷം ൭൦-ാമാണ്ടിൽ, റോമാക്കാർ, ഓറെശ്ലേം പട്ടണം വളഞ്ഞിരിക്കുകയിൽ, രണ്ടരമാസക്കാലത്തിനിടക്കു, പഞ്ഞംകൊണ്ടുമാത്രം നശിച്ചവർ രണ്ടു ലക്ഷവും, വാളിനു ഇരയായവർ, പതിനൊന്നു ലക്ഷവും, ആയിരുന്നു. പട്ടിണികൊണ്ടു, സഹിക്കവഹിയാതെ, ഒരു സ്ത്രീ അവളുടെ കുഞ്ഞിനെക്കൊന്നു തിന്നു എന്നും, ഈശോയെ മുപ്പതു വെള്ളിക്കാശിനു വിററ യൂദന്മാരെ, റോമാക്കാർ, കാശിനു മുപ്പതുവെച്ചു, അടിമകളായി വിററു എന്നും കേൾക്കുമ്പോൾ "പ്രസവിക്കാത്ത ഉദരങ്ങൾക്കു ഭാഗ്യം" എന്നും "മലകളെ ഞങ്ങളുടെമേൽ വീഴുവിൻ" എന്നും ആ സംഹാര ദിവസങ്ങളിൽ, യഹൂദജനം പറയുമെന്നു്, ഈശോ അരുളിച്ചെയ്ത വാക്യം എത്ര അന്വൎത്ഥമായി, എന്നു ഗ്രഹിക്കാം. പാപത്തിൻെറ നിഴൽപോലും തീണ്ടാത്ത ദിവ്യ ഈശോയെ, കുരിശിൽ തറച്ചുകൊന്ന, ദുഷ്ടയൂദന്മാരെ, റോമാക്കാർ, അനുദിനം അഞ്ഞൂറും അതിൽ അധികവും വീതം, കുരിശിൽ തറച്ചു കൊന്നിരുന്നു. കുരിശുകൾ നാട്ടുന്നതിനു സ്ഥലമൊ, അവരെ തറക്കുന്നതിനു കുരിശുകളോ, മതിയായിരുന്നില്ല എന്നത്രെ പറയപ്പെടുന്നതു്.

47. രണ്ടു കള്ളന്മാരുടെ നടുവിൽ ഈശോ കുരിശിൽ തറയ്ക്കപ്പെടുന്നു. അഭക്തഘാതകന്മാൎക്കുവേണ്ടി ഈശോ സ്വപിതാവിനെ പ്രാൎത്ഥിക്കുന്നു.

മത്താ. ൨൭. ൩൩–൩൪, ൩൮; മൎക്കൊ. ൧൫. ൨൨–൨൩, ൨൫, ൨൭–൨൮; ലൂക്കാ. ൨൩. ൩൨–൩൪; യോഹ. ൧൯. ൧൮.

വിവരണം. ൧. ദിവ്യരക്ഷകനെ കുരിശിൽ തറച്ചതു്, രണ്ടു കള്ളന്മാരുടെ മദ്ധ്യേയായിരുന്നു എന്നു്, നാലു സുവിശേഷകന്മാരും സാക്ഷിക്കുന്നുണ്ടു്. അതിഭയങ്കരമായ ആ ശിക്ഷയെക്കുറിച്ചു അവർ എല്ലാവരും, "അവനെ കുരിശിൽ തറച്ചു" എന്നു മാത്രം ചുരുക്കി പറഞ്ഞുകൊണ്ടു് അവസാനിപ്പിക്കുന്നു. ആ ഭയങ്കരസംഭവത്തെപ്പററി നാം ഭക്തിപൂൎവ്വം ധ്യാനിച്ചു മനസ്സിലാക്കുകയല്ലാതെ, അതെപ്പററിയു

ള്ള ഒരു വൎണ്ണന, കേവലം അസാദ്ധ്യമായിരുന്നതുകൊണ്ടായിരിയ്ക്കണം, സുവിശേഷകന്മാർ ഇപ്രകാരം ചെയ്തതെന്നു അനുമാനിപ്പാൻ ന്യായമുണ്ട്.

മൎക്കോ. ൧൫. ൨൨. പിന്നെ അവർ കപാലം എന്നൎത്ഥമുള്ള സ്ഥലമായ ഗാഗുൽത്തായിലേക്ക് അവനെ കൊണ്ടുവന്നു.

ലൂക്കാ. ൨൩. ൩൨. ദുഷ്പ്രവൃത്തിക്കാരായ വേറെ രണ്ടുപേരും കൊല്ലപ്പെടേണ്ടതിനായി അവനോടുകൂടി വന്നിരുന്നു.

൩൩. ഇങ്ങനെ അവർ കപാലം എന്നു പറയപ്പെടുന്ന ഒരു സ്ഥലത്തു വന്നപ്പോൾ,

മത്താ. ൨൭. ൩൪. അവർ അവനു, ※ മൂറ കലൎത്തിയ വീഞ്ഞു[1] » കുടിയ്ക്കുവാൻ കൊടുത്തു. അവൻ രുചിച്ചുനോക്കി, എങ്കിലും കുടിയ്ക്കുവാൻ മനസ്സായില്ല.

മൎക്കോ. ൧൫. ൨൫. അവർ അവനെ കുരിശിൽ തറച്ചപ്പോൾ മൂന്നാം മണിയായിരുന്നു.[2]

൨൭. അവനോടുകൂടെ രണ്ടു കള്ളന്മാരേയും, ഒരുത്തനെ അവൻെറ വലത്തുവശത്തും ഒരുത്തനെ അവൻെറ ഇടത്തുവശത്തും ¶ ഈശോയെ നടുവില്മായി » † അവിടെ » അവർ കുരിശിൽ തറച്ചു.[3]

൨൮. ദുഷ്ടന്മാരോടുകൂടി അവൻ എണ്ണപ്പെട്ടു എന്നു പറയുന്ന തിരുവെഴുത്തു ഇങ്ങനെ നിവൃത്തിയായി.

ലൂക്കാ. ൨൩. ൩൪. എന്നാൽ ഈശോ: പിതാവെ, തങ്ങൾ ചെയ്യുന്നതെന്തെന്നു ഇവർ അറിയായ്കകൊണ്ടു ഇവരോട് ക്ഷമിയ്ക്കണമെ എന്നു അരുളിച്ചെയ്തിരുന്നു.[4]

※ മൎക്കോ. ൧൫. ൨൩. ¶ യോഹ ൧൯. ൧൮. † ലൂക്കാ. ൨൩. ൩൩.

## വ്യാഖ്യാനം.

1. "മൂറ കലൎത്തിയവീഞ്ഞ്." വധശിക്ഷയ്ക്കു വിധിയ്ക്കപ്പെടുന്നവൎക്കു കൊടുക്കമാറായിരുന്ന ഒരു പാനീയം ആയിരുന്നു ഇതു്. ഈ പാനീയത്തിൻെറ ലഹരികൊണ്ട്, മത്തു പിടിച്ചു, വധശിക്ഷ അനുഭവിയ്ക്കുന്നവർ വേദന അറിയാതിരിയ്ക്കുവാനാണു്, ഇതു് നൽകപ്പെട്ടിരുന്നതു്. "കൈപ്പു കലൎത്തിയ ചൊറുക്കാ" എന്നു വി. മത്തായി (൨൭, ൩൪.) പറയുന്നതും ഇതല്ലാതെ, മറെറാന്നുമല്ല. മനുഷ്യരക്ഷണാൎത്ഥം, എല്ലാ പീഡകളും പരിപൂൎണ്ണമായി സഹിപ്പാൻ ആഗ്രഹിച്ചിരുന്ന ഈശോ, അതിനു വിഘാതമായി തീരുമായിരുന്ന, ലഹരിയുള്ള ഈ ദ്രാവകം, കുടിയ്ക്കുവാൻ മനസ്സായില്ല. എന്നുവരികിലും, ഈ അവസരത്തിൽ

അങ്ങേ നേൎക്കു അനുകമ്പ പ്രദശിപ്പിച്ചവരുടെ നന്മനസ്സിനെ ആദ
രിക്കുമാറു്, അങ്ങു് അതിനെ രുചിച്ചുനോക്കുകമാത്രം ചെയ്തു. കൊല
പ്പുള്ളികൾക്കു, ഈ പാനീയം സ്വന്ത ചിലവിൽ സാമാന്യം ഉണ്ടാക്കി
ക്കൊടുത്തിരുന്നതു്, ഭക്തിയുള്ള ഓറെശ്ലേം സ്ത്രീകൾ ആയിരുന്നു, എ
ന്നതു്, സ്മരണീയമാണു്. ആകയാൽ, ഈശോക്കു, ഇതു, തയാർചെയ്
തുകൊടുത്തതു്, അങ്ങേ അനുധാവനം ചെയ്ത “ഓറെശ്ലേം പുത്രിമാർ,”
ആയിരുന്നിരിക്കാം.

2. “മൂന്നാം മണിയായിരുന്നു.” യഹൂദന്മാർ, രാവും പകലും, മുമ്മൂ
ന്നു മണിക്കൂറുള്ള നന്നാലു് യാമങ്ങളായിട്ടു്, വിഭജിച്ചിരുന്നുവെന്നു്, മുൻ
പു പറഞ്ഞിട്ടുണ്ടല്ലൊ. ഈ യാമങ്ങൾ, ഒന്നാംമണിക്കും, മൂന്നാംമണി
ക്കും, ആറാംമണിക്കും, ഒൻപതാംമണിക്കും, ആരംഭിച്ചിരുന്നതിനാൽ,
ഒന്നാംയാമം. മൂന്നാംയാമം, ആറാംയാമം, ഒൻപതാംയാമം, എന്നത്രെ,
അവർ പറഞ്ഞിരുന്നതു്. മാത്രമല്ല, മുമ്മൂന്നു മണിക്കൂറുകളായി, അവർ
വിഭജിച്ചിരുന്ന, ഓരോ യാമത്തെ, മണിക്കൂർ, എന്നും, ചിലപ്പോൾ
പറയുക അവരുടെയിടയിൽ പതിവായിരുന്നു. ഈ അൎത്ഥത്തിൽ അ
ത്രെ, വി. മൎക്കോസു്, “ഈശോയെ കുരിശിൽ തറച്ചപ്പോൾ മൂന്നാം
മണിയായിരുന്നു”, എന്നു പറഞ്ഞിരിക്കുന്നതു്. അതു്, നമ്മുടെ സമ
യക്കണക്കനുസരിച്ചു, പകൽ, ൯ മണിക്കും ൧൨ മണിക്കും ഇടക്കുള്ള
ഏതെങ്കിലും സമയം ആകാം. ആകയാൽ, വി. യോഹന്നാന്റെ “ഉ
ദ്ദേശം ആറാം മണിനേര”വും, ഈ പ്രസ്താവനയും തമ്മിൽ, പൂൎവ്വാപര
വിരുദ്ധമില്ലതന്നെ. വി. മൎക്കോസു, യാമം അനുസരിച്ചു പറയുമ്പോൾ,
വി. യോഹന്നാൻ, മണിക്കൂർ അനുസരിച്ചു പറയുന്നു, എന്നേയുള്ളൂ.

3. “ഈശോയെ നടുവിലായി അവിടെ അവർ കുരിശിൽ തറച്ചു.”
കുരിശിൽ തറച്ചു, എന്ന ഒററവാക്യശകലം കൊണ്ടു, ന. ദിവ്യരക്ഷക
നെ സംബന്ധിച്ചിടത്തോളം, സുവിശേഷകന്മാർ ഉദ്ദേശിക്കുന്നതു് സ
ൎവ്വാംഗം മുറിവുകളായിരിക്കയിൽ, അവയോടു ഒട്ടിച്ചേൎന്നിരുന്ന അങ്ങേ
വസ്ത്രങ്ങൾ, അവർ വലിച്ചു ഉരിഞ്ഞു മാററിയതും, അങ്ങേ കൈകളും
കാലുകളും വലിച്ചുനീട്ടി, വലിയ ആണികളാൽ കുരിശിനോടു ചേൎത്തു
തറച്ചതും, ഊരിപ്പോകാതെയിരിപ്പാൻവേണ്ടി, ആണികളുടെ മുന മട
ക്കി ഭദ്രമാക്കിയതും, മ്ശിഹായുടെ ദേഹഭാരം വഹിപ്പാൻ ആണി
കൾ പോരാതിരുന്നതിനാൽ, അങ്ങേ ശരീരം കുരിശിനോടു ചേൎത്തു
ബന്ധിച്ചതും ആയ സംഭവങ്ങളത്രെ. ഇവയിൽ ഓരോന്നിലും അങ്ങു
അനുഭവിച്ച പീഡയും അപമാനവും, വിവരിക്കുന്നതിനേക്കാൾ, ചി
ന്തിക്കുന്നതാണു് എളുപ്പം. കള്ളന്മാരിൽവച്ചു്, അങ്ങേ വലിയ കള്ള
നാക്കുവാനായിരുന്നു, രണ്ടു കള്ളന്മാരുടെ മദ്ധ്യേ, അങ്ങേ അവർ കുരി
ശിൽ തറച്ചതു്.

4. “ഇവരോടു ക്ഷമിക്കണമെ എന്നു അരുളിച്ചെയ്തിരുന്നു.” കരുണ
നിറഞ്ഞ ദൈവമായ ഈശോയെ ശ്രവിക്കുക. ഘാതകന്മാരിൽനിന്നു,
മരണപ്രമാദം അനുഭവിക്കുന്ന ഈ സമയത്തുപോലും, അങ്ങു്, അവ
ൎക്കുവേണ്ടി, സ്വപിതാവിനെ പ്രാൎത്ഥിക്കുന്നു. ഒരു പ്രാവശ്യമല്ല അങ്ങു്
പ്രാൎത്ഥിച്ചതു്. “അരുളിച്ചെയ്തിരുന്നു”, എന്നു സുവിശേഷകൻ പ്രസ്താ

വിക്കുന്നതിൽ നിന്ന് അങ്ങു ഈ പ്രാൎത്ഥന പല പ്രാവശ്യം ഉരുവിട്ടിരുന്നു എന്നു തെളിയുന്നു. അതെ, അവർ ചെയ്തതു് എന്തെന്നും, ആരോടെന്നും, അങ്ങേ ഘാതകന്മാർ, വേണ്ടുംവിധം അറിഞ്ഞിരുന്നില്ല. അവരെ രക്ഷിപ്പാൻ വന്ന ദൈവത്തെയാണ്, അവർ നിഗ്രഹിക്കുന്നതെന്ന്, അവർ അറിഞ്ഞിരുന്നുവെങ്കിൽ, ആ കൃത്യം ഒരുനാളും അവർ ചെയ്കയില്ലായിരുന്നു. ആകയാൽ, അങ്ങേ ഉപദ്രവിപ്പാനായി, കൈപൊക്കിയ ഏവനും, വരപ്രസാദത്തെ മനഃപൂൎവ്വം തിരസ്കരിച്ചില്ലെങ്കിൽ, മ്ശീഹായുടെ ഈ പ്രാൎത്ഥനമൂലം, രക്ഷപെട്ടിരിക്കണം എന്നു വിശ്വസിപ്പാൻ ന്യായമുണ്ട്.

## 48. “യൂദന്മാരുടെ രാജാവായ നസ്രായൻ ഈശോ” എന്ന് മരണകാരണമായി പീലാത്തോസു എഴുതിയ പലക ഈശോയുടെ തലയ്ക്കുമീതെ അവർ വെക്കുന്നു.

മത്താ. ൨൭. ൩൭; മർക്കോ. ൧൫. ൨൬; ലൂക്കാ. ൨൩. ൩൮; യോഹ. ൧൯. ൧൯-൨൨.

വിവരണം. പീലാത്തോസിന്റെ അഭിപ്രായത്തിൽ, ഈശോയുടെ മരണകാരണം, യൂദന്മാരുടെ രാജാവാണെന്നുള്ള അങ്ങേ പ്രസ്താവനയായിരുന്നു. ഈ വസ്തുത, ഒരു വിധത്തിലല്ലെങ്കിൽ, മറ്റൊരു വിധത്തിൽ, നാലു സുവിശേഷകന്മാരും സ്പഷ്ടമായി പ്രസ്താവിക്കുന്നുണ്ട്. പലകയിലെ മേലെഴുത്തു മാറ്റണം, എന്നു പറഞ്ഞ പ്രധാനാചാൎയ്യന്മാരുടെ അപേക്ഷ, പീലാത്തോസു സധൈൎയ്യം നിഷേധിച്ചതു്, വി. യോഹന്നാൻ മാത്രമെ വിവരിക്കുന്നുള്ളു.

യോഹ. ൧൯. ൧൯. പീലാത്തോസ് ※ അവന്റെ മരണത്തിന്റെ കാരണം» ഒരു പലക(യിൽ) എഴുതി[1]. ※ (അതു) അവന്റെ തലയ്ക്കു് മീതെ അവർ വെക്കുകയും ചെയ്തു». (അതിൽ) ഇവൻ നസ്രായൻ ഈശോ, യൂദന്മാരുടെ രാജാവ്[2] എന്നിങ്ങനെ എഴുതപ്പെട്ടിരുന്നു.

൨൦. ഈശോയെ കുരിശിൽ തറച്ച സ്ഥലം പട്ടണത്തിനു സമീപം ആയിരുന്നതിനാൽ യൂദന്മാരിൽ പലരും ഈ പലക വായിച്ചു. അതു് എബ്രായയിലും, ഗ്രീക്കിലും, ലത്തീനിലും എഴുതപ്പെട്ടുമിരുന്നു.

൨൧. ആകയാൽ പ്രധാനാചാൎയ്യന്മാർ പീലാത്തോസിനോടു: ഞാൻ യൂദന്മാരുടെ രാജാവു് ആകുന്നു എന്നു അവൻ പറഞ്ഞു എന്നല്ലാതെ യൂദന്മാരുടെ രാജാവു് ആകുന്നു എന്നു നീ എഴുതരുതു് എന്നു പറഞ്ഞു.

൨൨. ഞാൻ എഴുതിയതു് എഴുതി എന്നു പിലാത്തോസ് പറയുന്നു.

⁂ മത്താ. ൨൭. ൩൭.

## വ്യാഖ്യാനം.

1. "ഒരു പലക(യിൽ) എഴുതി." റോമാ നിയമപ്രകാരം, മരണ ശിക്ഷയ്ക്കു വിധിയ്ക്കപ്പെട്ടന്നവർ, അവരുടെ മരണകാരണം എഴുതിയ പലക, കഴുത്തിൽ ധരിച്ചുകൊണ്ടു്, കൊലക്കളത്തിൽ ചെന്നെത്തുകയായിരുന്നു, പതിവു്. അതുകയാൽ, ഈശോയെ മരണത്തിനു വിധിച്ച തോടുക്രുടിത്തന്നെ, അങ്ങേ മരണകാരണം എഴുതി കഴുത്തിൽ തൂക്കുകയും, അതും വഹിച്ചുകൊണ്ടു അങ്ങു് ഗാഗുൽത്താ മലയിൽ ചെന്നു ചേരുകയും ആണു് ഉണ്ടായതു്. നാലു് സുവിശേഷകന്മാരും, യഥാസ്ഥാനങ്ങളിൽ ഈ സംഭവം വിവരിച്ചു കാണാത്തതു്, അവരുടെ പ്രതിപാദനരീതിയുടെ വൈപരീത്യംകൊണ്ടു്, സംഭവിച്ചതെന്നു കരുതാനെയുള്ളു. പീലാത്തോസു് മരണകാരണം എഴുതി ഈശോയുടെ കുരിശിന്മേൽ പതിച്ചു, എന്നു വി. യോഹന്നാനിൽ കാണുന്നതു്, വി. മത്തായി പറയുന്നതുപോലെ, അവൻെറ സേവകന്മാരെക്കൊണ്ടു് എഴുതിയ്ക്കയും, കുരിശിന്മേൽ വെയ്പിക്കയും, ചെയ്തു എന്നു അത്ഥമാക്കേണ്ടതാണു്.

2. "ഇവൻ, നസ്രായൻ ഈശോ, യൂദന്മാരുടെ രാജാവു്." ഈശോയുടെ മരണകാരണമായി പീലാത്തോസു് രേഖപ്പെടുത്തിയ, ഈ ഔദ്യോഗിക പ്രസ്താവനയിൽ, ഈശോ എന്ന അങ്ങേ നാമവും, സ്വദേശവും, അങ്ങു്, യൂദന്മാരുടെ രാജാവെന്നു് പറഞ്ഞു, എന്നുള്ള കുററകാരണവും, അടങ്ങിയിരുന്നു. പീലാത്തോസു് കുററകാരണമായി എഴുതിയ, യൂദന്മാരുടെ രാജാവെന്ന പദവി, പ്രവാചകന്മാർ അരുളിച്ചെയ്തിരിയ്ക്കുന്നപ്രകാരം, ഈശോയ്ക്കു സ്വന്തമായതും, എന്നാൽ, യൂദന്മാൎക്കു അതു് സമ്മതിക്കുവാൻ മനസ്സില്ലാതിരുന്നതും, ആയ ഒന്നാണു്. ഇപ്പോൾ ഇതാ! ഈശോ, യൂദന്മാരുടെ രാജാവാണെന്നു്, ലോകസമക്ഷം പ്രഖ്യാപനം ചെയ്വാൻ, ദൈവം, അജ്ഞാനിയായ പീലാത്തോസിനെ ഒരു ഉപകരണമായി സ്വീകരിയ്ക്കുന്നു. അന്നു് പ്രചാരത്തിലിരുന്ന, എബ്രായ, ഗ്രീക്കു്, ലത്തീൻ, എന്ന, ത്രിവിധഭാഷയിൽ, അവൻ അതു എഴുതി. മാത്രമല്ല, മാററി എഴുതാൻ ശഠിച്ചവരോടു്, അതുവരെ ഭീരുവായി പ്രത്യക്ഷപ്പെട്ട ആ ന്യായാധിപൻ, "എഴുതിയതു് എഴുതി", എന്നത്രെ സഗൌരവം മറുപടി നൽകിയതു്.

## 49. പടയാളികൾ ഈശോയുടെ വസ്ത്രങ്ങളിന്മേൽ ചിട്ടിയിടുന്നു.

മത്താ. ൨൭. ൩൫-൩൬; മൎക്കോ. ൧൫. ൨൪; ലൂക്കാ. ൨൩. ൩൪; യോഹ. ൧൯. ൨൩-൨൪.

വിവരണം. ന. ദിവ്യരക്ഷകനെ കരിശിൽ തറച്ചശേഷം, അങ്ങേ വസ്ത്രങ്ങൾ അവർ ഭാഗിച്ചെടുത്തു എന്നു നാല് സുവിശേഷകന്മാരും പറയുന്നുണ്ട്. ആദ്യത്തെ മൂന്നു സുവിശേഷകന്മാർ, അവ ചിട്ടിയിട്ടാണ് ഭാഗിച്ചെടുത്തതെന്ന് പൊതുവായി പറയുമ്പോൾ, വി. യോഹന്നാൻ, തെെപ്പില്ലാത്ത അങ്ങേ അങ്കിയിന്മേൽ, അവർ പ്രത്യേകം ചിട്ടിയിട്ടു എന്നുള്ള വസ്തുത, എടുത്തു പറയുന്നുണ്ട്.

യോഹ. ൧൯. ൨൩. പടയാളികൾ ഈശോയെ കരിശിൽ തറച്ചശേഷം അവൻെറ വസ്ത്രങ്ങൾ എടുത്തു പടയാളികളിൽ ഓരോരുത്തനും ഓരോ ഭാഗമായിട്ടു നാല് ഭാഗങ്ങളാക്കി. ✻ ആർ ഏതു് എടുക്കണം എന്ന്[1] അവയിന്മേൽ അവർ ചിട്ടിയിട്ടു». അവൻെറ അങ്കിയോ മേൽതൊട്ടു മുഴുവൻ നെയ്യത്തു് അല്ലാതെ തൈയ്ക്കപ്പെട്ടതു് അല്ലായിരുന്നു.[2]

൨൪. ആകയാൽ അവർ: അതു് നാം കീറേണ്ട; പിന്നയോ അതു് ആൎക്കു് ഇരിക്കണമെന്നു നമുക്കു് അതിന്മേൽ ചിട്ടിയിട്ടുകതന്നെ ചെയ്യാം എന്നു തമ്മിൽ പറഞ്ഞു. എൻെറ വസ്ത്രങ്ങൾ അവർ തമ്മിൽ ഭാഗിച്ചെടുത്തു, എൻെറ ഉടുപ്പിനായി അവർ ചിട്ടിയിട്ടു എന്നു പറഞ്ഞിട്ടുള്ള തിരുവെഴുത്തു് ഇങ്ങനെ നിവൃത്തിയായി. പടയാളികൾ ഇവയൊക്കെയും ചെയ്തു.

മത്താ. ൨൭. ൩൬. അനന്തരം അവനെ കാത്തുകൊണ്ടു് അവർ അവിടെ ഇരുന്നിരുന്നു.

✻ മർക്കോ. ൧൫. ൨൪.

## വ്യാഖ്യാനം.

1. "ആർ ഏതു എടുക്കണം എന്ന്." യഹൂദന്മാരുടെ വസ്ത്രധാരണരീതി അനുസരിച്ചു, കരിശിൽ തറച്ച ന. ദിവ്യരക്ഷകൻെറ ഉടുപ്പുകളിൽ, സേവകന്മാൎക്കു ഭാഗിച്ചെടുക്കുവാൻ ലഭിച്ചതു്, ദേഹത്തോടു തൊട്ടു് അവിടന്നു ധരിച്ചിരുന്ന തൈപ്പില്ലാത്ത ഉൾ അങ്കിയും, അതിനു മീതെ ധരിച്ചിരുന്ന, ഗളാദിപാദം, നീണ്ടു് കിടന്നിരുന്ന, പുറഅങ്കിയും, അരവാറും, തോളുകളിൽ ഇട്ടു്, ദേഹത്തു വാരിച്ചുററിയിരുന്ന മേൽവസ്ത്രവും, പാദരക്ഷയും ആയിരുന്നു. ഇവയിൽ, തൈപ്പില്ലാത്ത അങ്കി, പ്രത്യേകം ചിട്ടിയിടുവാൻ അവർ മാററിവെച്ചു. ഇതിനെക്കുറിച്ചുമാത്രം, "അതു നാം കീറേണ്ട" എന്നു അവർ പറഞ്ഞ സ്ഥിതിക്കു, മററു വസ്ത്രങ്ങൾ ഭാഗം ശരിയാകുവാൻ വേണ്ടി, അവർ കീറിയിരിക്കണം. എന്നാലും, അവ പ്രകൃത്യാ, നാലു സമവിഭാഗമാക്കുക അസാദ്ധ്യമായിരുന്നു. ഇതിനാലത്രെ, ഓരോരുത്തൻ ഏതു ഭാഗം എടുക്കണം എന്ന്, അവർ ചിട്ടിയിട്ടു തീർമാനിച്ചതു്.

2. "അവൻെറ അങ്കിയോ മേൽ തൊട്ടു മുഴുവൻ നെയ്യത്ത് അല്ലാതെ തൈയ്ക്കപ്പെട്ടതു അല്ലായിരുന്നു." ഈ അങ്കി പരി. ദൈവമാതാവു, അങ്ങേ തിരുക്കുമാരനു ബാല്യപ്രായത്തിൽ നെയ്യ് കൊടുത്തതായിരുന്നുവെന്നും, അങ്ങേ വളർച്ചയ്ക്കനുസരണമായി, ഈ അങ്കിയും, വളന്നുകൊണ്ടിരുന്നുവെന്നുമാണ്, പാരമ്പര്യം. ഇസ്രായേൽജനം വനാന്തരത്തിൽക്കൂടെ സഞ്ചരിക്കുയിൽ, ൪൦ വഷത്തേക്ക് അവരുടെ വസ്ത്രങ്ങൾ ജീണ്ണിക്കാതെ ദൈവം കാത്തുവെങ്കിൽ, (ആവത്തനം. ൮. ൪.) ദൈവസുതനായ മ്ശിഹായുടെ ഈ അങ്കി, വളന്നതിലോ, കേടു ഭവിക്കാതെ കാക്കപ്പെട്ടതിലോ, അത്ഭുതത്തിനവകാശമില്ല. ഈ അങ്കി, ഇപ്പോൾ ജമ്മനിയിൽ (Treves) ത്രീവെസ് ഭദ്രാസനപ്പള്ളിയിൽ, ഭക്തിപുരസ്സരം വണങ്ങപ്പെടുന്നു.

50. ക്രൂശിതനായ ഈശോയെ ജനങ്ങളും പാന്ഥന്മാരും പ്രധാനാചാര്യന്മാരും സേവകരും, എന്നുവേണ്ട, കൂടെ തൂക്കിയ കള്ളന്മാർക്കൂടെയും അപഹസിക്കുന്നു.

മത്താ. ൨൭. ൩൯-൪൪; മക്കോ. ൧൫. ൨൯-൩൨; ലൂക്കാ. ൨൩. ൩൫-൩൭.

വിവരണം. രക്ഷകനായ ഈശോ കുരിശിൽ തൂങ്ങിക്കിടക്കയിൽ, സകലരാലും അപമാനിക്കപ്പെടുന്ന ഈ സംഗതിയെപ്പററി, വി. യോഹന്നാൻ ഒന്നും തന്നെ പറയുന്നില്ലെങ്കിലും ആദ്യത്തെ മൂന്നു സുവിശേഷകന്മാരും ആയതു സമഗ്രമായി പ്രതിപാദിക്കുന്നുണ്ട്.

ലൂക്കാ. ൨൩. ൩൫. ജനം നോക്കിക്കൊണ്ടുനിന്നിരുന്നു.

മക്കോ. ൧൫. ൨൯. കടന്നുപോയിരുന്നവർക്കൂടേയും അവനെ ദുഷിച്ച് തങ്ങളുടെ തലകൾ കുലുക്കിക്കൊണ്ട്: ഹാ! (ദൈവത്തിൻെറ) ആലയം പൊളിച്ചു മൂന്നുദിവസംകൊണ്ടു അതു പണിയുന്നവനെ ✻ നീ ദൈവപുത്രൻ ആകുന്നെങ്കിൽ നിന്നെത്തന്നെ രക്ഷിക്കുക, കുരിശിൽ നിന്നു ഇറങ്ങുക എന്നു പറഞ്ഞിരുന്നു».

മത്താ. ൨൭. ൪൧. അപ്രകാരം തന്നെ പ്രധാനാചാര്യന്മാരും, നിയമജ്ഞന്മാരോടും മൂപ്പന്മാരോടും പ്രീശരോടും ചേന്ന് പരിഹസിച്ച് (ഇങ്ങനെ) പറഞ്ഞിരുന്നു:

൪൨. ഇവൻ മററുള്ളവരെ രക്ഷിച്ചു, തന്നെത്തന്നെ രക്ഷിക്കുവാൻ ഇവനു സാധിക്കുന്നില്ല; ¶ ഇവൻ ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ടവനും» ഇസ്രായേലിൻെറ രാജാവുമായ ¶ മ്ശിഹാ ആകുന്നെങ്കിൽ» † നാം കണ്ടു അവനിൽ വിശ്വസിക്കേണ്ട

തിന്ന്,[1] ഇപ്പോൾ കുരിശിൽനിന്നിറങ്ങി»¶ തന്നെത്തന്നെ രക്ഷിക്കട്ടെ».

൪൩. ഇവൻ ദൈവത്തിൽ ആശ്രയിച്ചുവല്ലൊ; ഇവനിൽ അവന്ന പ്രസാദമുണ്ടെങ്കിൽ ഇപ്പോൾ ഇവനെ രക്ഷിക്കട്ടെ. ഞാൻ ദൈവത്തിന്റെ പുത്രനാകുന്നു എന്നാണല്ലൊ ഇവൻ പറഞ്ഞത്.

ലൂക്കാ. ൨൩. ൩൬. പടയാളികളും അവന്റെ അടുക്കൽ വന്ന അവന്നു ചൊറുക്കാ കൊടുത്തുകൊണ്ട്:[2]

൩൭. നീ യൂദന്മാരുടെ രാജാവാകുന്നുവെങ്കിൽ നിന്നെത്തന്നെ രക്ഷിക്കുക എന്നു അവനോടു പറഞ്ഞ് അവനെ പരിഹസിച്ചിരുന്നു.

മത്താ. ൨൭. ൪൪. അവനോടുകൂടെ കുരിശിൽ തറയ്ക്കപ്പെട്ടിരുന്ന ആ കള്ളന്മാരും[3] അങ്ങനെ തന്നെ അവനെ പരിഹസിച്ചിരുന്നു.

※ മത്താ. ൨൭. ൪൦. ¶ ലൂക്കാ. ൨൩. ൩൯. † മർക്കോ. ൧൫. ൩൨.

## വ്യാഖ്യാനം.

1. "നാം കണ്ടു അവനിൽ വിശ്വസിക്കേണ്ടതിന്ന്." ദുഷ്ടപ്രമാണികളുടെ അന്ധത നോക്കുക! ഈശോ അങ്ങേ പരസ്യജീവിതത്തിൽ, അങ്ങേയ്ക്കു സ്വകീയമായിരുന്ന ദൈവശക്തിയെ ലോകസമക്ഷം പ്രത്യക്ഷമാക്കുമാറ്, നിരവധി അത്ഭുതങ്ങൾ പ്രവർത്തിച്ചെങ്കിലും, അവയിൽ ഒന്നിൽപോലും, വിശ്വസിച്ചു പ്രവർത്തിയ്ക്കാതിരുന്ന ആ കുരുടരായ വഴികാട്ടികൾ, അങ്ങ്, ഇപ്പോൾ കുരിശിൽ നിന്നു ഇറങ്ങിയാൽ, അങ്ങിൽ വിശ്വസിക്കാമെന്നു ജല്പിക്കുന്നു. അത്ഭുതമല്ല, അവർക്കു അപ്പോൾ വേണ്ടിയിരുന്നതു, വരപ്രസാദമത്രെ.

2. "അവന്നു ചൊറുക്കാ കൊടുത്തുകൊണ്ട്." വി. യോഹന്നാൻ ൧൯. ൨൯-ൽ പറയുന്ന സംഭവവും, ഇതും, ഒന്നുതന്നെയാണെന്നും, വി. ലൂക്കാ, ആ സംഗതി മുൻകൂട്ടി പറഞ്ഞു എന്നേയുള്ളു, എന്നും, അദ്ദേഹത്തിന്റെ വിവരണത്തിൽ പിന്നീടു ഇതേസംബന്ധിച്ചു ഒന്നും കാണാത്തതിനാൽ, അത്, അങ്ങനെതന്നെ ആയിരിപ്പാനാണ് എളുപ്പം എന്നും, ആകയാൽ, കുരിശിൽ തൂങ്ങിക്കിടക്കയിൽ, അവർ ഈശോയ്ക്കു ഒരിയ്ക്കൽ മാത്രമേ ചൊറുക്കാ കൊടുത്തുള്ളു എന്നും, ചിലർ വാദിയ്ക്കുമ്പോൾ, മറ്റുചിലർ, അങ്ങനെയല്ല, അവർ ഈശോയ്ക്കു ചൊറുക്കാ പല അവസരങ്ങളിലും കൊടുത്തിട്ടുണ്ട് എന്ന്, വി. യോഹന്നാന്റെയും, വി. ലൂക്കായുടേയും പ്രസ്തുത വാക്യങ്ങൾ തന്നെ അടിസ്ഥാനപ്പെടുത്തി അനുമാനിയ്ക്കുന്നു. ഒന്നാമത്തെ അഭിപ്രായത്തെ അനുകൂലിക്കുന്നവരാണ് അധികം.

3. "ആ കള്ളന്മാരും." വി. മത്തായി ഇവിടെ ഉദ്ദേശിച്ചിരിയ്ക്കുന്നതു്, കള്ളന്മാർ രണ്ടുപേരും എന്നല്ല എന്നു് വി. ലൂക്കാ ൨൩. ൩൯–൪൩. വരെയുള്ള വാക്യങ്ങൾ കൊണ്ടു തെളിയുന്നുണ്ടു്. അവരിൽ ഒരുവൻ, ഈശോയെ അധിക്ഷേപിച്ചപ്പോൾ, അപരൻ, അവനെ ശാസിയ്ക്കുകയും ഈശോയെ നീതീകരിയ്ക്കുകയുമത്രെ ഉണ്ടായതു്. ആകയാൽ, ഈ പ്രയോഗത്താൽ വി. മത്തായി ഉദ്ദേശിയ്ക്കുന്നതു്, എണ്ണത്തെയല്ല, പ്രത്യുത, ഈശോയെ അപഹസിയ്ക്കുവാൻ എല്ലാ തരക്കാരും കൂടിയപ്പോൾ, കള്ളന്മാരും ആ കൂട്ടത്തിൽ കൂടാതിരുന്നില്ല എന്നുള്ള വസ്തുത മാത്രമാണു്. ഈ അഭിപ്രായമത്രെ വി. അഗുസ്തീനോസു് സ്വീകരിച്ചിരിയ്ക്കുന്നതു്.

51. ഈശോയോടുകൂടെ കുരിശിൽ തറയ്ക്കപ്പെട്ടിരുന്ന രണ്ടു കള്ളന്മാരിൽ ഒരുത്തൻ ഈശോയെ ദൂഷിയ്ക്കുകയും മററവൻ അങ്ങേ ആദരിയ്ക്കുകയും ചെയ്യുന്നു. നല്ല കള്ളനു് ഈശോ പറുദീസാ വാഗ്ദാനം ചെയ്യുന്നു.

ലൂക്കാ. ൨൩. ൩൯–൪൩.

വിവരണം. ഈശോയോടുകൂടെ, രണ്ടു കള്ളന്മാരെയും കുരിശിൽ തറച്ച സംഗതി, നാലു സുവിശേഷകന്മാരും വിവരിയ്ക്കുന്നുണ്ടു്. ന. ദിവ്യരക്ഷകനെ അധിക്ഷേപിച്ചവരുടെ കൂട്ടത്തിൽ, കള്ളന്മാരും ഉൾപ്പെട്ടിരുന്നുവെന്നു്, വി. മത്തായിയും, വി. മർക്കോസും, പൊതുവായി മാത്രം പറയുമ്പോൾ, വി. ലൂക്കാ, ഓരോ കള്ളന്മാരുടെ സ്വഭാവവും, നല്ലകള്ളൻെറ പ്രാൎത്ഥനയും, അവനോടു ഈശോ ചെയ്ത വാഗ്ദാനവും, എല്ലാം വിശദമായി പ്രതിപാദിയ്ക്കുന്നു. വി. യോഹന്നാനാകട്ടെ, ആ സംഗതിയെ സംബന്ധിച്ചു, തീർത്തും, മൌനം അവലംബിക്കുകയത്രെ ചെയ്യുന്നതു്.

ലൂക്കാ. ൨൩. ൩൯. എന്നാൽ അവനോടുകൂടി കുരിശിൽ തറയ്ക്കപ്പെട്ടിരുന്ന ആ ദുഷ്പ്രവൃത്തിക്കാരിൽ ഒരുത്തൻ അവനെ ദൂഷിച്ചു്: നീ മ്ശിഹായാകുന്നെങ്കിൽ നിന്നെത്തന്നെ രക്ഷിയ്ക്കുക; ഞങ്ങളേയും രക്ഷിയ്ക്കുക എന്നു പറഞ്ഞിരുന്നു.

൪൦. അവൻെറ കൂട്ടുകാരനോ അവനെ ശകാരിച്ചു അവനോടു പറഞ്ഞു: നീ ദൈവത്തെപ്പോലും ഭയപ്പെടുന്നില്ലയോ? നീയും അതേ ശിക്ഷാവിധിയിൽ തന്നെ ഉൾപ്പെട്ടിരിയ്ക്കുന്നല്ലൊ.

൪൧. നാം ന്യായമായിട്ടു, നാം അർഹിച്ചതുപോലെയും നാം പ്രവൎത്തിച്ചതുപോലെയും, ശിക്ഷിയ്ക്കപ്പെട്ടിരിയ്ക്കുന്നു. ഇവനൊ ദ്വേഷിയ്ക്കത്തക്കതു് ഒന്നും പ്രവൎത്തിച്ചിട്ടില്ല.

൪൨. പിന്നെ അവൻ ഈശോയോട്: എന്റെ കർത്താവേ, നീ നിന്റെ രാജ്യത്തിൽ വരുമ്പോൾ എന്നെ ഓർക്കണമെ[1] എന്നു അപേക്ഷിച്ചു.

൪൩. ഈശോ അവനോടു: നീ ഇന്നു എന്നോടുകൂടി പർദീസായിൽ[2] ആയിരിക്കും എന്നു ഞാൻ സത്യമായിട്ടു നിന്നോടു പറയുന്നു എന്നു അരുളിച്ചെയ്യുന്നു.

## വ്യാഖ്യാനം.

1. "എന്നെ ഓർക്കണമെ." ദൈവം തന്റെ സ്നേഹിതന്മാൎക്കു അനുഗ്രഹങ്ങൾ പ്രദാനം ചെയ്യുന്നതു് എത്ര ധാരാളമായിട്ടാണെന്നു നോക്കുക! മ്ശിഹാ തന്റെ രാജ്യത്തിൽ പ്രവേശിക്കുമ്പോൾ, അവനെ ഓർക്കണമെ എന്നു മാത്രമേ നല്ല കള്ളൻ ആവശ്യപ്പെട്ടുള്ളു. എന്നാൽ, മ്ശിഹായുടെ മറുപടി, ഓർക്കാമെന്നു മാത്രമല്ല, "നീ ഇന്നു എന്നോടുകൂടെ പർദീസായിൽ ആയിരിക്കും" എന്നുള്ള കരുണാപൂർണ്ണമായ വാഗ്ദാനമായിരുന്നു. ഈ നല്ലകള്ളന്റെ പേർ ദീസ്മാസ് എന്നായിരുന്നു.

2. "പർദീസാ." മ്ശിഹാ തന്റെ മരണംമൂലം സ്വൎഗ്ഗവാതിൽ തുറന്നതുവരെ, നീതിമാന്മാരുടെ ആത്മാക്കൾ സ്ഥിതിചെയ്തിരുന്ന സ്ഥലത്തിനു, "അബ്രാഹത്തിന്റെ മടി," "പാതാളം" എന്നിങ്ങനെ പേർ പറയപ്പെടുന്നു. പർദീസാ, എന്നു് ഇവിടെ വിവക്ഷിക്കുന്നതു്, ഈ സ്ഥാനത്തെ ഉദ്ദേശിച്ചാണു്. ദൈവസാന്നിദ്ധ്യമാണു് ഒരു സ്ഥലത്തെ പർദീസാ ആക്കുന്നതെങ്കിൽ, മ്ശിഹാ തന്റെ മരണശേഷം ഉടനെ പാതാളത്തിൽ ഇറങ്ങിയപ്പോൾ, ആയതു് പർദീസായായി രൂപാന്തരപ്പെട്ടു.

## 52. ഈശോ, യോഹന്നാനെ തന്റെ മാതാവിനു് മകനായിട്ടും തന്റെ മാതാവിനെ, യോഹന്നാനു് അമ്മയായിട്ടും ഭരമേൽപ്പിക്കുന്നു.

യോഹ. ൧൯. ൨൫- ൨൭.

വിവരണം. ഈശോയുടെ കുരിശിന്റെ ചുവട്ടിൽ നില്ക്കുകയും, നാമും വിശ്വസിക്കേണ്ടതിനു്, താൻ കണ്ടവ സാക്ഷിപ്പെടുത്തുകയും ചെയ്തു, വി. യോഹന്നാൻ മാത്രമെ, ഈ സ്നേഹം നിറഞ്ഞ മരണശാസനത്തെപ്പറ്റി പ്രതിപാദിക്കുന്നുള്ളു. 'സ്രാപ്പിക്കുടുത്തേ', മല്പാൻ എന്ന അപരനാമത്താൽ വിശ്രുതനായ, വി. ബൊനവെന്തൂരാ ഒഴിച്ചു്, മറ്റു വേദശാസ്ത്രജ്ഞന്മാരും, വ്യാഖ്യാതാക്കളും, ഏകകണ്ഠമായി അഭിപ്രായപ്പെട്ടന്നതു്, ഈശോ കുരിശിൽ കിടന്നുകൊണ്ടു് അരുളിച്ചെയ്തു ൩-ാം വാക്യമാണു്, ഇതു്, എന്നാണു്. എന്നാൽ വി. ബൊനവെന്തൂരായാകട്ടെ, ഇതിനെ രണ്ടാമത്തെ വാക്യമായി പരിഗണിക്കുന്നു.

യോഹ. ൧൯. ൨൫. എന്നാൽ ഈശോയുടെ കുരിശിന്നടുത്തു[1] അവൻെറ അമ്മയും, അവൻെറ അമ്മയുടെ സഹോദരിയും, കലിയോപ്പാ എന്ന മറിയവും,[2] മഗ്ദലയിത്താ മറിയവും[3] നിന്നിരുന്നു.

൨൬. ഈശോയോ തൻെറ അമ്മയേയും താൻ സ്നേഹിച്ചിരുന്നവനായി (അവിടെ) നില്ക്കുന്ന ശിഷ്യനേയും കണ്ടിട്ട് തൻെറ അമ്മയോടു: സ്ത്രീ, ഇതാ! നിൻെറ മകൻ എന്നു അരുളിച്ചെയ്തു.

൨൭. പിന്നെ ആ ശിഷ്യനോടു: ഇതാ! നിൻെറ അമ്മ[4] എന്നു അരുളിച്ചെയ്തു. ആ നാഴിക മുതൽ ആ ശിഷ്യൻ അവളെ തൻെറ അടുക്കൽ സ്വീകരിക്കുകയും ചെയ്തു.[5]

## വ്യാഖ്യാനം.

1. "കുരിശിന്നടുത്തു." കുരിശിനോടു വളരെ അടുത്തു എന്ന് ഇവിടെ ഗ്രഹിക്കേണ്ടതില്ല. എന്തുകൊണ്ടെന്നാൽ, വി. മത്തായിയും (൨൭. ൫൫.) വി. മർക്കോസും (൧൫. ൪൦.) പറയുന്നത്, സ്ത്രീകൾ ദൂരത്തുനിന്ന് നോക്കിയിരുന്നു എന്നാണ്. ആകയാൽ, അങ്ങേ ശത്രുക്കളുടെ അധിക്ഷേപവും, അതിൻെറ ബഹളവും, ഒന്നു ശമിച്ച്, ജനാവലി അങ്ങുമിങ്ങും ഒന്നു മാറി തുടങ്ങിയപ്പോൾ, പരിശുദ്ധ കന്യകയും, മററു സ്ത്രീകളും, തങ്ങൾക്കു അടുത്തു വരാമായിരുന്നിടത്തോളം, കുരിശിനെ സമീപിച്ച്, അവിടെ നിലകൊണ്ടു എന്നേ മനസ്സിലാക്കേണ്ടതുള്ളൂ.

2. "അവൻെറ അമ്മയുടെ സഹോദരിയും കലിയോപ്പാ എന്ന മറിയവും." സുറിയാനി പ്രതിയിൽ കാണുന്നതുപോലെ, വി. യോഹന്നാൻ ഇവിടെ ഉദ്ദേശിച്ചിരിക്കുന്നത്, രണ്ടു സ്ത്രീകളെയാണോ, അഥവാ "അവൻെറ അമ്മയുടെ സഹോദരിയായ കലിയോപ്പാ മറിയത്തെ" മാത്രമാണോ, എന്നു വ്യാഖ്യാതാക്കളുടെയിടയിൽ തക്കമുണ്ട്. ഗ്രീക്ക്പ്രതി, ദൈവജനനിയുടെ സഹോദരിയായ കലിയോപ്പാ മറിയത്തെയല്ലാതെ, രണ്ടു സ്ത്രീകളെ, വി. യോഹന്നാൻ, ഇവിടെ ഉദ്ദേശിക്കുന്നില്ല, എന്ന അഭിപ്രായത്തെയാണ് ആദരിക്കുന്നത്. കലിയോപ്പാ മറിയം, ദൈവജനനിയുടെ സഹോദരിയായത്, രക്തബന്ധം കൊണ്ടല്ലെന്നും, വി. യൌസേപ്പിൻെറ സഹോദരനായ കലിയോപ്പായുടെ അഥവാ ഹൽപൈയുടെ ഭാര്യ, അവൾ ആയിരുന്നതിനാൽ, ബന്ധുത്വം മൂലമായിരുന്നു എന്നും, ആണ്, പാരമ്പര്യം.

3. "മഗ്ദലയിത്താ മറിയം." ഈ സ്ത്രീ ആരായിരുന്നുവെന്നുള്ളതിനെപ്പററി, വ്യാഖ്യാതാക്കളുടെയിടയിൽ പ്രബലമായ വാദപ്രതിവാദങ്ങൾ ഉണ്ട്. അത് അവസാനിക്കുന്നതുമല്ല. വി. അഗുസ്തീനോസ്, വി. വലിയ ഗ്രിഗോരിയോസ്, അനുഗ്രഹീതനായ ബേദാ, എന്നിവരുടെ അഭിമതത്തെ അടിസ്ഥാനമാക്കി, കർദ്ദിനാൾ ലെപ്പിസിയെ, സർവ്വപ്രകാരേണയും സ്വീകാര്യമായ അഭിപ്രായമായി സ്ഥാപിക്കുന്നത്, ക്രിസ

ന്റെ ഭവനത്തിൽവെച്ച് അനേക പാപങ്ങൾ മോചിക്കപ്പെട്ടവളും, (ലൂക്കാ. ൭. ൩൭.); സ്വ സഹോദരിയായ മർത്താ എന്ന വനിതാരത്നവും ഒരുമിച്ചു, ഈശോയെ അതിഥിയായി സല്ക്കരിച്ചവളും (ലൂക്കാ. ൧൦. ൩൮.); സ്വ സഹോദരനായ ലാസറിന്റെ മരണത്തിൽ, ഈശോയുടെ പാദപത്മങ്ങളിൽ സാഷ്ടാംഗം പ്രണമിച്ചു പ്രാർത്ഥിച്ചവളും (യോഹ. ൧൧. ൩൨.); ഈശോയുടെ തൃപ്പാദങ്ങളെ നാറ്ദീൻ തൈലത്താൽ അഭിഷേചിച്ചവളും (യോഹ. ൧൨. ൩.); ഉത്ഥിതനായ മ്ശിഹായെ, ആദ്യമായി കാണ്മാൻ ഭാഗധേയം സിദ്ധിച്ചവളും, (മർക്കോ. ൧൬. ൯.); മഗ്ദലയിത്താ മറിയം തന്നെ ആയിരുന്നു, എന്നാണ്.

4. "സ്ത്രീ, ഇതാ! നിന്റെ മകൻ . . . . ശിഷ്യനോട്, ഇതാ! നിന്റെ അമ്മ." ഈ വാക്യങ്ങളാൽ, ഈശോ, സ്വമാതാവിനെ മനുഷ്യകുലത്തിന്റെ ആദ്ധ്യാത്മിക മാതാവായി പ്രഖ്യാപനം ചെയ്യുന്നു. അങ്ങേ മാതാവിന് താൻ മാത്രം ഏകജാതനായിരിക്കയിൽ, വി. യോഹന്നാനെ കാണിച്ചുകൊണ്ട്, പരി. കന്യകയോട്, ഇതാ! നിന്റെ മകനെന്നും, പ്രിയശിഷ്യനായ യോഹന്നാന്റെ സ്വന്തം അമ്മയായ, ശാലോം, കുരിശിന്റെ അടുക്കൽ നില്ക്കവേ, (മർക്കോ. ൧൫. ൪൦.) അങ്ങേ അമ്മയെ കാണിച്ചുകൊണ്ട്, അയാളോട്, ഇതാ! നിന്റെ അമ്മ എന്നും, ഈശോ അരുളിച്ചെയ്കയിൽ, ദൈവജനനിക്കും മനുഷ്യഗണത്തിനും തമ്മിലുള്ള പ്രകൃത്യതീതമായ ഒരു ആദ്ധ്യാത്മികബന്ധമത്രെ അവിടുന്നു സംസ്ഥാപിച്ചിട്ടുള്ളത്. അങ്ങേ തിരുരക്തത്തിൽനിന്ന്, നവമായി സംജാതമായ മനുഷ്യകുലത്തിന്, മരണക്കിടക്കയായ അങ്ങേ കുരിശിൽ നിന്നുതന്നെ, സ്വമാതാവിനെ, മാതാവായിക്കൊടുപ്പാൻ തിരുമനസ്സായ ആ സ്നേഹമൂർത്തിയായ ഈശോയുടെ കാരുണ്യാതിരേകം എത്ര അഗ്രാഹ്യം! ദൈവത്തിന്റെ അമ്മയെ, തങ്ങളുടേയും അമ്മയായി സ്വീകരിപ്പാൻ ഭാഗധേയം സിദ്ധിച്ച മനുഷ്യകുലം, എത്ര ശ്ലാഘനീയം! ഈശോ, അങ്ങേ മാതാവിനെ, "സ്ത്രീ" എന്നു അഭിസംബോധന ചെയ്തതു്, ചില പാഷണ്ഡികൾ വിചാരിക്കുന്നതുപോലെ, ആക്ഷേപസൂചകമായിട്ടല്ല; പ്രത്യുത, യഹൂദന്മാരുടെ സംസാരരീതിയനുസരിച്ചു, "ഭവതി," എന്ന ബഹുമാനസൂചകമായ അർത്ഥത്തിലാണ് അവിടുന്ന് ഈ പദപ്രയോഗം ചെയ്തിട്ടുള്ളതു്.

5. "അവളെ തന്റെ അടുക്കൽ സ്വീകരിക്കുകയും ചെയ്തു." മ്ശിഹാ അമ്മയായി കൊടുത്ത പരി. കന്യകയെ, വി. യോഹന്നാൻ, സ്വന്തം അമ്മയായി സ്വീകരിക്കുകയും, അവളെ തന്നോടുകൂടെ പാർപ്പിച്ചു കാത്തു സംരക്ഷിക്കുകയും ചെയ്തു എന്നർത്ഥം.

53. ഭൂമിയിൽ അന്ധകാരം ഉണ്ടാകുന്നു, സൂര്യൻ ഇരുളുന്നു; എന്റെ ദൈവമെ, എന്റെ ദൈവമെ, നീ എന്നെ കൈവിട്ടതു് എന്തു്? എന്നു ഈശോ നിലവിളിച്ചു പറയുന്നു.

മത്താ. ൨൭. ൪൫-൪൬; മർക്കോ. ൧൫. ൩൩-൩൪; ലൂ.൨൩.൪൪.

വിവരണം. മ്ശീഹാ കരിശിൽ തൂങ്ങിക്കിടക്കയിൽ, അത്ഭുതാവഹമായി സംഭവിച്ചതും, മൂന്നു മണിക്കൂറോളം ദീർഘിച്ചതുമായ, അന്ധകാരത്തെക്കുറിച്ച്, ആദ്യത്തെ മൂന്നു സുവിശേഷകന്മാരും പ്രതിപാദിക്കുന്നുണ്ട്. ഈശോ, കരിശിൽ കിടന്നുകൊണ്ട് അരുളിച്ചെയ്ത ൭ വാക്യങ്ങളിൽ, "എന്റെ ദൈവമെ, എന്റെ ദൈവമെ നീ എന്നെ കൈവിട്ടതു് എന്തു്?" എന്ന നാലാം വാക്യം, വി. മത്തായിയും, വി. മർക്കോസും മാത്രമെ വിവരിക്കുന്നുള്ളു. ഇവർ, മററു വാക്യങ്ങളിൽ ഒന്നിനെക്കുറിച്ചുപോലും പ്രതിപാദിക്കുന്നില്ല എന്നുള്ളതും സ്മർത്തവ്യമാണ്.

മത്താ. ൨൭. ൪൫. എന്നാൽ * ഉദ്ദേശം ആറാംമണി മുതൽ ഒമ്പതാംമണിവരെ ഭൂമിയിലെങ്ങും[1] അന്ധകാരമുണ്ടായി[2] ¶ സൂര്യൻ ഇരുണ്ടു.

മർക്കോ. ൧൫. ൩൪. † പിന്നെ ഉദ്ദേശം ഒൻപതാംമണിക്കു ഈശോ ഉയർന്ന സ്വരത്തിൽ: ഏൽ, ഏൽ, ല്മാനാ ശ്ബക്ക്ത്താനി, എന്നുവെച്ചാൽ, എന്റെ ദൈവമെ, എന്റെ ദൈവമെ, നീ എന്നെ കൈവിട്ടതു് എന്തു്?[3] എന്നു നിലവിളിച്ചു പറഞ്ഞു.

൩൫. (അവിടെ) നിന്നിരുന്നവരിൽ (ഇതു്) കേട്ടചിലർ: ഇവൻ ഏലിയായെ വിളിച്ചു[4] എന്നു പറഞ്ഞിരുന്നു.

* ലൂക്കാ. ൨൩. ൪൪. ¶ ലൂക്കാ. ൨൩. ൪൫. † മത്താ. ൨൭. ൪൬.

## വ്യാഖ്യാനം.

1. "ഭൂമിയിലെങ്ങും." ഒരിജേൻ എന്ന പണ്ഡിതാഗ്രേസരൻ അഭിപ്രായപ്പെടുന്നതു്, മ്ശീഹായുടെ മരണത്തിൽ അത്ഭുതങ്ങൾ സംഭവിച്ചതു്, (മത്താ. ൨൭. ൫൧-൫൩.) ഓറെശ്ലേം പട്ടണത്തിൽമാത്രം ആയിരുന്നതുപോലെ, ഈ അന്ധകാരം വ്യാപിച്ചതും, യൂദാ രാജ്യത്തിൽ മാത്രമായിരുന്നു, എന്നാണ്.

2. "അന്ധകാരമുണ്ടായി." ന. കർത്താവു കരിശിൽ തൂങ്ങിമരിച്ചതു്, യഹൂദന്മാരുടെ പെസഹാ ദിവസത്തിലും, പൌർണ്ണമാസിയിലും, ആയിരുന്നതുകൊണ്ടു്, ഈ അന്ധകാരവും സൂര്യന്റെ പ്രകാശക്കുറവും, പ്രകൃതി നിയമമനുസരിച്ചുള്ള ഒരു സൂര്യഗ്രഹണംമൂലം, ആകുവാൻ നിവൃത്തിയില്ല. ആകയാൽ, അവ, പ്രകൃതിനിയമങ്ങളെ അതിലംഘിക്കുന്ന അത്ഭുതകരമായ ഒരു സൂര്യഗ്രഹണം മൂലമൊ, ദൈവശക്തിയാൽ സൂര്യകിരണങ്ങൾ യൂദായിൽ പതിയാതിരുന്നതിനാലൊ, ഒരു മേഘപടലം, സൂര്യപ്രകാശത്തെ, മൂന്നുമണിക്കൂർ നേരത്തേക്കു, ആവരണം ചെയ്തിരുന്നതിനാലോ, സംഭവിച്ചു എന്നു വരാവുന്നതാണ്. ഇവ ഒന്നും അനന്തമായ ദൈവശക്തിക്കു അസാദ്ധ്യങ്ങളല്ലല്ലോ.

3. "എന്റെ ദൈവമെ, എന്റെ ദൈവമെ, നീ എന്നെ കൈവിട്ടതു് എന്തു്?" ഇരുപത്തിരണ്ടാം സങ്കീർത്തനത്തിൽ ദാവീദ് പ്രവചി

ച്ചിരിയ്ക്കുന്നതു്, വാഗ്ദാനം ചെയ്യപ്പെട്ട മ്ശിഹായുടെ പീഡാനുഭവങ്ങളെപ്പററിയാണു്, എന്നു്, യൂദജനം, പരക്കെ വിശ്വസിച്ചുപോന്നു. അവരുടെ നടുവിൽ, ഇപ്പോൾ കുരിശിൽ തൂങ്ങിക്കിടക്കുന്നതു് അവരുടെ പ്രതീക്ഷാ വിഷയമായ രക്ഷകൻതന്നെയാണു്, എന്നു് യഹൂദജനത്തെ ധരിപ്പിയ്ക്കുവാനായിട്ടത്രെ, ഈശോ ആ സങ്കീൎത്തനത്തിൻെറ ആദ്യവാക്യം ഉച്ചസ്വരത്തിൽ ഉരുവിട്ടു നിലവിളിച്ചതു്. ഈ വാക്യത്തിൽ, ചില പാഷണ്ഡികൾ ജല്പിയ്ക്കുന്നതുപോലെ, ഈശോ നൈരാശ്യത്തിൻെറ ലാഞ്ഛനപോലും സൂചിപ്പിയ്ക്കുന്നില്ല. മറിച്ചു്, പാപപരിഹാരാൎത്ഥം, സ്വയം ബലിസാധനമാക്കി, ഹോമിയ്ക്കുവാൻ തിരുമനസ്സായ ഈശോ, നിൎദ്ദയരായ അങ്ങേ ഘാതകരുടെ മൎദ്ദനത്തിൻെറ അത്യുഗ്രതയെ പ്രത്യക്ഷമാക്കുമാറു്, തൻെറ സ്വൎഗ്ഗീയപിതാവിനെ പ്രാൎത്ഥിയ്ക്കുകമാത്രമെ ചെയ്യുന്നുള്ളു. "എനിക്കു പ്രസാദിച്ചിരിയ്ക്കുന്ന എൻെറ പ്രിയ പുത്രൻ ഇവനാകുന്നു" (മത്താ. ൩. ൧൭.) എന്നു അരുളിച്ചെയ്ത സ്നേഹമൂൎത്തിയായ പിതാവു്, മനുഷ്യവൎഗ്ഗത്തിൻെറ രക്ഷണീയവേല പൂൎത്തിയാക്കുന്ന ഈ നേരത്തു്, അങ്ങേ പ്രിയപുത്രനെ, കൈവിട്ടു എന്നു എങ്ങനെയാണു് വിചാരിയ്ക്കുക?

4. "ഇവൻ ഏലിയായെ വിളിച്ചു." അന്നു് യൂദന്മാരുടെ സംസാരഭാഷയായ "എബ്രായ"യിലത്രെ, ഈശോ ആ വാക്യം അരുളിച്ചെയ്തതു്. അതുകേട്ടു്, അദ്ദേ് ഏലിയായെ വിളിക്കുന്നു എന്നു പറഞ്ഞവർ, യഹൂദന്മാരായിരുന്നോ, റോമാസേവകന്മാരായിരുന്നോ എന്നു സംശയിക്കണം. യൂദന്മാരാണു് ഈ അഭിപ്രായം പ്രകടിപ്പിച്ചതെങ്കിൽ, അവരുടെ ഉദ്ദേശം ഈശോയെ അപഹസിക്കണമെന്നുള്ളതായിരുന്നിരിയ്ക്കണം. എന്നാൽ, റോമാസേവകന്മാരാണു് ഇതു് പറഞ്ഞതെങ്കിൽ, അവൎക്കു ഭാഷാജ്ഞാനം ഇല്ലാതിരുന്നിട്ടായിരിയ്ക്കാം.

## 54. എനിയ്ക്കു ദാഹിയ്ക്കുന്നു എന്നും, ഇതാ! നിവൃത്തിയാക്കപ്പെട്ടിരിയ്ക്കുന്നു എന്നും, അരുളിച്ചെയ്തശേഷം, ഈശോ അങ്ങേ ആത്മാവിനെ സ്വപിതാവിൻെറ കരങ്ങളിൽ സമൎപ്പിയ്ക്കുന്നു.

മത്താ. ൨൭. ൪൮-൫൦; മൎക്കോ. ൧൫. ൩൬-൩൭. ലൂക്കാ. ൨൩. ൪൬; യോഹ. ൧൯. ൨൮-൩൦.

വിവരണം. കുരിശിൽ കിടന്നുകൊണ്ടു്, ഈശോ അരുളിച്ചെയ്ത ഏഴു വാക്യങ്ങളിൽ, ഒടുവിലത്തെ മൂന്നു മാത്രമാണു് ഇവിടത്തെ പ്രതിപാദ്യവിഷയം. ഈ അവസരത്തിൽ, മ്ശിഹായുടെ ഏഴു വാക്യങ്ങളെപ്പററി പ്രതിപാദിച്ചിട്ടുള്ള സുവിശേഷകന്മാർ ആരെല്ലാമെന്നു, അറിയുന്നതു് പ്രയോജനകരമായിരിയ്ക്കും. ഒന്നാം, രണ്ടാം, ഏഴാം വാക്യങ്ങൾ, വി. ലൂക്കാ മാത്രമെ (൨൩. ൩൪, ൪൩, ൪൬.) രേഖപ്പെടുത്തുന്നുള്ളു. മൂന്നാം, അഞ്ചാം, ആറാം വാക്യങ്ങൾ, വി. യോഹന്നാനിൽ

(൧൯. ൨൬, ൨൭, ൨൮, ൩൦.) മാത്രമെയുള്ളു. നാലാം വാക്യം, മുൻപു പ്രസ്ഥാവിച്ചിട്ടുള്ളതുപോലെ, വി. മത്തായിയും (൨൭. ൪൬.) വി. മക്കോസും (൧൫. ൩൪.) മാത്രമെ പറയുന്നുള്ളു.

യോഹ. ൧൯. ൨൮. ഇവയുടെ ശേഷം, സകലവും നിവൃത്തിയാക്കപ്പെട്ടിരിക്കുന്നു എന്നു ഈശോ അറിഞ്ഞിട്ട് തിരുവെഴുത്തു പൂൎണ്ണമാക്കപ്പെടേണ്ടതിനായി:[1] എനിക്കു ദാഹിക്കുന്നു എന്നു അരുളിച്ചെയ്തു.

൨൯. ചൊറുക്കാ നിറഞ്ഞ ഒരു പാത്രം (അവിടെ) വെക്കപ്പെട്ടിരുന്നു.[2]

മത്താ. ൨൭. ൪൮. ആ സമയത്തുതന്നെ അവരിൽ ഒരുത്തൻ ഓടിച്ചെന്നു നിർപഞ്ഞി എടുത്തു അതു ചൊറുക്കാകൊണ്ടു നിറച്ചു ഒരു ഞാങ്ങണമേൽ, * സോപ്പാമേൽ»[3] അതുവെച്ച് ¶ കെട്ടി» * അവന്റെ വായോടു അടുപ്പിച്ച്» അവനു കുടിക്കുവാൻ കൊടുത്തു.

൪൯. മറ്റുള്ളവരോ: നില്ക്കുവിൻ ഏലിയാ അവനെ ¶ ഇറക്കി» രക്ഷിക്കുവാൻ വരുമോ എന്നു നാം കാണട്ടെ എന്നു പറഞ്ഞിരുന്നു.

യോഹ. ൧൯. ൩൦. എന്നാൽ ഈശോ ആ ചൊറുക്കാ സ്വീകരിച്ചശേഷം ഇതാ! നിവൃത്തിയാക്കപ്പെട്ടിരിക്കുന്നു എന്നു അരുളിച്ചെയ്തു.

ലൂക്കാ. ൨൩. ൪൬. † ഈശോ വീണ്ടും» ഉയൎന്നസ്വരത്തിൽ നിലവിളിച്ചു: എന്റെ പിതാവെ, നിന്റെ കൈകളിൽ എന്റെ പ്രാണനെ ഞാൻ ഏല്പിക്കുന്നു എന്നു അരുളിച്ചെയ്തു. ഇതു് അരുളിച്ചെയ്തിട്ട് § തന്റെ തല ചായിച്ചു» † പ്രാണനെ വെടിഞ്ഞു».

* യോഹ. ൧൯. ൨൯. ¶ മക്കോ. ൧൫. ൩൬. † മത്താ. ൨൭. ൫൦. § യോഹ. ൧൯. ൩൦.

## വ്യാഖ്യാനം.

1. "തിരുവെഴുത്തു പൂൎണ്ണമാക്കപ്പെടേണ്ടതിനായി." തന്റെ പീഡാനുഭവത്തിൽ, ഈശോയ്ക്കു അതികഠിനമായ ദാഹം ഉണ്ടാകുമെന്നും, ദാഹശമനാൎത്ഥം, അവർ ചൊറുക്കാ കുടിക്കുവാൻ കൊടുക്കുമെന്നും, മറ്റും, ദാവീദ് ദൈവാത്മപ്രിയാൽ പ്രേരിതനായി, മുൻകൂട്ടി അറിയിച്ചിരുന്നു. (സങ്കീൎത്തനം. ൨൨. ൧൫; ൬൯. ൨൨.) അങ്ങനെയുള്ള വാക്യങ്ങൾ നിറവേറേണ്ടുന്നതിനായി, അവിടന്ന് ദാഹിക്കുന്നു എന്നു അരുളിച്ചെയ്തു.

2. "ചൊറുക്കാ നിറഞ്ഞ ഒരു പാത്രം അവിടെ വെക്കപ്പെട്ടിരുന്നു".

ഈ പാനീയം അവിടെ വെയ്ക്കപ്പെട്ടിരുന്നതു്, റോമാ സേവകന്മാൎക്കു വെള്ളം ചേൎത്തു പാകപ്പെടുത്തി കുടിയ്ക്കുവാനായിരുന്നു എന്നു ചിലരും, അതല്ല, കുരിശിൽ തൂങ്ങിക്കിടന്നവൎക്കു, ദാഹശമനാൎത്ഥം കൊടുക്കുന്നതിനുവേണ്ടിയായിരുന്നു എന്നു മറ്റു ചിലരും, അഭിപ്രായപ്പെടുന്നു. രണ്ടാമത്തെ അഭിപ്രായമാണു് കൂടുതൽ സ്വീകാൎയ്യം.

3. "ഞാങ്ങണമേൽ, സോപ്പാമേൽ." വി. മത്തായിയിലും, വി. മൎക്കോസിലും, "ഞാങ്ങണ" എന്നും വി. യോഹന്നാനിൽ "സോപ്പാ" എന്നും കാണുന്നു. സോപ്പാ എന്നതു് പലസ്തീനായിൽ വളരുന്ന ഒരുവക ചെടിയുടെ തണ്ടാണു്. ഈ തണ്ടിനു് വെള്ളം വലിയ്ക്കുവാൻ ശക്തിയുള്ളതിനാൽ, വെള്ളത്തിൽ മുക്കിയശേഷം, വെള്ളം തളിയ്ക്കുവാൻ ആയതു ഉപയോഗിയ്ക്കാം. മൂലപദത്തിനു "ഞാങ്ങണ"യെന്നോ മറ്റോ തെങ്കിലും ചെടിയുടെ തണ്ടെന്നോ, അൎത്ഥം സങ്കല്പിക്കാവുന്നതിനാൽ, ഈ വൈപരീത്യം വിവൎത്തനത്തിൽ വന്നു കൂടിയതാകാം. വ്യാഖ്യാതാക്കൾ, ഈ വ്യത്യാസത്തെ അസ്പദമാക്കി, ഓരോ വ്യാഖ്യാനങ്ങൾ നൽകുന്നുമുണ്ടു്.

## 55. ഈശോ കുരിശിൽ തൂങ്ങിമരിയ്ക്കുകയിൽ സംഭവിച്ച അത്ഭുതങ്ങളെക്കണ്ടു് ശതാധിപൻ, അങ്ങു് ദൈവപുത്രനാകുന്നുവെന്നു് ഏറ്റു പറയുന്നു; ജനക്കൂട്ടമോ തങ്ങളുടെ മാറത്തു് അടിച്ചുകൊണ്ടു മടങ്ങിപ്പോകുന്നു.

മത്താ. ൨൭. ൫൧-൫൪; മൎക്കോ. ൧൫. ൩൮-൩൯; ലൂക്കാ. ൨൩. ൪൭-൪൯.

വിവരണം. മ്ശിഹായുടെ മരണത്തിൽ, ദേവാലയത്തിന്റെ തിരശ്ശീല രണ്ടായി കീറിയ വസ്തുത, ആദ്യത്തെ മൂന്നു സുവിശേഷകന്മാരും പ്രതിപാദിയ്ക്കുന്നുണ്ടെങ്കിലും, വി. മത്തായിയും, വി. മൎക്കോസും, ആയതു് മ്ശിഹായുടെ മരണശേഷം നടന്ന സംഭവങ്ങളുടെ ഗണത്തിൽ ചേൎക്കുമ്പോൾ, വി. ലൂക്കാ, മുൻകൂട്ടി വിവരിച്ചുകൊണ്ടു, മരണത്തിനുമുമ്പുണ്ടായ അന്ധകാരത്തോടുകൂടെയാണു്, ആയതു ചേൎത്തു എഴുതിയിരിയ്ക്കുന്നതു്. വി. യോഹന്നാനാകട്ടെ, ഈ സംഗതിയിൽ പൂൎണ്ണമൌനം അവലംബിയ്ക്കുന്നു. ഭൂമി ഇളകിയതും, പാറകൾ പിളൎന്നതും, പ്രേതാലയങ്ങൾ തുറക്കപ്പെട്ടതുമായ സംഭവങ്ങൾ വി. മത്തായി മാത്രമേ കുറിയ്ക്കുന്നുള്ളൂ. വിശുദ്ധന്മാരുടെ ശരീരങ്ങൾ ഉയിൎത്തു്, പുറത്തു വന്നു പലൎക്കും കാണപ്പെട്ടതു്, ന. കൎത്താവിന്റെ ഉയിൎപ്പിന്റെ ശേഷമാണു് നടന്നതെങ്കിലും, സുവിശേഷകൻ അതുകൾ മുൻകൂട്ടി വിവരിക്കുന്നു.

മത്താ. ൨൭. ൫൧. അപ്പോൾ ഉടനെ ദേവാലയത്തിലെ തിരശ്ശീല മുകൾ മുതൽ അടിവരെ രണ്ടായി കീറിപ്പോയി;[1] ഭൂമി ഇളകി; പാറകൾ പിളൎന്നു;

൫൨. പ്രേതാലയങ്ങൾ തുറക്കപ്പെട്ടു; നിദ്രപ്രാപിച്ചിരുന്ന വിശുദ്ധന്മാരുടെ പലേ ശരീരങ്ങൾ ഉയിർത്തു.

൫൩. അവർ പുറത്തു വരികയും അവന്റെ ഉയിപ്പിന്റശേഷം[2] വിശുദ്ധ നഗരത്തിൽ പ്രവേശിച്ചു പലൎക്കം കാണപ്പെടുകയും ചെയ്തു.

മർക്കോ. ൧൫. ൩൯. അവന്റെ സമീപത്തു നിന്നിരുന്ന ആ ശതാധിപൻ അവൻ ഇപ്രകാരം നിലവിളിച്ചു മരിച്ചതു കണ്ടപ്പോൾ,[3] ✻ ദൈവത്തെ സ്തുതിച്ചുകൊണ്ടു:» ഈ മനുഷ്യൻ സത്യമായിട്ടു ദൈവപുത്രനായിരുന്നു എന്നു പറഞ്ഞു.

മത്താ. ൨൭. ൫൪. അവനോടുകൂടി ഈശോയെ കാത്തു നിന്നിരുന്നവരും ഭൂകമ്പവും സംഭവിച്ചവയും കണ്ടപ്പോൾ വളരെ ഭയപ്പെട്ടു: ഇവൻ സത്യമായിട്ടു ദൈവപുത്രനായിരുന്നു എന്നു പറഞ്ഞു.

ലൂക്കാ. ൨൩. ൪൮. ഈ കാഴ്ചയ്ക്കു കൂടിയിരുന്ന ജനക്കൂട്ടങ്ങളുമെല്ലാം[4] (ഈ) സംഭവിച്ചതു കണ്ടിട്ടു തങ്ങളുടെ മാറത്തു അടിച്ചുകൊണ്ടു മടങ്ങിപ്പോയി.

✻ ലൂക്കാ. ൨൩. ൪൭.

## വ്യാഖ്യാനം.

1. "തിരശീല . . . . കീറിപ്പോയി." മ്ശിഹായുടെ മരണത്തിൽ, ഓറെശ്ലെം ദേവാലയത്തിന്റെ തിരശീല രണ്ടായി കീറിയതിൽ നിന്നു, പഴയനിയമത്തിലെ ബലികളുടെ പൂർത്തീകരണം, മ്ശിഹായുടെ പീഡാനുഭവവും കുരിശുമരണബലിയും ആയിരുന്നതിനാൽ, ആയതു നിറവേറിയതിനോടുകൂടി, പഴയനിയമകാലത്തിനു അവസാനം വന്നു എന്നും, ആദ്യമനുഷ്യന്റെ അപരാധം നിമിത്തം അടെക്കപ്പെട്ടമോക്ഷം, മ്ശിഹായുടെ മരണത്താൽ, മനുഷ്യകുലത്തിനു തുറക്കപ്പെട്ടു എന്നും, അതു നാം വിശിഷ്യ ധരിക്കേണ്ട സംഗതി.

2. "അവന്റെ ഉയിപ്പിന്റശേഷം." പ്രേതാലയങ്ങളിൽ നിന്നു ഉയിർത്തെഴുന്നേററ വിശുദ്ധന്മാരുടെ ശരീരങ്ങൾ, ഓറെശ്ലെം നഗരത്തിൽ പ്രവേശിച്ചു പലൎക്കം കാണപ്പെട്ടതു, ന. കർത്താവിന്റെ ഉയിപ്പിന്റശേഷമാണെന്നു സുവിശേഷകൻ സ്പഷ്ടമായി പ്രസ്താവിക്കുന്നുണ്ടു. എന്നാൽ, ആ വിശുദ്ധന്മാർ ഉയിർത്തെഴുന്നേററതു, എപ്പോഴാണെന്നു ഖണ്ഡിതമായി പറയുന്നില്ല. ആയതും, നമ്മുടെ കർത്താവിന്റെ ഉയിപ്പിന്റശേഷം തന്നെ ആയിരിക്കേണം. കാരണം, മരിച്ചവരിൽ നിന്നു ഉത്ഥിതരാകുവാനുള്ളവരുടെ കടിഞ്ഞൂൽ, (കൂലസായ. ൧. ൧൮.) മ്ശിഹാ ആയിരുന്നതിനാൽ, അവിടത്തെ ഉയിപ്പിന്റമുൻപു, മററാരും ഉയിർക്കുന്നതു ഉചിതമല്ലായിരുന്നു. മാത്രമല്ല, അങ്ങു മരിച്ചയുടനെ അവർ

ഉത്ഥിതരായെങ്കിൽ, അങ്ങേ ഉത്ഥാനംവരെ, അവർ ഏതു സ്ഥിതിയിൽ ഇരുന്നിരുന്നു എന്ന പ്രശ്നത്തിന്, തൃപ്തികരമായ സമാധാനം നൽകുവാൻ നിവൃത്തിയില്ലാതേയും വന്നേക്കും.

3. "നിലവിളിച്ചു മരിച്ചതു കണ്ടപ്പോൾ." ശതാധിപൻെറ പരസ്യമായ വിശ്വാസപ്രഖ്യാപനത്തിനും, അത്ഭുതകരമായ ആ പരിവർത്തനത്തിനും കാരണമായത്, മ്ശിഹായുടെ മരണസമയത്തുണ്ടായ അത്യത്ഭുതങ്ങൾ ആയിരുന്നു എന്ന് വി. മത്തായി പൊതുവായി മാത്രം പറയുമ്പോൾ, വി. മർക്കോസു തെളിവായും, വി. ലൂക്കാ സൂചിപ്പിച്ചും പറയുന്നതു, കർത്താവു നിലവിളിച്ചു മരിച്ചത് കണ്ടതുകൊണ്ടാണ്, എന്നത്രെ. വരപ്രസാദം പ്രവർത്തിക്കുന്ന വിധം നോക്കുക! മരിപ്പാറായി കിടക്കുന്ന ഒരുവൻ, ഉച്ചസ്വരത്തിൽ നിലവിളിക്കുക, സ്വാഭാവാതീതമായ ഒരു സംഭവമാണ്, ശരിതന്നെ. പക്ഷെ, പലരുടേയും ശ്രദ്ധ, അതിൽ പതിഞ്ഞതേയില്ല. ശതാധിപൻെറ ഹൃദയത്തേയാകട്ടെ, മററല്ലാ അത്ഭുതങ്ങളും അയാൾ കണ്ടെങ്കിലും, ഇതാണ്, കൂടുതൽ സ്പർശിച്ചത്.

4. "ജനക്കൂട്ടങ്ങളുമെല്ലാം." അവിടെ കൂടിയിരുന്നവർ എല്ലാവരും എന്നല്ല, പ്രത്യുത, അതിൽ ഒരു വലിയ ഭാഗം, എന്നേ മനസ്സിലാക്കേണ്ടതുള്ളു. അനുതപിച്ച് തങ്ങളുടെ മാറത്തു അടിച്ചുകൊണ്ട് മടങ്ങിപ്പോയവരുടെ കൂട്ടത്തിൽ, തീർച്ചയായും, 'അവനെ കുരിശിൽ തറയ്ക്കുക, അവനെ കുരിശിൽ തറയ്ക്കുക,' എന്നു പല പ്രാവശ്യം പീലാത്തോസിൻെറ സമക്ഷത്തു വെച്ചു അട്ടഹസിച്ചവരും, ഉണ്ടായിരുന്നിരിക്കണം. ഇത്ര വ്യത്യസ്തമായ മനസ്ഥിതിയുടെ ഉത്ഭവം എന്ത്? "ഞാൻ ഭൂമിയിൽ നിന്നു് ഉയർത്തപ്പെട്ടപ്പോൾ സകല മനുഷ്യരേയും എൻെറ അടുക്കലേയ്ക്കു ഞാൻ ആകർഷിക്കും," (യോഹ ൧൨. ൩൨.) എന്ന് ഈശോ ഒരിക്കൽ, അങ്ങേ മരണത്തെക്കുറിച്ചു അരുളിച്ചെയ്തതു്, ഇവിടെ അന്വർത്ഥമാകുകയത്രെ ചെയ്തതു്.

## 56. ഈശോയുടെ പരിചയക്കാരും മററു ഭക്തസ്ത്രീകളും കുരിശിൽ തൂങ്ങിക്കിടക്കുന്ന അങ്ങേ നോക്കിക്കൊണ്ടു നില്ക്കുന്നു.

മത്താ. ൨൭. ൫൫-൫൬; മർക്കോ. ൧൫. ൪൦-൪൧; ലൂക്കാ. ൨൩. ൪൯.

വിവരണം. ആദ്യത്തെ മൂന്നു സുവിശേഷകന്മാർ വിവരിക്കുന്ന ഈ സംഗതി തന്നെയാണ്, വി. യോഹന്നാൻ ൧൯. ൨൫—൨൭. വരെ പ്രതിപാദിക്കുന്നതു്. വി. യോഹന്നാൻെറ വിവരണം, സംഗ്രഹം ആണെങ്കിലും, പരിശുദ്ധ ദൈവജനനിയെപ്പററി, അദ്ദേഹം പ്രത്യേകം പ്രസ്താവിക്കുന്നുണ്ട്. മററവരാകട്ടെ, ആ കന്യകയുടെ സാന്നിദ്ധ്യത്തെക്കുറിച്ചു ഒന്നും തന്നെ പറയുന്നില്ല.

ലൂക്കാ. ൨൩. ൪൯. ഈശോയുടെ പരിചയക്കാരും,[1] അവനോടുകൂടി ഗ്ലീലായിൽനിന്നു വന്നു * അവന്നു ശുശ്രൂഷചെയ്തിരുന്ന» സ്ത്രീകളുമെല്ലാം ഇവ നോക്കിക്കൊണ്ടു ദൂരത്തു നിന്നിരുന്നു.[2]

മത്താ. ൨൭. ൫൬. അവരിൽ ഒരുവൾ മഗ്ദലയിത്താമറിയവും,[3] (മററവൾ) യാക്കോബിന്റേയും യോസേയുടേയും അമ്മയായ മറിയവും, (മൂന്നാമത്തവൾ) സബ്ദൈപുത്രന്മാരുടെ അമ്മയായ, ¶ ശാലോമും» (ആയിരുന്നു).

മർക്കോ. ൧൫. ൪൧. അവനോടുകൂടി ഓറെശ്ലേമിലേക്കു വന്നിരുന്ന മററുപല സ്ത്രീകളും (അവിടെ ഉണ്ടായിരുന്നു).

* മത്താ. ൨൭. ൫൫. ¶ മർക്കോ. ൧൫. ൪൦.

## വ്യാഖ്യാനം.

1. "പരിചയക്കാരും." മ്ശീഹാ കരിശിൽ തൂങ്ങിക്കിടക്കയിൽ, അങ്ങേ പീഡകളിൽ സഹതപിച്ചുകൊണ്ടു, നോക്കിനിന്നിരുന്ന ആളുകൾ വളരെ ആയിരുന്നു. ചുരുക്കം ചിലരുടെ പേരുകൾ മാത്രമെ, സുവിശേഷത്തിൽ പറഞ്ഞിട്ടുള്ളു. തോട്ടത്തിൽവെച്ചു, അങ്ങേ വിട്ടു ഓടിപ്പോയ ശ്ലീഹന്മാരും, ശിഷ്യഗണത്തിൽപെട്ട പലരും, പ്രത്യേകമായി, റാംസയൌസേപ്പും, നിക്കൊദേമോസും (യോഹ. ൧൯. ൩൮, ൩൯.), ഹേറോദേസിന്റെ കാര്യസ്ഥനായ ക്രൂസായുടെ ഭാര്യ യോഹന്നാ, ശോശാന്നാ (ലൂക്കാ. ൮. ൩; ൨൪. ൧൦.), തീർച്ചയായും ആ കൂട്ടത്തിൽ ഉണ്ടായിരുന്നിരിക്കണം.

2. "ദൂരത്തു നിന്നിരുന്നു." വി. യോഹന്നാൻ "കരിശിന്നടുത്തു" (൧൯. ൨൫.) എന്നു പറഞ്ഞിരിക്കുന്നതു, സേവകർ, പ്രധാനാചാര്യന്മാർ, മൂപ്പന്മാർ എന്നിവരുടെ ഉപദ്രവം കൂടാതെ, അടുത്തു വരാവുന്നിടത്തോളം, അടുത്തു, എന്നാണ് മനസ്സിലാക്കേണ്ടതു് എന്നു മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ആ അർത്ഥത്തിൽ ഗ്രഹിച്ചാൽ, യോഹന്നാന്റെ പ്രസ്താവനയും, "ദൂരത്തു നിന്നിരുന്നു", എന്നു മററു സുവിശേഷകന്മാർ പറയുന്നതും, തമ്മിൽ വൈപരീത്യമൊന്നുമില്ലെന്നു മനസ്സിലാക്കാവുന്നതാണ്. മാത്രമല്ല, ഈശോ കരിശിൽ കിടന്ന ആ സമയം മുഴുവനും, അങ്ങേ ദർശിച്ചുകൊണ്ടു നിന്നിരുന്ന ആ ഭക്തജനക്കൂട്ടം, ഒരേ നിലയിൽ തന്നെ നിന്നിരുന്നു എന്നു വിചാരിപ്പാനും നിവൃത്തിയില്ല. സൌകര്യം ലഭിച്ചിരുന്നതിനനുസരിച്ചു, അവർ കരിശിനോടടുത്തും, അതിൽനിന്നു അകന്നുമായി, നിന്നിരിക്കാനാണ് എളുപ്പം. ആകയാൽ, വി. യോഹന്നാൻ; അടുത്തു നിന്ന ഒരു കൂട്ടവും, മററു സുവിശേഷകന്മാർ, അകന്നു നിന്ന വേറൊരു കൂട്ടവും വിവരിക്കുന്നു എന്നും വരാമല്ലൊ.

3. "അവരിൽ ഒരുവൾ മഗ്ദലയിത്താമറിയവും." കരിശിൻ ചുവട്ടിൽ നിന്നിരുന്നതായി, സുവിശേഷകന്മാർ പേർതിരിച്ചു വർണ്ണിക്കുന്ന

ത്തു്, പരിശുദ്ധ ദൈവജനനി കഴിഞ്ഞാൽ, മഗ്ദലയിത്താ മറിയം, ക ലിയോപ്പാ മറിയം, ശാലോം എന്നിവരെപ്പററിയാണു്. കള്ളന്മാരിൽ കള്ളനായി, കുരിശിൽ തൂങ്ങിക്കിടക്കുന്ന അവരുടെ ദിവ്യഗുരുവിനോ ടടുത്തുള്ള. അബലകളായ അവരുടെ നില, എത്രമാത്രം സ്നേഹം, ധൈര്യം, വിശ്വസ്തത, എന്നിവയാണു് പ്രത്യക്ഷപ്പെടുത്തുന്നതു്! അ തേ, അവരുടെ "സ്നേഹം മരണത്തേക്കാൾ ശക്തിയുള്ളതു്" തന്നെ യായിരുന്നു. ആകയാൽ, അവർ പ്രത്യേകം പ്രസ്താവിക്കപ്പെടുന്നതി നു് യോഗ്യരുമായി!

## 57. സേവകരിൽ ഒരാൾ കുന്തംകൊണ്ടു ഈശോയുടെ തിരുവിലാവിൽ കുത്തുന്നു.

യോഹ. ൧൯. ൩൧-൩൭.

വിവരണം. ഈശോയുടെ മാർവിൽ, പടയാളികളിൽ ഒരുവൻ കുന്തംകൊണ്ടുകുത്തി എന്നുള്ള വിവരം, ഒടുവിലത്തെ അത്താഴത്തിൽ അങ്ങേ മാർവിൽ ചാരുവാൻ ഭാഗ്യം ലഭിച്ച, ആ സ്നേഹശിഷ്യൻ മാ ത്രമെ വിവരിക്കുന്നുള്ളു.

യോഹ. ൧൯. ൩൧. യൂദന്മാരോ വെള്ളിയാഴ്ചയായിരുന്ന തുകൊണ്ടു: ശാബതം പ്രകാശിക്കുന്നതിനാൽ ഈ ശരീരങ്ങൾ അ വയുടെ കുരിശുകളിൽ രാത്രി കിടക്കരുതു[1] എന്നു പറയുന്നു.– എന്തു കൊണ്ടെന്നാൽ ആ ശാബതനാൾ വലിയ നാൾ ആയിരുന്നു.– അനന്തരം കുരിശിൽ തറയ്ക്കപ്പെട്ടവരുടെ കണങ്കാലുകൾ തകർത്തു അവരെ ഇറക്കണം എന്നു പീലാത്തോസിനോടു അവർ അപേ ക്ഷിച്ചു.

൩൨. ആകയാൽ പടയാളികൾ വന്നു ഒന്നാമത്തവൻേറ യും അവനോടുകൂടി കുരിശിൽ തറയ്ക്കപ്പെട്ട മററവൻേറയും കണ ങ്കാലുകൾ തകർത്തു.

൩൩. പിന്നെ അവർ ഈശോയുടെ അടുക്കൽ വന്ന പ്പോൾ അവൻ പണ്ടേതന്നെ മരിച്ചുപോയിരിക്കുന്നു എന്നു കണ്ടു. അതിനാൽ അവൻെറ കണങ്കാലുകൾ അവർ തകർത്തില്ല.

൩൪. എങ്കിലും പടയാളികളിൽ ഒരുത്തൻ കുന്തംകൊ ണ്ടു അവൻെറ വിലാപ്പുറത്തു അവനെ കുത്തി.[2] അപ്പോൾ ഉടനെ ചോരയും വെള്ളവും പുറപ്പെട്ടു.[3]

൩൫. (ഇതു) കണ്ടവൻ സാക്ഷിപ്പെടുത്തിയിരിക്കുന്നു. അ വൻെറ സാക്ഷ്യം സത്യമാകുന്നു. നിങ്ങളും വിശ്വസിക്കേണ്ടതിനു താൻ സത്യം പറഞ്ഞു എന്നു അവൻ അറിയുകയും ചെയ്യുന്നു.

൩൩. എന്നാൽ ഇവയൊക്കെയും: അവനിൽ അസ്ഥി തകൎക്കപ്പെടുകയില്ല എന്നു പറഞ്ഞിരിക്കുന്ന തിരുവെഴുത്തും,

൩൭. പിന്നേയും: അവർ കുത്തിത്തുളച്ചവനെ അവർ നോക്കും എന്നു പറഞ്ഞിരിക്കുന്ന വേറൊരു തിരുവെഴുത്തും, നിവൃത്തിയാകുവാൻ സംഭവിച്ചു.

## വ്യാഖ്യാനം.

1. "ഈ ശരീരങ്ങൾ അവയുടെ കുരിശുകളിൽ രാത്രി കിടക്കരുത്." കുരിശിൽ തറക്കപ്പെടുന്നവർ, ആ ക്രൂരശിക്ഷയുടെ പീഡകൾ എല്ലാം സാവധാനത്തിൽ സഹിച്ചു, ഒന്നു രണ്ടു ദിവസംകൊണ്ടു മാത്രമെ മരിക്കുക പതിവുള്ളു. അവരെ കാണുന്നവരിൽ ഭയം ജനിപ്പിക്കുന്നതിനും മറ്റുമായി, അവർ കുരിശിൽ തന്നെ കിടന്നു മരിക്കുന്നതിനും, അവിടെ തന്നെ കിടന്നു അഴിഞ്ഞു, പക്ഷിമൃഗാദികൾക്കു ആഹാരം ആയി തീരുന്നതിനും, അനുവദിക്കുകയായിരുന്നു റോമാക്കാരുടെ പതിവ്. എന്നാൽ യൂദനിയമം (ആവൎത്തനം. ൨൧. ൨൩.), കഴുവിൽ തൂക്കപ്പെട്ടവരെ അന്നു തന്നെ താഴെ ഇറക്കണമെന്നായിരുന്നു. മാത്രമല്ല, പെസഹായുടെ ആഴ്ചവട്ടത്തിൽ വരുന്ന ശാബത്‌നാൾ, യൂദന്മാൎക്കു ഏററം പരിപാവനമായ ഒരു ദിവസവുമായിരുന്നു. ഇതിനാലത്രെ, ശരീരങ്ങൾ അന്നേദിവസം കുരിശിൽ കിടക്കരുതെന്നു അവർ നിശ്ചയിച്ചത്.

2. "അവൻെറ വിലാപ്പുറത്തു അവനെ കുത്തി." കുരിശിൽ തൂക്കപ്പെട്ടവരെ ഏററം വേഗത്തിൽ കൊല്ലുവാൻ അവശ്യം നേരിടുമ്പോൾ, അവരുടെ വിലാവിൽ കുത്തി മുറിപ്പെടുത്തുകയായിരുന്നു പതിവ്. എന്നിരുന്നിട്ടും, ന. കൎത്താവു അതുവരെ മരിച്ചില്ലെങ്കിൽ അങ്ങേ കൂടുതൽ പീഡ അനുഭവിപ്പിക്കണമെന്നുള്ള ദുഷ്ടമനസ്സുകൊണ്ടായിരിക്കണം, യൂദന്മാർ, കുരിശിൽ തറക്കപ്പെട്ടവരുടെ കണങ്കാലുകൾ തകൎത്തു, അതിഭയങ്കരമായവിധം കൊലപ്പെടുത്തുന്നതിന് പീലാത്തോസിനോട് അപേക്ഷിച്ചത്. എന്നാൽ, ന. കൎത്താവിനെ സംബന്ധിച്ചിടത്തോളം, അവർ ആഗ്രഹിച്ചത് ഒന്നും, പ്രവൎത്തിച്ചതു മറെറാന്നുമായിരുന്നു; കണങ്കാലുകൾ തകൎക്കാനായിരുന്നു കല്പന, വിലാപ്പുറം തുറക്കുക അത്രെ അവർ ചെയ്തത്. ദൈവപരിപാലന എത്ര അത്ഭുതാവഹം! ഇതിനാൽ, പ്രവാചകന്മാരുടെ തിരുവാക്യങ്ങളും നിറവേറി; മനുഷ്യകുലത്തിനു ഭദ്രമായ ഒരു സങ്കേതവും ലഭിച്ചു!

3. "ഉടനെ ചോരയും വെള്ളവും പുറപ്പെട്ടു." മാലാകാസ്സുകുടത്ത വി. തോമ്മാ അഭിപ്രായപ്പെടുന്നത്, മ്ശിഹായുടെ തിരുവിലാവിൽ നിന്നു അപ്പോൾ പുറപ്പെട്ടത്, ശുദ്ധജലവും ശുദ്ധരക്തവും ആയിരുന്നു എന്നത്രെ. എന്നാൽ, മരിച്ച ഒരുവനിൽ അപ്രകാരം സംഭവിക്കുക, പ്രകൃതിക്കു അതീതമാണ്. ആകയാൽ, ഗഹനങ്ങളായ അനേക പരമസത്യങ്ങളെ അടക്കിക്കൊള്ളുന്ന, ഈ സംഭവം, ഒരു അത്ഭുതംമൂലം ദൈവം പ്രവൎത്തിച്ചു എന്നാണ് ദൈവശാസ്ത്രപണ്ഡിതന്മാരിൽ ചിലരുടെ അഭിപ്രായം.

58. റാംസയൌസേപ്പ് ഈശോയുടെ മൃതശരീരത്തെ പീലാത്തോസിനോട്ട ചോദിയ്ക്കുന്നു.

മത്താ. ൨൭. ൫൭–൫൮; മർക്കോ. ൧൫. ൪൨–൪൫; ലൂക്കാ. ൨൩. ൫൦–൫൨; യോഹ. ൧൯. ൩൮.

വിവരണം. ഈ സംഭവം നാല്ല സുവിശേഷകന്മാരും ഒന്നുപോലെ വിവരിയ്ക്കുന്നുണ്ട്. റാംസയൗസേപ്പിൻെറ പ്രശംസായോഗ്യമായ ഗുണലക്ഷണങ്ങൾ എല്ലാം ഒരു ചിത്രത്തിൽ എന്നപോലെ നാം ഇവിടെ കാണുന്നു. അവൻ സമ്പന്നനായിരുന്നു; എന്നാൽ, ഈശോയുടെ ദിവ്യശരീരം ലഭിച്ചപ്പോൾ ഏററം സമ്പന്നനായി!

യോഹ. ൧൯. ൩൮. ഇവയുടെശേഷം * ശാബതത്തിനു മുമ്പുള്ള വെള്ളിയാഴ്ച്ചയുടെ വൈകുന്നേരം ആയപ്പോൾ» ¶ യൂദായിലെ ഒരു പട്ടണമായ റാംസായിൽ നിന്നുള്ള» † മാന്യസംഘാംഗവും» § യൗസേപ്പ എന്ന പേരുള്ള ധനവാനും» ¶ ഗുണവാനും, നീതിമാനുമായ» § ഒരു മനുഷ്യൻ വന്നു».

ലൂക്കാ. ൨൩. ൫൧. ഇവൻ അവരുടെ ഇച്ഛക്കും അവരുടെ പ്രവൃത്തിയ്ക്കും സമ്മതിച്ചിരുന്നില്ല; മാത്രമല്ല, ദൈവരാജ്യത്തെ പ്രതീക്ഷിച്ചുകൊണ്ടുമിരുന്നു.

൫൨. ഇവൻ † ധൈര്യത്തോടെ[1] » പീലാത്തോസിൻെറ അടുക്കൽ ചെന്ന് ഈശോയുടെ ശരീരം ചോദിച്ചു.[2]

യോഹ. ൧൯. ൩൮. എന്തുകൊണ്ടെന്നാൽ ഇവൻ ഈശോയുടെ ശിഷ്യൻ ആയിരുന്നു; എങ്കിലും യൂദന്മാരെക്കുറിച്ചുള്ള ഭയം നിമിത്തം പരസ്യപ്പെടാത്തവനായിരുന്നു.

മർക്കോ. ൧൫. ൪൪. എന്നാൽ, അവൻ മരിച്ചു കഴിഞ്ഞുവോ എന്നു പീലാത്തോസ് ആശ്ചര്യപ്പെട്ടു, ശതാധിപനെ വിളിച്ച്: സമയത്തിനു മുമ്പായി അവൻ മരിച്ചുവോ എന്നു അവനോട്ട ചോദിച്ചു.[3]

൪൫. (വസ്തുത) ഗ്രഹിച്ചപ്പോൾ †† പീലാത്തോസു സമ്മതിയ്ക്കുകയും» ** ശരീരം അവനു കൊടുക്കുവാൻ കല്പിയ്ക്കുകയും ചെയ്തു».

* മർക്കോ. ൧൫. ൪൨. ¶ ലൂക്കാ. ൨൩.. ൫൦. † മർക്കോ. ൧൫. ൪൩. § മത്താ. ൨൭. ൫൭. †† യോഹ. ൧൯. ൩൮. ** മത്താ. ൨൭. ൫൮.

## വ്യാഖ്യാനം.

1. "ധൈര്യത്തോടെ." വി. യോഹന്നാൻ പറയുന്നതുപോലെ (൧൯. ൩൮.) ഇയാൾ, ഈശോയുടെ ശിഷ്യൻ ആയിരുന്നെങ്കിലും, യൂദന്മാരെ ഭയന്നു ആ വസ്തുത അതുവരെ രഹസ്യത്തിൽ വെച്ചിരിക്കുകയായിരുന്നു. ഇപ്പോഴാകട്ടെ, ധൈര്യസമേതം അയാൾ മുമ്പോട്ടു വരുന്നു. കുരിശിൽ തൂക്കിക്കൊന്നവൻെറ ശിഷ്യനായിട്ടു മാത്രമല്ല, അങ്ങേ ദിവ്യശരീരം യഥായോഗ്യം സംസ്കരിക്കുന്നതിനു ബദ്ധശ്രദ്ധനായും, ഇതാ! അയാൾ കാണപ്പെടുന്നു.

2. "ശരീരം ചോദിച്ചു." യഹൂദനിയമപ്രകാരം, വധശിക്ഷയ്ക്കു വിധിക്കപ്പെടുന്നവർ, അപമാനപൂർവ്വം തന്നെ സംസ്കരിക്കപ്പെടുകയും ചെയ്യേണ്ടിയിരുന്നു. എന്നാൽ റോമൻനിയമത്തിൽ, മൃതശരീരം, ബന്ധുമിത്രാദികൾ അപേക്ഷക്കാരായുണ്ടെങ്കിൽ, കൊടുക്കാമെന്നു വ്യവസ്ഥ ചെയ്തിരുന്നു. ഇതുകൊണ്ടാണ്, റാംസയൌസേപ്പു, ഈശോയുടെ ദിവ്യശരീരം ചോദിച്ചതും, പീലാത്തോസ് അയാൾക്ക് അതു പ്രദാനം ചെയ്തതും.

3. "അവൻ മരിച്ചു കഴിഞ്ഞുവോ എന്നു പീലാത്തോസ് ആശ്ചര്യപ്പെട്ട് . . . . ചോദിച്ചു." മുൻപു പ്രസ്താവിച്ചിട്ടുള്ളതുപോലെ, കുരിശിൽ തറയ്ക്കപ്പെടുന്നവർ, ഒന്നും രണ്ടും ദിവസം കുരിശിൽ തന്നെ കിടന്നു കഷ്ടപ്പെട്ടതിൻെറ ശേഷമാണ്, മരിക്കുക പതിവ്. ആകയാൽ, കുരിശിൽ തറച്ചിട്ട് മൂന്നു മണിനേരംകൊണ്ട് ഈശോ മരിച്ചതിൽ, അവന് അത്ഭുതം തോന്നിയിരിക്കാം. എന്നാൽ, ക്രൂരചെന്നായ്ക്കൾ എന്നപോലെ അങ്ങേ പാഞ്ഞടുത്ത ആ യൂദന്മാരിൽ നിന്ന്, തലേ രാത്രിമുതൽ അവിടന്ന് അനുഭവിച്ച നിരവധി പീഡകളും, അവൻെറ മുമ്പാകെവെച്ചുതന്നെ അവർ അങ്ങേ അനുഭവിപ്പിച്ച, ചമ്മട്ടിയടി, മുൾമുടിധാരണം എന്നിവയും, അവൻ സ്മരിച്ചിരുന്നെങ്കിൽ, അത്ഭുതത്തിനു അവകാശം ഉണ്ടാകയില്ലായിരുന്നു.

## 59. ഈശോയുടെ ദിവ്യശരീരം കുരിശിൽനിന്നിറക്കി, നവമായ ഒരു കല്ലറയിൽ പൂജ്യമായി സംസ്കരിയ്ക്കുന്നു.

മത്താ. ൨൭. ൫൭—൬൧; മർക്കോ. ൧൫. ൪൨—൪൭;
ലൂക്കാ. ൨൩. ൫൦—൫൬; യോഹ. ൧൯. ൩൮—൪൨.

വിവരണം. രക്ഷകൻെറ ദിവ്യശരീരം കുരിശിൽനിന്നിറക്കി പൂജ്യമായി സംസ്കരിച്ച സംഗതി, നാലു സുവിശേഷകന്മാരും വിവരിക്കുന്നുണ്ട്. ഓരോരുത്തരുടേയും വിവരണം ഓരോവിധത്തിൽ അപൂർണ്ണമാണെങ്കിലും, നാലുംകൂടി യോജിപ്പിച്ചാൽ, പ്രസ്തുത വിഷയം സംബന്ധിച്ച് സമഗ്രമായ ഒരു വിവരണം നമുക്കു ലഭിക്കുന്നതാണ്.

യോഹ. ൧൯. ൩൮. ആകയാൽ അവൻ വന്നു ഈശോയുടെ ശരീരം ⁂ (കുരിശിൽനിന്നു) ഇറക്കി[1] »¶ നിർമ്മലമായ [2] »⁂

ഒരു വക ശില വാങ്ങിച്ച് 3 അതിൽ അതു പൊതിഞ്ഞു».

൩൯. ആദ്യം രാത്രിയിൽ ഈശോയുടെ അട്ടക്കൽ വന്നിരുന്ന നിക്കാദേമോസും വന്നു. അവൻ, മൂറായും ചെന്നിനായകവും കൊണ്ടുള്ള സുഗന്ധക്കൂട്ട് ഉദ്ദേശം നൂറു റാത്തൽ 4 തന്നോടുകൂടി കൊണ്ടുവരികയും ചെയ്തു.

൪൦. അനന്തരം അവർ ഈശോയുടെ ശരീരം എടുത്ത് യൂദന്മാർ ശവസംസ്കാരം ചെയ്യുന്ന പതിവുപോലെ ശിലകളും പരിമളവസ്തുക്കളും കൊണ്ടു അതു പൊതിഞ്ഞു.

൪൧. എന്നാൽ ഈശോ കുരിശിൽ തറയ്ക്കപ്പെട്ട സ്ഥലത്തു തന്നെ ഒരു തോട്ടവും, ആ തോട്ടത്തിൽ † പാറയിൽ കുഴിക്കപ്പെട്ടതും» ഒരു മനുഷ്യനും അതുവരെ വെയ്ക്കപ്പെട്ടിട്ടില്ലാതിരുന്നതും† (യൌസേപ്പിൻെറ) വകയുമായ» ഒരു പുതിയ പ്രേതാലയവും ഉണ്ടായിരുന്നു.

ലൂക്കാ. ൨൩. ൫൪. (ആ) ദിവസമോ വെള്ളിയാഴ്ചയായിരുന്നു; ശാബതദിവസം പ്രകാശിക്കുകയും ചെയ്തിരുന്നു.

യോഹ. ൧൯. ൪൨. ആകയാൽ, ശാബതം ആരംഭിച്ചിരുന്നതുകൊണ്ടും (ആ) പ്രേതാലയം അടുത്തു ആയിരുന്നതുകൊണ്ടും അവർ ഈശോയെ അവിടെ വെച്ചു.

മത്താ. ൨൭. ൬൦. പ്രേതാലയത്തിൻെറ വാതിൽക്കൽ ഒരു വലിയ കല്ലുരുട്ടി വെച്ചിട്ടു അവർ പോകയും ചെയ്തു.

൬൧. എന്നാൽ അവിടെ പ്രേതാലയത്തിന്നെതിരായി മഗ്ദലയിത്താ മറിയവും മറ്റൊ മറിയവും ഇരുന്നിരുന്നു. § (അവർ) അവൻ വെയ്ക്കപ്പെട്ട സ്ഥലം കണ്ടു».

ലൂക്കാ. ൨൩. ൫൫. എന്നാൽ ഗ്ലീലായിൽനിന്നു അവനോടുകൂടി വന്നിരുന്ന ആ സ്ത്രീകൾ അടുത്തുണ്ടായിരുന്നു. അവർ പ്രേതാലയവും അവൻെറ ശരീരം എങ്ങനെ വെയ്ക്കപ്പെട്ടു എന്നും കണ്ടു.

൫൬. പിന്നെ അവർ മടങ്ങിവന്ന് പരിമളങ്ങളും സുഗന്ധദ്രവ്യങ്ങളും ഒരുക്കി 5 ശാബതത്തിലോ കല്പിക്കപ്പെട്ടിരിക്കുന്നതുപോലെ അവർ വിശ്രമിച്ചു.

⁂ മർക്കോ. ൧൫. ൪൬. ¶ മത്താ. ൨൭. ൬൦. † മത്താ. ൨൭. ൬൦. § മർക്കോ. ൧൫. ൪൭.

## വ്യാഖ്യാനം.

1. "ശരീരം കുരിശിൽനിന്നു ഇറക്കി." ഈശോയുടെ മൃതശരീരം പൂജ്യമായി കുരിശിൽ നിന്നിറക്കിയശേഷം, ദൈവജനനിയുടെ മടി

യിൽ കിടത്തി എന്നുള്ളതാണ് പൂർവീകവും സാത്വികവുമായ പാരമ്പര്യം. ആ സ്നേഹമാതാവ്, അങ്ങേ ദിവ്യസുതന്റെ ശരീരം മടിയിൽ സ്വീകരിച്ചശേഷം, എത്ര സ്നേഹചുംബനങ്ങൾ അതിൽ പതിച്ചിരിക്കണം; എത്ര ചുടു കണ്ണീർത്തുള്ളികൾ ചൊരിഞ്ഞിരിക്കണം!

2. "നിർമ്മലമായ." റാംസയൌസേപ്പും നിക്കാദേമോസും, ഈശോയെ പൊതിയുന്നതിനു വാങ്ങിച്ച വക്കശീല നിർമ്മലമായിരിക്കുന്നതിനും, അങ്ങേ സംസ്കരിക്കുന്നതിനു സജ്ജീകരിച്ച കല്ലറ, നവമായതും മററാരേയും സംസ്കരിച്ചിട്ടില്ലാത്തതുമായിരിക്കുന്നതിനും, എത്രകണ്ടു ശ്രദ്ധാലുക്കളായി കാണപ്പെടുന്നു! ഓ! ഈശോ സത്യമായി എഴുന്നെള്ളി വസിക്കുന്ന ദേവാലയവും, അതിലെ തിരുവസ്തുക്കളും, അങ്ങേ സ്വീകരിക്കുന്ന ഹൃദയവും, എത്ര ശുദ്ധവും നിർമ്മലവുമായിരിക്കണം!

3. "വക്കശീല വാങ്ങിച്ചു." വക്കശീലമാത്രമല്ല, പ്രത്യുത, യഹൂദന്മാരുടെയിടയിൽ നടപ്പായിരുന്നതുപോലെ, സ്ഥാനമഹിമയുള്ളവരുടെ സംസ്കാരത്തിനു അവശ്യം വേണ്ടിയിരുന്നതെല്ലാം, അതായതു, ശരീരം പൊതിയുവാൻ വക്കശീല, കൈകാലുകൾ ബന്ധിക്കുന്നതിനു്, പീത്ത (യോഹ. ൧൯. ൪൦.), മുഖം മൂടുന്നതിനു റുമാൽ (യോഹ. ൨൦. ൭.), ആദിയായവ യൌസേപ്പു വാങ്ങിച്ചു.

4. "ത്തുറാത്തൽ." എത്ര ഔദാര്യബുദ്ധിയോടുകൂടെ നിക്കാദേമോസ്, ഈശോയുടെ സംസ്കരണത്തിൽ സഹകരിക്കുന്നു. ഒട്ടേറെ പണം ചിലവാക്കി അയാൾ വാങ്ങിക്കൊണ്ടുവന്ന സുഗന്ധദ്രവ്യക്കൂട്ട്, ഈശോയുടെ ദിവ്യശരീരം പൊതിയുവാൻ മാത്രമല്ല, ഇട്ടുമൂടുവാൻകൂടി മതിയാകത്തക്കവിധം അത്ര ധാരാളമായിരുന്നു. സംസ്കാരത്തിനായി, വക്കശീലയും മററും അദ്ദേഹവും കൊണ്ടുവന്നിരുന്നു എന്നു, വി. യോഹന്നാനിൽ നിന്നു (൧൯. ൩൯.) അനുമാനിക്കാവുന്നതാണ്.

5. "പരിമളങ്ങളും സുഗന്ധദ്രവ്യങ്ങളും ഒരുക്കി." വി. ലൂക്കായുടെ ഈ പ്രസ്താവനയിൽനിന്നു മനസ്സിലാകുന്നതു്, ഗ്ലീലായിൽ നിന്നു ഈശോയോടുകൂടെ വന്നിരുന്ന ആ ഭക്തസ്ത്രീകൾ, സംസ്കാരം കഴിഞ്ഞു ചെന്നു, അന്നുതന്നെ പരിമളങ്ങളും മററും ഒരുക്കി എന്നും, പിറേറ ദിവസമായ ശാബതത്തിൽ, നിയമാനുസരണം അവർ വിശ്രമിച്ചു എന്നുമാണ്. എന്നാൽ സംസ്കാരം കഴിഞ്ഞപ്പോൾ തന്നെ ശാബതം ആരംഭിച്ചിരിക്കണം എന്നുകൂടേയും (ലൂക്കാ. ൨൩. ൫൬; യോഹ. ൧൯. ൪൨.) അനുമാനിക്കാവുന്ന സ്ഥിതിക്കു, ആ സ്ത്രീകൾ സുഗന്ധദ്രവ്യങ്ങൾ ഒരുക്കി എന്നു വി. ലൂക്കാ ഇവിടെ പറയുന്നതു്, ഒന്നുകിൽ, വി. മർക്കോസ് ൧൬–൧–ൽ സൂചിപ്പിക്കുന്ന സംഗതിതന്നെ മുൻകൂട്ടി പറഞ്ഞതായിരിക്കാം; അല്ലാത്തപക്ഷം, ശാബതം ആരംഭിക്കുന്നതിനു മുമ്പു, ലഭിച്ച സ്വല്പസമയംകൊണ്ടു് അവർ, പരിമളങ്ങളും മററും ഒരുക്കാൻ സാധിച്ചിടത്തോളം ഒരുക്കി എന്നും, ശാബതത്തിൽ നിയമാനുസരണം ജോലി നിർത്തി ആയതു് ആചരിച്ചു എന്നും, അതു് അവസാനിച്ചശേഷം, മുൻചെയ്ത ജോലി പൂർത്തിയാക്കി, പ്രേതാലയത്തിലേക്കു പോയി എന്നും വരാം.

60. പ്രധാനാചാൎയ്യന്മാരും പ്രീശരും പ്രേതാലയത്തിനു മുദ്രവെയ്ക്കുകയും അതു ഭദ്രമായി സൂക്ഷിയ്ക്കുകയും ചെയ്യുന്നു.

മത്താ. ൨൭. ൬൨-൬൬.

വിവരണം. ആ ഭക്തസ്ത്രീകൾ ജോലികൾ എല്ലാം നിൎത്തി, പൂജ്യമായി ആചരിയ്ക്കുന്ന (ലൂക്കാ. ൨൩. ൫൬.) ശാബത്ദിവസത്തിൽ തന്നെയാണ്, ഈ യഹൂദപ്രമാണികൾ ഈശോയുടെ കല്ലറയ്ക്കു കാവൽ നിൎത്തുന്നതിലും, അതിനു മുദ്രവെയ്ക്കുന്നതിലും, ബദ്ധശ്രദ്ധരായി കാണപ്പെടുന്നതു്. മൂശെയുടെ നിയമപ്രകാരം, അന്നു്, ഭവനങ്ങളിൽ സ്വസ്ഥമായിരിയ്ക്കുകയല്ലാതെ പുറത്തു ഇറങ്ങുന്നതിനുകൂടേയും അനുവദിച്ചിരുന്നില്ല (പുറപ്പാട്. ൧൬. ൨൯). മാത്രമല്ല, ഭക്ഷണംകൂടേയും, തലേദിവസം പാകം ചെയ്തു വെച്ചിരിയ്ക്കണം എന്നായിരുന്നു കല്പന (പുറപ്പാട്. ൧൬. ൨൩). കൂടാതെ, പെസ്ഹായുടെ ആഴ്ചവട്ടത്തിൽ വരുന്ന ശാബതം, യൂദന്മാരുടെയിടയിൽ ഏററം പരിപാവനമായ ഒരു ദിവസവുമായിരുന്നു (യോഹ. ൧൯. ൩൧). കപടഭക്തരായ ഈ യഹൂദപ്രമാണികൾ തന്നെയായിരുന്നു, ഈശോ ശാബത്ദിവസം ആചരിയ്ക്കുന്നില്ല എന്നു, മുൻപു ഒരിയ്ക്കൽ (മൎക്കോ. ൩. ൧-൬.) കുററാരോപണം ചെയ്തതും. അവരുടെ ഈ പ്രവൃത്തി, എപ്രകാരം ആദരിയ്ക്കുവാൻ സാധിയ്ക്കും?

മത്താ. ൨൭. ൬൨. വെള്ളിയാഴ്ച കഴിഞ്ഞുള്ള പിറെറ ദിവസമോ പ്രധാനാചാൎയ്യന്മാരും പ്രീശരും പീലാത്തോസിൻെറ അടുക്കൽ കൂടി,

൬൩. അവനോടു പറയുന്നു: ഞങ്ങളുടെ എജമാനനെ, മൂന്നു ദിവസങ്ങൾ കഴിഞ്ഞു ഞാൻ ഉയിൎത്തെഴുന്നേല്ക്കും [1] എന്നു് ആ വഞ്ചകൻ ജീവനോടിരിയ്ക്കുമ്പോൾ പറഞ്ഞതായി ഞങ്ങൾ ഓൎമ്മിയ്ക്കുന്നു.

൬൪. ആകയാൽ അവൻെറ ശിഷ്യന്മാർ ഒരു പക്ഷേ വന്നു രാത്രിയിൽ അവനെ മോഷ്ടിച്ചുകൊണ്ടുപോയിട്ടു്, അവൻ മരിച്ചവരിൽ നിന്നു് ഉയിൎത്തെഴുന്നേററു എന്നു ജനത്തോടു പറയുകയും ഇങ്ങനെ ഒടുവിലത്തെ അബദ്ധം ആദ്യത്തേതിനേക്കാൾ ദോഷമായിത്തീരുകയും ചെയ്യാതിരിയ്ക്കേണ്ടതിനു മൂന്നാം ദിവസം വരെ പ്രേതാലയം കാക്കപ്പെടുവാൻ കല്പിയ്ക്കുക.

൬൫. പീലാത്തോസു അവരോടു്: നിങ്ങൾക്കു കാവൽക്കാരുണ്ടല്ലോ, പോയി നിങ്ങൾ അറിയുന്നതുപോലെ കാത്തുകൊൾവിൻ എന്നു പറയുന്നു.

൬൬. ആകയാൽ അവർപോയി പ്രേതാലയം സൂക്ഷിക്കുകയും കാവൽക്കാരോടുകൂടി ആ കല്ലിനു മുദ്ര വെക്കുകയുംചെയ്തു. 2

## വ്യാഖ്യാനം.

1. "മൂന്നു ദിവസങ്ങൾ കഴിഞ്ഞു ഞാൻ ഉയിർത്തെഴുന്നേൽക്കും." ഈ വാക്കുകൾ ഈശോ അരുളിച്ചെയ്തതായി തങ്ങൾ ഓർമ്മിക്കുന്നു എന്ന് യൂദന്മാർ ഏറ്റു പറയുകയിൽ, അവരുടെ കപടഭക്തിയും വഞ്ചനയും അത്രെ പ്രത്യക്ഷപ്പെടുത്തിയത്. ഈശോ പല അവസരങ്ങളിലും ഈ സംഗതി അരുളിച്ചെയ്തിട്ടുണ്ട്. അങ്ങേ ശിഷ്യരോടു തെളിവായും (മത്താ. ൧൬. ൨൧; ൨൦. ൧൯.), യൂദപ്രമാണികൾ മുതലായവരോടു, അലങ്കാരാർത്ഥത്തിലും (യോഹ. ൨. ൧൯; മത്താ. ൧൨. ൪൦.) അത്രെ ഇതേപ്പറ്റി സംസാരിച്ചിരുന്നത്. അന്നു, അങ്ങ് അരുളിച്ചെയ്തത് യൂദജനം ഗ്രഹിക്കുകയോ, ഗ്രഹിക്കുവാൻശ്രമിക്കുകയോ (യോഹ. ൨. ൧൯.) ചെയ്തില്ല. മാത്രമല്ല, ആ വിഷയം, കയ്യാപ്പായുടെ കച്ചേരിയിൽ കുറ്റാരോപണത്തിനും (മത്താ. ൨൬. ൬൧.), കുരിശിൽ തൂങ്ങിക്കിടക്കുകയിൽ പരിഹാസത്തിനും (മർക്കോ. ൧൫. ൨൯.), അവർ കാരണവും ആക്കി. എന്നാൽ, ഇപ്പോൾ അതിന്റെ അർത്ഥം എങ്ങനെ ഇത്ര പൂർണ്ണമായി അവർ ഗ്രഹിച്ചു? അന്ന്, ഈശോയെ അവർ ദ്വേഷിച്ചിരുന്നതിനാൽ, അങ്ങു മരിച്ചവരിൽനിന്ന് ഉയിർക്കുമെന്ന് ഗ്രഹിപ്പാൻ അവർ മനസ്സായില്ല; ഇന്നാകട്ടെ, അങ്ങ് മരിച്ചവരിൽനിന്ന് ഉയിർത്താലുണ്ടാകാവുന്ന അനന്തരഫലങ്ങൾ ഓർത്തു ഭയപ്പെട്ടതിനാൽ, അത് ഗ്രഹിച്ചു പ്രവർത്തിപ്പാൻ അവർ നിർബന്ധിതരായി.

2. "കല്ലിനു മുദ്രവെക്കുകയും ചെയ്തു." യൂദന്മാരുടെ ദുഷ്ടതയിൽനിന്നുകൂടെയും, ഈശോയുടെ ഉത്ഥാനത്തെ സംബന്ധിച്ചുള്ള അനിഷേദ്ധ്യമായ തെളിവുകൾ, ദൈവപരിപാലന എപ്രകാരം സജ്ജീകരിക്കുന്നു എന്നു നോക്കുക! അങ്ങേ ശിഷ്യർ രാത്രിയിൽ വന്നു അങ്ങേ മോഷ്ടിച്ചുകൊണ്ടുപോയിട്ട്, അങ്ങ് മരിച്ചവരിൽനിന്നു ഉയിർത്തു എന്ന് വ്യാജമായി പ്രസ്താവിക്കാതിരിപ്പാൻ, ഈശോയുടെ ശരീരം കല്ലറയിൽ ഉണ്ടെന്നു ബോദ്ധ്യം വരുത്തിയശേഷം അവർ അതിനു മുദ്ര വെക്കുകയും, സേവകന്മാരെ കാവൽ നിർത്തുകയും ചെയ്തു. എന്നിട്ടും, ഈശോ അരുളിച്ചെയ്തതുപോലെ തന്നെ മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റെങ്കിൽ, അത് ശിഷ്യരുടെ വഞ്ചനയോ, യൂദന്മാരുടെ സൂക്ഷക്കുറവോ കൊണ്ടല്ല സംഭവിച്ചത്, പ്രത്യുത, മനസ്സാകുന്നത് പ്രവർത്തിക്കുവാൻ തക്ക ശക്തിയുള്ള ദൈവം അങ്ങ് ആയിരിക്കുന്നതുകൊണ്ടാണ് എന്നു തെളിയുന്നു.

## 61. മഗ്ദലയിത്താ മറിയവും കലിയോപ്പാ മറിയവും ശാലോമും സുഗന്ധദ്രവ്യങ്ങൾ വാങ്ങി, പ്രേതാലയ സന്ദർശനത്തിനായി പുറപ്പെടുന്നു.

മത്താ. ൨൮. ൧; മർക്കോ. ൧൬. ൧-൩.

വിവരണം. ഭക്തസ്ത്രീകൾ, ഒന്നിലധികം സംഘങ്ങളായി പിരിഞ്ഞും, വ്യത്യസ്ത സമയങ്ങളിൽ വിവിധപാഥകളിലൂടെ ഗതാഗതം ചെയ്തും, ആയിരിക്കണം, പ്രേതാലയ സന്ദൎശനങ്ങൾ നടത്തിട്ടുള്ളത്, എന്നത്രെ, പ്രകൃതത്തെ സംബന്ധിച്ചുള്ള പ്രതിപാദനത്തിൽ സങ്കല്പിച്ചിരിക്കുന്നത്. വേദപുസ്തകവ്യാഖ്യാതാക്കളുടെ ശ്രദ്ധയെ സവിശേഷം ആകൎഷിച്ചിട്ടുള്ളതും, അവരുടെയിടയിലുള്ള വാദപ്രതിവാദങ്ങൾക്ക് ഇനിയും അവസാനം വന്നിട്ടില്ലാത്തതും ആയ ഒരു ഘട്ടത്തിലേക്കാണ്, നാം ഇപ്പോൾ പ്രവേശിക്കുന്നത്. ഭക്തസ്ത്രീകൾ നടത്തിയ പ്രേതാലയ സന്ദൎശനങ്ങളുടേയും, അതിനോടനുബന്ധിച്ചുണ്ടായ ദിവ്യദൎശനങ്ങളുടേയും അനുക്രമമാണ് പ്രധാന വാദവിഷയം. സുവിശേഷകന്മാരിൽ ആരും തന്നെ, ക്രമമായും സമഗ്രമായും ഒരു വിവരണം ഇതേസംബന്ധിച്ച സുവിശേഷങ്ങളിൽ രേഖപ്പെടുത്തീട്ടില്ല എന്നുള്ളത് വാദത്തിന്റെ വൈഷമ്യത്തെ വൎദ്ധിപ്പിക്കുകയേ ചെയ്യുന്നുള്ളു. എന്നാൽ, സുവിശേഷങ്ങളിൽ പ്രസ്തുത വിഷയം സംബന്ധിച്ചു, പ്രസ്പഷ്ടമായി പ്രതിപാദിക്കുന്ന ഒട്ടനേക സംഗതികൾ ഉണ്ട്; സംശയാസ്പദമായവയും കുറവല്ല. ആകയാൽ, നിൎവിവാദങ്ങളായ പ്രസ്താവനകളെ ആസ്പദമാക്കി സംഭവങ്ങളുടെ ഒരു അനുക്രമണിക നിൎമ്മിക്കുന്നതിനും, സംശയാസ്പദമായവകളെ അവയോടു യുക്തിപൂൎവ്വം ഘടിപ്പിക്കുന്നതിനും, ഓരോരുത്തൎക്കും സ്വാതന്ത്ര്യമുണ്ട്. വിദഗ്ദ്ധന്മാരുടെയിടയിൽ ഈ വിഷയത്തെ സംബന്ധിച്ച്, ഇത്ര വിപുലമായ വൈപരീത്യം ഉണ്ടാകുന്നതിനുള്ള കാരണവും, ഇതു തന്നെ. ആകയാൽ, അതിൽ അത്ഭുതത്തിനവകാശമില്ലല്ലോ. ഒന്നുരണ്ടു സംഗതികൾ ഒഴിച്ചു, ലോകമഹാപണ്ഡിതനായ കൎദ്ദിനാൾ ലെപ്പിസിയേയുടെ ആശയങ്ങളാണ്, ഇവിടേയും എനിക്കു സ്വീകാൎയ്യമായി തോന്നിയിട്ടുള്ളത്.

മൎക്കോ. ൧൬. ൧. പിന്നെ ശാബതം കഴിഞ്ഞപ്പോൾ[1] മഗ്ദലായിത്താ മറിയവും,[2] യാക്കോബിന്റെ (അമ്മയായ) മറിയവും,[3] ശാലോമും ചെന്നു അവനെ പൂശേണ്ടതിനായി സുഗന്ധദ്രവ്യങ്ങൾ വാങ്ങി.

മത്താ. ൨൮. ൧. എന്നാൽ ആഴ്ച്ചവട്ടത്തിലെ ഒന്നാം ദിവസം പ്രകാശിക്കുന്ന[4] ശാബതത്തിലെ രാത്രിയിൽ[5] ✻ അവർ പ്രേതാലയത്തിലേക്കു വന്നു».

മൎക്കോ; ൧൬. ൩. പ്രേതാലയത്തിന്റെ വാതില്ക്കൽ നിന്നു കല്ല് നമുക്കായി ആർ ഉരുട്ടിമാറ്റും[6] എന്നു അവർ തമ്മിൽ പറഞ്ഞിരുന്നു.

✻ മൎക്കോ. ൧൬. ൨.

## വ്യാഖ്യാനം.

1. "ശാബതം കഴിഞ്ഞപ്പോൾ." ശനിയാഴ്ച സൂൎയ്യാസ്തമനശേഷം എന്നൎത്ഥം.

2. "മഗ്ദ്ലയിത്താ മറിയം." പ്രേതാലയം സന്ദൎശിപ്പാനായി പോയ സ്ത്രീകളുടെ കൂട്ടത്തിൽ, ഇവളുടെ പേർ നാലുസുവിശേഷകന്മാരും പ്രധാനസ്ഥാനത്തു എടുത്തു പറയുന്നതിൽ നിന്നു്, അവരുടെ ഗണത്തിൽ ഇവൾ, സൎവ്വപ്രകാരേണയും അഗ്രഗണ്യയായിരുന്നു എന്നു വേണം ഊഹിപ്പാൻ.

3. "യാക്കോബിന്റെ അമ്മയായ മറിയം." ഇവൾ, യാക്കോബിന്റെയും യേസേയുടേയും (മൎക്കോ. ൧൫. ൪൭.) അമ്മയും, പരി. ദൈവജനനിയുടെ സഹോദരിയും (യോഹ. ൧൯. ൨൫.) ആയ, കലിയോപ്പാ മറിയം ആണു്. വി. മത്തായിയുടെ (൨൮. ൧.) "മറെറ മറിയവും," ഇവൾ അല്ലാതെ മററാരുമല്ല.

4. "ആഴ്ചവട്ടത്തിലെ ഒന്നാം ദിവസം പ്രകാശിക്കുന്നു." സൂൎയ്യോദയം മുതൽ സൂൎയ്യോദയം വരെ, ദിവസം കണക്കാക്കുന്ന പക്ഷം, ദിവസം ആരംഭിക്കുന്നതു് പ്രകാശത്തിലായിരിക്കും. എന്നാൽ, യൂദന്മാർ ദിവസം കണക്കാക്കിയിരുന്നതു്, സൂൎയ്യാസ്തമനം മുതൽ സൂൎയ്യാസ്തമനം വരെ ആയിരുന്നതിനാൽ, അവൎക്കു, ദിവസം ആരംഭിച്ചിരുന്നതു, അന്ധകാരത്തിലായിരുന്നു. എന്നു വരികിലും, ഒരു ദിവസം ആരംഭിക്കുക എന്നുള്ളതിനു്, "ദിവസം പ്രകാശിക്കുന്നു" എന്നത്രെ അവർ സാധാരണ പറഞ്ഞിരുന്നതു്.

5. "ശാബതത്തിലെ രാത്രിയിൽ." ഈ പദപ്രയോഗത്തിനു്, വി. മൎക്കോസിൽനിന്നു് തെളിവായി ഗ്രഹിക്കാവുന്നതുപോലെ, ശാബതം കഴിഞ്ഞശേഷമുള്ള രാത്രിയിൽ എന്നാണു് അൎത്ഥം സങ്കല്പിക്കേണ്ടതു്. ആ സ്ഥിതിക്കു, ശനിയാഴ്ച സൂൎയ്യാസ്തമനം മുതൽ ഞായറാഴ്ച സൂൎയ്യോദയം വരെയുള്ള ഏതു സമയവും, ഈ പദവ്യാപ്തിയിൽ ഉൾപ്പെടുത്താം. വി. ഈറാനീമോസു് സമൎത്ഥിക്കുന്നതു്, വി. മത്തായി, തന്റെ സുവിശേഷത്തിൽ "ശാബതത്തിലെ രാത്രിയിൽ" എന്നു എഴുതാൻ ഇടയില്ലെന്നും, എബ്രായമൂലപ്രതി, ഗ്രീക്കിലേക്കു വിവൎത്തനം ചെയ്കയിൽ, കടന്നുകൂടിയ ഒരു അബദ്ധമാണിതു്, എന്നുമാണു്.

6. "കല്ലു നമുക്കായി ആർ ഉരുട്ടിമാററും." ഈ വാക്യത്തിൽനിന്നു്, വെള്ളിയാഴ്ച സന്ധ്യയ്ക്കു പ്രേതസംസ്കാരവും കഴിഞ്ഞു അവർ മടങ്ങിയശേഷം, ശനിയാഴ്ച യഹൂദപ്രമാണികൾ വന്നു്, പ്രേതാലയത്തിനു മുദ്രവെയ്ക്കുകയും, സൂക്ഷത്തിനായി കാവൽ നിൎത്തുകയും ചെയ്തവിവരം ഒന്നും ആ ഭക്തസ്ത്രീകൾ അറിഞ്ഞതേയില്ല എന്നു തെളിവാകുന്നു.

## 62. ദിവ്യരക്ഷകനായ ഈശോ മരിച്ചവരിൽ നിന്നു് ഉത്ഥാനം ചെയ്യുന്നു.

മത്താ. ൨൮. ൨—൪.

വിവരണം. ന. ദി. രക്ഷകന്റെ ഉത്ഥാനാവസരത്തിൽ ഉണ്ടായ ഭൂകമ്പവും, പ്രേതാലയം മൂടിയിരുന്ന കല്ല്, സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ദൈവദൂതൻ ഉരുട്ടിമാററിയ വിവരവും, വി. മത്തായി മാത്രമെ വിവരിയ്ക്കുന്നുള്ളു. പ്രേതാലയം ഭദ്രമായി അടയ്ക്കപ്പെട്ടും, മുദവെയ്ക്കപ്പെട്ടുമിരിയ്ക്കയിൽതന്നെ, അങ്ങേ സമയം വന്നപ്പോൾ, ദൈവീകമായ അങ്ങേ ശക്തിയാൽ ഈശോ ഉയിർത്തു് എഴുന്നേററു്, അതിൽനിന്നു് വെളിക്കിറങ്ങി. അങ്ങേ മാതാവിന്റെ കന്യാത്വമുദ്ര അഭംഗമായി പാലിച്ചുകൊണ്ടു്, പ. കന്യകയിൽനിന്നു് അവിടന്നു് ഇഹലോകജാതനായതും, വാതിലുകൾ അടച്ചിരിയ്ക്കയിൽ, (യോഹ. ൨൦. ൧൯, ൨൬.) ഒന്നിച്ചുക്രൂടിയിരുന്ന ശിഷ്യന്മാരുടെ മദ്ധ്യേ അങ്ങു പ്രത്യക്ഷനായതും സ്മരിയ്ക്കുമ്പോൾ, ഇവിടേയും അത്ഭുതത്തിനവകാശമില്ല. അങ്ങു് ഉയിർത്തെഴുന്നേററതു്, ആഴ്ചവട്ടത്തിലെ ഒന്നാം ദിവസമായ ഞായറാഴ്ച രാവിലെ, അതായതു്, അർദ്ധരാത്രിയ്ക്കും ഉഷസ്സിനും മദ്ധ്യേയുള്ള ഒരു സമയത്തായിരുന്നു.

മത്താ. ൨൮. ൨. എന്നാൽ ഇതാ! ഒരു വലിയ ഭൂകമ്പമുണ്ടായി[1]. എന്തുകൊണ്ടെന്നാൽ കർത്താവിന്റെ ദൂതൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങി അടുത്തു വന്നു് വാതിയ്ക്കൽ നിന്നു കല്ലുരുട്ടിമാററി അതിന്മേൽ ഇരുന്നിരുന്നു.

൩. അവന്റെ രൂപമോ മിന്നൽപോലെയായിരുന്നു. അവന്റെ വസ്ത്രം വെണ്മഞ്ഞുപോലെ വെളുത്തതുമായിരുന്നു.

൪. കാവൽ കാത്തിരുന്നവർ അവനിലുള്ള ഭയം നിമിത്തം വിറച്ചു; അവർ മരിച്ചവരെപ്പോലെയായി.

## വ്യാഖ്യാനം.

1. "ഇതാ! ഒരു വലിയ ഭൂകമ്പമുണ്ടായി." ഈ ഭൂകമ്പമുണ്ടായതു്, വി. അഗുസ്തീനോസ് പ്രസ്താവിയ്ക്കുന്നതുപോലെ, രക്ഷകൻ ഉയിർത്തെഴുന്നേററ നേരത്തല്ല; പ്രത്യുത, മാലാഖാ, പ്രേതാലയത്തിന്റെ മൂടികക്കല്ലു ഉരുട്ടി മാററിയ സമയത്താണു്. മാലാഖാ പ്രസ്തുത കല്ലു ഉരുട്ടി മാററിയതു്, ഈശോ മരിച്ചവരിൽ നിന്നു് ഉയിർത്തെഴുന്നേററു എന്നുള്ള വസ്തുത, ഏവർക്കും പ്രസ്പഷ്ടമാകേണ്ടതിനായിട്ടായിരുന്നു.

63. പ്രേതാലയവാതിൽ മൂടിയിരുന്ന കല്ല് ഉരുട്ടിമാററിയിരിയ്ക്കുന്നതു് കണ്ടയുടനെ, മഗ്ദ്ലയിത്താ മറിയം തനിയേ കേപ്പായുടേയും യോഹന്നാന്റേയും പക്കലേയ്ക്കു ഓടുന്നു.

മർക്കോ. ൧൬. ൪; യോഹ. ൨൦. ൨.

വിവരണം. പ്രേതാലയസന്ദൎശനത്തിനായി പുറപ്പെട്ട ഭക്തസ്ത്രീകളുടെ ഒന്നാം സംഘത്തിലെ പ്രധാനാംഗങ്ങൾ, മഗ്ദലയിത്താ മറിയവും, കലിയോപ്പാ മറിയവും, ശാലോമും ആയിരുന്നു എന്നാണല്ലോ നമ്മുടെ സങ്കല്പം. ഉയിൎത്തെഴുന്നേററ ഈശോ, ആദ്യമായി പ്രത്യക്ഷനായതു് മഗ്ദലയിത്താ മറിയത്തിനാണു് എന്നു വി. മർക്കോസു് (൧൬. ൯.) പ്രകടമായി പ്രസ്താവിക്കുന്നു. സംഭവങ്ങളുടെ അനുക്രമം, ഈ പ്രസ്താവനയോടു യോജിക്കുവാൻവേണ്ടി, മഗ്ദലയിത്താ മറിയം ഈ ഘട്ടത്തിൽ അവളുടെ വിശ്വസ്ത സഖികളിൽനിന്നു പിരിഞ്ഞു്, തനിയെ കേപ്പായുടെയും യോഹന്നാൻെറയും പക്കലേക്കു് പോയി എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. വി. യോഹന്നാൻെറ പ്രസ്താവന, (൨൦. ൨.) ഈ സങ്കല്പത്തെ പിൻതാങ്ങുന്നുണ്ടു്; എന്തുകൊണ്ടെന്നാൽ, പ്രേതാലയം മൂടിയിരുന്ന കല്ലു മാറിക്കിടക്കുന്നതായി കണ്ടയുടനെ, മഗ്ദലയിത്താ മറിയം, ശ്ലീഹന്മാരുടെ പക്കലേക്കു് ഓടി എന്നു അദ്ദേഹം പറയുന്നു. എന്നാൽ, ഞായറാഴ്ച രാവിലെ മഗ്ദലയിത്താ മറിയം പ്രേതാലയം സന്ദൎശിച്ചതായി വി. യോഹന്നാൻ (൨൦. ൧.) പറയുമ്പോൾ, അവൾ മാത്രം സന്ദൎശിച്ചു എന്നല്ല സുവിശേഷകൻ ഉദ്ദേശിക്കുന്നതു്, പ്രത്യുത, സന്ദൎശിച്ചവരുടെ ഗണത്തിൽ അവൾ പ്രമുഖ ആയിരുന്നു എന്നുമാത്രം. ഗ്രീക്കു്, ലത്തീൻ പ്രതികൾ, ഈ അഭിപ്രായത്തെ ആദരിക്കുന്നുമുണ്ടു്. എന്തെന്നാൽ, 'അവർ അവനെ എവിടെവെച്ചു എന്നു് "ഞങ്ങൾ" അറിയുന്നില്ല' (യോഹ. ൨൦. ൨.) എന്നത്രെ, മഗ്ദലയിത്താ മറിയം അവലാതി പറയുന്നതായി, പ്രസ്തുത പ്രതികളിൽ കാണുന്നതു്. 'ഞങ്ങൾ' എന്നു അവൾ പറയുമ്പോൾ, അവളുടെകൂടെ, സന്ദൎശനാവസരത്തിൽ, മററാളുകളും ഉണ്ടായിരുന്നു എന്നു സ്പഷ്ടമാകുന്നുണ്ടല്ലൊ.

മർക്കോ. ൧൬. ൪. (മഗ്ദലയിത്താ മറിയവും മററു സ്ത്രീകളും പ്രേതാലയത്തോടു സമീപിച്ചപ്പോൾ) അവർ നോക്കി.1 ആ കല്ലു ഉരുട്ടി മാററിയിരിക്കുന്നതായി അവർ കണ്ടു. എന്തെന്നാൽ അതു വളരെ വലുതായിരുന്നു.

യോഹ. ൨൦. ൨. ആകയാൽ (മഗ്ദലയിത്താമറിയം) ഓടി ശെമ്ഓൻ കേപ്പായുടെ അടുക്കലും ഈശോ സ്നേഹിച്ചിരുന്ന മറേറ ശിഷ്യൻെറ അടുക്കലും ചെന്നു അവരോടു: നമ്മുടെ കൎത്താവിനെ ആ പ്രേതാലയത്തിൽ നിന്നു അവർ എടുത്തുകൊണ്ടുപോയി, 2 അവർ അവനെ എവിടെവെച്ചു എന്നു ഞാൻ അറിയുന്നില്ല എന്നു പറയുന്നു.

## വ്യാഖ്യാനം.

1. "അവർ നോക്കി." പ്രേതാലയത്തിലേക്കു അവർ നടന്നുപോകുകയിൽ, ദുഃഖവും സ്ത്രീസഹജമായ വിനയവും നിമിത്തം, അവർ കണ്ണുകൾ താഴ്ത്തി നടന്നിരുന്നു എന്നു ഇതിൽ നിന്നു തെളിയുന്നു. മാത്ര

മല്ല, കണ്ണുകൾ ഉയത്തി നോക്കത്തക്കവിധം ഒരു ഉയൎന്നസ്ഥലത്തായിരുന്നു പ്രേതാലയം സ്ഥിതിചെയ്തിരുന്നതു്.

2. "അവർ എടുത്തുകൊണ്ടുപോയി." ഭക്തസ്ത്രീകൾ ഈശോയെ അഭിഷേചിയ്ക്കുന്നതിനായി സുഗന്ധദ്രവ്യങ്ങൾ ശേഖരിച്ച ഞായറാഴ്ച അതിരാവിലെ കുഴിമാടത്തിങ്കലേയ്ക്കു പുറപ്പെട്ടതിൽനിന്നും, കുഴിമാടത്തിൻെറ മൂടികക്കല്ലു ഉരുട്ടിമാററിയിരിയ്ക്കുന്നതു കണ്ട മഗ്ദലയിത്താമറിയം, ഈശോയുടെ ദിവ്യശരീരം ആരോ എടുത്തുകൊണ്ടുപോയി എന്നു സംശയിച്ച വിലപിയ്ക്കുന്നതിൽ നിന്നും, കുഴിമാടം സന്ദൎശിച്ചശേഷം കേപ്പായിൽ പ്രത്യക്ഷപ്പെട്ട മനോഭാവത്തിൽനിന്നും (ലൂക്കാ.൨൪.൧൨.), മ്ശിഹായുടെ ഉത്ഥാനത്തെക്കുറിച്ചു അങ്ങു പലപ്രാവശ്യം (മത്താ. ൧൬. ൨൧; ൨൦. ൧൯.) ശിഷ്യഗണത്തോടും ഭക്തസ്ത്രീകളോടു തന്നേയും (ലൂക്കാ. ൨൪. ൬, ൭.) പ്രവചിച്ചിട്ടുണ്ടായിരുന്നതു് അവർ സ്മരിയ്ക്കുകയാകട്ടെ, ഗ്രഹിയ്ക്കുകയാകട്ടെ, വിശ്വസിക്കുകയാകട്ടെ, ചെയ്തിരുന്നില്ല എന്നു തെളിവാകുന്നു.

## 64. കലിയോപ്പാ മറിയവും ശാലോമും പ്രേതാലയത്തിൽ പ്രവേശിയ്ക്കുന്നു. ദൈവദൂതൻെറ സന്ദേശം ശിഷ്യന്മാരെ അറിയിപ്പാനായി, പ്രേതാലയം വിട്ടു, അവർ ദ്രുതഗതിയിൽ പോകുന്നു.

മത്താ. ൨൮. ൫-൭; മൎക്കോ. ൧൬. ൫-൭.

വിവരണം. മഗ്ദലയിത്താമറിയാ കൂട്ടംവിട്ടു ശ്ലീഹന്മാരുടെ പക്കലേക്കു ഓടിപ്പോയശേഷം, കലിയോപ്പാമറിയവും ശാലോമും അടുത്തുചെന്നു്, പ്രേതാലയത്തിൽ പ്രവേശിച്ചു. അതിൽ അവർ കണ്ട കാഴ്ചയേയും അവിടെവെച്ചു നടന്ന ദൈവദൂത സന്ദേശത്തേയും, അനന്തരസംഭവങ്ങളേയും സംബന്ധിച്ചുള്ള ഒരു പരിപൂൎണ്ണവിവരം, ആദ്യത്തെ രണ്ടു സുവിശേഷകന്മാരിൽനിന്നു നമുക്കു ലഭിക്കുന്നുണ്ടു്.

മൎക്കോ. ൧൬. ൫. (യാക്കോബിൻെറ അമ്മയായ കലിയോപ്പാ മറിയവും ശാലോമും) പ്രേതാലയത്തിൽ പ്രവേശിച്ചു [1]. അപ്പോൾ വെള്ളവസ്ത്രം ധരിച്ച ഒരു യുവാവു് [2] വലത്തുവശത്തു് ഇരിയ്ക്കുന്നതു കണ്ടു് അവർ ഭ്രമിച്ചു

മത്താ. ൨൮. ൫. എന്നാൽ (ദൈവ) ദൂതൻ സ്ത്രീകളോടു് ഉത്തരമായി പറഞ്ഞു: നിങ്ങൾ ഭയപ്പെടേണ്ട; എന്തെന്നാൽ നിങ്ങൾ കുരിശിൽ തറയ്ക്കപ്പെട്ട « നസ്രായനായ » ഈശോയെ അന്വേഷിയ്ക്കുന്നു എന്നു ഞാൻ അറിയുന്നു.

൬. അവൻ ഇവിടെയില്ല; എന്തുകൊണ്ടെന്നാൽ, താൻ അരുളിച്ചെയ്തിരുന്നതുപോലെ, അവൻ ഉയിൎത്തെഴുന്നേററു [3]. നി

ങ്ങൾ വന്ന് നമ്മുടെ കർത്താവു വെയ്ക്കപ്പെട്ടിരുന്ന സ്ഥലം കാണുവിൻ.

൭. നിങ്ങളോ വേഗംപോയി: അവൻ മരിച്ചവരുടെയിടയിൽനിന്ന് ഉയിർത്തെഴുന്നേററു എന്നും, അവൻ നിങ്ങൾക്കു മുമ്പായി ഗ്ലീലായിലേയ്ക്കു പോകുന്നു (എന്നും), ¶ അവൻ നിങ്ങളോടു അരുളിച്ചെയ്തിരുന്നതുപോലെ അവിടെ അവനെ നിങ്ങൾ കാണും4 എന്നും, അവന്റെ ശിഷ്യന്മാരോടും, കേപ്പായോടും5 പറയുവിൻ». ഇതാ! നിങ്ങളോടു ഞാൻ പറഞ്ഞിരിയ്ക്കുന്നു.

മർക്കൊ. ൧൬. ൮. (ഇതു) കേട്ടപ്പോൾ പ്രേതാലയത്തിൽനിന്ന് അവർ ഭയന്നോടിയിറങ്ങി. § ആകയാൽ അവർ പ്രേതാലയത്തിങ്കൽ നിന്നു ഭയത്തോടും വലിയ സന്തോഷത്തോടുംകൂടി 6 വേഗം പോയി». അവർ ഭയപ്പെട്ടിരുന്നതുകൊണ്ടു ആരോടും ഒന്നും പറഞ്ഞില്ല.7 § അവന്റെ ശിഷ്യരോടു പറയുവാനായി അവർ ഓടിയിരുന്നു».

* മർക്കൊ. ൧൬. ൬. ¶ മർക്കൊ. ൧൬. ൭. § മത്താ. ൨൮. ൮.

## വ്യാഖ്യാനം.

1. "പ്രേതാലയത്തിൽ പ്രവേശിച്ചു." യഹൂദന്മാരുടെ പ്രേതാലയങ്ങൾക്ക്, അവരുടെ സ്ഥിതിഗതികൾക്കനുസരണമായി, രണ്ടും മൂന്നും, അപ്പൂഴും ചിലപ്പോൾ ഏഴുവരെയും, മുറികൾ ഉണ്ടായിരിക്കുക പതിവായിരുന്നു. മ്ശിഹാ സംസ്കരിയ്ക്കപ്പെട്ട റാംസയൌസേപ്പിന്റെ കുഴിമാടത്തിൽ, രണ്ടു മുറികൾ മാത്രമെ ഉണ്ടായിരുന്നുള്ളു എന്നു വിചാരിയ്ക്കുന്നതാണ് കൂടുതൽ ന്യായം. അതിൽ, പ്രവേശനദ്വാരത്തോടു സമീപെയുള്ള മുറിയിലത്രെ ഭക്തസ്ത്രീകൾ കയറി നിന്നതും, ദൈവദൂതൻ ഇരിക്കുന്നതായി അവർക്കു പ്രത്യക്ഷനായതും. മ്ശിഹായുടെ ദിവ്യശരീരം സംസ്ക്കരിയ്ക്കപ്പെട്ടിരുന്നത്, രണ്ടാമത്തെ മുറിയിൽ ആയിരുന്നു എന്നുള്ളതിന്, "നിങ്ങൾ വന്നു നമ്മുടെ കർത്താവു വെയ്ക്കപ്പെട്ടിരുന്ന സ്ഥലം കാണുവിൻ" എന്നുള്ള മാലാകായുടെ ക്ഷണം സാക്ഷ്യം വഹിയ്ക്കുന്നുണ്ട്.

2. "ഒരു യുവാവ്." യുവാവിന്റെ ഭാഷയായി, ഒരു ദൈവദൂതൻ, എന്നർത്ഥം. മ്ശിഹായുടെ ഉത്ഥാനത്തിൽ, കാവൽനിന്നിരുന്ന സേവകന്മാർക്കു മാലാകാ പ്രത്യക്ഷനായതു്, ഭയാനകമായ മിന്നൽപോലെയായിരുന്നു; ഭക്തസ്ത്രീകൾക്കാകട്ടെ, സൌമ്യനും വെള്ളവസ്ത്രം ധരിച്ചവനുമായ ഒരു യുവാവായിട്ടായിരുന്നു. മാത്രമല്ല, അവിചാരിതമായി അവർക്കുണ്ടായ ആ ദർശനംമൂലം ഭയവിഹ്വലകളായ ആ സ്ത്രീകളോടു, "നിങ്ങൾ ഭയപ്പെടേണ്ടാ" എന്നു പറഞ്ഞു അവരെ സമാശ്വസിപ്പിയ്ക്കുകയത്രെ ആ വാനോരൂപി ചെയ്തതു്.

3. "താൻ അരുളിച്ചെയ്തിരുന്നതുപോലെ അവൻ ഉയിൎത്തെഴുന്നേറ്റു." അവിടുത്തെ ഉയിൎപ്പിനെ സംബന്ധിച്ചു സംസാരിച്ചപ്പോൾ ഒക്കെയും, അങ്ങു് മൂന്നാംനാൾ ഉയിൎത്തെഴുന്നേൽക്കുമെന്നത്രെ ഈശോ അരുളിച്ചെയ്തിട്ടുള്ളതു് (മത്താ. ൧൬. ൨൧; ൨൦. ൧൯; യോഹ. ൨. ൧൯.). മ്ശിഹായുടെ പ്രസ്തുത പ്രവചനം, അവിടുന്നു ഉദ്ദേശിച്ച അൎത്ഥത്തിൽ തന്നെയാണു് യൂദന്മാർ ഗ്രഹിച്ചതെന്നു്, അവിടുത്തെ സംസ്കാരത്തിനുശേഷം, പ്രേതാലയം "മൂന്നാംദിവസം വരെ" (മത്താ. ൨൭. ൬൪.) കാക്കപ്പെടണമെന്നു് പീലാത്തോസിനോടു അവർ അഭ്യൎത്ഥിച്ചതിൽനിന്നു തെളിവാകുന്നുണ്ടു്. യൂദന്മാർ ദിവസം കണക്കാക്കിയിരുന്നതു്, സായാഹ്നം മുതൽ സായാഹ്നം വരെയാണെന്നു മുൻപു പറഞ്ഞിട്ടുണ്ടല്ലൊ. അങ്ങനെയുള്ള ദിവസത്തിന്റെ ഏതെങ്കിലും ഒരു ഭാഗത്തിനും, ദിവസം, എന്നുതന്നെയാണു് അവർ പറഞ്ഞിരുന്നതു്. ആകയാൽ, യൂദന്മാരുടെ സംസാരരീതി അനുസരിച്ചു, മ്ശിഹാ അവിടുത്തെ ഉയിൎപ്പിനെക്കുറിച്ചു സംസാരിക്കുകയും, അങ്ങു് ഉദ്ദേശിച്ചതുപോലെതന്നെ യൂദന്മാർ അതു് ഗ്രഹിക്കുകയും, അവർ ഗ്രഹിച്ചതുപോലെതന്നെ, അങ്ങു് ഉയിൎത്തു എഴുന്നേൽക്കുകയും ആണു് ഉണ്ടായതു്. എങ്ങനെയെന്നാൽ, വെള്ളിയാഴ്ച സന്ധ്യക്കുമുൻപു് അങ്ങു സംസ്കരിക്കപ്പെടുകയും, ഞായറാഴ്ച അതിരാവിലെ അങ്ങു ഉയിൎക്കുകയും ചെയ്തു. അതായതു, വെള്ളിയാഴ്ച സന്ധ്യവരെ ഒന്നാം ദിവസം, വെള്ളിയാഴ്ച സന്ധ്യമുതൽ ശനിയാഴ്ച സന്ധ്യവരെ രണ്ടാം ദിവസം, ശനിയാഴ്ച സന്ധ്യമുതൽ ഞായറാഴ്ച ഉഷസ്സുവരെ മൂന്നാംദിവസം. ഇങ്ങനെ, മൂന്നാംനാൾ, അങ്ങു മരിച്ചവരിൽനിന്നു ഉയിൎത്തെഴുന്നേറ്റു. എന്നാൽ, വി. മത്തായിയുടെ (൧൨. ൪൦.) "മൂന്നു രാവും മൂന്നു പകലും" എന്നുള്ള പ്രയോഗം ഈ വ്യാഖ്യാനത്തിനു വിരോധമല്ല. എന്തെന്നാൽ, യൂദന്മാർ ഒരു ദിവസം എന്നു പറയുന്നതിനുപകരം, സംസാരഭാഷയിൽ "ഒരു രാവും ഒരു പകലും" എന്നുകൂടെയും സാമാന്യം പറയുക പതിവായിരുന്നു. ആകയാൽ, "മൂന്നു രാവും മൂന്നു പകലും" എന്നതിനു, മൂന്നുദിവസം എന്നേ അൎത്ഥം കല്പിക്കേണ്ടതുള്ളു.

4. "അവൻ നിങ്ങളോടു അരുളിച്ചെയ്തിരുന്നതുപോലെ .... നിങ്ങൾ കാണും." അവിടുത്തെ പീഡാനുഭവം ആരംഭിക്കുന്നതിനു മുമ്പായി, പെസ്ഹാ വ്യാഴാഴ്ചരാത്രി, മ്ശിഹാ സ്വശിഷ്യരോടുകൂടെ ഗെത്സെമനി തോട്ടത്തിലേക്കു പോകുന്ന വഴിമദ്ധ്യേ, അങ്ങു് ഉയിൎത്തെഴുന്നേൽക്കുമ്പോൾ, അവൎക്കു മുമ്പായി ഗ്ലീലായിലേക്കു താൻ പോകുമെന്നു ശിഷ്യരോടു അരുളിച്ചെയ്തിരുന്നു (മർക്കോ. ൧൪. ൨൮.). അങ്ങു് ഉയിൎത്തെഴുന്നേറ്റശേഷം, യൂദായിൽവെച്ചു ചില ദിവ്യദൎശനങ്ങൾ ചിലൎക്കൊക്കെ നൽകി എങ്കിലും, അവ അപൂൎവ്വമായിട്ടും നന്നാ രഹസ്യമായിട്ടുമായിരുന്നു. അവിടുത്തെ ദിവ്യദൎശനങ്ങളിൽ പരസ്യമായും പൊതുവായുമുള്ളവ, ഗ്ലീലായിൽവെച്ചു നടത്തണമെന്നായിരുന്നു അവിടത്തെ ഉദ്ദേശ്യം. അതിനുള്ള പ്രധാനകാരണം, അവിടുത്തെ പരസ്യജീവിതത്തിന്റെ വലിയ ഒരു ഭാഗം കഴിച്ചതും, അത്ഭുതങ്ങളിൽ പലതും പ്രവൎത്തിച്ചതും, ഗ്ലീലായിൽവെച്ചായിരുന്നുവെന്നുള്ളതുതന്നെ.

5. "ശിഷ്യന്മാരോടും കേപ്പായോടും." മ്ശിഹായുടെ കാരുണ്യാതിരേകം നോക്കുക! അങ്ങേ പീഡാനുഭവത്തിൽ അങ്ങേ വിട്ട് ഓടിപ്പോയ ശിഷ്യരെ പൊതുവായും, മൂന്നു പ്രാവശ്യം അങ്ങേ നിഷേധിച്ച കേപ്പായെ പ്രത്യേകിച്ചും, അവിടുന്നു സ്മരിക്കുന്നു. അങ്ങേ ഉയിർപ്പിന്റെ സന്തോഷവാർത്ത അവരെ അറിയിക്കുന്നതിന് ഭക്തസ്ത്രീകളെ ദൂതഗതിയിൽ, അങ്ങേ ദൂതൻമൂലം നിയോഗിക്കുന്നു. "കൈപ്പോടുകൂടി കരഞ്ഞ" വി. പത്രോസിന്റെ അനുതാപം, അദ്ദേഹത്തിന്റെ അപരാധത്തെ മായിച്ചുകളഞ്ഞുവെന്നല്ലേയോ ഈ സന്ദേശം വിളിച്ചറിയിക്കുന്നത്?

6. "ഭയത്തോടും വലിയ സന്തോഷത്തോടുംകൂടി." വ്യത്യസ്തങ്ങളായ രണ്ടു മനഃസ്ഥിതികളായിരുന്നു ആ സ്ത്രീകൾക്കു അപ്പോൾ ഉണ്ടായിരുന്നത്. അപ്രതീക്ഷിതവും അൽഭുതാവഹവും ആയ സംഭവങ്ങൾ ദർശിക്കുകമൂലം, ഭയവും, അവരുടെ സ്നേഹനാഥന്റെ ഉത്ഥാനത്തെ സംബന്ധിച്ചുള്ള മാധുര്യവാർത്ത ശ്രവിക്കുകയിൽ, അത്യന്തം സന്തോഷവും, അവരിൽ പ്രത്യക്ഷപ്പെട്ടിരുന്നു.

7. "ആരോടും ഒന്നും പറഞ്ഞില്ല." മ്ശിഹാ ഉത്ഥിതനായി എന്നുള്ള സന്തോഷവാർത്ത കഴിയുന്നതും വേഗം, പത്രോസിനോടും മറ്റു ശിഷ്യന്മാരോടും അറിയിക്കണം എന്നായിരുന്നു ഭക്തസ്ത്രീകൾക്കു മാലാകാ നൽകിയ സന്ദേശം. ആ കല്പന നിറവേറ്റുവാൻ അവർ ഓടിയിരുന്നു എന്നു വി. മത്തായി പറയുന്നു. ആകയാൽ, "ആരോടും ഒന്നും പറഞ്ഞില്ല" എന്നു വി. മർക്കോസു പറയുന്നത്, അതിവേഗം ശിഷ്യരുടെ പക്കൽ ചെന്നെത്തുന്നതിന് തടസ്സമാകത്തക്കവിധം, വഴിയിൽ അന്യരോടു ആരോടും ഒന്നും പറഞ്ഞില്ല എന്നത്രെ ധരിക്കേണ്ടത്.

## 65. ഗ്ലീലായിൽ നിന്നു ഈശോയോടുകൂടി വന്നിരുന്ന മററു സ്ത്രീകൾ, സുഗന്ധദ്രവ്യങ്ങളും കൊണ്ടു പ്രേതാലയത്തിൽ വരുന്നു. അവരും ദിവ്യസന്ദേശം ശ്രവിച്ച് പിന്തിരിയുന്നു.

ലൂക്കാ. ൨൪. ൧-൰.

വിവരണം. പ്രേതാലയം സന്ദർശിക്കുന്നതിനായി പുറപ്പെട്ട ഒരു സംഘം, രണ്ടായി പിരിഞ്ഞത് നാം കണ്ടുവല്ലോ. വി. ലൂക്കായുടെ പ്രതിപാദനരീതി പരിശോധിക്കുമ്പോൾ (൨൩.൫൫, ൫൬; ൨൪. ൧.), ഈ സംഘം മൂന്നാമത് ഒന്നെന്നു വിചാരിക്കുവാനാണ് കൂടുതൽ ന്യായം. മഗ്ദലയിത്താമറിയവും, കലിയോപ്പാമറിയവും, ശാലോമും കഴിഞ്ഞാൽ, പിന്നെ ഭക്തസ്ത്രീകളിൽ വെച്ചു, പേർതിരിച്ചു പറഞ്ഞിട്ടുള്ളതായി കാണുന്നത്, ഹേറോദേസിന്റെ വീട്ടധികാരിയായ കൂസായുടെ (ലൂക്കാ. ൮. ൩.) ഭാര്യ, യോഹാൻ മാത്രം (ലൂക്കാ. ൨൪. ൧൦.) ആയിരിക്കയാൽ, ഇവൾ ആയിരുന്നിരിക്കണം മൂന്നാമത്തെ സംഘത്തിന്റെ അദ്ധ്യക്ഷ എന്ന് വ്യാഖ്യാതാക്കളിൽചിലർ യുക്തിപൂർവ്വം അനുമാനിക്കുന്നു.

ലൂക്കാ. ൨൪. ൧. ആഴ്ചവട്ടത്തിലെ ഒന്നാംദിവസം രാവിലെ ഇരുട്ടായിരിയ്ക്കയിൽ തന്നെ * ഗ്ലീലായിൽനിന്ന അവനോടുകൂടിവന്നിരുന്ന ആ സ്ത്രീകൾ» പ്രേതാലയത്തിങ്കൽവന്നു. ഒരുക്കിയിരുന്ന സുഗന്ധദ്രവ്യങ്ങളും അവർ കൊണ്ടുവന്നു. അവരോടുകൂടി മററു സ്ത്രീകളുമുണ്ടായിരുന്നു.

൨. അപ്പോൾ പ്രേതാലയത്തിൽനിന്ന കല്ലുരുട്ടി മാററപ്പെട്ടിരിയ്ക്കുന്നതായി അവർ കണ്ടു.

൩. അവർ അകത്തുകടന്നു. എന്നാൽ ഈശോയുടെ ശരീരം അവർ കണ്ടില്ല.

൪. അവർ ഇതിനെക്കുറിച്ചു വിസ്മയിക്കകയിൽ സംഭവിച്ചതെന്തെന്നാൽ: ഇതാ! രണ്ടു പുരുഷന്മാർ[1] അവരുടെ സമീപത്തു (വന്നു) നിന്നു. അവരുടെ വസ്ത്രമോ തിളങ്ങിയിരുന്നു.

൫. അതിനാൽ അവർ ഭയപ്പെട്ടു തങ്ങളുടെ മുഖം നിലത്തേയ്ക്കു കുനിച്ചു. [2] അപ്പോൾ അവർ അവരോടു പറയുന്നു: ജീവനോടുകൂടിയിരിക്കുന്നവനെ മരിച്ചവരുടെയിടയിൽ നിങ്ങൾ അന്വേഷിയ്ക്കുന്നതെന്തു്?

൬. അവൻ ഇവിടെയില്ല. അവൻ ഉയിർത്തെഴുന്നേററു. അവൻ ഗ്ലീലായിൽ (ആയിരിയ്ക്കയിൽ) നിങ്ങളോടു അരുളിച്ചെയ്തതു് ഓർക്കുവിൻ:

൭. മനുഷ്യപുത്രൻ പാപികളായ മനുഷ്യരുടെ കൈകളിൽ ഏല്പിക്കപ്പെടുവാനും, കുരിശിൽ തറയ്ക്കപ്പെടുവാനും, മൂന്നാം ദിവസം ഉയിർത്തെഴുന്നേല്ക്കുവാനുമിരിയ്ക്കുന്നു എന്നു അവൻ അരുളിച്ചെയ്തിരുന്നുവല്ലോ.

൮. അപ്പോൾ അവർ അവൻെറ വാക്കുകൾ ഓർത്തു. [3]

൯. അവർ പ്രേതാലയത്തിൽനിന്നു മടങ്ങിപ്പോയി.

* ലൂക്കാ. ൨൩. ൫൫.

## വ്യാഖ്യാനം.

1. "രണ്ടു പുരുഷന്മാർ." പുരുഷവേഷത്തിൽ പ്രത്യക്ഷരായ രണ്ടു ദൈവദൂതന്മാർ.

2. "മുഖം നിലത്തേക്കു കുനിച്ചു." തിളങ്ങുന്ന വസ്ത്രം ധരിച്ച മാലാക്കാമാരെ കണ്ടതിനാലുണ്ടായ ഭയത്താലും, പുരുഷവേഷധാരികളായ അവരുടെ മുൻപാകെ, വിനയസമന്വിതങ്ങളായ ആചാരോപചാരങ്ങളാൽ പ്രേരിതരായും, അവർ തലകുനിച്ചു നിന്നിരുന്നു.

3. "അപ്പോൾ അവർ അവൻെറ വാക്കുകൾ ഓർത്തു." സുവിശേഷകൻെറ ഈ വാക്കുകളിൽ നിന്നും, മുൻ ൻ—ാംവാക്യത്തിൽ മാലാകാ അരുളിച്ചെയ്തതിൽനിന്നും, മ്ശിഹാ, അങ്ങേ പീഡാനുഭവത്തേയും, മരണത്തേയും, ഉയിപ്പിനേയും കുറിച്ചു, സ്വശിഷ്യരോടു മാത്രമല്ല, അങ്ങേ അനുഗമിച്ചിരുന്ന ഭക്തസ്ത്രീകളുടെ ഗണത്തോടും അരുളിച്ചെയ്തിട്ടുണ്ടായിരുന്നു എന്നു സുഷ്ടമാകുന്നു.

66. മഗ്ദലയിത്താമറിയത്തിൻെറ പ്രസ്താവനകേട്ട്, കേപ്പായും യോഹന്നാനും കല്ലറയിലേയ്ക്കു ഓടിവരുന്നു. കല്ലറ സന്ദർശിച്ചു അവർ മടങ്ങുന്നു.

യോഹ. ൨൦. ൩-൧൦.

വിവരണം. ഈ സംഭവം വി. യോഹന്നാൻ മാത്രമേ വിവരിക്കുന്നുള്ളു. ശ്ലീഹന്മാരെ വിവരം അറിയിച്ചശേഷം, മഗ്ദലയിത്താ മറിയത്തിൻെറ അനന്തര പ്രവൃത്തികൾ എന്തായിരുന്നുവെന്ന് സുവിശേഷകൻ തെളിവായി പറയുന്നില്ലെങ്കിലും, വി. പത്രോസും താനും, കുഴിമാടത്തിങ്കൽ നിന്ന് മടങ്ങിപ്പോകയിൽ, മഗ്ദലയിത്താ മറിയം കരഞ്ഞുകൊണ്ടു പ്രേതാലയത്തിനു സമീപെ നിന്നിരുന്നു, (യോഹ. ൨൦. ൧൧.) എന്നു പ്രസ്താവിക്കുന്നതിൽനിന്ന്, കുഴിമാടത്തിങ്കലേയ്ക്കു ഓടിയിരുന്ന ശിഷ്യന്മാരെ, കുറെ അകലെ ആയിട്ടെങ്കിലും അവൾ അനുഗമിച്ചിരുന്നെന്നും, അവർ പ്രേതാലയം വിട്ടു മടങ്ങുന്നതിന് സ്വല്പം മുമ്പായിട്ടെങ്കിലും, അവിടെ വന്നെത്തിയിരിക്കണം എന്നും, അനുമാനിക്കാവുന്നതാണ്.

യോഹ. ൨൦. ൩. അപ്പോൾ ശെമ്ഓനും ആ മറേറ ശിഷ്യനും പുറപ്പെട്ട്, പ്രേതാലയത്തിങ്കലേയ്ക്കു വന്നിരുന്നു.

൪. മാത്രമല്ല, അവർ ഇരുവരും ഒരുമിച്ചു ഓടിയിരുന്നു. എന്നാൽ ആ ശിഷ്യൻ ശെമ്ഓൻെറ മുമ്പിൽ ഓടി ഒന്നാമനായി പ്രേതാലയത്തിങ്കൽ വന്നു,

൫. നോക്കി, വക്കശീലകൾ മാററി വെയ്ക്കപ്പെട്ടിരിക്കുന്നതു കണ്ടു. എങ്കിലും അവൻ പ്രവേശിച്ചതേയില്ല. [1]

൬. എന്നാൽ ശെമ്ഓൻ അവൻെറ പിന്നാലെ വന്നു പ്രേതാലയത്തിൽ പ്രവേശിച്ച്, വക്കശീലകൾ മാററിവെയ്ക്കപ്പെട്ടിരിക്കുന്നതും,

൭. അവൻെറ തലയിൽ കെട്ടപ്പെട്ടിരുന്ന റുമാൽ വക്കശീലകളോടുകൂടിയല്ലാതെ ചുരുട്ടി തനിയെ ഒരിടത്തു വെയ്ക്കപ്പെട്ടിരിക്കുന്നതും കണ്ടു.

൮. അപ്പോൾ ഒന്നാമനായി വന്ന ആ മറേറ ശിഷ്യനും പ്രേതാലയത്തിൽ പ്രവേശിച്ചു കണ്ടു വിശ്വസിച്ചു. 2

൯. എന്തുകൊണ്ടെന്നാൽ അവൻ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേല്ക്കുവാനിരുന്നു എന്നു തിരുവെഴുത്തുകളിൽ നിന്നു അതുവരെ അവർ അറിഞ്ഞിരുന്നില്ല.

൧൦. പിന്നെ ആ ശിഷ്യന്മാർ തങ്ങളുടെ സ്ഥലത്തേയ്ക്കു മടങ്ങിപ്പോയി.

### വ്യാഖ്യാനം.

1. "എങ്കിലും അവൻ പ്രവേശിച്ചതേയില്ല." കഴിമാടത്തിങ്കൽ ആദ്യംവന്നെത്തിയതു് വി. യോഹന്നാൻ ആയിരുന്നെങ്കിലും, അദ്ദേഹം അതിൽ പ്രവേശിക്കാതെ മാറിനിന്നതു്, അവരിൽ മൂത്തയാളും സ്ഥാനമഹിമയുള്ളവനും ആയ വി. പത്രോസിനെ ബഹുമാനിപ്പാൻവേണ്ടി ആയിരുന്നു.

2. "പ്രേതാലയത്തിൽ പ്രവേശിച്ചു്, കണ്ടു വിശ്വസിച്ചു." കല്ലറയിൽ പ്രവേശിച്ച വി. യോഹന്നാൻ കണ്ടു വിശ്വസിച്ചതു്, മ്ശീഹാ മരിച്ചവരിൽനിന്നു ഉയിർത്തെഴുന്നേററു എന്നുള്ള സംഗതിയാണെന്നു് വി. ക്രിസോസ്തോമോസും, അതല്ല, മഗ്ദലയിത്താ മറിയം അറിയിച്ചതുപോലെ, പ്രേതാലയത്തിൽ മ്ശീഹായുടെ ശരീരം കാണുന്നില്ല എന്നുള്ള വസ്തുതയത്രെ, എന്നു് വി. അഗസ്തീനോസും വ്യാഖ്യാനിക്കുന്നു. പ്രബലവും യുക്തിയുക്തവുമായ അഭിപ്രായം രണ്ടാമത്തേതാണു്.

## 67. ശെമ്ഓൻ കേപ്പായേയും യോഹന്നാനേയും വിവരം അറിയിച്ചശേഷം, കല്ലറയിലേയ്ക്കു മടങ്ങിവന്ന മഗ്ദലയിത്താമറിയം, കരഞ്ഞുകൊണ്ടു നില്ക്കയിൽ ഉയിർത്തെഴുന്നേററ ഈശോ അവൾക്കു പ്രത്യക്ഷനാകുന്നു.

മർക്കോ. ൧൬. ൯; യോഹ. ൨൦. ൧൧-൧൭.

വിവരണം. ഉത്ഥിതനായ ഈശോ, മഗ്ദലയിത്താ മറിയത്തിനു പ്രത്യക്ഷനായ വിവരം വി. മർക്കോസും വി. യോഹന്നാനും വിവരിക്കുന്നുണ്ടു്. വി. മർക്കോസിന്റെ വിവരണം വളരെ സംഗ്രഹം ആണെങ്കിലും, അങ്ങേ ഉയിർപ്പിന്റെ ശേഷം മ്ശിഹാ ആദ്യമായി കാണപ്പെട്ടതു്, മഗ്ദലയിത്താ മറിയത്തിനാണു് എന്നു എടുത്തു പറയുന്നു. അവളുടെ സ്നേഹനാഥന്റെ വിരഹത്തിൽ, ചുടു കണ്ണുനീരുകൾ പൊഴിയുകയിലത്രെ, ദിവ്യഈശോ അവൾക്കു പ്രത്യക്ഷനായതു് എന്നു വി. യോഹന്നാൻ പ്രസ്താവിക്കുന്നു. അതേ, അവളിൽനിന്നു ഏഴു പിശാചുക്കളെ (ലൂക്കാ. ൮. ൨). പുറത്താക്കിയു, അവളുടെ ദിവ്യഗുരുവിനെ, അങ്ങേമരണശേഷം കവറിൽ സംസ്ക്കരിക്കുന്നതു്, തലേ വെള്ളിയാഴ്ച സന്ധ്യക്കു അവൾ കണ്ടു (മത്താ. ൨൭. ൬൧). ഇതാ! ഇപ്പോൾ, അങ്ങേ

അഭിഷേചിക്കുന്നതിനായി പരിമളങ്ങളും, സുഗന്ധദ്രവ്യങ്ങളും ശേഖരിച്ചുകൊണ്ടു പ്രസ്തുത കല്ലറയിൽ വന്നപ്പോൾ, അങ്ങേ ദിവ്യശരീരം അവിടെ കാണുന്നില്ല. അങ്ങ്, അരുളിച്ചെയ്തിരുന്നതുപോലെ, മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേററു എന്നു വിശ്വസിപ്പാൻ, അപ്പോൾ അവർക്കു സാധിച്ചുമില്ല. അങ്ങ്, ഉയിർത്തെഴുന്നേററ വിവരം, മാലാഖായിൽ നിന്നറിഞ്ഞ മററു സ്ത്രീകൾ, ഒരുപക്ഷെ പട്ടണത്തിലേയ്ക്കു പിന്തിരിഞ്ഞതു്, വേറെ വഴിയെക്കൂടെ ആയിരുന്നതിനാലായിരിക്കാം, അവരിൽനിന്നും യാതൊന്നും ഇവർ അറിയാതിരുന്നതു്. വി. പത്രോസും, വി. യോഹന്നാനും പ്രേതാലയം സന്ദർശിച്ചശേഷം വിചാരമഗ്നരായി പിന്തിരിഞ്ഞതല്ലാതെ, ദിവ്യഗുരുവിന്റെ ശരീരം പ്രേതാലയത്തിൽ കാണാത്തതിന്റെ കാരണം എന്തെന്നു, അവരിൽനിന്നും അവർക്കു ഗ്രഹിപ്പാൻ കഴിഞ്ഞില്ല. ആകയാൽ, അവൾ വളരെ സ്നേഹിച്ച (ലൂക്കാ. ൭. ൪൭.) ദിവ്യ ഈശോയെക്കുറിച്ചു അവൾ വളരെ കരയുകതന്നെചെയ്തു. അവളുടെ അതി തീക്ഷ്ണമായ സ്നേഹത്തെ സമ്മാനിക്കുമാറു്, ഇതാ! ഈശോ അവൾക്കു ആദ്യമായി പ്രത്യക്ഷനാകുന്നു.

മർക്കൊ. ൧൬ ൯. അവൻ ആഴ്ചവട്ടത്തിലെ ഒന്നാംദിവസം രാവിലെ ഉയിർത്തെഴുന്നേററു്, താൻ ആരിൽ നിന്നു ഏഴുപിശാചുകളെ പുറത്താക്കിയിട്ടുണ്ടായിരുന്നുവോ ആ മഗ്ദലായിത്താ മറിയത്തിനു ആദ്യമേ കാണപ്പെട്ടു.[1]

യോഹ. ൨൦. ൧൧. (അതു് എങ്ങനെയെന്നാൽ) മറിയമോ പ്രേതാലയത്തിന്റെ സമീപത്തു കരഞ്ഞുകൊണ്ടു നിന്നിരുന്നു. അവൾ കരയുകയിൽ പ്രേതാലയത്തിൽ നോക്കി.

൧൨. അപ്പോൾ വെള്ള ഉടുപ്പുകളിൽ രണ്ടു (ദൈവ)ദൂതന്മാർ, ഈശോയുടെ ശരീരം വെയ്ക്കപ്പെട്ടിരുന്ന സ്ഥലത്തു് ഒരുത്തൻ അവന്റെ തലയിണക്കൂട്ടത്തും ഒരുത്തൻ അവന്റെ കാല്കൽക്കൂട്ടത്തും ഇരിക്കുന്നതു് അവൾ കണ്ടു.

൧൩. അവർ അവളോടു: സ്ത്രീ, നീ കരയുന്നതു് എന്തു? എന്നു ചോദിക്കുന്നു. അവൾ അവരോടു: അവർ എന്റെ കർത്താവിനെ എടുത്തുകൊണ്ടു പോയതുകൊണ്ടു്; അവർ അവനെ എവിടെ വെച്ചു എന്നും ഞാൻ അറിയുന്നില്ല എന്നു പറയുന്നു.

൧൪. ഇതു പറഞ്ഞിട്ടു അവൾ തന്റെ പിന്നിലേയ്ക്കു തിരിഞ്ഞപ്പോൾ ഈശോ നില്ക്കുന്നതു കണ്ടു. എങ്കിലും (അതു) ഈശോ ആകുന്നു എന്നു അവൾ അറിഞ്ഞിരുന്നില്ല.

൧൫. ഈശോ അവളോടു: സ്ത്രീ, നീ കരയുന്നതു് എന്തു്? നീ ആരെ അന്വേഷിക്കുന്നു? എന്നു ചോദിക്കുന്നു. അവളോ അവൻ തോട്ടക്കാരൻ ആകുന്നു എന്നു വിചാരിച്ചു. ആകയാൽ അ

നോടു: എന്റെ എജമാനനെ, നീ അവനെ എടുത്തുകൊണ്ടുപോയെങ്കിൽ അവനെ എവിടെവെച്ചു എന്നു എന്നോടു പറയുക; ഞാൻ പോയി അവനെ എടുത്തുകൊള്ളാം എന്നു പറയുന്നു.

൧൬. ഈശോ അവളെ: മറിയം! എന്നു വിളിക്കുന്നു.[2] അപ്പോൾ അവൾ തിരിഞ്ഞു ഗുരു എന്നു പറയപ്പെടുന്ന റബ്ബോനി! എന്നു എബ്രായയിൽ അവനെ വിളിക്കുന്നു.

൧൭. ഈശോ അവളോടു: ഞാൻ എന്റെ പിതാവിന്റെ അടുക്കലേക്കു ഇതുവരെ കരേറീട്ടില്ലാത്തതിനാൽ നീ എന്നെ തൊടരുതു്.[3] എന്നാൽ നീ എന്റെ സഹോദരന്മാരുടെ അടുക്കൽ ചെന്നു: ഞാൻ എന്റെ പിതാവിന്റേയും നിങ്ങളുടെ പിതാവിന്റേയും,[4] എന്റെ ദൈവത്തിന്റേയും നിങ്ങളുടെ ദൈവത്തിന്റേയും അടുക്കലേക്കു കരേറുന്നു എന്നു അവരോടു പറയുക എന്നു അരുളിച്ചെയ്യുന്നു

## വ്യാഖ്യാനം.

1. "മഗ്ദലായിത്താ മറിയത്തിനു ആദ്യമേ കാണപ്പെട്ടു." സുവിശേഷ രേഖപ്രകാരം മ്ശിഹാ ആദ്യമായി കാണപ്പെട്ടതു്, മഗ്ദലയിത്താ മറിയത്തിനാണ്. എന്നാൽ, ഉത്ഥാനം ചെയ്ത മ്ശിഹായെ എല്ലാവരിലുംവെച്ചു ആദ്യമായി ദർശിക്കുവാൻ ഭാഗദേയം സിദ്ധിച്ചതു്, അവിടത്തെ മാതാവിനായിരുന്നു. ഇതു് അതിപ്രബലവും പൌർവ്വീകവുമായ പാരമ്പര്യമത്രെ.

2. "അവളെ: മറിയം! എന്നു വിളിക്കുന്നു." അതുവരെയും തോട്ടക്കാരനായി അവൾക്കു തോന്നിയ ഈശോ, പലതും അവളോടു സംസാരിച്ചുകൊണ്ടിരുന്നെങ്കിലും, അതു്, തന്റെ സ്നേഹനാഥനായ ഈശോയാണെന്നു അവൾ ഗ്രഹിച്ചില്ല. അങ്ങേ തിരുഅധരങ്ങളിൽനിന്നു്, സ്നേഹപാരവശ്യത്തോടെ പലപ്പോഴും ശ്രവിച്ചിരുന്ന, "മറിയം" എന്ന ആ മാധുര്യനാമം അവൾ കേട്ടമാത്രയിൽ, അപ്പോഴും ഈശോയെ അന്വേഷിച്ചു, അങ്ങും ഇങ്ങും നോക്കിക്കൊണ്ടിരുന്ന അവൾ, "റബ്ബോനി!" എന്നു വിളിച്ചുകൊണ്ടു, സശ്രദ്ധം ഈശോയിലേക്കു തിരിയുന്നു.

3. "നീ എന്നെ തൊടരുതു്." അങ്ങേ ഉത്ഥാനത്തിനുശേഷം, ഭക്തസ്ത്രീകൾ അങ്ങേ കാലുകൾപിടിച്ചു ആരാധിക്കുന്നതിനു് (മത്താ. ൨൮. ൯.) ഈശോ അനുവദിക്കുകയും, വി. തോമാ, അയാളുടെ കൈകൊണ്ടു് അങ്ങേ വിലാപ്പുറത്തു തൊടുന്നതിനു് (യോഹ. ൨൦. ൨൭.) ഈശോ അയാളെ ക്ഷണിക്കുകയും ചെയ്തിരിക്കെ, മഗ്ദലയിത്താമറിയത്തോടു് "നീ എന്നെ തൊടരുതു്" എന്നു അരുളിച്ചെയ്തതിന്റെ ഉദ്ദേശ്യം എന്തായിരിക്കാം എന്നു് സഭാപിതാക്കന്മാരും, വ്യാഖ്യാതാക്കളും അന്വേഷിക്കുന്നുണ്ടു്. ഓരോരുത്തരും പരസ്പരം വ്യത്യസ്തമായ ഓരോ അഭി

പ്രായം പറയുന്നുണ്ടെങ്കിലും, എതിർവാദങ്ങൾ എല്ലാം ന്യായപൂർവ്വം ഖണ്ഡിച്ചു സമാധാനം നൽകുവാൻ ആർക്കും കഴിയുന്നില്ല. ആധുനിക വ്യാഖ്യാതാക്കന്മാർ, മൂലപ്രതി പരിശോധിച്ചുകൊണ്ട്, ഗ്രീക്കിലെ പ്രസ്തുത പദപ്രയോഗത്തിനു, "പരസ്പരം യോജിക്കുക," "ആശ്ലേഷിക്കുക" എന്നൊക്കെയാണ് അർത്ഥം എന്നും, "തൊടുക" എന്നുള്ള അർത്ഥം അപൂർവ്വമാണെന്നും, ആകയാൽ, പിശകുകൾക്കു എല്ലാം കാരണം വിവർത്തകന്മാർ ആണെന്നും സ്ഥാപിക്കുന്നു. ആകയാൽ, മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റ അവളുടെ സ്നേഹനാഥനെ ദർശിച്ചമാത്രയിൽ, മതിമറന്നു, ഓടിച്ചെന്നു അങ്ങേ ആശ്ലേഷിക്കുകയും, ആ സ്നേഹപാരവശ്യത്തിൽ നിലകൊള്ളുകയും ചെയ്യുന്ന മഗ്ദലയിത്താ മറിയത്തോടു അങ്ങു അരുളിച്ചെയ്ത ഈ വാക്കുകളാൽ സൂചിപ്പിക്കുന്നത്, ഈ ആശ്ലേഷമാധുരി, ദീർഘനേരം അനുഭവിച്ചു നില്പാൻ അവൾക്കു അപ്പോൾ സാദ്ധ്യമല്ല എന്നും, അതിന് അങ്ങ് പിതാവിന്റെ പക്കൽ കരേറുകയും, അവളും മരിച്ചു, ഉയിർത്തു സ്വർഗ്ഗപ്രാപ്തയാകുകയും ചെയ്യണമെന്നും, ആകയാൽ, അധികം സമയം ഇപ്പോൾ ഇതിനു വ്യയം ചെയ്യാതെ, തന്നെവിട്ടു ശിഷ്യന്മാരുടെ പക്കൽ വേഗം പോയി തന്റെ ഉയിർപ്പിന്റെ സന്തോഷവാർത്ത അവരെ ഗ്രഹിപ്പിച്ചു സമാശ്വസിപ്പിക്കണമെന്നും ആയിരുന്നു, എന്നത്രെ. ഈ അഭിപ്രായം യുക്തിക്കും ന്യായത്തിനും കൂടുതൽ അനുയോജ്യമായി തോന്നുന്നു.

4. "എന്റെ പിതാവിന്റേയും നിങ്ങളുടെ പിതാവിന്റേയും." ഈശോയുടെ ദൈവസ്വഭാവത്തിൽ അങ്ങ് പിതാവിന്റെ ഏകജാതനാകുന്നു. നാമോ, ആദത്തിന്റെ പാപംമൂലം ദൈവശത്രുക്കളായി പരിണമിക്കയത്രെ ചെയ്തതു്. എന്നാൽ, ദൈവസുതനായ ഈശോയുടെ മരണാനന്തരം, നാമും, ദൈവത്തിന്റെ മക്കളായി തീർന്നു. ദൈവത്തിന്റെ മക്കളെങ്കിൽ, ഈശോയുടെ സഹോദരന്മാരുമത്രെ. "എന്റെ സഹോദരന്മാർ" എന്നു ഈശോ അങ്ങേ ശിഷ്യരെ സംബോധന ചെയ്കയിൽ, ഈ അവകാശമത്രെ അവിടന്നു സംസ്ഥാപിച്ചതു്.

## 68. ദൈവദൂതന്റെ സന്ദേശം ശിഷ്യന്മാരെ അറിയിപ്പാനായി ദ്രുതഗതിയിൽ പോയിരുന്ന കലിയോപ്പാ മറിയത്തിനും ശാലോമിനും ഈശോ പ്രത്യക്ഷനാകുന്നു.

മത്താ. ൨൮. ൯-൧൦.

വിവരണം. പ്രേതാലയം സന്ദർശിച്ച്, ദൈവദൂതന്റെ സന്ദേശവും ശ്രവിച്ചു, ശിഷ്യരുടെ പക്കലേക്കു ആഹ്ലാദഭരിതരായി മടങ്ങുന്ന കലിയോപ്പാ മറിയം, ശാലോം മുതലായവരുടെ സംഘത്തിന്, ഈശോ പ്രത്യക്ഷനായ ആ ഘട്ടമാണ് ഇവിടത്തെ പ്രതിപാദ്യവിഷയം. ഈ സംഗതി വി. മത്തായി മാത്രമെ വിവരിക്കുന്നുള്ളു.

മത്താ. ൨൮. ൯. യാക്കോബിന്റെ അമ്മയായ മറിയവും, ശാലോമും ശിഷ്യരോടു ദിവ്യസന്ദേശം അറിയിക്കാനായി

ഓടുകയിൽ) ഇതാ! ഈശോ അവൎക്കു എതിരെ വന്നു അവരോടു: നിങ്ങൾക്കു സമാധാനം എന്നു അരുളിച്ചെയ്തു. അവരോ അടുത്തു് അവന്റെ കാലുകൾ പിടിച്ചു അവനെ ആരാധിച്ചു.

൧൦. അപ്പോൾ ഈശോ അവരോടു: നിങ്ങൾ ഭയപ്പെടേണ്ട; പിന്നയോ നിങ്ങൾ ചെന്നു് എന്റെ സഹോദരന്മാരോടു[1] അവർ ഗ്ലീലായിലേയ്ക്കു പോകണമെന്നും അവിടെ അവർ എന്നെ കാണുമെന്നും പറയുവിൻ എന്നു് അരുളിച്ചെയ്തു.

## വ്യാഖ്യാനം.

1. "എന്റെ സഹോദരന്മാരോടു." അപമാനകരമായ അങ്ങേ പീഡാനുഭവങ്ങളിലും, മരണത്തിലും, അങ്ങേ തനിയെ വിട്ടു് ഓടിപ്പോയ ആ ശിഷ്യന്മാരെയത്രെ, മരിച്ചവരിൽനിന്നു പ്രതാപത്തോടുകൂടി ഉയിൎത്തെഴുന്നേററശേഷം അങ്ങു് എന്റെ സഹോദരന്മാരെന്നു വിളിക്കുന്നതു്! അവരുടെ അപരാധം പൂൎണ്ണമായി അവിടന്നു് വിസ്മരിച്ചു എന്നതിനു മാലാകാവഴിയായി (മൎക്കോ. ൧൬. ൭.) കൊടുത്ത ലക്ഷ്യം കൊണ്ടും തൃപ്തിപ്പെടാതെ, ഇതാ! അവിടന്നുതന്നെ അതിവാത്സല്യത്തോടെ അവരെ, "എന്റെ സഹോദരന്മാർ" എന്നു അഭിസംബോധനചെയ്യുന്നു. ഓ! ദൈവത്തിന്റെ സ്നേഹം എത്ര അൽഭുതാവഹം!

## 69. മഗ്ദലായിത്താമറിയവും മററു സ്ത്രീകളും മ്ശിഹായുടെ ഉത്ഥാനത്തെപ്പററി ശിഷ്യന്മാരോടു പറയുന്നു. ശെമ്ഓൻ കേപ്പാ കല്ലറ സന്ദൎശിക്കുന്നതിനായി രണ്ടാമതും പോകുന്നു.

മൎക്കോ. ൧൬. ൧൦-൧൧; ലൂക്കാ. ൨൪. ൯-൧൨; യോഹ. ൨൦ ൧൮

വിവരണം. ഉയിൎത്തെഴുന്നേററ ഈശോയെ സ്വയം ദൎശിച്ചു ദൃക്സാക്ഷികളായ സ്ത്രീകളും, അങ്ങേ ഉയിൎപ്പിനെക്കുറിച്ചു ദൈവദൂതരിൽ നിന്നു കേട്ട സ്ത്രീകളും, പ്രസ്തുത വിവരം ശിഷ്യന്മാരെ അറിയിക്കുന്നതിനായി, പല സംഘങ്ങളായി, പട്ടണത്തിലേക്കു മടങ്ങിപ്പോയതായി നാം കണ്ടുവല്ലോ. അവർവന്നു കണ്ടതും കേട്ടതുമായ എല്ലാ സംഗതികളും ശിഷ്യഗണത്തോടു അറിയിക്കുന്നു. പക്ഷെ, അവർ ആ സ്ത്രീകളെ വിശ്വസിച്ചതേയില്ല; മ്ശിഹായുടെ ഉയിൎപ്പിന്റെ രഹസ്യം അവൎക്കു അപ്പോൾ അത്ര അഗ്രാഹ്യമായിരുന്നു. വി. ലൂക്കാ, ഇവിടെ പ്രതിപാദിക്കുന്ന വി. പത്രോസിന്റെ പ്രേതാലയ സന്ദൎശനം, വി. യോഹന്നാൻ (൨൦. ൩.) വിവരിക്കുന്ന സന്ദൎശനത്തിൽനിന്നു വ്യത്യസ്തമാണെന്നു പറയുന്നവരോടു കൂടെയാണു് കൎദ്ദിനാൽ ലെപ്പിസിയെ യോജിക്കുന്നതു്.

യോഹ. ൨൦. ൧൮. അപ്പോൾ മഗ്ദലായിത്താമറിയം വന്നു താൻ നമ്മുടെ കർത്താവിനെ കണ്ടു എന്നും അവൻ തന്നോടു ഇവ അരുളിച്ചെയ്തു എന്നും ✻ അവനോടുകൂടി ഉണ്ടായിരുന്നവരായി വിലപിച്ചുകൊണ്ടും കരഞ്ഞുകൊണ്ടും ഇരുന്ന ശിഷ്യന്മാരെ അറിയിച്ചു.

ലൂക്കാ. ൨൪. ൯. (ഗ്ലീലായിൽനിന്നു ഈശോയോടുകൂടി വന്നിരുന്ന സ്ത്രീകൾ) പതിനൊന്നുപേരോടും മററും ഇവ എല്ലാം പറഞ്ഞു.[1]

൧൦ എന്നാൽ (അവിടെ) മഗ്ദലായിത്താ മറിയവും, യോഹന്നാം, യാക്കോബിന്റെ അമ്മയായ മറിയവും, അവരോടുകൂടിയുള്ള മററാളുകളും ഉണ്ടായിരുന്നു. ഇവർ ശ്ലീഹന്മാരോടും പറഞ്ഞു.

മർക്കൊ ൧൬. ൧൧. എന്നാൽ അവൻ ജീവിച്ചിരിക്കുന്നെന്നും തങ്ങൾക്കു കാണപ്പെട്ടെന്നും അവർ പറയുന്നതു കേട്ടപ്പോൾ ¶ അവരുടെ കണ്ണുകളിൽ ഈ വാക്കുകൾ വിഡ്ഢിവാക്കുകൾപോലെ കാണപ്പെട്ടതല്ലാതെ അവരെ അവർ വിശ്വസിച്ചില്ല[2]

ലൂക്കാ. ൨൪. ൧൨. എന്നാൽ ശെമ്ഓൻ എഴുന്നേററു പ്രേതാലയത്തിങ്കലേക്കു ഓടിച്ചെന്നു അകത്തേക്കു നോക്കിയാറെ വസ്ത്രങ്ങൾ തനിയെ വെയ്ക്കപ്പെട്ടിരിക്കുന്നതുകണ്ടു സംഭവിച്ചതിനെപ്പററി തന്റെ ഉള്ളിൽ വിസ്മയിച്ചുകൊണ്ടു (മടങ്ങി) പോയി.[3]

✻ മർക്കൊ. ൧൬. ൧൦. ¶ ലൂക്കാ. ൨൪. ൧൧.

## വ്യാഖ്യാനം.

1. "പതിനൊന്നു പേരോടും മററും ഇവ എല്ലാം പറഞ്ഞു." ഈ വാക്യത്തിൽ നിന്നു ശിഷ്യന്മാർ എല്ലാവരും, നടപടി ൧. ൧൩-ൽ പറയുന്നതുപോലെ, ഒരു സ്ഥലത്തു ഒരുമിച്ചു കൂടിയിരുന്നു എന്നു അനുമാനിക്കാവുന്നതാണു്.

2. "അവരെ അവർ വിശ്വസിച്ചില്ല." അങ്ങേ പീഡാനുഭവത്തെയും, മരണത്തെയും, ഉയിർപ്പിനെയുംകുറിച്ചു, മ്ശിഹാ സ്വശിഷ്യരോടു പല പ്രാവശ്യം പ്രവചിച്ചിരുന്നിട്ടും, അങ്ങു ഉയിർത്തെഴുന്നേററശേഷം, അതിനു ദൃക്സാക്ഷികളായ ആ ഭക്തസ്ത്രീകൾ പ്രസ്തുത വിവരം അവരോടു പറയുകയിൽ, അവർ വിശ്വസിക്കാഞ്ഞതിൽ അൽഭുതംതോന്നും. അദ്ദേഹം ഉയിർപ്പിനെക്കുറിച്ചു മ്ശിഹാ പ്രവചിച്ചിട്ടുണ്ടായിരുന്നതു്, അങ്ങേ ശത്രുക്കളായ യൂദന്മാർ തക്കസമയത്തു ഓർക്കുകയും, (മത്താ. ൨൭.

ന്നു.) വേണ്ടുന്ന പ്രതിവിധികൾ ചെയ്യുകയുംചെയ്തു. പ്രസ്തുത പ്രവാചനങ്ങളാകട്ടെ, അതിന്റെ പൂർത്തീകരണത്തെ സംബന്ധിച്ചുള്ള വിശ്വാസയോഗ്യമായ സാക്ഷ്യങ്ങളാകട്ടെ, അങ്ങേ ശിഷ്യന്മാർക്കു് വിശ്വസിക്കാൻ സാധിച്ചില്ല. ഇതിന്റെ കാരണം, മിശിഹായുടെ പീഡാനുഭവവും മരണവുംമൂലം ശ്ലീഹന്മാർ ദുഃഖാബ്ധിയിൽ മുഴുകി, വിചാരമഗ്നരായിരുന്നതുകൊണ്ടു, ദൈവവാക്യങ്ങളെ ഓർക്കുവാനോ, ഗ്രഹിക്കുവാനോ, ഉള്ള ശക്തി ഇല്ലാതിരുന്നതത്രെ, എന്നാണു് വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നതു്.

3. "തന്റെ ഉള്ളിൽ വിസ്മയിച്ചുകൊണ്ടു മടങ്ങിപ്പോയി." വി. പത്രോസു രണ്ടാമതും പ്രേതാലയം സന്ദർശിച്ചു മടങ്ങിപ്പോകുന്ന ഈ സമയത്തും, കണ്ട സംഗതികളെക്കുറിച്ചു വിസ്മയിച്ചതല്ലാതെ, മ്ശിഹായുടെ ഉത്ഥാനത്തെക്കുറിച്ചു അയാൾ ചിന്തിക്കുകയോ, വിശ്വസിക്കുകയോ ചെയ്തില്ല. എന്നാൽ, ഈശോ അങ്ങേ സഭയുടെ അടിസ്ഥാനക്കല്ലായ ശെമ്ഓൻ കേപ്പായെ, ഇനിയും ആ ചഞ്ചലമനസ്ഥിതിയിൽതന്നെ നിർത്തുവാൻ തിരുമനസ്സായില്ല. ആകയാൽ, ഈശോ ശെമ്ഓനു് പ്രത്യക്ഷനായി എന്നു വി. ലൂക്കാ (൨൪. ൩൪.) പറയുന്ന ആ സംഭവം, വി. പത്രോസ് കഴിമാടത്തിൽനിന്നു മടങ്ങിപ്പോകുന്ന ഈ അവസരത്തിൽഅത്രെ നടന്നതു്, എന്നാണു് വ്യാഖ്യാതാക്കൾ അനുമാനിക്കുന്നതു്.

## 70. ഈശോമ്ശിഹായുടെ ഉത്ഥാനത്തിന്റെ ദൃക്സാക്ഷികളായ കാവൽ ഭടന്മാർക്കു്, യഹൂദപ്രമാണികൾ കൈക്കൂലികൊടുത്തു അവരെക്കൊണ്ടു കള്ളസാക്ഷ്യം പറയിക്കുന്നു.

മത്താ. ൨൮. ൧൧–൧൫.

വിവരണം. പീലാത്തോസിന്റെ അനുമതിയോടുകൂടെ യഹൂദപ്രമാണികൾ, മ്ശിഹായുടെ പ്രേതാലയത്തിനു, റോമാ സേവകന്മാരെ കാവൽ നിറുത്തിയതും, അങ്ങേ ഉത്ഥാനത്തിൽ അവർ ഭയംനിമിത്തം മരിച്ചവരെപ്പോലെ ആയിത്തീർന്നതുംമറ്റും വിവരിക്കുന്ന വി. മത്തായിതന്നെ, അവരെ സംബന്ധിച്ചുള്ള അവസാന ചരിത്രവും വിശദമായി പ്രതിപാദിക്കുന്നുണ്ടു്. ന. കർത്താവിന്റെ ഉത്ഥാനാവസരത്തിൽ ഉണ്ടായ അത്ഭുതാവഹങ്ങളായ സംഭവങ്ങളും, ദൈവദൂതന്റെ ദർശനവുംമൂലം ഭയന്നു മരിച്ചവരെപ്പോലെ ആയിത്തീർന്ന ഭടന്മാർ, ബോധംതെളിഞ്ഞു സ്വസ്ഥത പ്രാപിച്ചമാത്രയിൽ, പരിഭ്രമിച്ചു നാലുവഴിക്കും ഓടി രക്ഷപ്പെട്ടിരിക്കണം. അവരിൽ ചിലർ, പട്ടണത്തിൽ വന്നു് സംഭവിച്ചവകളെല്ലാം യഹൂദപ്രമാണികളോടു് പറഞ്ഞ ഭാഗമാണു്, ഇവിടത്തെ പ്രതിപാദ്യവിഷയം. വി. മത്തായി തന്റെ സുവിശേഷം യൂദജനത്തിനുവേണ്ടി എഴുതിയതുകൊണ്ടായിരിക്കാം

ഇവിടെ അവരുടെ ദുഷ്ടതയും നീചമായ മനസ്ഥിതിയും ഇത്ര വിശദമായി വർണ്ണിച്ചിരിക്കുന്നത്.

മത്താ. ൨൮. ൧൧. എന്നാൽ അവർ പോയപ്പോൾ ആ കാവൽക്കാരിൽ ചിലർ പട്ടണത്തിൽ വന്നു സംഭവിച്ചതെല്ലാം പ്രധാനാചാര്യന്മാരോടു പറഞ്ഞു.

൧൨. ആകയാൽ അവർ മൂപ്പന്മാരുമായി കൂടിയാലോചന ചെയ്തു കാവൽക്കാർക്ക് അല്പമല്ലാത്ത ദ്രവ്യം കൊടുത്തുകൊണ്ട്,

൧൩. അവരോടു പറയുന്നു: അവന്റെ ശിഷ്യന്മാർ വന്നു രാത്രിയിൽ ഞങ്ങൾ ഉറങ്ങുകയിൽ അവനെ മോഷ്ടിച്ചുകൊണ്ടുപോയി എന്നു പറയുവിൻ.[1]

൧൪. ഇതു നാടുവാഴിയുടെ സന്നിധിയിൽ കേഴ്വിപെട്ടുവെങ്കിൽ ഞങ്ങൾ അവനെ സമാധാനപ്പെടുത്തുകയും, നിങ്ങളെ ആശങ്കയില്ലാത്തവരാക്കുകയും ചെയ്തുകൊള്ളാം.

൧൫. അവരോ ദ്രവ്യം വാങ്ങിക്കൊണ്ട് തങ്ങളോടു അവർ ഉപദേശിച്ചതുപോലെ ചെയ്തു. ഇങ്ങനെ ഈ വർത്തമാനം[2] യൂദന്മാരുടെ ഇടയിൽ ഇന്നുവരെ പരന്നിരിക്കുന്നു.

## വ്യാഖ്യാനം.

1. "ഞങ്ങൾ ഉറങ്ങുകയിൽ അവനെ മോഷ്ടിച്ചുകൊണ്ടുപോയി എന്നു പറയുവിൻ." കാവൽ സമയത്ത് ഉറങ്ങുന്ന സേവകന് റോമാനിയമം മരണശിക്ഷയാണ വിധിച്ചിരുന്നത്. മാത്രമല്ല, ഉറങ്ങുന്ന സമയത്തു സംഭവിച്ചവയെക്കുറിച്ചു ആർക്കാണ് സാക്ഷ്യം വഹിപ്പാൻ സാധിക്കുക? ആ സാക്ഷ്യം ആരാണ് സ്വീകരിക്കുക? എന്നിരുന്നിട്ടും, ഈ കള്ളസാക്ഷ്യം പറയുവാൻ സേവകന്മാരാകട്ടെ, പറയിക്കുവാൻ യഹൂദപ്രമാണികൾ ആകട്ടെ, മടിച്ചില്ല. സേവകർക്കു ദ്രവ്യാശയും, യൂദന്മാർക്കു പീലാത്തോസിന്റെ നീതിബോധരാഹിത്യവും, ഇതിൽ പ്രേരകമായി തീർന്നു.

2. "ഈ വർത്തമാനം." ഈശോയുടെ ശിഷ്യന്മാർ അങ്ങേ മോഷ്ടിച്ചുകൊണ്ടുപോയി എന്ന ഈ വർത്തമാനം, വി. മത്തായി, സുവിശേഷം എഴുതിയ കാലത്തു മാത്രമല്ല, ഇന്നും യഹൂദന്മാരുടെയിടയിൽ വിശ്വസിച്ചു പോരുന്ന ഒന്നാണ്. ഇതു ലോകം എങ്ങും പ്രചരിപ്പിക്കുന്നതിന് യഹൂദപ്രമാണികൾ എത്ര ഉത്സാഹത്തോടുകൂടെയാണ് പ്രയത്നിച്ചതെന്നും, അതിനു എന്തെല്ലാം പോംവഴികൾ ആണ് അവർ പിടിച്ചതെന്നും വി. യുസ്തീനോസും, തെർത്തുല്യാനോസും, എവുസേബിയോസും, വി. ഈറനീമോസും അവരുടെ കൃതികളിൽ രേഖപ്പെടുത്തീട്ടുണ്ട്.

## 71. അമ്മാവൂസ് എന്ന ഗ്രാമത്തിലേയ്ക്കു യാത്ര ചെയ്തിരുന്ന രണ്ടു ശിഷ്യന്മാൎക്ക് ഈശോ പ്രത്യക്ഷനാകുന്നു.

മൎക്കോ. ൧൬. ൧൨-൧൩; ലൂക്കാ. ൨൪. ൧൩-൩൫.

വിവരണം. ഈ സംഭവം വി. മൎക്കോസും, വി. ലൂക്കായും മാത്രമെ വിവരിയ്ക്കുന്നുള്ളു. വി. മൎക്കോസ് ഒററവാക്കിൽ പറഞ്ഞു അവസാനിപ്പിയ്ക്കുന്ന ഈ സംഗതി, വി. ലൂക്കാ, സവിസ്തരം പ്രതിപാദിയ്ക്കുന്നുണ്ട് എന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമാണ്.

മൎക്കോ. ൧൬. ൧൨. ഇവയുടെ ശേഷം അവരിൽ രണ്ടുപേർ[1] ഗ്രാമത്തിലേയ്ക്കു നടന്നുപോകുമ്പോൾ അവൻ വേറൊരു ഛായയിൽ[2] അവൎക്കു കാണപ്പെട്ടു.

ലൂക്കാ. ൨൪. ൧൩. (അതു് എങ്ങനെ എന്നാൽ) ഇതാ! ആ ദിവസം തന്നെ അവരിൽ രണ്ടുപേർ അമ്മാവൂസ് എന്നു പേരുള്ളതും ഓറെശ്ലേത്തു നിന്നു് അറുപതു് എസ്ദാകൾ[3] ദൂരെയുള്ളതുമായ ഒരു നഗരത്തിലേയ്ക്കു യാത്രചെയ്തിരുന്നു.

൧൪. ഈ സംഭവിച്ചവയെ എല്ലാംപററി അവർ തമ്മിൽ സംസാരിച്ചുമിരുന്നു.

൧൫. അവർ സംസാരിയ്ക്കുകയും തമ്മിൽ ചോദിയ്ക്കുകയും ചെയ്യുമ്പോൾ ഈശോ തന്നെ അവരുടെ അടുക്കൽ വന്നുചേൎന്ന് അവരോടുകൂടി നടന്നിരുന്നു.

൧൬. എന്നാൽ അവർ അവനെ അറിയാതിരിയ്ക്കത്തക്കവണ്ണം അവരുടെ കണ്ണുകൾ അടയ്ക്കപ്പെട്ടിരുന്നു.[4]

൧൭. അവനോ അവരോടു: നിങ്ങൾ ദുഃഖമുള്ളവരായി നടന്നുപോകയിൽ തമ്മിൽ സംസാരിയ്ക്കുന്ന ഈ കാൎയ്യങ്ങൾ എന്താകുന്നു എന്നു ചോദിച്ചു.

൧൮. അവരിൽ ഒരുത്തനായ കലിയോപ്പാ എന്നു പേരുള്ളവൻ ഉത്തരമായി അവനോടു: ഈ ദിവസങ്ങളിൽ ഓറെശ്ലേത്തു സംഭവിച്ച കാൎയ്യം നീ അറിയാതിരിയ്ക്കകൊണ്ടു നീ മാത്രം അതിൽപെടാത്ത ഒരു പരദേശിയായിരിക്കുമോ? എന്നു ചോദിച്ചു.

൧൯. എന്തു? എന്നു അവൻ അവരോടു ചോദിയ്ക്കുന്നു. അവർ അവനോടു പറയുന്നു: ഒരു പ്രവാചകനായിരുന്നവനും, ദൈവത്തിന്റെ മുമ്പാകെയും സകലജനത്തിന്റെ മുമ്പാകെയും വചനത്തിലും പ്രവൃത്തികളിലും ശക്തനായിരുന്നവനുമായ നസ്രസിൽനിന്നുള്ള ആ ഈശോയെക്കുറിച്ചു തന്നെ.

൨൦. പ്രധാനാചാൎയ്യന്മാരും മൂപ്പന്മാരും അവനെ മരണ വിധിയ്ക്കു ഏല്പിച്ച് അവനെ കുരിശിൽ തറച്ചു.

൨൧. ഞങ്ങളോ ഇസ്രായേലിനെ രക്ഷിയ്ക്കുവാനിരിയ്ക്കുന്നവൻ ഇവനാകുന്നു എന്നു വിചാരിച്ചിരുന്നു.[5] എന്നാൽ ഇതാ! ഇവയെല്ലാം സംഭവിച്ചിട്ടു അയ്യോ! മൂന്നു ദിവസങ്ങൾ (ആയിരിയ്ക്കുന്നു).

൨൨. മാത്രമല്ല, ഞങ്ങളുടെ കൂട്ടത്തിലുള്ള (ചില) സ്ത്രീകളും ഞങ്ങളെ പരിഭ്രമിപ്പിച്ചു.[6] എന്തുകൊണ്ടെന്നാൽ അവർ അതിരാവിലെ പ്രേതാലയത്തിങ്കൽ പോയിരുന്നു.

൨൩. എന്നാൽ അവന്റെ ശരീരം കാണാഞ്ഞിട്ടു (മടങ്ങി) വന്ന്: ഞങ്ങൾ അവിടെ (ദൈവ) ദൂതന്മാരെ കണ്ടു; അവൻ ജീവിച്ചിരിയ്ക്കുന്നു എന്നു അവനെപ്പററി അവർ പറയുന്നു എന്നു ഞങ്ങളോടു പറയുന്നു.

൨൪. ഞങ്ങളിൽ ചിലയാളുകളും പ്രേതാലയത്തിങ്കലേയ്ക്കു പോയി സ്ത്രീകൾ പറഞ്ഞതുപോലെതന്നെ കണ്ടു. അവനെയോ അവർ കണ്ടുമില്ല.

൨൫. അപ്പോൾ ഈശോ അവരോടു അരുളിച്ചെയ്തു: അയ്യോ! വിചാരം കുറഞ്ഞവരേ, പ്രവാചകന്മാർ പറഞ്ഞിട്ടുള്ളവ എല്ലാം വിശ്വസിയ്ക്കുന്നതിൽ ഹൃദയകാഠിന്യമുള്ളവരേ,

൨൬. മ്ശിഹാ ഇവയെല്ലാം സഹിച്ച് തന്റെ മഹത്വത്തിൽ പ്രവേശിയ്ക്കുവാനിരുന്നതല്ലേ?

൨൭. പിന്നെ അവൻ മൂശെയിൽനിന്നും സകല പ്രവാചകന്മാരിൽ നിന്നും ആരംഭിച്ചു സകല പുസ്തകങ്ങളിലും നിന്നു തന്നെക്കുറിച്ചു അവരോടു വ്യാഖ്യാനിച്ചു പറഞ്ഞു.

൨൮. അവർ പോയിരുന്ന ആ ഗ്രാമത്തോടു അവർ അടുത്തിരുന്നു. അപ്പോൾ അവൻ ദൂരസ്ഥലത്തേയ്ക്കു പൊയ്ക്കൊണ്ടിരുന്നതുപോലെ അവൎക്കു തോന്നിച്ചിരുന്നു.

൨൯. ആകയാൽ അവർ അവനോടു: ഇപ്പോൾ പകൽ ഇരുട്ടിലേയ്ക്കു ചാഞ്ഞിരിയ്ക്കകൊണ്ടു[7] ഞങ്ങളോടുകൂടിപ്പാൎക്കുക എന്നു പറഞ്ഞു അവനെ നിൎബ്ബന്ധിച്ചു. ഇങ്ങനെ അവൻ അവരോടുകൂടി പാൎപ്പാൻ കയറി.

൩൦. പിന്നെ സംഭവിച്ചതെന്തെന്നാൽ: അവൻ അവരോടുകൂടി ഭക്ഷണത്തിനിരിയ്ക്കുമ്പോൾ അപ്പം എടുത്ത്, ആശീൎവ്വദിച്ചു മുറിച്ച്, അവൎക്കു കൊടുത്തു.[8]

൩൧. ഉടനെ അവരുടെ കണ്ണുകൾ തുറക്കപ്പെട്ടു; അവർ

അവനെ അറിഞ്ഞു. അവൻ അവരിൽ നിന്നു മാറിപ്പോകയും ചെയ്തു.

൩൨. അവൻ വഴിയിൽവെച്ചു നമ്മോടു സംസാരിക്കയും തിരുവെഴുത്തുകൾ നമ്മോടു വ്യാഖ്യാനിച്ചു പറകയും ചെയ്തപ്പോൾ നമ്മുടെ ഉള്ളിൽ നമ്മുടെ ഹൃദയം ഭാരപ്പെട്ടിരുന്നില്ലയോ[9] എന്നു അവർ തമ്മിൽ പറഞ്ഞിരുന്നു.

൩൩. അവർ ആ നാഴികയിൽതന്നെ എഴുന്നേററു ഓറെശ്ലെത്തയ്ക്കു മടങ്ങിവന്ന് ഒരുമിച്ചുകൂടിയിരുന്ന പതിനൊന്നുപേരേയും അവരോടുകൂടിയുള്ളവരേയും:

൩൪. നമ്മുടെ കർത്താവു സത്യമായിട്ടു് ഉയിർത്തെഴുന്നേററു, ശെമ്ഓനു് പ്രത്യക്ഷനായി,[10] എന്നു അവൻ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ കണ്ടു.

൩൫. മാത്രമല്ല, വഴിയിൽവെച്ചു സംഭവിച്ചവയും, അപ്പം മുറിക്കുകയിൽ അവൻ തങ്ങൾക്കു എപ്രകാരം അറിയപ്പെട്ടു എന്നതും ഇവർ വിവരിക്കുകയും ചെയ്തു.

മർക്കോ. ൧൬. ൧൩. അവരേയും അവർ വിശ്വസിച്ചില്ല.[11]

## വ്യാഖ്യാനം.

1. "അവരിൽ രണ്ടുപേർ." മ്ശിഹായുടെ മരണശേഷം വിലപിച്ചുകൊണ്ടും കരഞ്ഞുകൊണ്ടും ഇരുന്ന (മർക്കോ. ൧൬. ൧൦.) ശിഷ്യഗണത്തിൽ പെട്ടവരായ രണ്ടുപേർ.

2. "വേറൊരു ഛായയിൽ." മഗ്ദലയിത്താ മറിയത്തിനു പ്രത്യക്ഷനായപ്പോൾ ഈശോ ഒരു തോട്ടക്കാരനെപ്പോലെ (യോഹ. ൨൦. ൧൫.) കാണപ്പെട്ടു. ഇവിടെയാകട്ടെ, ഒരുയാത്രക്കാരനും പരദേശിയും (ലൂക്കാ. ൨൪. ൧൫, ൧൮) എന്ന ഭാവത്തിൽ പ്രത്യക്ഷനാകുന്നു.

3. "എസ്റ്റ്ദാ." ൨൦൨ വാര അകലം നിർണ്ണയിക്കുന്നതായ "സ്റ്റാദിയോൻ" എന്ന ഗ്രീക്കു് അളവു.

4. "കണ്ണുകൾ അടയ്ക്കപ്പെട്ടിരുന്നു." അവരോടുകൂടി നടന്നുപോയിരുന്ന വഴിയാത്രക്കാരൻ, ഉയിർത്തെഴുന്നേററ ഈശോ ആണെന്നുള്ള വസ്തുത ഗ്രഹിക്കുവാതിരിക്കത്തക്കവിധം, അവരുടെ നയനങ്ങളും, ഗ്രഹണശക്തിയും ഒരു തിരശ്ശീലയാൽ എന്നപോലെ ആവരണം ചെയ്യപ്പെട്ടിരുന്നു.

5. "ഞങ്ങളോ ഇസ്രായേലിനെ രക്ഷിപ്പുവാനിരിക്കുന്നവൻ ... എന്നു വിചാരിച്ചിരുന്നു." ശിഷ്യന്മാരുടെ ഈ പ്രസ്താവനയിൽനിന്നു് മ്ശിഹായെക്കുറിച്ചു അവർക്കു അതുവരെയുണ്ടായിരുന്ന അഭിപ്രായം പ്രത്യക്ഷപ്പെടുന്നു. അവൻ ദൈവസുതനാണെന്നോ, അവന്റെ രാജ്യം സ്വാർഗ്ഗീയമാണെന്നോ അവർ ഗ്രഹിച്ചിരുന്നില്ല. കേവലം ഭൗമികമായ

ഒരു രാജത്വവും, ലൌകികമായ പ്രതാപവുമത്രെ, അവർ അങ്ങിൽനിന്നു പ്രതീക്ഷിച്ചിരുന്നതു്.

6. "ഞങ്ങളുടെ കൂട്ടത്തിലുള്ള ചില സ്ത്രീകളും ഞങ്ങളെ പരിഭ്രമിപ്പിച്ചു." പ്രേതാലയം സന്ദർശിച്ച ഭക്തസ്ത്രീകളുടെ എല്ലാ സംഘവും തിരിച്ചെത്തി ശിഷ്യഗണത്തോടു വിവരം അറിയിക്കുന്നതിനു മുമ്പായിതന്നെ, ഇവർ രണ്ടുപേരും അമ്മാവോസിലേയ്ക്കു പുറപ്പെട്ടിരിയ്ക്കണം. എന്തുകൊണ്ടെന്നാൽ, സ്ത്രീകൾ മാലാഖാമാരെക്കണ്ടതും അവർ അറിയിച്ച സന്ദേശവും അല്ലാതെ, ഉയിർത്തെഴുന്നേററ മ്ശിഹായെത്തന്നെ അവർ ദർശിച്ചതും, അങ്ങേ സന്ദേശങ്ങൾ ശ്രവിച്ചതും, ഇവർ പ്രസ്താവിയ്ക്കുന്നില്ല.

7. "പകൽ ഇരുട്ടിലേയ്ക്കു ചാഞ്ഞിരിയ്ക്കുകകൊണ്ടു." നേരം തീരെ അസമയം ആയിരുന്നതുകൊണ്ടല്ല; പ്രത്യുത, ആ നല്ല വഴിപോക്കനെ അതിഥിയായി സ്വീകരിയ്ക്കാനുള്ള ആഗ്രഹാധിക്യത്താലാണു് ഇങ്ങനെയുള്ള ഒരു അതിശയോക്തി പ്രയോഗത്തിനു അവർ പ്രേരിതരായതു്. എന്തുകൊണ്ടെന്നാൽ, അന്നുതന്നേ ഓറെശ്ലേമിൽ മടങ്ങിയെത്തുവാൻ ധാരാളം സമയം ഉണ്ടായിരുന്നപ്പോഴാണു്, നേരം അസമയം ആയി എന്നു പറഞ്ഞു, അവർ അങ്ങേ നിർബന്ധപൂർവ്വം ക്ഷണിച്ചതു്. അതിഥി സല്ക്കാരം എത്ര സ്തുത്യർഹം!

8. "അപ്പം എടുത്തു ആശീർവ്വദിച്ചു മുറിച്ചു അവർക്കുകൊടുത്തു." ഈ ഭക്ഷണാവസരത്തിൽ, മ്ശിഹാ അപ്പം എടുത്തു ആശീർവ്വദിച്ചതു്, ഭക്ഷണസാധനങ്ങൾ സാമാന്യം ആശീർവ്വദിക്കാറുള്ള പതിവുപോലെ മാത്രമാണോ, അതോ, അങ്ങേ ദിവ്യശരീരമായി പകർത്തുകയാണോ ഉണ്ടായതു്, എന്നുള്ള സംഗതിയിൽ, സഭാപിതാക്കന്മാരുടെയും വ്യാഖ്യാതാക്കളുടെയും ഇടയിൽ പ്രബലമായ അഭിപ്രായവ്യത്യാസമുണ്ടു്. എന്നാൽ പൊതുവായ അഭിപ്രായം, അങ്ങു്, അപ്പം എടുത്തു സാമാന്യരീതിയിൽ ആശീർവ്വദിയ്ക്കുക മാത്രമേ ചെയ്തുള്ളു എന്നുള്ളതാണു്.

9. "ഭാരപ്പെട്ടിരുന്നില്ലയോ." ഇതിനു പകരം "എരിഞ്ഞിരുന്നില്ലയോ" എന്നാണു് മററു പല പ്രതികളിലും കാണുന്നതു്.

10. "ശെമ്ഓനു പ്രത്യക്ഷനായി." ഉയിർത്തെഴുന്നേററ ഈശോ ശെമ്ഓനുകേപ്പായ്ക്കു പ്രത്യക്ഷനായി എന്നു ഈ വാക്യം സ്പഷ്ടമായി തെളിയിക്കുന്നുണ്ടു്. എന്നാൽ, എപ്പോഴാണു് ആ ദർശനം ഉണ്ടായതെന്നു തീർച്ചയില്ല. പതിനൊന്നുപേരിലും മുമ്പായി കേപ്പാ, ഈശോയെക്കണ്ടു എന്നത്രെ വി. പൌലോസ് (൧. കോറ. ൧൫. ൫.) പറയുന്നതു്. ഈ ന്യായങ്ങളാലത്രെ, അയാൾ രണ്ടാമതും പ്രേതാലയം സന്ദർശിച്ചുമടങ്ങുന്ന അവസരത്തിലായിരിയ്ക്കണം, (ലൂക്കാ ൨൪. ൧൨.) ഈ ദർശനം ഉണ്ടായതെന്നു വ്യാഖ്യാതാക്കൾ അനുമാനിയ്ക്കുന്നതു്.

11. "അവരെയും അവർ വിശ്വസിച്ചില്ല." ദിവ്യരക്ഷകന്റെ ഉത്ഥാനത്തെ സംബന്ധിച്ചുള്ള ആ രണ്ടു ശിഷ്യന്മാരുടെ പ്രസ്താവന, അവിടെയുണ്ടായിരുന്നവരിൽ ആരും തന്നെ വിശ്വസിച്ചില്ല എന്നു മനസ്സിലാക്കേണ്ടതില്ല. എന്തുകൊണ്ടെന്നാൽ, വി. പത്രോസിനും, അയാൾക്കുണ്ടായ ദർശനംകേട്ടു വിശ്വസിച്ചവർക്കും, രക്ഷകന്റെ ഉയിർപ്പിനെ

സംബന്ധിച്ച ഇനിയും സംശയിക്കാൻ അവകാശമുണ്ടായിരുന്നില്ല. പക്ഷേ, ആ ശിഷ്യന്മാരുടെ പ്രസ്താവന എത്രമാത്രം വിശ്വാസയോഗ്യമാണെന്ന സംശയിപ്പാൻ അവൎക്കു പാടില്ലാത്തതല്ലായിരുന്നു. ഏതായാലും, ഇതുവരെ സംഭവിച്ചവയിൽനിന്നും, ഇനി സംഭവിപ്പാനിരിക്കുന്നവയിൽനിന്നും, ന. ക. ഉത്ഥാനം ശ്ലീഹന്മാൎക്കും ശിഷ്യന്മാൎക്കും വിശ്വസിക്കുവാൻ വളരെ പ്രയാസമുള്ള ഒരു രഹസ്യമായിട്ടാണ് തോന്നിയിരുന്നതെന്ന്, നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണ്.

72. വി. തോമാ ഒഴിച്ച് മററു ശ്ലീഹന്മാർ ഭക്ഷണശാലയിൽ ഭക്ഷണത്തിനിരിക്കയിൽ. ഈശോ അവൎക്ക പ്രത്യക്ഷനായി അങ്ങേ തിരുമുറിവുകളെ അവൎക്ക കാണിക്കുന്നു.

മർക്കോ ൧൬. ൧൪; ലൂക്കാ. ൨൪. ൩൬–൪൩; യോഹ. ൨൦. ൧൯–൨൦.

വിവരണം. ഈ സംഭവം വി. ലൂക്കായും, വി. യോഹന്നാനും ഒന്നുപോലെ വിവരിക്കുന്നുണ്ട്. വി. മർക്കോസു ൧൬. ൧൪–ൽ പ്രതിപാദിക്കുന്ന സംഗതി, ഈ സംഭവം തന്നെയാണെന്ന് വാദിക്കുന്നവരുടെ അഭിപ്രായമാണ് കൂടുതൽ സ്വീകാൎയ്യയോഗ്യം.

ലൂക്കാ. ൨൪. ൩൬. അവർ ഇവ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ,

മർക്കോ. ൧൬. ൧൪. ഒടുവിൽ,[1] അവൻ പതിനൊന്നുപേൎക്കും, അവർ ഭക്ഷണത്തിനിരിക്കുമ്പോൾ,[2] കാണപ്പെട്ടു

യോഹ. ൨൦. ൧൯. (അതു് എങ്ങനെ എന്നാൽ) ആഴ്ചവട്ടത്തിലെ ഒന്നാം നാളായ ആ ദിവസം വൈകുന്നേരം ആയപ്പോൾ ശിഷ്യന്മാർ ഇരുന്നിരുന്ന സ്ഥലത്തിന്റെ കതകുകൾ, യൂദന്മാരെക്കുറിച്ചുള്ള ഭയം നിമിത്തം, അടച്ചിരിക്കെ ഈശോ * അവരുടെ മദ്ധ്യേ (വന്നു) നിന്ന്: നിങ്ങൾക്കു സമാധാനം! ഞാനാകുന്നു, നിങ്ങൾ ഭയപ്പെടേണ്ട എന്നു അവരോടു അരുളിച്ചെയ്തു.

ലൂക്കാ. ൨൪. ൩൭. എന്നാൽ അവർ ഞെട്ടി ഭയപ്പെട്ടു. എന്തുകൊണ്ടെന്നാൽ ഒരു ഭൂതത്തെ കാണുന്നു എന്നു അവർ വിചാരിച്ചിരുന്നു.

൩൮. ഈശോ അവരോടു അരുളിച്ചെയ്യുന്നു: നിങ്ങൾ ചഞ്ചലപ്പെടുന്നതെന്ത്? നിങ്ങളുടെ ഹൃദയങ്ങളിൽ വിചാരങ്ങൾ ഉയൎന്നു വരുന്നതുമെന്ത്?

൩൯. ഞാനാകുന്നു എന്നതിനു എന്റെ കൈകളും എന്റെ കാലുകളും കാണുവിൻ. എന്നെ തൊട്ടുനോക്കി അറിയു

വിൻ.[3] എനിക്കുള്ളതായി നിങ്ങൾ കാണുന്നതുപോലെ ഭൂതത്തിനു മാംസവും അസ്ഥികളും ഇല്ലല്ലൊ.

൪൦. ഇവ അരുളിച്ചെയ്തിട്ട അവൻ തൻ്റെ കൈകളും തൻ്റെ കാലുകളും ‖ തൻ്റെ വിലാപ്പുറവും അവരെ കാണിച്ചു. ശിഷ്യന്മാരൊ നമ്മുടെ കർത്താവിനെ കണ്ടതുകൊണ്ട് സന്തോഷിച്ചു *.

൪൧. എന്നാൽ അവരുടെ സന്തോഷം നിമിത്തം അവർ ഇതുവരെയും വിശ്വസിക്കാതിരിക്കുകയും[4] ആശ്ചര്യപ്പെടുകയും ചെയ്കയാൽ അവരോട: ഭക്ഷിക്കുവാൻ വല്ലതും ഇവിടെ നിങ്ങളുടെ പക്കൽ ഉണ്ടോ? എന്നു ചോദിച്ചു.

൪൨. അവരൊ ഒരു കഷണം വറുത്ത മീനും കുറെ തേൻകട്ടയും അവനു കൊടുത്തു.

൪൩. അവൻ വാങ്ങി അവർ കാൺകെ ഭക്ഷിച്ചു.[5]

മക്കോ. ൧൬. ൧൪. തൻ്റെ ഉയിർത്തെഴുന്നേറ്റതു കണ്ടവരെ വിശ്വസിക്കാതിരുന്നതുകൊണ്ട് അവരുടെ വിശ്വാസക്കുറവിനേയും അവരുടെ ഹൃദയകാഠിന്യത്തേയും ശാസിച്ചു.

* ലൂക്കാ. ൨൪. ൩൬. ‖ യോഹ. ൨൦. ൨൦.

## വ്യാഖ്യാനം.

1. "ഒടുവിൽ." ഈ വാക്യത്താൽ ന. കർത്താവിൻ്റെ ഒടുവിലത്തെ ദർശനത്തെയാണ് വി. മർക്കോസ ഉദ്ദേശിക്കുന്നതെന്നു ചിലർ വാദിക്കുമ്പോൾ, മറുചിലർ, ഉയിർപ്പുദിവസത്തിൽ അവിടന്നു നൽകിയ ദർശനങ്ങളിൽവെച്ചു ഒടുവിലത്തേതു് എന്നു മാത്രമേ സുവിശേഷകൻ ഇവിടെ നിർദ്ദേശിക്കുന്നുള്ളു എന്നും സമർത്ഥിക്കുന്നു. പ്രഥമദൃഷ്ടിയിൽ ഒന്നാമത്തെ അഭിപ്രായം സ്വീകാര്യമെന്നു തോന്നിയേക്കാമെങ്കിലും, വി. മർക്കോസിൻ്റെ പ്രതിപാദനരീതി പരിശോധിച്ചാൽ, രണ്ടാമത്തെ അഭിപ്രായത്തിനാണ് കൂടുതൽ പ്രാമാണ്യം നൽകേണ്ടതെന്ന് നിഷ്പ്രയാസം ഗ്രഹിക്കാം. വി. മർക്കോസു ൧൬-ാം അദ്ധ്യായം ൯ മുതൽ ൧൪ വരെ വാക്യങ്ങളിൽ പ്രതിപാദിക്കുന്നതു്, ദിവ്യരക്ഷകൻ്റെ ഉത്ഥാനശേഷം അവിടന്നു നൽകിയ രണ്ടു ദിവ്യദർശനങ്ങളെപ്പറ്റിയാണ്. മ്ശിഹാ ഉയിർത്തു എന്നുള്ള വിവരം മഗ്ദലയിത്താമറിയം ശ്ലീഹന്മാരോടു പറഞ്ഞു; അവളെ അവർ വിശ്വസിച്ചില്ല. അമ്മാവോസിലേക്കു യാത്രചെയ്ത ശിഷ്യന്മാരും അവരോടു പറഞ്ഞു; അവരേയും അവർ വിശ്വസിച്ചില്ല. ആകയാൽ, "ഒടുവിൽ" അതായതു് അവസാനമായി, അവിടന്നുതന്നെ അവർക്കു പ്രത്യക്ഷനായി അവരുടെ സംശയനിവാരണം വരുത്തി എന്നു മാത്രമെ, സുവിശേഷകൻ ഈ വാക്യംകൊണ്ട് ഉദ്ദേശിക്കുന്നുള്ളു. മാത്രമല്ല, ഈ ദർശനം മ്ശിഹായുടെ സ്വർഗ്ഗാ

രോഹണത്തിന്ന മുമ്പുള്ളതായിരുന്നെങ്കിൽ, അതുവരെ ശ്ലീഹന്മാർ വിശ്വാസമില്ലാത്തവരും കഠിനഹൃദയന്മാരും ആയിരുന്നു എന്നു വി. മൎക്കോസിൻെറ ഈ വാക്യത്തിൽനിന്നു തന്നെ അനുമാനിക്കേണ്ടതായിവരും. പക്ഷെ, അതു വി. യോഹന്നാൻെറ പ്രസ്താവനക്ക നേരെ വിരുദ്ധമാണ്. കാരണം, വി. തോമാ ഒഴിച്ച മററു പത്തുപേരും ഉയിൎപ്പുദിവസം രാത്രിതന്നെ, അങ്ങേ ദൎശിച്ച അങ്ങേ ഉത്ഥാനത്തിൽ വിശ്വസിച്ചു (യോഹ. ൨൦. ൨൦). വി. തോമായാകട്ടെ, എട്ടു ദിവസം കഴിഞ്ഞശേഷം (യോഹ. ൨൦. ൨൬.) കണ്ടു വിശ്വസിക്കുകയും ചെയ്തു.

2. "പതിനൊന്നുപേൎക്കും, അവർ ഭക്ഷണത്തിനിരിക്കുമ്പോൾ." ഈ ദൎശനാവസരത്തിൽ, ശ്ലീഹന്മാരുടെ കൂട്ടത്തിൽ വി. തോമാ ഇല്ലായിരുന്നുവെന്നു വി. യോഹന്നാൻ (൨൦. ൨൪.) തെളിവായി പറയുന്നുണ്ട്. ആകയാൽ, വി. മൎക്കോസു "പതിനൊന്ന്" എന്നു പറയുമ്പോൾ, കൃത്യസംഖ്യയെയല്ല, പ്രത്യുത, ശ്ലീഹന്മാരുടെ സംഘത്തെയാണ് പ്രധാനമായി ഉദ്ദേശിക്കുന്നത് എന്നു ധരിക്കണം. കൂടാതെയും, വി. ലൂക്കാ, അമ്മാവോസിൽനിന്ന് മടങ്ങിവന്ന ശിഷ്യന്മാർ അവൎക്കുണ്ടായ ദൎശനത്തെപ്പററി പതിനൊന്നു ശ്ലീഹന്മാരോടും അവരോടുകൂടിയുണ്ടായിരുന്ന മററു ശിഷ്യഗണത്തോടും വിവരിച്ചു പറഞ്ഞുകൊണ്ടിരിക്കുകയിൽ അവർ എവരുടേയും മദ്ധ്യേയത്രെ, ഈശോ പ്രത്യക്ഷനായത് എന്ന് (൨൪. ൩൩–൩൬.) പറയുമ്പോൾ, വി. മൎക്കോസും വി. യോഹന്നാനും, ഈ ദൎശനം ഉണ്ടായത് ശ്ലീഹന്മാൎക്കായിരുന്നെന്നും, അത് അവർ ഭക്ഷണത്തിനിരിക്കുകയിൽ ആയിരുന്നെന്നും അത്രെ സൂചിപ്പിക്കുന്നത്. ഇതിനാൽ അമ്മാവോസിൽനിന്നു മടങ്ങി വന്ന ശിഷ്യന്മാരുടെ വിവരണം സശ്രദ്ധം ശ്രവിച്ചശേഷം, ശ്ലീഹന്മാർ ഭക്ഷണത്തിനിരിക്കുകയിൽ, ശിഷ്യഗണം ആ സ്ഥലംവിട്ടു മാറിയിരിക്കണം എന്നു ഊഹിക്കുകയാണ് കൂടുതൽ യുക്തിയുക്തം.

3. "തൊട്ടുനോക്കി അറിയുവിൻ." ഈശോയുടെ സ്നേഹംനിറഞ്ഞ ഈ ക്ഷണം സ്വീകരിച്ചു, ശ്ലീഹന്മാർ അങ്ങേ ദിവ്യശരീരത്തെ സ്പൎശിക്കുകയും, അങ്ങേ തിരുമുറിവുകളിൽ തൊട്ടു സന്തുഷ്ടരാകുകയും ചെയ്തു എന്നു വ്യാഖ്യാതാക്കളിൽ ചിലർ സമൎത്ഥിക്കുമ്പോൾ അങ്ങേയോടുള്ള ആദരവും ബഹുമാനവും നിമിത്തം, അങ്ങേ ദിവ്യശരീരത്തെ തൊടുന്നതിന്ന അവർ തുനിഞ്ഞില്ല എന്നു മററു ചിലരും വാദിക്കുന്നു.

4. "വിശ്വസിക്കാതിരിക്കുകയും." വിശ്വാസക്കുറവിനെ എന്നതിനെക്കാൾ, വിശ്വസിക്കാനുള്ള പ്രയാസത്തെയത്രെ ഇവിടെ വിവക്ഷിക്കുന്നത്. മനുഷ്യബുദ്ധിക്കു അഗ്രാഹ്യമായുള്ളവ, പഞ്ചേന്ദ്രിയങ്ങൾക്ക വിഷയീഭവിച്ചാൽ തന്നേയും, അവ വിശ്വസിപ്പാൻ പ്രയാസം തോന്നുക, മനുഷ്യന്ന സഹജമാണല്ലൊ.

5. "അവർകാൺകെ ഭക്ഷിച്ചു." ശ്ലീഹന്മാർ സംശയിച്ചതുപോലെ, അവിടുന്നു ഒരു ഭൂതമല്ല, പ്രത്യുത, അക്ഷയത്വം, ലഘുത്വം, സൂക്ഷ്മത, പ്രകാശം, എന്നീ ഗുണങ്ങളോടുകൂടെ ഉയിൎത്തെഴുന്നേററ അവരുടെ ഗുരുതന്നെയാണ് എന്നു അവൎക്കു കൂടുതൽ ബോദ്ധ്യം വരു

ത്തുന്നതിനായിട്ടായിരുന്നു, ആ ഭക്ഷ്യപദാൎത്ഥങ്ങളെ അവരുടെ കൺമുമ്പാകെവെച്ചു ഭക്ഷിച്ചതു്.

## 73. ഉത്ഥിതനായ മ്ശിഹാ അങ്ങേ ശ്ലീഹന്മാൎക്കു പാപം വിമോചിപ്പാനുള്ള അധികാരം പ്രദാനം ചെയ്യുന്നു.

യോഹ. ൨൦. ൧൯–൨൩.

വിവരണം. ആദ്യം, ശ്ലൈഹികപ്രമുഖനായ വി. പത്രോസിനോടു തനിച്ചും, (മത്താ. ൧൬. ൧൯.) പിന്നീടു, ശ്ലീഹന്മാർ എല്ലാവരോടും പൊതുവായും, (മത്താ. ൧൮. ൧൮.) മ്ശിഹാ വാഗ്ദാനം ചെയ്തിരുന്ന, പാപം മോചിക്കുവാനുള്ള അധികാരം, ഇതാ! ഇപ്പോൾ അവിടന്നു്, ഭക്ഷണശാലയിൽവെച്ചു ഔദ്യോഗികമായി അവൎക്കു നൽകുന്നു. വി. യോഹന്നാൻ മാത്രമേ ഈ സംഗതി വിവരിക്കുന്നുള്ളു.

യോഹ. ൨൦. ൨൧. ഈശോ വീണ്ടും അവരോടു: നിങ്ങൾക്കു സമാധാനം! എന്റെ പിതാവു് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു[1] എന്നു അരുളിച്ചെയ്തു.

൨൨. ഇവ അരുളിച്ചെയ്തിട്ടു അവൻ അവരുടെമേൽ ഊതി[2] അവരോടു: നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ,

൨൩. നിങ്ങൾ ആൎക്കു് എങ്കിലും പാപങ്ങൾ മോചിച്ചാൽ അവ അവൎക്കു മോചിക്കപ്പെടും; എന്നാൽ ആരുടേതു് എങ്കിലും നിങ്ങൾ ബന്ധിച്ചാൽ അവ ബന്ധിക്കപ്പെട്ടവയായിരിക്കും എന്നു അരുളിച്ചെയ്തു.

### വ്യാഖ്യാനം.

1. "എന്റെ പിതാവു എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു." പിതാവായ ദൈവം അങ്ങേ സുതനെ ലോകത്തിലേക്കു അയച്ചതു്, അങ്ങേ സ്തുതിയും ആത്മാക്കളുടെ രക്ഷയും കൈവരുത്തുവാൻ വേണ്ടി ആയിരുന്നു. ഈ ഉദ്ദേശ്യങ്ങൾക്കായിതന്നെ, സുതൻ, അങ്ങേ ശ്ലീഹന്മാരേയും ലോകത്തിലേക്കു അയക്കുന്നു. ശ്ലീഹന്മാർ ഈ ഉദ്ദേശ്യം സാധിച്ചു. അവരുടെ അനന്തരഗാമികൾ ഈ ഭാരം കൈ ഏറ്റുമിരിക്കുന്നു.

2. "അവരുടെമേൽ ഊതി." ആദത്തിനു ജീവാത്മാവിനെ പ്രദാനം ചെയ്കയിൽ, ദൈവം അവനിൽ ഊതി (സൃഷ്ടി. ൨. ൭). അതുപോലെതന്നെ, പാപത്താൽ മൃതിഅടഞ്ഞ ആത്മാവിനു്, പുനൎജ്ജീവൻ കൊടുക്കുന്ന, ആ ദൈവിക അധികാരം പ്രദാനം ചെയ്കയിൽ, ഈശോ അങ്ങേ ശിഷ്യരുടെമേലും നിശ്വസിച്ചു.

## 74 എട്ടുദിവസങ്ങളുടെശേഷം, വി. തോമാ ഉൾപ്പെടെ ശ്ലീഹന്മാർ എല്ലാവരും ഭക്ഷണശാലയിൽ ആയിരിക്കുകയിൽ, ഈശോ അവർക്കു വീണ്ടും പ്രത്യക്ഷനാകുന്നു.

യോഹ. ൨൦ ൨൪—൨൯.

വിവരണം. ഈ സംഭവം വി. യോഹന്നാൻ മാത്രമേ വിവരിക്കുന്നുള്ളൂ. ഭക്ഷണശാലയിൽവെച്ചുണ്ടായ ഒന്നാം ദർശനം കഴിഞ്ഞിട്ട്, എട്ടുദിവസങ്ങളുടെ ശേഷമാണ്, ഈ സംഗതി നടന്നതെന്നു സുവിശേഷകൻ ഖണ്ഡിതമായി പറയുന്ന സ്ഥിതിക്ക്, ഇവിടെ സംഭവങ്ങളുടെ അനുക്രമമായ വിവരണം, അദ്ദേഹം കൃത്യമായി കാക്കുന്നുണ്ടെന്നുവേണം വിചാരിപ്പാൻ.

യോഹ. ൨൦. ൨൪. എന്നാൽ പന്ത്രണ്ടുപേരിൽ ഒരുവനായ ദിദിമൂസ് എന്നു പറയപ്പെടുന്ന തോമാ ഈശോ വന്നപ്പോൾ അവരോടുകൂടി അവിടെയുണ്ടായിരുന്നില്ല.[1]

൨൫. ആകയാൽ ശിഷ്യന്മാർ അവനോടു: ഞങ്ങൾ നമ്മുടെ കർത്താവിനെ കണ്ടു എന്നു പറയുന്നു. എന്നാൽ അവൻ അവരോടു: ഞാൻ അവൻ്റെ കൈകളിൽ ആണികളുടെ പഴുതുകൾ കാണുകയും, അവയിൽ എൻ്റെ വിരലുകൾ കടത്തുകയും, അവൻ്റെ വിലാപ്പുറത്തു എൻ്റെ കൈ ഇടുകയും ചെയ്യാതിരുന്നാൽ ഞാൻ വിശ്വസിക്കയില്ല എന്നു പറഞ്ഞു.

൨൬. പിന്നെ എട്ടുദിവസങ്ങളുടെ ശേഷം ശിഷ്യന്മാർ വീണ്ടും, അവരോടുകൂടി തോമായും അകത്തു ഇരുന്നിരുന്നു. അപ്പോൾ, കതകുകൾ അടച്ചിരിക്കെ, ഈശോ വന്നു (അവരുടെ) മദ്ധ്യത്തിൽ നിന്നുകൊണ്ടു അവരോടു: നിങ്ങൾക്കു സമാധാനം! എന്നു അരുളിച്ചെയ്തു.

൨൭. അനന്തരം തോമായോടു: നിൻ്റെ വിരൽ ഇവിടെ കൊണ്ടുവരിക, എൻ്റെ കൈകൾ കാണുക; നിൻ്റെ കൈ കൊണ്ടുവന്നു എൻ്റെ വിലാപ്പുറത്തു ഇടുക;[2] നീ അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക എന്നു അരുളിച്ചെയ്തു.

൨൮. അപ്പോൾ തോമാ ഉത്തരമായി അവനോടു: എൻ്റെ കർത്താവെ, എൻ്റെ ദൈവമെ[3] എന്നു പറഞ്ഞു.

൨൯. ഈശോ അവനോടു: ഇപ്പോൾ നീ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു. എന്നെ കാണാതെ വിശ്വസിച്ചവർ ഭാഗ്യവാന്മാർ! എന്നു അരുളിച്ചെയ്തു.

൩൦. ഈ പുസ്തകത്തിൽ എഴുതപ്പെട്ടിട്ടില്ലാത്ത മററു വളരെ അടയാളങ്ങളും ഈശോ തൻെറ ശിഷ്യന്മാരുടെ മുമ്പാകെ ചെയ്തു.

൩൧. എഴുതപ്പെട്ടിരിക്കുന്ന ഇവ തന്നെയുമോ ഈശോ ദൈവപുത്രനായ മ്ശിഹാ ആകുന്നു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിനും, നിങ്ങൾ വിശ്വസിച്ചിട്ടു അവൻെറ നാമത്തിൽ നിങ്ങൾക്കു നിത്യജീവൻ ഉണ്ടാകേണ്ടതിനും അത്രെ.

## വ്യാഖ്യാനം.

1. "പന്ത്രണ്ടുപേരിൽ ഒരുവനായ . . . തോമാ . . . അവിടെയുണ്ടായിരുന്നില്ല." വി. തോമാ, ആദ്യത്തെ ദർശനത്തിന് സന്നിഹിതനല്ലാതിരുന്ന സ്ഥിതിക്ക്, ശ്ലീഹന്മാർക്ക് മ്ശിഹാ അപ്പോൾ പ്രദാനം ചെയ്ത പാപവിമോചനവരം, അദ്ദേഹത്തിനു എങ്ങനെ ലഭ്യമായി എന്ന്, ഒരു ചോദ്യത്തിന് ഇവിടെ അവകാശം ഉത്ഭവിക്കുന്നു. അതിന് മൂശെയുടെ പുസ്തകത്തിൽ (സംഖ്യ. ൧൧. ൨൬.) വായിക്കുന്നതുപോലെ, ഇസ്രായേലിലെ ൭൦ മൂപ്പന്മാർക്ക് പ്രവചനവരം ദൈവം പ്രദാനം ചെയ്കയിൽ, വാഗ്ദത്തത്തിൻെറ പെട്ടകത്തിനരികിലല്ലാതെ, കൂടാരത്തിൽ നിന്നിരുന്ന രണ്ടുപേർക്കുകൂടെയും ആ വരം സിദ്ധിച്ചതുപോലെതന്നെ, ശ്ലീഹന്മാരുടെ ഗണത്തിനുവേണ്ടി മ്ശിഹാ പ്രദാനംചെയ്ത ഈ വരം, സ്ഥലത്തു സന്നിഹിതനല്ലാതിരുന്ന വി. തോമായും പ്രാപിച്ചു എന്നാണ്, വി. കൂറില്ലോസ് അഭിപ്രായപ്പെടുന്നത്. വി. തോമായുടെ വിശ്വാസപ്രഖ്യാപനാവസരത്തിൽ ഈശോ ഈ വരം അയാൾക്കു നൽകി എന്ന് അഭിപ്രായപ്പെടുന്നവരും ഇല്ലാതില്ല.

2. "നിൻെറ കൈകൊണ്ടുവന്ന് എൻെറ വിലാപ്പുറത്തു ഇടുക." വി. തോമാ, ന. കർത്താവിൻെറ ക്ഷണം അനുസരിച്ചു, അങ്ങേ തിരുമുറിവുകളിൽ തൊട്ടു എന്നാണു വി. അഗുസ്തീനോസും, വി. അമ്പ്രോസീസും, വി. ഗ്രിഗോരിയോസും മററും അഭിപ്രായപ്പെടുന്നത്.

3. "എൻെറ കർത്താവെ, എൻെറ ദൈവമെ." എത്ര വിശേഷമായ ഒരു വിശ്വാസപ്രഖ്യാപനം! ഈശോ മരിച്ചവരിൽനിന്നു ഉയിർത്തോ എന്നു മാത്രമെ വി. തോമാ സംശയിച്ചുള്ളു. എന്നാൽ, അങ്ങേ കാണുകയും അങ്ങേ സ്പർശിക്കുകയും ചെയ്തപ്പോൾ, അങ്ങേ ഉയിർപ്പിൽ മാത്രമല്ല, ദൃഷ്ടിക്കു അഗോചരമായ അങ്ങേ ദൈവത്വത്തിലും അദ്ദേഹം വിശ്വസിച്ചു.

## 75. ഈശോ തേബെറിയോസ് കടൽതീരത്തുവെച്ചു അങ്ങേ ശിഷ്യന്മാർക്കു പ്രത്യക്ഷനാകുന്നു.

യോഹ. ൨൧. ൧–൧൪.

വിവരണം. ഈ സംഭവം വി. യോഹന്നാൻ മാത്രമെ വിവരി ക്കുന്നുള്ളു. ഉയിർത്തെഴുന്നേററ ഈശോ, അങ്ങേ ശിഷ്യന്മാൎക്കു നൽകിയ മൂന്നാമത്തെ ദൎശനം ആണ് ഇതു് എന്നു് സുവിശേഷകൻ പറയുന്നു. അയതു, ആകെയുണ്ടായ ദൎശനങ്ങളുടെ കണക്കനുസരിച്ചു ആകുവാൻ നിവൃത്തിയില്ല; കാരണം, ഇതിനകം മൂന്നിലധികം ദൎശനങ്ങളെക്കുറിച്ചു പ്രസ്താവിച്ചുകഴിഞ്ഞു എന്നുള്ളതു് തന്നെ. സുവിശേഷകൻ വിവരിക്കുന്ന ദൎശനങ്ങളുടെ കണക്കനുസരിച്ചുമല്ല, എന്തുകൊണ്ടെന്നാൽ, ആ മുറക്കു്, ഇതു നാലാമത്തേതാണു്. ആകയാൽ, ശിഷ്യന്മാർ ഒരുമിച്ചുകൂടിയിരിക്കുയിൽ, അങ്ങു നൽകിയ ദൎശനങ്ങളിൽവെച്ചു് ഇതു് മൂന്നാമത്തേതാണു് എന്നു മാത്രമെ ധരിക്കേണ്ടതുള്ളു.

യോഹ. ൨൧. ൧. ഇവയുടെശേഷം തേബറിയോസ് കടൽത്തിരത്തുവെച്ചു[1] ഈശോ വീണ്ടും തന്റെ ശിഷ്യന്മാൎക്കു പ്രത്യക്ഷനായി. അവനൊ ഇപ്രകാരം പ്രത്യക്ഷനായി:

൨. ശെമ്ഓൻകേപ്പായും, താമാ എന്നു പറയപ്പെടുന്ന തോമായും, ഗ്ലീലായിലെ കാത്ത്നേയിൽ നിന്നുള്ള നസ്നിയേലും, സബ്ദൈയുടെ പുത്രന്മാരും, ശിഷ്യന്മാരിൽ വേറെ രണ്ടു പേരും ഒരുമിച്ചു ഇരുന്നിരുന്നു.

൩. ശെമ്ഓൻകേപ്പാ അവരോടു: ഞാൻ മീൻ പിടിക്കുവാൻ പോകുന്നു എന്നു പറയുന്നു. അവർ അവനോടു: നിന്നോടുകൂടി ഞങ്ങളും പോരുന്നു എന്നു പറയുന്നു. ഇങ്ങനെ അവർ പുറപ്പെട്ടുപോയി പടവിൽ കയറി. എന്നാൽ ആ രാത്രിയിൽ അവർ ഒന്നും പിടിച്ചില്ല.

൪. ഉഷസ്സായപ്പോഴൊ ഈശോ കടൽത്തിരത്തു (വന്നു) നിന്നു. ഈശോ ആകുന്നു എന്നു ശിഷ്യന്മാർ അറിഞ്ഞില്ല.

൫ ഈശോ അവരോടു: കുഞ്ഞുങ്ങളെ, നിങ്ങൾക്കു ഭക്ഷിക്കുവാൻ വല്ലതും ഉണ്ടോ? എന്നു ചോദിച്ചു. ഇല്ല എന്നു അവർ അവനോടു പറയുന്നു.

൬. അവൻ അവരോടു: നിങ്ങളുടെ വല പടവിന്റെ വലത്തുവശത്തു വീശുവിൻ,[2] എന്നാൽ നിങ്ങൾക്കു കിട്ടും എന്നു അരുളിച്ചെയ്യുന്നു. ആകയാൽ അവർ വീശി; അപ്പോൾ, അകപ്പെട്ട മത്സ്യങ്ങളുടെ പെരുപ്പം നിമിത്തം വല വലിച്ചു കയറുവാൻ അവൎക്കു കഴിഞ്ഞില്ല.

൭. അപ്പോൾ, ഈശോ സ്നേഹിച്ചിരുന്ന ശിഷ്യൻ കേപ്പായോടു: ഇവൻ നമ്മുടെ കൎത്താവു് ആകുന്നു[3] എന്നു പറഞ്ഞു. ശെമ്ഓനൊ നമ്മുടെ കൎത്താവു് ആകുന്നു എന്നു കേട്ടപ്പോൾ, താൻ

നഗ്നനായിരുന്നതുകൊണ്ട്[4] തന്റെ അങ്കിയെടുത്തു തന്റെ അരയിൽ ചുററി,

വ്വ. ഈശോയുടെ അടുക്കലേയ്ക്കു വരുവാനായി കടലിലേയ്ക്കു ചാടി. [5] മറെറ ശിഷ്യന്മാരൊ കരയിൽനിന്നു ഉദ്ദേശം ഇരുനൂറു മുഴം അല്ലാതെ അധികം ദൂരത്തല്ലാരിരുന്നരിനാൽ മത്സ്യങ്ങളുള്ള ആ വലയും വലിച്ചുകൊണ്ട് പടവു വഴി വന്നു.

൯. അവർ കരയിൽ കയറിയപ്പോൾ തീക്കനലുകൾ കൂട്ടിയിരിയ്ക്കുന്നതും, അവയിന്മേൽ മത്സ്യം വെച്ചിരിയ്ക്കുന്നതും,[6] അപ്പവും കണ്ടു.

൧൦. അപ്പോൾ ഈശോ അവരോടു: നിങ്ങൾ ഇപ്പോൾ പിടിച്ച മത്സ്യങ്ങളിൽ ചിലതു കൊണ്ടുവരുവിൻ എന്നു അരുളിച്ചെയ്തു.

൧൧. ശെമ്ഓൻകേപ്പാ കയറി നൂററിഅമ്പത്തുമൂന്നു വലിയ മത്സ്യങ്ങൾകൊണ്ടു നിറഞ്ഞിരുന്ന വല കരയിലേയ്ക്കു വലിച്ചു കയററി.[7] ഈ ഭാരമെല്ലാംകൊണ്ടു ആ വല കീറിപ്പോയുമില്ല.

൧൨. അപ്പോൾ ഈശോ അവരോടു: നിങ്ങൾ വന്നു പ്രാതൽ കഴിയ്ക്കുവിൻ എന്നു അരുളിച്ചെയ്തു. എന്നാൽ നമ്മുടെ കർത്താവാകുന്നു എന്നു അറിഞ്ഞിരുന്നതുകൊണ്ടു (നീ) ആരാകുന്നു? എന്നു അവനോടു ചോദിയ്ക്കുവാൻ ശിഷ്യന്മാരിൽ ആരും തുനിഞ്ഞിരുന്നില്ല.

൧൩. ഈശോയോ അടുത്തു അപ്പവും മത്സ്യങ്ങളും എടുത്തു അവൎക്കു കൊടുത്തു.

൧൪. ഈശോ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തെഴുന്നേററിട്ടു തന്റെ ശിഷ്യന്മാൎക്കു മൂന്നാമത്തെ പ്രാവശ്യം ഇങ്ങനെ പ്രത്യക്ഷനായി.

## വ്യാഖ്യാനം.

1. "തേബറിയോസ് കടൽത്തീരത്തുവെച്ചു." ഈ കടലിനു ഗ്ലീലായാക്കടൽ എന്നും, ഗേനേസാർ തടാകം എന്നും പേർ പറയാറുണ്ട്.

2. "വല പടവിന്റെ വലത്തുവശത്തു വീശുവിൻ." രാത്രി മുഴുവനും അവർ വല പടവിന്റെ നാലുവശത്തും വീശിയിരുന്നു. പക്ഷെ ഒന്നും ലഭിച്ചില്ല. ഈശോ അരുളിച്ചെയ്യുന്നു: വലത്തു വശത്തു വീശുക, എന്ന്; അവർ വീശി; മത്സ്യങ്ങളുടെ പെരുപ്പംകൊണ്ട് വല വലിച്ചു കയററുവാൻ അവൎക്കു കഴിഞ്ഞില്ല. ദൈവതിരുമനസ്സും, അങ്ങേ ആശീൎവ്വാദവും ഉണ്ടാകുമ്പോൾ, അതുവരെ ഫലശൂന്യമായി

രുന്നവതന്നെയും, എത്ര ഫലപ്രദമായി പരിണാമിക്കുന്ന എന്നുനോക്കുക!

3. "ഇവൻ നമ്മുടെ കർത്താവ് ആകുന്നു." പടവിലുണ്ടായ ഏഴ ശിഷ്യന്മാരും ഈശോയെക്കണ്ടു. അവരിൽ വി. യോഹന്നാനൊഴിച്ചു മററാരും അത് ഈശോയാണെന്നു ഗ്രഹിച്ചില്ല. അയാ൦ സ്ത്രീ വിരക്തനായിരുന്നതിനാൽ, തൻെറ ആത്മശരീരശുദ്ധതമൂലമത്രെ, വിമലാത്മാക്കളുടെ രാജാവായ ഈശോയെ തിരിച്ചറിഞ്ഞതു് എന്നാണ് വി. ഈറാനിമ്മോസ് അഭിപ്രായപ്പെടുന്നതു്.

4. "നഗ്നനായിരുന്നതുകൊണ്ടു." മേലങ്കികൂടാതെ, ഉള്ളുടുപ്പുമാത്രം ധരിച്ചിരുന്നതിനാൽ എന്നർത്ഥം.

5. "ഈശോയുടെ അടുക്കലേയ്ക്കു വരുവാനായി കടലിലേയ്ക്കു ചാടി." ഈശോ സ്നേഹിച്ചിരുന്ന ശിഷ്യനായ യോഹന്നാൻ, ഈശോയെ വെളിപ്പെടുത്തിക്കൊടുത്ത ക്ഷണത്തിൽ, ഈശോയെ സ്നേഹിച്ചിരുന്ന കേപ്പാ, തൻെറ ദിവ്യഗുരുവിൻെറ പക്കൽ ചെന്നെത്തുന്നതിനുള്ള അതിയായ ആഗ്രഹം നിമിത്തം, പടവുവഴി മററുള്ളവരോടുകൂടെ ഈശോയെ സമീപിക്കുന്നതിന് പാർത്തിരിക്കാതെ, കടലിലേയ്ക്കു ചാടി, വേഗത്തിൽ ഈശോയുടെ സമീപെ വന്നുചേന്നു.

6. "അവയിന്മേൽ മത്സ്യം വെച്ചിരിക്കുന്നതും." ശ്ലീഹന്മാരുടെ വല കരയ്ക്കു വലിച്ചു കയററുന്നതിനു മുമ്പായിതന്നെ, ഈശോ അങ്ങേ വാത്സല്യശിഷ്യന്മാരുടെ പ്രാതലിന് 'പൊള്ളിച്ചമീനും' അപ്പവും സജ്ജീകരിച്ചിരിക്കുന്ന അത്ഭുതകരമായ ആ കാഴ്ച, അവരുടെ ഹൃദയത്തിൽ എത്രമാത്രം സ്നേഹം, ബഹുമാനം, ആശ്ചര്യം എന്നിത്യാദി വികാരപരമ്പരകൾ ഉൽപാദിപ്പിച്ചിരിക്കണം!

7. "ശെമ്ഓൻ കേപ്പാ . . . വല കരയിലേയ്ക്കു വലിച്ചു കയററി." ഈ മീൻ പിടുത്തത്തിൽ, മററു ശ്ലീഹന്മാരെ ക്ഷണിച്ചതു് പത്രോസായിരുന്നു; ഈശോയുടെ അടുക്കൽ ആദ്യം വന്നെത്തിയതും മററാരുമല്ല; ധാരാളം മീനുള്ള ആ വല വലിച്ചു കരയ്ക്കുകയററിയതും പത്രോസുതന്നെ. മ്ശിഹായുടെ സഭയിൽ, വി. പത്രോസിനുള്ള പരമാധിപത്യത്തെ അത്രെ ഈ സംഭവം സൂചിപ്പിക്കുന്നതു്.

## 76. ശെമ്ഓൻ കേപ്പായുടെ സ്നേഹപ്രഖ്യാപനം സ്വീകരിച്ചശേഷം ഈശോ അങ്ങേ കുഞ്ഞാടുകളേയും, ആടുകളേയും, പെണ്ണാടുകളേയും മേയിക്കുന്നതിന് അയാളെ ഭരമേല്പിക്കുന്നു. ശെമ്ഓൻെറ കുരിശുമരണത്തെക്കുറിച്ചു മ്ശിഹാ പ്രവചിക്കുന്നു.

യോഹ. ൨൧. ൧൫–൧൯.

വിവരണം. ശെമ്ഓൻ കേപ്പാ, മുൻപു ഒരിക്കൽ (മത്താ. ൧൬. ൧൬–൧൯.) ചെയ്ത വിശ്വാസപ്രഖ്യാപനാവസരത്തിൽ, അയാളുടെ

മേൽ പണിയുമെന്ന് മ്ശിഹാ വാഗ്ദാനംചെയ്ത അതു പള്ളി, നാരകീയ ശക്തിയാൽ ഏതും ഭയപ്പെടാത്ത അതു പള്ളി, ഇതാ! താൻ സ്വർഗ്ഗത്തിലേക്കു കരേറുന്നതിന് മുമ്പായി, അയാളുടെ സ്നേഹപ്രഖ്യാപനംകൂടേയും സ്വീകരിച്ചശേഷം, അയാളുടെമേൽ പണിചെയ്യുന്നു. മ്ശിഹായുടെ അജഗണം മുഴുവനേയും കേപ്പായെ ഭരമേല്പിച്ചുകൊണ്ട്, അയാളെ തൻെറ വികാരിയും തിരുസ്സഭയുടെ തലവനും ആയി സ്ഥാപിച്ചതു്, പരസ്യമായിട്ടും, മററു ആറു് ശിഷ്യരുടെ സാന്നിദ്ധ്യത്തിലും ആയിരുന്നു എന്നുള്ളതും സ്മർത്തവ്യമാണ്.

യോഹ. ൨൧. ൧൫. എന്നാൽ അവർ പ്രാതൽകഴിച്ചശേഷം ഈശോ ശെമ്ഓൻകേപ്പായോടു: യോനായുടെ പുത്രനായ ശെമ്ഓനെ, നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ?[1] എന്നു ചോദിച്ചു. അവൻ അവനോടു: എൻെറ കർത്താവെ, ഉവ്വ്, ഞാൻ നിന്നെ സ്നേഹിക്കുന്നു എന്നു നീ അറിയുന്നുവല്ലൊ എന്നു പറയുന്നു. അവൻ അവനോടു അരുളിച്ചെയ്യുന്നു: എൻെറ കുഞ്ഞാടുകളെ എനിക്കായി നീ മേയിക്കുക.[2]

൧൬. അവൻ രണ്ടാംപ്രാവശ്യം വീണ്ടും അവനോടു: യോനായുടെ പുത്രനായ ശെമ്ഓനെ, നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു ചോദിക്കുന്നു. അവൻ അവനോടു: എൻെറ കർത്താവെ, ഉവ്വ്, ഞാൻ നിന്നെ സ്നേഹിക്കുന്നു എന്നു നീ അറിയുന്നുവല്ലൊ എന്നു പറയുന്നു. ഈശോ അവനോടു അരുളിച്ചെയ്യുന്നു: എൻെറ ആടുകളെ എനിക്കായി നീ മേയിക്കുക.

൧൭. അവൻ മൂന്നാംപ്രാവശ്യം അവനോടു: യോനായുടെ പുത്രനായ ശെമ്ഓനേ, നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു ചോദിക്കുന്നു. എന്നാൽ നീ എന്നെ സ്നേഹിക്കുന്നുവോ എന്നു മൂന്നാംപ്രാവശ്യം അവൻ തന്നോടു ചോദിച്ചതുകൊണ്ടു കേപ്പാ ദുഃഖിച്ചു.[3] ആകയാൽ അവൻ അവനോടു: എൻെറ കർത്താവെ, നീ എല്ലാം തിരിച്ചറിയുന്നു. ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നു് നീ അറിയുന്നുവല്ലൊ എന്നു പറഞ്ഞു. ഈശോ അവനോടു അരുളിച്ചെയ്യുന്നു: എൻെറ പെണ്ണാടുകളെ [4] എനിക്കായി നീ മേയിക്കുക.

൧൮. സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു: നീ ചെറുപ്രായക്കാരൻ ആയിരുന്നപ്പോൾ നീ തന്നെ നിൻെറ അരകൾ കെട്ടിയിരുന്നു, നിനക്കു ഇഷ്ടമുള്ള ഇടത്തേക്കു നീ നടക്കുകയും ചെയ്തിരുന്നു; നീ വയസ്സൻ ആകുമ്പോഴൊ നീ നിൻെറ കൈകൾ നീട്ടുകയും മറെറാരുത്തൻ നിൻെറ അരകൾ കെട്ടി

നീ ഇച്ഛിക്കാത്ത സ്ഥലത്തേക്കു നിന്നെ കൊണ്ടുപോകയും ചെയ്യും.

൧൯. എന്നാൽ ഇതു്, അവൻ ഏതു (വിധ) മരണത്താൽ ദൈവത്തെ മഹത്വപ്പെടുത്തുവാനിരിക്കുന്നു എന്നു കാണിക്കുവാൻ അവൻ അരുളിച്ചെയ്തു.

## വ്യാഖ്യാനം.

1. "നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ." തന്റെ അജഗണത്തിന്റെ ഭരണം ശെമ്ഓനെ കൈ ഏല്പിക്കുന്നതിനു് മുൻപു, മ്ശിഹാ സ്നേഹമാണു്, അതും, മറ്റു ശ്ലീഹന്മാരുടേതിൽ കൂടുതലായ സ്നേഹമാണു്, അയാളിൽനിന്നു് ആവശ്യപ്പെട്ടതു്. മ്ശിഹായുടെ പീഡാനുഭവത്തിൽ, ശ്ലീഹന്മാർ എല്ലാവരും അങ്ങേ ഉപേക്ഷിച്ചാലും, താൻ അങ്ങേ ഉപേക്ഷിക്കയില്ലെന്നു (മത്താ. ൨൬. ൩൩.) ശഠിച്ചുപറഞ്ഞ ശെമ്ഓൻ, ഇതാ! ഇപ്പോൾ, മ്ശിഹായുടെ ചോദ്യത്തിനു്, ആത്മപ്രശംസാപരമായ ഒരു മറുപടി നൽകുന്നതിനു തുനിയാതെ "ഉവ്വ് ഞാൻനിന്നെ സ്നേഹിക്കുന്നുവെന്നു നീ അറിയുന്നുവല്ലോ" എന്നു മാത്രം വിനയപൂർവ്വം പറയുന്നു. ശെമ്ഓൻ സ്വയം അറിയുന്നതിനു് അയാളുടെ വീഴ്ച അയാളെ പഠിപ്പിച്ചു.

2. "എനിക്കായി നീ മേയിക്കുക." വി. ബെല്ലാർമ്മിൻ വ്യാഖ്യാനിക്കുന്നതുപോലെ, ആടുകളെ മേയിക്കുവാനല്ലാതെ, കറക്കുവാൻ മ്ശിഹാ പത്രോസിനെ ഏല്പിച്ചില്ല. ആകയാൽ, ആരെങ്കിലും അവയെ മേയിക്കുന്നതിനുപകരം, കറക്കുകയത്രെ ചെയ്യുന്നതെങ്കിൽ മ്ശിഹായ്ക്കു വേണ്ടിയല്ല, പ്രത്യുത, തനിക്കുവേണ്ടിയത്രെ അവയെ മേയിക്കുന്നതു്.

3. "മൂന്നാംപ്രാവശ്യം അവൻ തന്നോടു ചോദിച്ചതുകൊണ്ടു് കേപ്പാ ദുഃഖിച്ചു." സർവ്വജ്ഞാനിയായിരിക്കുന്ന ഈശോ, 'നീ എന്നെ സ്നേഹിക്കുന്നുവോ?' എന്നു മൂന്നാം പ്രാവശ്യവും ശെമ്ഓനോടു് ചോദിച്ചപ്പോൾ, മുമ്പിലത്തെപ്പോലെ ഇനിയും താൻ അവിശ്വസ്തനോ, സ്നേഹമില്ലാത്തവനോ ആയിത്തീരുമോ എന്നുള്ള ആശങ്ക നിമിത്തമാണു്, അയാൾ ദുഃഖിച്ചതു്. ആകയാൽ തന്നിൽ അല്പമെങ്കിലും വിശ്വസിക്കാതെ, 'എന്റെ കർത്താവേ, നീ എല്ലാം തിരിച്ചറിയുന്നു. ഞാൻ നിന്നെ സ്നേഹിക്കുന്നു എന്നു നീ അറിയുന്നുവല്ലോ' എന്നുമാത്രം ഈ പ്രാവശ്യം മറുപടി നൽകി.

4. "കുഞ്ഞാടുകളെ–ആടുകളെ–പെണ്ണാടുകളെ." മ്ശിഹാ അങ്ങേ അജഗണത്തെ ഉദ്ദേശിച്ചു ഉപയോഗിച്ചിരിക്കുന്ന പദം; എല്ലാ പ്രതികളിലും ഒന്നുപോലെയല്ല കാണുന്നതു്. ചിലതിൽ, "ആടുകളെ" എന്നുമാത്രവും, വേറെ ചിലതിൽ "കുഞ്ഞാടുകളെ–ആടുകളെ" എന്നും കാണുന്നുണ്ടു്. സുറിയാനിയിലാകട്ടെ, "കുഞ്ഞാടുകളെ–ആടുകളെ–പെണ്ണാടുകളെ" എന്ന വ്യത്യസ്തങ്ങളായ പദപ്രയോഗങ്ങൾ ഉണ്ടു്. ഇതിനാൽ, സുഭ മുഴുവനേയും വ്യത്യസ്ത നാമങ്ങളിൽ സൂചിപ്പിക്കുന്നു എന്നു അർത്ഥമാക്കാനേയുള്ളു.

5. "ഏതുവിധമരണത്താൽ." വി. യോഹന്നാൻ ഈ ഭാഗം എഴുതുമ്പോൾ, വി. പത്രോസ്, മ്ശിഹായുടെ പ്രവചനാനുസരണം, കുരിശുമരണത്താൽ വേദസാക്ഷിമുടി പ്രാപിച്ചുകഴിഞ്ഞിരുന്നു. വി. ക്രിസോസ്തോമോസും, വി. മാക്സിമോസും സാക്ഷ്യപ്പെടുത്തുന്നതുപോലെ, ശ്ലൈഹികപ്രമുഖനായ വി. പത്രോസ്, തന്റെ ദിവ്യഗുരുവിനു പൂർണ്ണമായി അനുരൂപപ്പെടാതിരിപ്പാൻവേണ്ടി, അയാളുടെ അപേക്ഷാനുസരണം, തല കീഴായി കുരിശിൽ തറയ്ക്കപ്പെടുകയത്രെ ചെയ്തതു്.

## 77. സ്നേഹശിഷ്യനായ വി. യോഹന്നാന് ഭാവിയിൽ സംഭവിയ്ക്കാനിരിയ്ക്കുന്നതു് എന്തെന്ന് ശെമ്ഓൻ ഈശോയോടു ചോദിയ്ക്കുന്നു.

യോഹ. ൨൧. ൧൯–൨൩.

വിവരണം. വി. യോഹന്നാൻ മാത്രമെ ഈ സംഗതി വിവരിയ്ക്കുന്നുള്ളു. ഈശോയുടെ സാന്നിദ്ധ്യത്തിൽ ഭക്ഷണം കഴിച്ച ശിഷ്യഗണം, ആയതു അവസാനിപ്പിച്ചപ്പോൾ, ഈശോ ശെമ്ഓനോട് "എന്റെ പിന്നാലെ വരിക" എന്നു അരുളിച്ചെയ്യുന്നു. ശെമ്ഓൻ മ്ശിഹായെ അനുഗമിയ്ക്കുക തന്നെ ചെയ്യുന്നു. അപ്പോൾ ഇതാ! വി. യോഹന്നാനും അയാളുടെ പുറകെ പുറപ്പെടുന്നു. ആ അവസരത്തിൽ നടന്ന സംഭാഷണമത്രെ ഇവിടത്തെ പ്രതിപാദ്യവിഷയം.

യോഹ. ൨൧. ൧൯. ഇവ അരുളിച്ചെയ്തിട്ട് (ശെമ്ഓനോട്): എന്റെ പിന്നാലെ വരിക [1] എന്നു (ഈശോ) അരുളിച്ചെയ്തു.

൨൦. പിന്നെ ശെമ്ഓൻ തിരിഞ്ഞപ്പോൾ ഈശോ സ്നേഹിച്ചിരുന്നവനായി അത്താഴത്തിൽ ഈശോയുടെ നെഞ്ചോടു ചാഞ്ഞു: എന്റെ കർത്താവെ, നിന്നെ ഒററിക്കൊടുക്കുന്നവൻ ആരാകുന്നു? എന്നു ചോദിച്ച ആ ശിഷ്യൻ തന്റെ പിന്നാലെ വരുന്നതു കണ്ടു.

൨൧. ഇവനെ കണ്ടപ്പോൾ കേപ്പാ ഈശോയോടു: എന്റെ കർത്താവെ, ഇവനെന്തു്? എന്നു ചോദിച്ചു. [2]

൨൨. ഈശോ അവനോടു: ഞാൻ വരുന്നതുവരെ[3] ഇവൻ നില്ക്കുന്നതിനു ഞാൻ ഇച്ഛരിക്കുന്നു എങ്കിൽ നിനക്കെന്തു്? നീ എന്റെ പിന്നാലെ വരിക എന്നു അരുളിച്ചെയ്യുന്നു.

൨൩. ഈ വചനമൊ ആ ശിഷ്യൻ മരിയ്ക്കുകയില്ല എന്നായി സഹോദരന്മാരുടെയിടയിൽ [4] പരന്നു. എന്നാൽ, ഞാൻ വരുന്നതുവരെ ഇവൻ നില്ക്കുന്നതിന് ഞാൻ ഇച്ഛരിയ്ക്കുന്നുവെ

ങ്കിൽ നിനക്കെന്തു്? എന്നല്ലാതെ അവൻ മരിയ്ക്കുകയില്ല എന്നല്ല ഈശോ അരുളിച്ചെയ്തതു്.

൨൪. ഇവയൊക്കെയേയും കുറിച്ചു സാക്ഷിപ്പെടുത്തുകയും ഇവ എഴുതുകയും ചെയ്ത ആ ശിഷ്യൻ ഇവനാകുന്നു; ഇവന്റെ സാക്ഷ്യം സത്യം ആകുന്നു എന്നു നാം അറിയുകയും ചെയ്യുന്നു.

## വ്യാഖ്യാനം.

1. "എന്റെ പിന്നാലെ വരിക." വി. പത്രോസു് ഏതു വിധ മരണത്താലാണു് ദൈവത്തെ മഹത്വപ്പെടുത്തുവാനിരിയ്ക്കുന്നതെന്നു് പ്രവചിച്ചശേഷം, ഈശോ അരുളിച്ചെയ്ത ഈ വാക്യത്തിനു്, താൻ അനുഭവിച്ച മരണം തന്നെ, അങ്ങേ വികാരിയായ ആ ശിഷ്യനും അനുഭവിയ്ക്കേണ്ടതാണു് എന്നു്, ദിവ്യരക്ഷകൻ ഉദ്ദേശിച്ചതായി ഒരു അത്ഥം സങ്കല്പിയ്ക്കാം; അങ്ങേ മാതൃക അനുസരിച്ചു ജീവിതം നയിക്കണം, എന്ന ഒരു ദിവ്യപ്രബോധനമായിട്ടും കരുതാം.

2. "എന്റെ കത്താവെ, ഇവനെന്തു്? എന്നു ചോദിച്ചു." കേപ്പായും യോഹന്നാനും തമ്മിൽ ഏതോ ഒരു വിശേഷ സ്വാതന്ത്ര്യവും, മനോവിശ്വാസവും ഉണ്ടായിരുന്നതായി, സുവിശേഷസംഭവങ്ങളിൽ നിന്നു പ്രത്യക്ഷപ്പെടുന്നുണ്ടു്. ഒടുവിലത്തെ അത്താഴത്തിൽ, കേപ്പാ കണ്ണുകാണിച്ചു (യോഹ. ൧൩. ൨൪.) യോഹന്നാനെക്കൊണ്ടു്, ഒററിക്കൊടുക്കുന്നവനെക്കുറിച്ചു ഈശോയോടു ചോദിപ്പിച്ചു. ഇപ്പോഴാകട്ടെ; പരമാത്മമായ സ്നേഹത്താൽ പ്രേരിതനായി, കേപ്പാ, യോഹന്നാന്റെ ഭാവിയെ സംബന്ധിച്ചു ഈശോയോടു ചോദിയ്ക്കുന്നു.

3. "ഞാൻ വരുന്നതുവരെ." ഈ വാക്കുകളാൽ, വി. യോഹന്നാൻ, വി. പത്രോസിനെപ്പോലെ വേദസാക്ഷിയ്ക്കടുത്ത ഒരു മരണം അനുഭവിയ്ക്കുകയില്ലെന്നും, "കത്താവിന്റെ വരവു" എന്നു പറയപ്പെടുന്ന ഓറശ്ലേമിന്റെ സംഹാരംവരെ, ദീഘകാലം ജീവിച്ചശേഷം, പ്രകൃതി മരണമേ അനുഭവിയ്ക്കുകയുള്ളു എന്നും അത്രെ മ്ശിഹാ സൂചിപ്പിയ്ക്കുന്നതു്.

4. "സഹോദരന്മാരുടെയിടയിൽ." ശ്ലീഹന്മാരുടേയും, ശിഷ്യന്മാരുടേയും ഇടയിൽ തന്നെയല്ല, പ്രത്യുത, വിശ്വാസികളുടെയിടയിൽ ക്കൂടെയും എന്നത്രെ ഗ്രഹിയ്ക്കേണ്ടതു്. വയോവൃദ്ധനായിട്ടും, വി. യോഹന്നാൻ മരണം പ്രാപിയ്ക്കാതിരിയ്ക്കുന്നതിനെ കണ്ട വിശ്വാസികൾ, അദ്ദേഹം മരിയ്ക്കയില്ലെന്നു് മ്ശിഹാ പ്രവചിച്ചിട്ടുണ്ടെന്നു് പറഞ്ഞു നടത്തി. ആ പ്രസ്താവന അബദ്ധമാണെന്നു് തെളിയിക്കുവാനാണു്, വി. ഗ്രന്ഥങ്ങളിൽവെച്ചു ഏററം കടശി എഴുതിയ ഈ സുവിശേഷത്തിൽ, അദ്ദേഹം ഈ ഖണ്ഡനം ചേത്തിരിയ്ക്കുന്നതു്.

78. ഈശോ പതിനൊന്നു ശ്ലീഹന്മാൎക്കും ഗ്ലീലായിൽ വെച്ചു പ്രത്യക്ഷനാകുന്നു. ലോകമെങ്ങും പോയി അങ്ങേ സുവിശേഷം അറിയിക്കുന്നതിനു ഔദ്യോഗികമായി അവരെ നിയോഗിയ്ക്കുന്നു.

മത്താ. ൨൮. ൧൬–൨൦; മൎക്കോ. ൧൬. ൧൫–൧൮.

വിവരണം. ഈ ദൎശനം വി. മത്തായിയും വി. മൎക്കോസും മാത്രമെ വിവരിയ്ക്കുന്നുള്ളൂ. അങ്ങേ ഉത്ഥാനശേഷം, ശ്ലീഹന്മാൎക്കുമുമ്പായി അങ്ങു് ഗ്ലീലായിലേയ്ക്കു പോകുമെന്നു്, അങ്ങേ പീഡാനുഭവത്തിനു മുൻപുതന്നെ, മ്ശിഹാ ചെയ്ത പ്രവചനം രേഖപ്പെടുത്തിയവർ ഇവരത്രെ. (മത്താ. ൨൬. ൩൨; മൎക്കോ. ൧൪. ൨൮.) ഉയിൎത്തെഴുന്നേററ ഈശോയെ ഗ്ലീലായിൽവെച്ചു അവർ കാണുമെന്നു് ശ്ലീഹന്മാരോടു പറയുവാനായി, ഭക്തസ്ത്രീകളെ നിയോഗിച്ചയച്ച ദൈവദൂതൻെറ സന്ദേശം, (മത്താ. ൨൮. ൭; മൎക്കോ. ൧൬. ൭.) വിവരിയ്ക്കുന്നവരും ഇവർ തന്നെ. ആകയാൽ, അവയുടെ പൂൎത്തീകരണമായ ഗ്ലീലായിലെ ഈ ദൎശനവും, ഇവർ തന്നെയാണു് രേഖപ്പെടുത്തേണ്ടിയിരുന്നതു്. അഞ്ഞൂറിൽപരം സഹോദരന്മാൎക്കു് ഈശോ പ്രത്യക്ഷനായതായി വി. പൌലോസു് (൧. കോറ. ൧൫. ൬.) പറയുന്ന ആ ദൎശനം ഗ്ലീലായിൽ വെച്ചായിരുന്നിരിയ്ക്കാമെങ്കിലും, ഈ ദൎശനത്തിൽനിന്നു് തീൎത്തും വ്യത്യസ്തമായ ഒന്നാണെന്നു് പറയുന്നവരുടെ അഭിപ്രായമാണു്, കൂടുതൽ സ്വീകാൎയ്യം.

മത്താ. ൨൮. ൧൬. എന്നാൽ ശിഷ്യന്മാർ പതിനൊന്നുപേരും ഗ്ലീലായിൽ ഈശോ അവൎക്കു നിശ്ചയിച്ചിരുന്ന സ്ഥലമായ മലയിലേയ്ക്കുപോയി.[1]

൧൭. അവർ അവനെ കണ്ടപ്പോൾ അവനെ ആരാധിച്ചു. എന്നാൽ അവരിൽ ചിലർ സംശയിച്ചിരുന്നു.[2]

൧൮. അപ്പോൾ ഈശോ അടുത്തുവന്നു അവരോടു സംസാരിച്ചു; അവൻ അവരോടു അരുളിച്ചെയ്തു: സ്വൎഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിയ്ക്കു നൽകപ്പെട്ടിരിയ്ക്കുന്നു. എൻെറ പിതാവു് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു.

മൎക്കോ. ൧൬. ൧൫. നിങ്ങൾ ലോകം എങ്ങുംപോയി സകല സൃഷ്ടിയിലും[3] എൻെറ സുവിശേഷം അറിയിക്കുവിൻ;

മത്താ. ൨൮. ൧൯. സകല ജാതികളോടും ഉപദേശിച്ചു് പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ അവരെ സ്നാനപ്പെടുത്തി,

൨൦. ഞാൻ നിങ്ങളോടു കല്പിച്ചിട്ടുള്ളതെല്ലാം ആചരിസ്സുവാൻ അവരെ പഠിപ്പിസ്സുവിൻ.

മർക്കോ ൧൬. ൧൬.വിശ്വസിച്ച സ്നാനപ്പെട്ടുന്നവൻ രക്ഷപ്രാപിസ്സും; വിശ്വസിക്കാത്തവനൊ കുററക്കാരനായി വിധിക്കപ്പെട്ടും.

൧൭. വിശ്വസിസ്സുന്നവരോടൊ ഈ അടയാളങ്ങൾ ചേന്നിരിസ്സും:[4] അവർ എൻെറ നാമത്തിൽ പിശാചുക്കളെ പുറത്താക്കും; പുതിയ ഭാഷകളിൽ സംസാരിസ്സും;

൧൮.സർപ്പങ്ങളെ പിടിച്ചെടുക്കും;മരണകരമായ വിഷംകുടിച്ചാൽ അതു അവക്കു ദോഷംവരുത്തുകയില്ല;രോഗികളുടെമേൽ അവരുടെ കൈകൾ വെസ്സും, അവർ സുഖം പ്രാപിസ്സുകയും ചെയ്യും.

മത്താ. ൨൮. ൨൦. ഞാനോ ഇതാ! ലോകാവസാനംവരെ എല്ലാ നാളുകളിലും നിങ്ങളോടുക്രുടെയുണ്ട്.[5]

## വ്യാഖ്യാനം.

1. "നിശ്ചയിച്ചിരുന്ന സ്ഥലമായ മലയിലേസ്സുപോയി." ഈ മല ഏതാണെന്നും ഈശോ അവക്കു അവിടെ പ്രത്യക്ഷനായതു് ഏതു സമയത്താണെന്നും, ശ്ലീഹന്മാക്കു് ഈ ദശ്നത്തെപ്പററി മ്ശിഹാ മുന്നറിവു കൊടുത്തതു് എപ്പോൾ ആണെന്നും, അവർ പതിനൊന്നുപേരും യൂദാ വിട്ടു ഗ്ലീലായിലേസ്സു പോയതു ഏതു അവസരത്തിലാണെന്നും, യാതൊന്നും തീർച്ചയില്ല. വ്യാഖ്യാതാക്കൾ ഇവ ഓരോന്നും സംബന്ധിച്ചു്, ഓരൊ അഭിപ്രായം പറയുന്നുണ്ടെങ്കിലും, സുവിശേഷത്തിൽ ഒന്നും തന്നെ കൃത്യമായി രേഖപ്പെടുത്താത്ത സ്ഥിതിസ്സു, അവ സാംഭവ്യങ്ങൾ ആകാം എന്നേയുള്ളു.

2. "ചിലർ സംശയിച്ചിരുന്നു." ശിഷ്യഗണത്തിൽപെട്ട ചിലർ അപ്പോൾ സംശയിച്ചതു്, മ്ശിഹായുടെ ഉത്ഥാനത്തെക്കുറിച്ചല്ല, പ്രത്യുത, അവർ ദശിക്കുന്നതു് ഈശോയെയാണൊ, അതൊ, വല്ലഭൂതത്തെയാണൊ എന്നായിരുന്നു. അതിനു കാരണവും ഇല്ലാതില്ല. "ഈശോ അടുത്തു വന്നു അവരോടു സംസാരിച്ചു" എന്നു സുവിശേഷകൻ തുടന്നു പറയുന്നതിൽനിന്നു്, ഭക്ഷണശാലയിൽവെച്ചു് എന്നപോലെ, ഈ പ്രാവശ്യം അവരുടെ നടുവിൽ പെട്ടെന്നു് പ്രത്യക്ഷനാകുകയല്ല ചെയ്തതു് എന്നു മനസ്സിലാക്കാം. കുറെ അകലെയുള്ള കുന്നുകളിൽ ഒന്നിന്മേൽ പെട്ടുന്നു പ്രത്യക്ഷനാകുകയും, അവിടെനിന്നു് മന്ദം മന്ദം നടന്നു അവരിലേസ്സു അടുത്തുവരികയുമാണുണ്ടായതു്. ആ സ്ഥിതിസ്സു, പെട്ടന്നു്, ഭൂതത്തെക്കുറിച്ചുള്ള ഒരു ആശങ്ക, അവരിൽ ചിലരിലെങ്കിലും ഉത്ഭവിപ്പാൻ പാടില്ലാത്തതല്ല. തേബെറിയോസ്കടൽതീരത്തുവെച്ചു നടന്ന (യോഹ. ൨൧. ൪.) സംഭവം ഇതിനു സാക്ഷ്യവുമാണു്.

3. "സകല സൃഷ്ടിയിലും." അങ്ങേ സുവിശേഷം അറിയിച്ചാൽ, ഗ്രഹിക്കാൻ പ്രാപ്തിയുള്ള എല്ലാ സൃഷ്ടിയോടും, അതായത്, സകല മനുഷ്യരോടും ആയതു അറിയിക്കണമെന്നത്രെ മ്ശിഹായുടെ ആജ്ഞ.

4. "വിശ്വസിക്കുന്നവരോടൊ ഈ അടയാളങ്ങൾ ചേർന്നിരിക്കും." ദൈവമഹത്വത്തിനും, സത്യവിശ്വാസത്തിന്റെ പ്രചരണത്തിനും, ഓരോരുത്തരുടെ ആദ്ധ്യാത്മിക നന്മക്കും ഉപകരിക്കുന്നിടത്തോളം ഈ ലക്ഷണങ്ങൾ വിശ്വസിക്കുന്നവരോടു ചേർന്നിരിക്കും എന്നർത്ഥം. സുവിശേഷത്തിൽ പറഞ്ഞിരിക്കുന്ന ഈ വരങ്ങൾ ആവശ്യാനുസരണം; വിശ്വാസികളോടു ചേർന്നിരുന്നതായി, തിരുസഭാചരിത്രവും വിശുദ്ധന്മാരുടെ ജീവിതവും സാക്ഷ്യം വഹിക്കുന്നുണ്ട്.

5. "നിങ്ങളോടുകൂടെയുണ്ട്." കത്തോലിക്കാ സഭക്കും, അതിന്റെ അംഗങ്ങൾക്കും എത്രയോ ആശ്വാസജനകമായ ഒരു വാഗ്ദാനം! അവരുടെ ദിവ്യരക്ഷകൻ അവരോടുകൂടെ എന്നും ഉള്ളതുകൊണ്ട്, അവർ അനാഥരുമല്ല, വിധവകളുമല്ല; പ്രത്യുത, അങ്ങേ ദിവ്യപരിപാലനയാൽ പോഷിപ്പിക്കപ്പെട്ടു, അങ്ങേയോടുകൂടെ സന്തതം സന്തോഷിക്കുന്നവരത്രെ.

79. ശ്ലീഹന്മാർ എല്ലാവരും ഒന്നിച്ചുകൂടിയിരിക്കുകയിൽ, ഓറെശ്ലെമിൽവെച്ച് ഈശോ കടശിയായി അവൎക്കു പ്രത്യക്ഷനാകുന്നു. പരിശുദ്ധ അത്രൂപിയെ അവൎക്കു വാഗ്ദാനംചെയ്യുന്നു.

ലൂക്കാ. ൨൪. ൩൬– ൪൩.

വിവരണം. സുവിശേഷങ്ങളിൽ വിവരിക്കുന്ന ദിവ്യദൎശനങ്ങളിൽവെച്ച്, അവസാനത്തേതാണ് ഇതു്. വി. ലൂക്കാ സുവിശേഷകന്റെ പ്രതിപാദനരീതി പരിശോധിച്ചാൽ, പ്രഥമദൃഷ്ടിയിൽ, ഇതു്, ഉയിൎപ്പുഞായറാഴ്ച രാത്രി ഈശോ ശ്ലീഹന്മാൎക്കു നൽകിയ ദൎശനത്തിന്റെ തുടൎച്ചയാണോ എന്നു തോന്നിപ്പോകും. എന്നാൽ, ൫൦–ാം വാക്യംകൊണ്ടു് ആ സന്ദേഹംമാറി, ഇതു് തീൎത്തും വേറൊരു ദൎശനമാണെന്നും, അങ്ങേ സ്വൎഗ്ഗാരോഹണത്തിനു മുമ്പുള്ള അവസാനത്തെ ഒന്നു് ആണെന്നും, തെളിവാകുന്നതാണ്. ഈ ദൎശനം, ഓറെശ്ലെമിൽ (ലൂക്കാ. ൨൪. ൪൩, ൫൦.) സെഹിയോൻ എന്ന ഭക്ഷണശാലയിൽ (നടപടി ൧. ൪.) വെച്ചാണ് ഉണ്ടായതെന്നു് ന്യായമായി അനുമാനിക്കാവുന്നതാണ്. ഉത്ഥിതനായ ന. ദിവ്യരക്ഷകൻ, അങ്ങേ സ്വൎഗ്ഗാരോഹണത്തിനു മുമ്പുള്ള ൪൦ ദിവസത്തേക്കു് അങ്ങേ വാത്സല്യ ശിഷ്യന്മാൎക്കുംമററും നൽകിയ ദിവ്യദൎശനങ്ങളിൽ ചുരുക്കം ചിലതല്ലാതെ, എല്ലാം വി. ഗ്രന്ഥത്തിൽ രേഖപ്പെടുത്തീട്ടില്ല എന്നുള്ളതു്, തൎക്കമററ സംഗതിയാണ്. ആയതിനാൽ, രേഖ

പ്പെട്ടത്തിയിട്ടുള്ളവ ഏവ എന്നറിയുന്നത് വിജ്ഞാനപ്രദമായിരിക്കുമെന്നുകരുതി, നാലു സുവിശേഷങ്ങളിലും, ശ്ലീഹന്മാരുടെ നടപടി ഗ്രന്ഥത്തിലും, കോറന്തായക്കാൎക്കുള്ള വി. പൌലോസിന്റെ ൧-ാം ലേഖനത്തിലും, രേഖപ്പെട്ടത്തിയിട്ടുള്ള ൧൧ ദൎശനങ്ങൾ, ഈ ചെറു ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്ന ക്രമം അനുസരിച്ച്, താഴെ ചേൎക്കുന്നു. ൧. വി. മഗ്ദലയിത്താമറിയത്തിന്ന് പ്രത്യക്ഷനായത്. (മൎക്കോ. ൧൬. ൯; യോഹ. ൨൦. ൧൧-൧൮.) ൨. കലിയോപ്പാമറിയം, ശാലോം എന്നിവൎക്ക പ്രത്യക്ഷനായത്. (മത്താ. ൨൮. ൯-൧൦.) ൩. വി. പത്രോസിന്ന പ്രത്യക്ഷനായത്. (ലൂക്കാ. ൨൪. ൩൪; ൧ കോറ. ൧൫. ൫.) ൪. അമ്മാവോസിലേക്കു പോയിരുന്ന രണ്ടു ശിഷ്യന്മാൎക്ക് പ്രത്യക്ഷനായത്. (മൎക്കോ. ൧൬. ൧൨; ലൂക്കാ. ൨൪. ൧൩-൩൫.) ൫. വി. തോമാ ഒഴിച്ചു മററു പത്തു ശ്ലീഹന്മാൎക്ക ഓറെശ്ലേമിൽ ഭക്ഷണശാലയിൽവെച്ച് പ്രത്യക്ഷനായത്. (മൎക്കോ. ൧൬. ൧൪; ലൂക്കാ. ൨൪. ൩൬-൪൩; യോഹ. ൨൦. ൧൯-൨൦.) ൬. എട്ടു ദിവസങ്ങളുടെശേഷം വി. തോമായും സന്നിഹിതനായിരിക്കുമ്പോൾ പ്രത്യക്ഷനായത്. (യോഹ. ൨൦. ൨൬-൨൯.) ൭. തെബെറിയോസ് കടൽത്തീരത്തുവെച്ചു ഏഴു ശിഷ്യന്മാൎക്ക പ്രത്യക്ഷനായത്. (യോഹ. ൨൧. ൧-൨൪.) ൮. ഗ്ലീലായിലെ മലപ്പുറത്തുവെച്ച് പതിനൊന്നു ശ്ലീഹന്മാൎക്ക പ്രത്യക്ഷനായത്. (മത്താ. ൨൮. ൧൬-൨൦; മൎക്കോ. ൧൬. ൧൫-൧൮.) ൯. അഞ്ഞൂറിൽപരം സഹോദരന്മാൎക്ക് ഗ്ലീലായിൽവെച്ചു പ്രത്യക്ഷനായത്. (൧. കോറ. ൧൫. ൬.) ൧൦. വി. ചെറിയ യാക്കോബിന്ന പ്രത്യക്ഷനായത്. (൧. കോറ. ൧൫. ൭.) ൧൧. സ്വൎഗ്ഗാരോഹണദിനം പതിനൊന്നു ശ്ലീഹന്മാൎക്ക ഓറെശ്ലേമിൽവെച്ചു പ്രത്യക്ഷനായത്. (ലൂക്കാ. ൨൪. ൪൪-൪൯; നടപടി. ൧. ൪-൮.)

ലൂക്കാ. ൨൪. ൪൪. പിന്നെ അവൻ അവരോടു: മൂശയുടെ നിയമത്തിലും പ്രവാചകന്മാരിലും സങ്കീൎത്തനങ്ങളിലും എന്നെക്കുറിച്ചു എഴുതപ്പെട്ടവയെല്ലാം നിവൃത്തിയാകേണ്ടിയിരിക്കുന്നു എന്നു ഞാൻ നിങ്ങളുടെ അടുക്കൽ ആയിരുന്നപ്പോൾ നിങ്ങളോടു പറഞ്ഞ വചനങ്ങൾ ഇവയാകുന്നു[1] എന്നു അരുളിച്ചെയ്തു.

൪൫. തിരുവെഴുത്തുകൾ ഗ്രഹിക്കുവാനായി അവരുടെ ബോധം അപ്പോൾ അവൻ തുറന്നു.[2]

൪൬. അവൻ വിണ്ടും അവരോടു അരുളിച്ചെയ്തു: ഇങ്ങനെ മ്ശിഹാ പീഡകൾ അനുഭവിക്കുകയും, മരിച്ചവരിൽനിന്നു മൂന്നാംനാൾ ഉയിൎത്തെഴുന്നേല്ക്കുകയും,

൪൭. പാപങ്ങളുടെ മോചനത്തിനായിട്ടു സകല ജാതികളിലും അവന്റെ നാമത്തിൽ അനുതാപം പ്രസംഗിക്കപ്പെടുകയും, (അതിന്റെ) ആരംഭം ഓറെശ്ലെമ്മു ആയിരിക്കുകയും ചെയ്യുന്നതു യുക്തമായിരുന്നു എന്നിങ്ങനെ എഴുതപ്പെട്ടുമിരിക്കുന്നു.

൪൮. നിങ്ങൾ ഇവയുടെ സാക്ഷികളാകുന്നു.

൪൯. എന്റെ പിതാവിന്റെ വാഗ്ദാനം നിങ്ങളുടെമേൽ ഞാൻ അയയ്ക്കും.[3] നിങ്ങളോ ഉയരത്തിൽനിന്നു ശക്തി ധരിക്കുവോളം ഓറെശ്ലെം പട്ടണത്തിൽ പാർക്കുവിൻ.[4]

## വ്യാഖ്യാനം.

1. "നിങ്ങളോടുപറഞ്ഞ വചനങ്ങൾ ഇവയാകുന്നു." അതായതു്, മൂശയും, ദീർഘദർശികളും, ദാവീദും എന്റെ പീഡാനുഭവം, മരണം, ഉയിർപ്പു്, എന്റെ സഭയുടെ പ്രചാരണം (സങ്കീ. ൨൰. ൬.) എന്നിവയെപ്പററി പ്രവചിച്ചിരുന്നവയെല്ലാം, യഥാകാലം, നിറവേറേണ്ടതാണെന്നു് ഞാൻ നിങ്ങളോടു് അറിയിച്ചിരുന്നതു്, ഇതാ! ഇപ്പോൾ പൂർണ്ണമായി നിറവേറിയിരിക്കുന്നു എന്നർത്ഥം.

2. "തിരുവെഴുത്തുകൾ ഗ്രഹിക്കുവാനായി . . . ബോധം . . . തുറന്നു." വേദപുസ്തകം ഗ്രഹിപ്പാനുള്ള ബുദ്ധിയുടെ പ്രകാശം, ദൈവംതന്നെ നമുക്കു തരേണ്ടതാണെന്നു്, ഇതിൽനിന്നു സിദ്ധിക്കുന്നു. മ്ശിഹായെക്കുറിച്ചും, അങ്ങേ രാജ്യത്തെക്കുറിച്ചും ശ്ലീഹന്മാർക്കു അനേക അബദ്ധധാരണകൾ ഉണ്ടായിരുന്നു. ആകയാൽ, വി. ഗ്രന്ഥം ശരിയായി ഗ്രഹിക്കുവാനുള്ള പ്രകാശം, കൂടുതലായി ഈശോ ഇപ്പോൾ അവർക്കു പ്രദാനംചെയ്യുന്നു. എന്നാൽ, അതു് പരിപൂർണ്ണമായി ഇനിയും പ്രാപിച്ചിട്ടില്ല എന്നു് നടപടി. ൧. ൬-ാം വാക്യം തെളിയിക്കുന്നുണ്ടു്. ആ പരിപൂർണ്ണത, പരി. അറൂപിയുടെ ആഗമനത്തോടുകൂടെ മാത്രമേ നൽകപ്പെട്ടുള്ളു.

3. "എന്റെ പിതാവിന്റെ വാഗ്ദാനം . .. ഞാൻ അയയ്ക്കും." പിതാവായ ദൈവം വാഗ്ദാനം ചെയ്തിരുന്ന (ഏശ. ൪൪. ൩; ഏസക്കി. ൩൬. ൨൭; യോഹ. ൧൪. ൧൬.) പരിശുദ്ധ അറൂപിയെ, ഈശോ, ശ്ലീഹന്മാരുടെമേൽ അയക്കാമെന്നു് പറഞ്ഞിരിക്കുന്നതിൽനിന്നു്, പരി. അറൂപി, പിതാവിൽനിന്നും, പുത്രനിൽനിന്നും പുറപ്പെടുന്നു എന്നു തെളിയുന്നു.

4. "ഓറെശ്ലെം പട്ടണത്തിൽ പാർക്കുവിൻ." പന്തക്കുസ്താ തിരുനാളിൽ പരി. അറൂപിയെ കൈക്കൊള്ളുന്നതുവരെ, മ്ശിഹായുടെ ആജ്ഞ അനുസരിച്ചു, ശ്ലീഹന്മാർ ജപതപങ്ങളിൽ നിരതരായി, പത്തു ദിവസം ഓറെശ്ലെമിൽ കഴിച്ചുകൂട്ടി. പന്തക്കുസ്താ നാളിൽ പരി.

ഞങ്ങൾ ത്രപിയെ കൈക്കൊണ്ടശേഷം, അന്നു ഓറെശ്ലേമിൽ വന്നുകൂടി യിരുന്ന സകല ജാതിജനങ്ങളോടും, വി. പത്രോസ് മ്ശിഹാ യെ ആദ്യമായി പ്രസംഗിക്കുയിൽ (നടപടി. ൨. ൧൪–൪൧.) മ്ശി ഹായുടെ സഭയുടെ പ്രചാരണജോലി ആരംഭിക്കുന്നതു ഓറെശ്ലേ മിൽ ആയിരിക്കണം, എന്നുള്ള ഏശായാ ദീൎഘദൎശിയുടെ (൨. ൩.) പ്രവചനം അക്ഷരശഃ നിവൃത്തിയാകുകയത്രെ ചെയ്തതു്.

80. ദിവ്യരക്ഷകൻ അങ്ങേ ദൎശിച്ചുകൊണ്ടു നിന്നിരുന്ന ശിഷ്യഗണത്തിൻ മുമ്പാകെ സ്വൎഗ്ഗത്തിലേയ്ക്കു ആരോഹ ണം ചെയ്യുന്നു.

മൎക്കോ. ൧൬. ൧൯– ൨൦; ലൂക്കാ. ൨൪. ൫൦ - ൫൩;

യോഹ. ൨൧. ൨൫.

വിവരണം. ദിവ്യരക്ഷകന്റെ സ്വൎഗ്ഗാരോഹണത്തെ സംബ ന്ധിച്ചു വി. മൎക്കോസും വി. ലൂക്കായും മാത്രമേ പ്രതിപാദിക്കുന്നു ള്ളൂ; അതും വളരെ സംഗ്രഹമായിട്ടുമാത്രം. അത്യത്ഭുതാവഹമായ ഈ സംഭവത്തിനു് ശ്ലീഹന്മാർ ദൃക്സാക്ഷികൾ ആയിരുന്നുവെ ന്നു് സുവിശേഷകന്മാർ ഖണ്ഡിതമായി പ്രസ്താവിക്കുന്നുണ്ടു്. ആ അ വസരത്തിൽ ശ്ലീഹന്മാരോടുകൂടെ ശിഷ്യഗണത്തിൽപെട്ട മററാള്ളു കളും ഉണ്ടായിരുന്നിരിക്കണം എന്നു് ഊഹിക്കുവാൻ ശ്ലീഹന്മാരു ടെ നടപടിഗ്രന്ഥം (൧. ൧൩, ൧൫.) സഹായിക്കുന്നുമുണ്ടു്. ന. ക ൎത്താവിന്റെ സ്വൎഗ്ഗാരോഹണം, സ്വനയനങ്ങളാൽ ദൎശിക്കുവാൻ ഭാഗധേയം സിദ്ധിച്ചവരിൽ ഒരുവൾ ആണു്, അമ്മ ദിവ്യജന നി എന്നതിനു സന്ദേഹമില്ല.

ലൂക്കാ. ൨൪. ൫൦. ⁂ നമ്മുടെ കൎത്താവായ ഈശോയാക ട്ടെ അവരോടു (ഇവ) അരുളിച്ചെയ്തശേഷം» ബേസ്അനിയാവ രെ [1] അവരെ കൂട്ടിക്കൊണ്ടുപോയി തന്റെ കൈകൾ ഉയൎത്തി അവരെ അനുഗ്രഹിച്ചു.

൫൧. പിന്നെ സംഭവിച്ചതെന്തെന്നാൽ: അവരെ അനു ഗ്രഹിക്കുകയിൽ അവൻ അവരെ വിട്ടുപിരിഞ്ഞു സ്വൎഗ്ഗത്തിലേക്കു കയറി ⁂ ദൈവത്തിന്റെ വലത്തുഭാഗത്തു ഇരുന്നു».

൫൨. അവരൊ, അവനെ ആരാധിച്ചു. പിന്നെ വലിയ സന്തോഷത്തോടുകൂടി ഓറെശ്ലേത്തേയ്ക്കു മടങ്ങിവന്നു്,

൫൩. ദൈവത്തെ സ്തുതിക്കുകയും പുകഴ്ത്തുകയും ചെയ്തു കൊണ്ടു് എപ്പോഴും ദേവാലയത്തിൽ ഇരുന്നിരുന്നു. [2]

മർക്കോ. ൧൬. ൨൦. അവരൊ പുറപ്പെട്ടു് എല്ലായിടത്തും പ്രസംഗിച്ചു. നമ്മുടെ കർത്താവു് അവരെ സഹായിക്കുകയും, അവർ പ്രവർത്തിച്ചിരുന്ന അത്ഭുതങ്ങളാൽ അവരുടെ വാക്കുകളെ ഉറപ്പിക്കുകയും ചെയ്തിരുന്നു.

യോഹ. ൨൧. ൨൫. എന്നാൽ ഈശോ ചെയ്ത മററുപലതും കൂടിയുണ്ടു്. അവ ഓരോന്നും എഴുതപ്പെട്ടിരുന്നുവെങ്കിൽ എഴുതപ്പെട്ടിരുന്ന ആ പുസ്തകങ്ങൾക്കു ലോകം തന്നെയും മതിയാകുകയില്ലായിരുന്നു[3] എന്നു ഞാൻ കരുതുന്നു. ¶ ആമ്മേൻ».

※ മർക്കോ. ൧൬. ൧൯. ¶ ലൂക്കാ. ൨൪. ൫൦.

## വ്യാഖ്യാനം.

1. "ബേസ് അനിയാവരെ." ഈ ഗ്രാമം, സൈത്തുമലയുടെ താഴ്വരയിലത്രെ സ്ഥിതിചെയ്യുന്നതു്. ദിവ്യരക്ഷകൻ സ്വർഗ്ഗത്തിലേയ്ക്കു കരേറിയതു്, സൈത്തുമലയിൽ വെച്ചായിരുന്നു എന്നതിനു് നടപടി ൧. ൧൨-ാം വാക്യവും സാക്ഷ്യമാണു്.

2. "എപ്പോഴും ദേവാലയത്തിൽ ഇരുന്നിരുന്നു." ഈ വാക്യത്താൽ സ്വർഗ്ഗാരോഹണംമുതൽ പന്തക്കുസ്താവരെ ശ്ലീഹന്മാർ എല്ലാപ്പോഴും മുഴുവനും ദേവാലയത്തിൽ പാർത്തുകൊണ്ടു്, ദൈവത്തെ സ്തുതിക്കുകയും പുകഴ്ത്തുകയും ചെയ്തിരുന്നു എന്നല്ല സുവിശേഷകൻ പ്രധാനമായി ഉദ്ദേശിക്കുന്നതു്, പ്രത്യുത, നടപടി ൨. ൪൬, ൪൭-ൽ നിന്നു ഗ്രഹിക്കാവുന്നതുപോലെ, അവർ പരി. അത്രുപിയെ കൈക്കൊണ്ടശേഷം അനുവർത്തിച്ച നയത്തേയാണു്, പ്രത്യേകമായി ഇവിടെ ഉദ്ദേശിക്കുന്നതു്. പന്തക്കുസ്തതിരുനാളിൽ, ശ്ലീഹന്മാർ പരി. അത്രുപിയെ കൈക്കൊണ്ടതു് സെഹിയോൻ എന്ന ഭക്ഷണശാലയിൽ വെച്ചായിരുന്നു (നടപടി ൧. ൧൩, ൧൪.) എന്നതു് ഇതിനു ഒരു തെളിവുമാണു്.

3. "ലോകം തന്നെയും മതിയാകുകയില്ലായിരുന്നു." ഇതു് ഒരു അതിശയോക്തിപ്രയോഗമാണു്. മ്ശിഹാ അരുളിച്ചെയ്യുകയും, പ്രവർത്തിക്കുകയും ചെയ്തതായ പല സംഗതികൾ, രേഖപ്പെടുത്താത്തതായിട്ടുണ്ടു് എന്നു താല്പര്യം. ദൈവസുതന്റെ എല്ലാ പഠനങ്ങളും, പ്രവൃത്തികളും വേദപുസ്തകത്തിൽ രേഖപ്പെടുത്തീട്ടില്ലെങ്കിൽ, വിശ്വാസത്തിന്റെ മട്ടം, വേദപുസ്തകം മാത്രം ആകുന്നതെങ്ങിനെ?

ശുഭം.

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
|---|---|---|
| | | |

CT Library
00007349
K04 Y48

നമ്മുടെ കർത്താവ്

# ഈശോ മ്ശിഹായുടെ ജീവചരിത്രം.

(നാല് സുവിശേഷങ്ങളിൽനിന്നും സമാഹരിച്ചത്.)

## പീഢാനഭവം.

ഗ്രന്ഥകർത്താ:
ക. നി. മൂ. സ. വ്യാ. മാ. യസ്സീന്തച്ചൻ.

Indic Digital Archive Foundation
gpura.org
00007349